Vol. 10 വാല്യം – 10 Issue - 2 ലക്കം – 2

# ക്ഷാത്രസ്പന്ദനം

# KSHATRA SPANDANAM

## ക്ഷത്രിയ ക്ഷേമസഭയുടെ ത്രൈമാസ വാർത്താപത്രിക

## TRIMONTHLY NEWS MAGAZINE OF KSHATRIYA KSHEMA SABHA

April 2024 ഏപ്രിൽ 2024 1199 Medam 1199 മേടം



സമരവീര്യവും അയ്യപ്പഭക്തിയും
സമരസപ്പെട്ട ധന്യമാം ജീവിതം!
പ്രിയജനങ്ങൾക്കു സ്നേഹവും, അന്യർക്ക്
മധുരസൗഹൃദ ദീപ്തിയും നൽകവേ,
അകലയെങ്ങോ മറഞ്ഞുപോയെങ്കിലും
അറിവു, ഞങ്ങളാ സാന്നിദ്ധ്യമിപ്പോഴും

– കെ.എൽ. ശ്രീകൃഷ്ണദാസ് –

# യജ്ഞോപവീതം



പന്തളം മുണ്ടയ്ക്കൽ കൊട്ടാരത്തിൽ ശ്രുതി വർമ്മയുടെയും ചാഴൂർ കോവിലകത്ത് സി.കെ. കേരളവർമ്മയുടെയും (അനിയൻ) മകൻ **മാധവ് കെ. വർമ്മ**യുടെ ഉപനയനം പാറമേക്കാവ് രോഹിണി കല്യാണ മണ്ഡപത്തിൽ വച്ച് ആചാരപ്രകാരമുള്ള ചടങ്ങുകളോടെ നടന്നു. ബന്ധുമിത്രാദികൾ ചടങ്ങിൽ പങ്കെടുത്തു.





Kshatraspandanam
News Magazine of Kshatriya Kshema Sabha
April 2024
M.E.1199 Medam
Volume 10 Issue 2

ക്ഷാത്രസ്പന്ദനം
ക്ഷത്രിയ ക്ഷേമസഭയുടെ വാർത്താപത്രിക
ഏപ്രിൽ 2024
കൊ.വ.1199 മേടം
വാല്യം 10 ലക്കം 2

"ക്ഷതാൽ ത്രായതേ ഇതി ക്ഷത്രിയഃ"
(നാശത്തിൽ നിന്ന് രക്ഷിക്കുന്നവൻ ക്ഷത്രിയൻ)



# വിഷയവിവരം

REACT .................................................... 05
പത്രാധിപക്കുറിപ്പ് .................................................... 08
കേന്ദ്രസഭാ വാർത്തകൾ .................................................... 09
ഭരണത്തോടൊപ്പം ജനങ്ങളോടൊപ്പം .................... 14
ആർ. കിഷോർ കുമാർ
എവിടേക്കാണ് പോയത്. ........................................ 17
എവിടെയാണ് ഇനി തിരയേണ്ടത്
ജയകുമാര വർമ്മ ആർ.കെ.
ആ സൂര്യതേജസ് നാടുനീങ്ങി ................................ 21
പി. രാഘവവർമ്മ
ഒരു പുഞ്ചിരിയുടെ ഓർമ്മയ്ക്ക് ............................ 22
ആത്മജവർമ്മ തമ്പുരാൻ
പൂർണ്ണചന്ദ്രൻ .................................................... 23
കെ. ഹരികൃഷ്ണ വർമ്മ
'ശശിച്ചേട്ടൻ' ഒരു ഓർമ്മക്കുറിപ്പ് ........................ 24
നാരായണ വർമ്മ
ശശിച്ചേട്ടന് എന്റെ തിലോദകം ............................ 26
ഡോ. രവീന്ദ്രൻ
ശശികുമാരവർമ്മ (കവിത) .................................. 27
ടി.എൻ. ആദിത്യവർമ്മ
ശശിയേട്ടൻ എന്റെ ജ്യേഷ്ഠ സഹോദരൻ .................. 28
ടി.എം. ശ്രീകുമാർ
ശശികുമാർ വർമ്മ പി.ജി. എന്റെ ഓർമ്മകൾ ............ 29
ശങ്കർവർമ്മ എൻ.
ഒരു മനുഷ്യസ്നേഹിയുടെ വേർപാട് ........................ 30
തങ്കൻ തിരുവട്ടാർ
പ്രിയപ്പെട്ടവർ അനുശോചിക്കുന്നു ........................ 31
കെ.സി. മാനവർമ്മ രാജ, വി.സി. കൃഷ്ണവർമ്മ രാജ
കെ. പ്രേമചന്ദ്രവർമ്മ
സുഗന്ധ സ്മൃതികൾ .................................................... 33
കെ.എൽ. ശ്രീകൃഷ്ണദാസ്
ഗീതോപദേശം – സുഖം ........................................ 40
കെ.സി. രാമവർമ്മ രാജ, വലിയരാജ
വിഷുപ്പുലരി .................................................... 42
യു. ശശികല വർമ്മ, തൃക്കാക്കര
ബൃഹദേശ്വരം മുതൽ ജംബുകേശ്വരം വരെ .............. 43
ഡോ.കെ.സി. മനോരമ തമ്പുരാട്ടി
സ്മരണകൾ (കവിത) .................................................... 48
പ്രൊഫ. കെ.എൻ.എസ്. വർമ്മ
കൊന്നയുടെ കൈനീട്ടം (കവിത) ............................ 49
ലളിത കെ. വർമ്മ
എന്റെ വീട്ടിലേക്കുള്ള മടക്കം (കവിത) .................... 49
രാജേന്ദ്ര വർമ്മ
മയ്യുണ്ണി (മിനിക്കഥ) .................................................... 50
ജ്യോതി വർമ്മ എൽ.ആർ.
വിശ്വസിച്ചാലും ഇല്ലെങ്കിലും ശരി ........................ 55
ഗായത്രി വർമ്മ
ഒരു തീർഥയാത്ര .................................................... 59
പി.കെ.ആർ.വി. രാജാ
നിഴലിനോട് .................................................... 70
സതീഷ് കുമാർ റ്റി.എൻ.
മഹാരാഷ്ട്രത്തിലൂടെ – 2 .................................... 71
സുധീരൻ
മാമാങ്ക മഹോത്സവം തിരുനാവായയുടെ വിചാരം ...... 77
കുട്ടി അനിയൻ രാജ
കവിസിദ്ധി വരുത്തുന്ന അക്ഷരശ്ലോകം ................ 78
വേലൂർ പരമേശ്വരൻ നമ്പൂതിരി
ശ്രീ നാലുവിള ഭഗവതി ക്ഷേത്രം ............................ 80
ഇ. രാമവർമ്മ രാജ
പാച്ചത്തെ കുട്ടിയും കടിയത്തെ കുട്ടിയും ................ 82
ധനഞ്ജയ വർമ്മ
Sanathana Dharma... ........................................ 86
E. Ravi Varma Raja
ബാലവേദി – ശ്രീരാജ് വർമ്മ എസ്., ഗായത്രി, ഗൗരി ... 87
യൂണിറ്റ് വാർത്തകൾ – വിശേഷങ്ങൾ .................... 92
ശ്രദ്ധാഞ്ജലി .................................................... 98
വൈവാഹികം .................................................... 100

*മുഖ്യ പത്രാധിപർ:* ഡോ. എം. ലളിതാംബിക
*എഡിറ്റോറിയൽ അഡ്വൈസർ :* കെ.എൽ. ശ്രീകൃഷ്ണദാസ്
അസ്സോസിയേറ്റ് എഡിറ്റർ: അജയകുമാർ വർമ്മ.എസ്
*പത്രാധിപസമിതി: റ്റി.എൻ. ആദിത്യവർമ്മ, ആർ. രാമവർമ്മ, പി.കെ. ജയചന്ദ്രവർമ്മ, കെ. രാഘവവർമ്മ*
*എക്സ്. ഒഫിഷ്യോ അംഗങ്ങൾ :* പ്രസിഡന്റ്/ ജനറൽ സെക്രട്ടറി/ ട്രഷറർ *ക്ഷത്രിയക്ഷേമസഭ*

മുഖചിത്രം: പി.ജി. ശശികുമാർ വർമ്മയ്ക്ക് ആദരാഞ്ജലി

ഇതിൽവരുന്ന വാർത്തകൾ/അഭിപ്രായങ്ങൾ ക്ഷത്രിയക്ഷേമസഭയുടേതോ ക്ഷാത്രസ്പന്ദനം പത്രാധിപസമിതിയുടെയോ ആയിക്കൊള്ളണമെന്നില്ല. - ചീഫ് എഡിറ്റർ

# ആ ശശിശോഭ മാഞ്ഞുപോയ്



കേരളത്തിൽ അങ്ങോളമിങ്ങോളം ചിതറിക്കിടന്നിരുന്ന ക്ഷത്രിയരുടെ ഐക്യത്തിനായി ക്ഷത്രിയ ക്ഷേമസഭ പുനരുജ്ജീവിപ്പിക്കുവാൻ അതിന്റെ പ്രാരംഭകാലം മുതൽ അക്ഷീണം യത്നിക്കുകയും അതിനെ നയിക്കുന്നതിൽ എക്കാലവും മുൻപന്തിയിൽ നിൽക്കുകയും പലപ്പോഴും അതിന്റെ അവസാന വാക്കായി വർത്തിക്കുകയും ചെയ്ത പന്തളം പന്തപ്ലാവ് കൊട്ടാരത്തിൽ പി.ജി. ശശികുമാർ വർമ്മ (ശശി-71) അകാലത്തിൽ നമ്മെ വിട്ടുപിരിഞ്ഞു. 'ക്ഷാത്ര സ്പന്ദനം' എഡിറ്റോറിയൽ അഡ്വൈസറായി ദീർഘകാലമായി വേണ്ട ഉപദേശ-വിമർശനങ്ങൾ നൽകിവരികയായിരുന്നു. കേരള സംസ്ഥാന സെക്രട്ടേറിയറ്റിൽ ഉദ്യോഗസ്ഥനായിരുന്നു. ഡെപ്യൂട്ടി സെക്രട്ടറിയായാണ് വിരമിച്ചത്. തുടർന്ന് തദ്ദേശ സ്വയംഭരണ മന്ത്രിയുടെ അഡീഷണൽ പ്രൈവറ്റ് സെക്രട്ടറിയായും പ്രവർത്തിച്ചു. പന്തളം കൊട്ടാരത്തിന്റെ ഭരണച്ചുമതലകളിൽ നിർവ്വാഹക സംഘത്തിൽ നിർണ്ണായക പങ്കുവഹിച്ചിരുന്നു. ശബരിമല സ്ത്രീ പ്രവേശന വിഷയത്തിൽ എടുത്ത ഉറച്ച നിലപാടിനെത്തുടർന്ന് അദ്ദേഹത്തിന്റെ പ്രശസ്തി രാജ്യാന്തരതലത്തിൽ വരെ ശ്രദ്ധിക്കപ്പെട്ടു. പന്തളം പന്തപ്ലാവിൽ അംബികാവിലാസത്തിൽ അംബികത്തമ്പുരാട്ടിയുടെയും കിടങ്ങൂർ പാറ്റ്യാൽ ഇല്ലത്ത് ഗോദശർമ്മൻ നമ്പൂതിരിയുടെയും മകനാണ്. ഭാര്യ മീരാവർമ്മ പൂഞ്ഞാർ കാഞ്ഞിരമിറ്റം കൊട്ടാരത്തിലെ അംഗമാണ്. മക്കൾ: സംഗീത വർമ്മ, അരവിന്ദ് വർമ്മ, മഹേന്ദ്ര വർമ്മ. മരുമകൻ: നരേന്ദ്ര വർമ്മ.

ആകർഷണീയമായ വ്യക്തിപ്രഭാവം കൊണ്ട് ക്ഷത്രിയ ക്ഷേമസഭയ്ക്കും 'ക്ഷാത്രസ്പന്ദന'ത്തിനും വെൺനിലാവിന്റെ ശോഭ പരത്തിയിരുന്ന ശശികുമാർ വർമ്മയുടെ തിരോധാനത്തോടെ നികത്താനാവാത്ത ഒരു ശൂന്യതകൂടി വന്നുചേർന്നിരിക്കുന്നു. ശശികുമാർ വർമ്മയുടെ വേർപാടിൽ 'ക്ഷാത്രസ്പന്ദനം' അഗാധമായ ദുഃഖം രേഖപ്പെടുത്തുന്നതോടൊപ്പം കുടുംബാംഗങ്ങളുടെ ദുഃഖത്തിൽ പങ്കുചേരുകയും ചെയ്യുന്നു.

*-പത്രാധിപ സമിതി-*

---




## വായനക്കാരുടെ കത്തുകൾ




എഡിറ്റോറിയൽ തൊട്ട് എല്ലാം വായിച്ചു. റോബോട്ടിന്റെ AI. റോബോട്ടിന്റെ ഗവേഷണകേന്ദ്രങ്ങളെക്കുറിച്ച് അറിയാൻ കഴിഞ്ഞു. പുതിയ സാരഥികളുടെ ഫോട്ടോകൾ കണ്ടു. എല്ലാവിധ ആശംസകളും നേരുന്നു. ടി.എൻ. ആദിത്യവർമ്മയുടെ ലേഖനം 'കുമാരനാശാൻ', കെ.എൽ. ശ്രീകൃഷ്ണദാസിന്റെ 'ജനുവരി സ്മരണകൾ' മാലിനി രവിവർമ്മ എഴുതിയ 'തിരുവാതിര', ഡോ. മനോരമത്തമ്പുരാട്ടിയുടെ യാത്രാവിവരണം, എരിയുന്ന കനൽ, ദേവനന്ദന്റെ കഥ എല്ലാം മികച്ചതു തന്നെ.

റിയാക്ടിന്റെ പ്രവർത്തനം മികച്ചരീതിയിൽ നടക്കുന്നതിൽ അതിയായി സന്തോഷിക്കുന്നു. 'പരമം പവിത്രം ഭവനദാനം' എന്ന ശീർഷകത്തിൽ നല്കിയ നാലാമത്തെ കെട്ടിടം എന്നും എന്റെ ഹൃദയസിംഹാസനത്തിൽ ഇടംപിടിച്ചിരിക്കും. ചുരുക്കത്തിൽ കെട്ടിലും മട്ടിലും 'ക്ഷാത്രസ്പന്ദനം' 2024 ജനുവരി (കൊല്ലവർഷം 1199 മകരം) യിൽ ഇറക്കിയത് വാല്യം 10 ലക്കം 1 അതീവ ശ്രദ്ധേയമായി.

**വേലൂർ പരമേശ്വരൻ നമ്പൂതിരി**
കുട്ടമ്പേരൂർ

# റോയൽ എഡ്യൂക്കേഷണൽ ആൻഡ് ചാരിറ്റബിൾ ട്രസ്റ്റ് (REACT)

2008-ൽ പ്രവർത്തനമാരംഭിച്ച REACT (ക്ഷത്രിയ ക്ഷേമസഭയുടെ സർവീസ് വിങ്) ജീവകാരുണ്യ പ്രവർത്തനങ്ങളിൽ സജീവമായി ഏർപ്പെട്ടുകൊണ്ടിരിക്കുന്നു. നമ്മുടെ ബന്ധുജനങ്ങൾക്കും സ്നേഹിതർക്കും അഭ്യുദയകാംക്ഷികൾക്കും ഇതിന്റെ പ്രാധാന്യം മനസ്സിലാകുകയും ഉൾക്കൊള്ളുകയും ചെയ്യുന്നതുകൊണ്ടാണ് REACT ന്റെ പ്രവർത്തനം മുന്നോട്ടു കൊണ്ടുപോകാൻ കഴിയുന്നത്. വിഷമതകൾ അനുഭവിക്കുന്നവരെ സഹായിക്കുന്നത് നമ്മുടെ ധർമ്മമാണ്.

നമ്മുടെ കുടുംബങ്ങളിൽ സന്തോഷാവസരങ്ങൾ ഉണ്ടാകുമ്പോൾ അത് പങ്കുവയ്ക്കാൻ റിയാക്ടിനെയും 'ക്ഷാത്രസ്പന്ദന'ത്തിനെയും നാം ഒരു നിമിഷം ഓർമ്മിക്കണം. സമൂഹത്തെ സേവിക്കുന്നതും ദേവപ്രീതിക്ക് കാരണമാകുമല്ലോ. നമ്മുടെ കൂട്ടായ പ്രവർത്തനങ്ങളുടെ മുന്നേറ്റത്തിനും അത് സഹായകരമാകും.

2024 ഫെബ്രുവരി മുതൽ 2024 ഏപ്രിൽ വരെ REACT നു ലഭിച്ച സംഭാവനകളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

## DONATIONS RECEIVED DURING FEBRUARY 2024 - APRIL 2024

| Sl. No. | Name of the Donor | Amount (Rs.) |
|---|---|---|
| 1 | Wellwishers | 4,55,000.00 |
| 2 | Sara Chandy, Kowdiar, Thiruvananthapuram | 2,00,000.00 |
| 3 | Tarun N P Varma, Mumbai | 1,00,001.00 |
| 4 | R.V.G. Menon, Thiruvananthapuram | 1,00,000.00 |
| 5 | Vinod Varma, Kanjoor, Ernakulam | 71,000.00 |
| 6 | Cdr. (Retd.) Kishen Chandar Varma, Kochi | 30,000.00 |
| 7 | Valsala Ravi Varma Raja, Thiruvananthapuram | 30,000.00 |
| 8 | Krishna Dasan C.K., Thiruvananthapuram | 27,250.00 |
| 9 | P.K. Mohana Varma, Pilathara | 25,001.00 |
| 10 | K.T. Kerala Varmah, Aluva | 25,000.00 |
| 11 | Lija Kalathil, Thiruvananthapuram | 20,000.00 |
| 12 | Unnikrishnan K, Iritty | 20,000.00 |
| 13 | N.K. Kerala Varma Raja, Thiruvananthapuram | 10,000.00 |
| 14 | Sreevidya Varma, Bangalore | 10,000.00 |
| 15 | Goda Varma C.K. Chazhoor Kovilakam | 10,000.00 |
| 16 | R. Sasikumar Varma, Thiruvananthapuram | 10,000.00 |
| 17 | K. Ravi Varma Raja, Pandalam | 10,000.00 |
| 18 | Rajeev R, Budhanoor | 6,000.00 |
| 19 | Pramod K | 5,000.00 |

| | | |
|---|---|---|
| 20 | Sreejaya Varma, Thiruvananthapuram | 5,000.00 |
| 21 | P. K. Ravi Varma Raja, Cherthala | 3,000.00 |
| 22 | Sreedevi R Varma, Keezhvaipur | 3,000.00 |
| 23 | Yamuna M M, Kunhimangalam, Kannur | 1,000.00 |
| 24 | Ramani | 1,000.00 |
| 25 | Ravi Varma Thampuran, Pandalam | 500.00 |
| | **Total** | **11,77,752.00** |

**(Rupees Elevan Lakh Seventy Seven Thousand Seven Hundred and Fifty Two only)**

## FINANCIAL ASSISTANCE DURING FEBRUARY 2024 - APRIL 2024

| Sl. No. | Payments | Amount (Rs.) |
|---|---|---|
| 1 | Medical aid, Educational help - Monthly Payments | 84,000.00 |
| 2 | Furniture to new house at Palakkad | 98,750.00 |
| 3 | Bedsheets (75 Nos.) to Rajeswary Foundation, TVPM | 17,168.00 |
| 4 | Financial aid to the Poor | 2,00,000.00 |
| 5 | Medical aid, Educational help etc. | 4,88,500.00 |
| | **Total** | **8,88,418.00** |

**(Rupees Eight Lakh Eighty Eight Thousand Four Hundred and Eighteen only)**

ഇതുവരെ (18-07-2008 മുതൽ 30-04-2024 വരെ) ₹ 1,98,46,910/- (ഒരു കോടി തൊണ്ണൂറ്റി എട്ട് ലക്ഷത്തി നാല്പത്തി ആറായിരത്തി തൊള്ളായിരത്തി പത്ത് രൂപ) വിതരണം ചെയ്യുവാൻ സാധിച്ചിട്ടുണ്ട്.

**എല്ലാവർക്കും REACT ന്റെ ഹൃദയംനിറഞ്ഞ നന്ദി രേഖപ്പെടുത്തുന്നു.**

**പണം അടയ്ക്കേണ്ട അക്കൗണ്ട് വിവരങ്ങൾ**

A/c No: 40052210014950

IFS Code CNRB 0014005

Canara Bank, Fort Branch, Thiruvananthapuram - 695023

**അറിയിപ്പ്**

**Those who wish to donate to REACT may please send the following details also.**

**Name in Full, Full address, PAN or Aadhaar No.**

**(This is required as per the amendment to Income Tax Act, 1961 with effect from 01.04.2021)**

*(റിയാക്ട് സഹായത്തിന്റെ ചിത്രങ്ങൾക്ക് പേജ് 7, 11 കാണുക)*

# റിയാക്ടിന്... സ്നേഹപൂർവ്വം



തിരുവനന്തപുരം ശ്രീകണ്ഠേശ്വരം 'പൂർണ്ണിമ' യിൽ സേതു തമ്പുരാട്ടി റിയാക്റ്റിനു നൽകിയ സംഭാവന റിയാക്ട് സെക്രട്ടറി പി. കെ. രഘു വർമ്മ ഏറ്റുവാങ്ങുന്നു.



ഹരിപ്പാട് നടന്ന ക്ഷത്രിയ ക്ഷേമസഭയുടെ സംസ്ഥാന സമ്മേളനത്തിൽ വച്ച് പി.കെ. രമാദേവി റിയാക്ടിലേക്ക് നൽകിയ സംഭാവന സഭയുടെയും റിയാക്ടിന്റെയും അദ്ധ്യക്ഷയായ ഡോ. ലളിതാംബിക സ്വീകരിക്കുന്നു. പി.കെ. രഘുവർമ്മ, വി.കെ. മധുകുമാർ വർമ്മ എന്നിവർ സമീപം.



റിയാക്ടിന്റെ കാരുണ്യ പ്രവർത്തനങ്ങളിൽ സന്തുഷ്ടയായ തൃപ്പൂണിത്തുറയിലെ ജയന്തി കൊച്ചനുജൻ റിയാക്ടിലേയ്ക്ക് നൽകിയ സംഭാവനയുടെ ചെക്ക് ക്ഷത്രിയ ക്ഷേമസഭ സംസ്ഥാന ജനറൽ സെക്രട്ടറി വി.കെ. മധുകുമാർ വർമ്മ സ്വീകരിക്കുന്നു.



പത്രാധിപക്കുറിപ്പ്



# ഇലക്ടറൽ ബോണ്ട്

രാജ്യത്ത് ഇലക്ഷനടുക്കുമ്പോൾ കള്ളപ്പണം വെളുപ്പിക്കാനുള്ള സാഹചര്യമൊരുങ്ങുമെന്ന് നമ്മുടെ സമൂഹത്തിൽ നിന്നുയരുന്ന ഒരഭിപ്രായ മാണ്. ഇലക്ഷൻ കാലത്ത് രാഷ്ട്രീയ പാർട്ടിക ളുടെ സാധാരണയുണ്ടാകാറുള്ള ധനസമാഹരണ ത്തിന് സുതാര്യതയും ഉത്തരവാദിത്വബോധവും (Accountability) കൈവരിക്കണമെന്ന സദുദ്ദേശ ത്തോടെ 2017-ൽ കേന്ദ്ര ധനമന്ത്രിയായിരുന്ന അരുൺ ജയ്റ്റ്ലിയാണ് 'ഇലക്ടറൽ ബോണ്ട്' എന്ന ആശയം മുന്നോട്ടു വച്ചത്. ഇത് പാർല മെന്റിൽ പാസ്സാക്കപ്പെടുകയും ചെയ്തു. 2017-18 കാലഘട്ടം മുതൽ ഫെബ്രുവരി 2024 വരെ എല്ലാ പാർട്ടികളും ഇലക്ടറൽ ബോണ്ടുകൾ സ്വീകരിച്ചി ട്ടുണ്ട്. 'കമ്മ്യൂണിസ്റ്റ് പാർട്ടി ഓഫ് ഇന്ത്യ' ഇതിൽ നിന്നും വിട്ടുനിന്നു. ഇതിന്റെ അർത്ഥം അവർ ഇല ക്ടറൽ ബോണ്ടിൽ കൂടിയല്ലാതെ ധനസമാഹര ണത്തിന് മറ്റു മാർഗ്ഗങ്ങൾ തേടിയെന്നു മാത്രമേ യുള്ളൂ.

സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യയ്ക്കു മാത്രമേ ഇല ക്ടറൽ ബോണ്ട് തയ്യാറാക്കി 'ഇഷ്യൂ' ചെയ്യാനുള്ള അധികാരം കേന്ദ്ര ഗവണ്മെന്റ് കൊടുത്തിട്ടുള്ളൂ.

2019 ലെ ജനറൽ ഇലക്ഷനു മുമ്പായി തങ്ങൾ അധികാരത്തിൽ വന്നാൽ ഇലക്ടറൽ ബോണ്ട് എന്ന സ്കീം റദ്ദാക്കും എന്ന് കോൺഗ്രസ് പാർട്ടി പ്രഖ്യാപിച്ചിരുന്നു. കൂടാതെ ഇത് ഒരു 'quid pro quo' (something for something അഥവാ പകര ത്തിനു പകരം) ആണെന്നും സമൂഹത്തിൽ പലരും ചൂണ്ടിക്കാട്ടി. കുറെയൊക്കെ ശരിയായിരിക്കാം. കൂടാതെ പ്രബലമായ പാർട്ടികൾക്ക് ഈ ബോണ്ടിൽകൂടി പണം കൂടുതൽ സമാഹരിക്കാ നുള്ള സാധ്യതയും കൂടുതലാണ്. അതിനും സംശ യമില്ല. ആകെ ഇലക്ടറൽ ബോണ്ടുകളിൽ കൂടി പാർട്ടികൾക്ക് കിട്ടിയ പണത്തിന്റെ 37% ബി.ജെ. പിയ്ക്കും 63% മറ്റെല്ലാ പാർട്ടികൾക്കും കൂടി കിട്ടി യെന്നാണ് നമുക്കു കിട്ടുന്ന വിവരം. അതേതുമാ കട്ടെ, 2024 ഫെബ്രുവരി 15 ന് ഇലക്ടറൽ ബോണ്ട് വാങ്ങുന്നതും കൊടുക്കുന്നതും ഭരണഘടനാവിരു ദ്ധമാണെന്ന സുപ്രീം കോടതിയുടെ സുപ്രധാന വിധിയുണ്ടായി. സുതാര്യതയില്ല, സാധാരണ ജന ങ്ങൾക്ക്, പണം കൊടുത്ത് ബോണ്ട് വാങ്ങിയവരെ പ്പറ്റിയോ (donor) ബോണ്ട് ഏറ്റുവാങ്ങിയവരെപ്പ റ്റിയോ (acceptor) ഒരു വിവരവും കിട്ടുന്നില്ല, Right to information Act article 19 (1)a അനുസരിച്ച് ബോണ്ട് വാങ്ങുന്നതും കൊടുക്കുന്നതും ഭരണഘ ടനാ ലംഘനമാണ് - ഇതൊക്കെയായിരുന്നു ഇല ക്ടറൽ ബോണ്ടിന് എതിരായ വിധിക്കുള്ള കാര ണങ്ങൾ.

ഏറെ ചിലവുള്ള ഇലക്ഷൻ പ്രക്രിയ അഴിമതി രഹിതമായി നടത്തണമെങ്കിൽ ഈ സ്കീമിന് എന്തെല്ലാം മാറ്റങ്ങളാണ് വരുത്തേണ്ടത് എന്ന് സമീപഭാവിയിൽ തീരുമാനിക്കപ്പെട്ടേക്കാം.

ഇതര രാജ്യങ്ങളിൽ party donations ആണ് ഇലക്ഷൻ ഫണ്ടിങ്ങിന്റെ മുഖ്യ സ്രോതസ്സ്. പാർട്ടി കൾക്ക് തികഞ്ഞ ഉത്തരവാദിത്വവും (Accountability). ഉണ്ടായിരിക്കേണ്ടതുണ്ട്.

ഇൻഡ്യയിൽ ഇലക്ടറൽ ബോണ്ടിന്റെ ഭാവി എങ്ങനെ വരുമെന്ന് കാത്തിരുന്നു കാണാം. സാധാ രണക്കാർക്കുപോലും മനസ്സിലാകുന്ന രീതിയി ലുള്ള ഒരു സ്കീം ഉണ്ടാകുമെന്ന് നമുക്ക് പ്രതീ ക്ഷിക്കാം. ●

# കേന്ദ്ര സഭാ വാർത്തകൾ



## സംസ്ഥാന ജനറൽ സെക്രട്ടറിയുടെ തൂലികയിൽ നിന്ന് ...

എല്ലാ ക്ഷത്രിയ കുടുംബാംഗങ്ങൾക്കും സ്നേഹംനിറഞ്ഞ വിഷു ആശംസകൾ നേരുന്നു. ജനുവരി 7-ാം തിയതി ഹരിപ്പാട് ചെമ്പ്രോൽ കൊട്ടാരത്തിൽ വച്ച് നടന്ന 41-ാമത് വാർഷിക പൊതുയോഗം ഭംഗിയായി നടന്നുവല്ലോ. അതിനു ശേഷം സ്വാഭാവികമായും കുറച്ചു നാളത്തേക്ക് അതിന്റെ സുഖകരമായ പിൻഫല മന്ദത ഉണ്ടായിരിക്കാം, പക്ഷേ, എല്ലാ യൂണിറ്റുകളും ഉടൻ തന്നെ യോഗങ്ങൾ കൂടുകയും പരിപാടികൾ ആസൂത്രണം ചെയ്ത് നടത്തുകയും ചെയ്തു എന്നുള്ളത് തികച്ചും സന്തോഷമുളവാക്കുന്നതാണ്.

പുതുതായി തിരഞ്ഞെടുത്ത കേന്ദ്ര ഭാരവാഹികളുടെ യോഗം ജനുവരി 21 ന് ഓൺലൈനായി കൂടുകയുണ്ടായി. അന്ന് വാർഷിക പൊതുയോഗത്തിന്റെ നടത്തിപ്പുകൾ വിലയിരുത്തുകയും, ഭാവി പരിപാടികളെക്കുറിച്ച് ചർച്ച ചെയ്യുകയുമുണ്ടായി.

**1 ക്ഷത്രിയ ക്ഷേമസഭയുടെ രജിസ്ട്രേഷൻ പുതുക്കി.**

വാർഷിക പൊതുയോഗം കഴിഞ്ഞ് പുതുക്കാനായി അപേക്ഷിക്കുകയും പുതുക്കി ലഭിയ്ക്കുകയും ചെയ്തു എന്ന് സന്തോഷത്തോടെ അറിയിക്കട്ടെ.

**2 പൊളിറ്റിക്കൽ ആൻഡ് ഫാമിലി പെൻഷൻ കുടിശ്ശിക**

പെൻഷൻ ലഭിച്ചു കൊണ്ടിരുന്ന അംഗങ്ങൾക്ക് 2017 മുതൽ ആയിരം രൂപ എന്നത് മൂവായിരം ആയി പുതുക്കി നൽകിയിരുന്നുവല്ലോ. എന്നാൽ 2011 മുതൽ പുതുക്കിയതുക ലഭിക്കേണ്ടതാണ് എന്ന് കാണിച്ച് ഹൈക്കോടതിയിൽ ക്ഷത്രിയ ക്ഷേമസഭ കേസ് ഫയൽ ചെയ്തിരുന്നു. ആ കേസിൽ 2011 മുതൽ 2017 വരെയുള്ള കാലയളവിലെ കുടിശ്ശിക സർക്കാർ നൽകണമെന്ന് വിധിക്കുകയും ചെയ്തു.

സഭയ്ക്കു വേണ്ടി ഹൈക്കോടതിയിൽ വാദിച്ച വക്കീലന്മാർക്ക് നന്ദിയും ആദരവും ഇത്തരുണത്തിൽ നൽകുന്നു.

**3 യൂണിറ്റുകളുടെ വാർഷികം/കുടുംബ സംഗമം**

ഈ കാലയളവിൽ ഇരിട്ടി തുടങ്ങിയ യൂണിറ്റുകളിലെ വാർഷികയോഗങ്ങളിലും, ചേർത്തല കരപ്പുറം യൂണിറ്റിലെ കുടുംബ സംഗമത്തിലും, കോട്ടയം വൈക്കം തുടങ്ങിയ യൂണിറ്റുകളിലെ കമ്മറ്റി മീറ്റിംഗിലും പങ്കെടുക്കാനായി. യൂണിറ്റുകളിൽ ചെന്നപ്പോൾ ഗൃഹസന്ദർശനം നടത്തുകയുമുണ്ടായി.

**4 മഹാറാണി സേതു പാർവതിഭായി സ്കോളർഷിപ്പ്**

2023 അദ്ധ്യയന വർഷത്തിൽ കോളേജ് വിദ്യാഭ്യാസത്തിനായി ചേർന്ന കുട്ടികൾക്കും, വിദ്യാഭ്യാസം തുടരുന്നവർക്കുമായുള്ള സ്കോളർഷിപ്പ് അപേക്ഷാ ഫോറങ്ങൾ പബ്ലിഷ് ചെയ്തിട്ടുണ്ട്. അപേക്ഷകൾ കൃത്യസമയത്തു തന്നെ നൽകേണ്ടതാണ്. യൂണിറ്റ് ഭാരവാഹികൾ മുൻകൈയെടുത്ത് അപേക്ഷകൾ അയയ്ക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

**5 പുതിയ അംഗങ്ങളെ ചേർക്കൽ**

പുതിയ അംഗങ്ങളെ ചേർക്കുന്നതിന്റെ ഭാഗമായി കോഴിക്കോട് യൂണിറ്റ് ഒരു ഡ്രൈവ് നടത്തിക്കൊണ്ടിരിക്കുന്നു. അതിന്റെ ഭാഗമായി ഞാനും കോഴിക്കോട്ട് പോയിരുന്നു. ആയിരം അംഗങ്ങളാണ് അവരുടെ ലക്ഷ്യം. അതിന് എല്ലാ ഭാവുക

## ക്ഷത്രിയ ക്ഷേമസഭയുടെ മുൻ പ്രസിഡന്റ് പി.ജി. ശശികുമാർ വർമ്മ

നമുക്കേവർക്കും ഏറെ പ്രിയങ്കരനായിരുന്ന ശ്രീ. ശശികുമാർ വർമ്മയുടെ അകാല നിര്യാണം നമ്മെ ഏവരെയും തീവ്രദുഃഖത്തിലാഴ്ത്തി. ക്ഷത്രിയ ക്ഷേമസഭയുടെയും റിയാക്ടിന്റെയും എല്ലാ പ്രവർത്തന മേഖലകളിലും വളരെ ശ്രദ്ധാലുവും നല്ല സഹകരണവും വേണ്ട ഉപദേശങ്ങളും മാർഗ്ഗദർശനവും നൽകുകയും ചെയ്തിരുന്നു. എല്ലാ വിഷയങ്ങളിലും ശശിച്ചേട്ടന് തന്റേതായ ഒരു നിലപാടുണ്ടായിരുന്നു, അത് എല്ലായ്പോഴും ശരിയാവുകയും ചെയ്തിരുന്നു എന്നുള്ളതാണ് സത്യം. ഏത് കൂട്ടായ്മയിലും, സദസ്സിലും എത്തിയാൽ അദ്ദേഹത്തിന് അവിടെ നേതൃത്വഗുണം കാട്ടുവാനുള്ള അഭൂതപൂർവമായ കഴിവ് ഉണ്ടായിരുന്നു എന്നുള്ളത് എടുത്തു പറയേണ്ടതാണ്. അദ്ദേഹത്തിന്റെ നിര്യാണം മൂലം ക്ഷത്രിയ ക്ഷേമയ്ക്കുണ്ടായ നഷ്ടം നികത്താൻ കാല താമസമെടുക്കും എന്ന കാര്യത്തിൽ ഒരു സംശയവും വേണ്ട. അദ്ദേഹത്തിന്റെ നിര്യാണം മൂലമുണ്ടായ ദുഃഖത്തിൽ ശശിച്ചേട്ടന്റെ കുടുംബാംഗങ്ങളോടൊപ്പം പങ്കു ചേരുകയും പരേതന്റെ ആത്മാവിന് നിത്യശാന്തി നൽകണമേ എന്ന് ജഗദീശ്വരനോട് പ്രാർത്ഥിക്കുകയും ചെയ്യുന്നു.

**മധുകുമാർ വർമ്മ വി.കെ.**
സംസ്ഥാന ജനറൽ സെക്രട്ടറി

ങ്ങളും നേരുന്നു, എല്ലാ സഹായ സഹകരണങ്ങളും നേരുന്നു. മറ്റു യൂണിറ്റുകളും പുതിയ അംഗങ്ങളെ ചേർക്കാൻ ശ്രമിക്കേണ്ടതാണ്.

**6 റിയാക്ട്**

നല്ല രീതിയിലുള്ള സേവന പ്രവർത്തനങ്ങളുമായി റിയാക്ട് മുന്നേറുന്നു. പാലക്കാട്ടെ ശ്രീമതി ലതാഗോദവർമ്മയ്ക്ക് റിയാക്ട് പണിതു നൽകിയ പുതിയ വീടിന്റെ താക്കോൽ കൈമാറ്റം നടന്നു. ഈ ഭവനം റിയാക്ടിന്റെ സ്വപ്നഭവനപദ്ധതിയിൽ ഉൾപ്പെടുത്തി പണിതു നൽകിയ നാലാമത്തേതാണ്. ടീം റിയാക്ടിന് അഭിനന്ദനങ്ങൾ, സ്നേഹത്തിന്റെ പൂച്ചെണ്ടുകൾ

**7 യൂത്ത് ഫോറം**

ക്ഷത്രിയ യൂത്ത് ഫോറത്തിന്റെ ആഭിമുഖ്യത്തിൽ ഇരിങ്ങാലക്കുടയിൽ വച്ച് ഒരു ക്രിക്കറ്റ് മത്സരവും പെരുമ്പാവൂർവച്ച് ഒരു ഷട്ടിൽകോക്ക് മത്സരവും നടന്നു. പങ്കെടുത്തവരുടെ എണ്ണം കൊണ്ടും മത്സരങ്ങളുടെ നിലവാരം കൊണ്ടും രണ്ടു മത്സരങ്ങളും ഗംഭീരമായി. മത്സരങ്ങൾ നടത്താനായി മുൻകൈയെടുത്തവർക്കും പങ്കെടുത്തവർക്കും അഭിനന്ദനങ്ങൾ അർപ്പിക്കുന്നു.

**8 ക്ഷാത്രസ്പന്ദനം**

നമ്മുടെ ത്രൈമാസിക 'ക്ഷാത്രസ്പന്ദനം' ഓരോ പതിപ്പും കൂടുതൽ കൂടുതൽ നന്നായി ത്തന്നെ വരിക്കാരിൽ എത്തിക്കാനാവുന്നുണ്ട് എന്ന് വിശ്വസിക്കുന്നു. അംഗങ്ങളുടെ സർഗ്ഗവാസന വളർത്തുവാനായി 'ക്ഷാത്രസ്പന്ദന'ത്തിലേക്ക് ലേഖനങ്ങൾ, കഥകൾ,കവിതകൾ തുടങ്ങിയവ നൽകണം എന്നപേക്ഷിക്കുന്നു.

'ക്ഷാത്രസ്പന്ദന'ത്തിന് രജിസ്ട്രാർ ഓഫ് ന്യൂസ്പേപ്പേഴ്സ് ഓഫ് ഇൻഡ്യയുടെ സർട്ടിഫിക്കറ്റ് (RNI Certificate) ലഭിച്ചു എന്നറിയിക്കാൻ ഏറെ സന്തോഷമുണ്ട്.

യൂണിറ്റുകളുടെ പ്രവർത്തനങ്ങൾ ശരിയായ ദിശയിൽ നടക്കുവാനും അംഗങ്ങളുടെ ആവശ്യങ്ങൾ മനസ്സിലാക്കി പ്രവർത്തിക്കുവാനും അംഗങ്ങളോടൊപ്പം എപ്പോഴും ഉണ്ടാവും എന്നറിയിച്ചു കൊള്ളുന്നു.

വിനയപൂർവം
**മധുകുമാർ വർമ്മ വി.കെ.**
ജനറൽ സെക്രട്ടറി

# റിയാക്ട് ധനസഹായം



റിയാക്ടിൽ നിന്ന് സഹായ നിധിയായി ലഭിച്ച തുകയുടെ ചെക്ക് പിലാത്തറ യൂണിറ്റ് പ്രസിഡന്റ് പി.കെ. മോഹനവർമ്മ എൻ.കെ. മുരളീധരന് നൽകുന്നു. അതുപയോഗിച്ച് അദ്ദേഹം ഒരു ലോട്ടറി സ്റ്റാൾ തുടങ്ങുകയും ചെയ്തു.



ക്ഷത്രിയ ക്ഷേമസഭ ചാലക്കുടി യൂണിറ്റ് അംഗമായ അജിത് കുമാർ അപകടത്തെ തുടർന്ന് ശസ്ത്രക്രിയക്ക് വിധേയമാകുകയുണ്ടായി. സാമ്പത്തികമായി വളരെ ബുദ്ധിമുട്ടിൽ ആയതിനാൽ 18-02-24 ൽ ചേർന്ന റിയാക്ട് ഭരണ നിർവ്വഹണ സമിതി അംഗീകരിച്ച ധന സഹായത്തിനുള്ള ചെക്ക് ക്ഷത്രിയ ക്ഷേമസഭ ചാലക്കുടി യൂണിറ്റ് പ്രസിഡന്റ് ബാലകൃഷ്ണനനും സെക്രട്ടറി നന്ദകുമാർ വർമ്മയും ചേർന്ന് അജിത് കുമാറിന് കൈമാറി.



വൃക്കകളുടെ പ്രവർത്തന ശേഷി നഷ്ടപ്പെട്ടതുമൂലം എല്ലാ ആഴ്ചയും ഡയാലിസിസ് നടത്തിവരുന്ന കോട്ടയം കുമാരനല്ലൂർ സ്വദേശിയും കാർപ്പെന്ററുമായ ദിലീപ് കുമാറിന് റിയാക്ടിൽ നിന്നും ചികിത്സാ സഹായമായി അനുവദിച്ച തുക ക്ഷത്രിയ ക്ഷേമസഭ കോട്ടയം യൂണിറ്റ് പ്രസിഡന്റ് യു. അജിത് വർമ്മ നൽകുന്നു. എക്സിക്യൂട്ടീവ് കമ്മിറ്റി അംഗം മധുകുമാർ, സുമേഷ് കുമാരനെല്ലൂർ എന്നിവർ സന്നിഹിതരായിരുന്നു.

# ROYAL EDUCATIONAL & CHARITABLE TRUST

## SUNDARAVILASOM PALACE, FORT, THIRUVANANTHAPURAM

## BALANCE SHEET AS AT 31st MARCH, 2023

| Liabilities | | Amount (Rs.) | Assets | | Amount (Rs.) |
|---|---|---|---|---|---|
| **CORPUS FUND** | | | **FIXED ASSETS** | | |
| Contributions from Trustees and Others as per | | | **Laptop** | 59,400 | |
| last Balance Sheet | 5,86,317 | | Less:- Dpreciation | 11,880 | 47,520 |
| Add:- Corpus Fund additions during the year | - | 5,86,317 | | | |
| | | | **CURRENT ASSETS** | | |
| | | | **Investments:** | | |
| | | | Fixed Deposit with Syndicate Bank, Fort, Tvpm. | | |
| Endowments Account | | | No.1952/1 | 1,50,000 | |
| Endowment Fund for Medical Aid-K.G.Reghu | 1,50,000 | | No.4352/1 | 75,800 | |
| Endowment Fund - Chandrika Kerala Varma | 1,50,000 | 3,00,000 | No.4353/1 | 1,50,000 | |
| | | | No.4742/1 | 75,000 | |
| | | | No.4904/1 | 25,700 | |
| | | | No.4904 | 3,36,149 | |
| | | | No.4742/6 | 1,00,000 | |
| | | | No. 4904/12 | 1,00,000 | |
| **CURRENT LIABILITIES & PROVISIONS** | | | No. 47026/1 | 1,50,000 | 11,62,649 |
| Advance from Hon.Secretary as per | | | **Tax Deducted at Source (A.Y.2023-24)** | | 6,133 |
| last Balance Sheet | | 650 | **Bank Interest Receivable** | | 344 |
| **INCOME & EXPENDITURE ACCOUNT** | | | **CASH & BANK BALANCE** | | |
| Surplus as per last balance sheet | 14,36,211 | | Balance with Canara Bank-Fort, | 15,99,500 | |
| Add :- Excess of Expenditure Over Income | 4,92,972 | 19,29,183 | Trivandrum in SB A/c | | - |
| for the year | | | Cash in Hand as certified by the Hon.Secretary | 4 | 15,99,504 |
| **TOTAL** | | **28,16,150** | **TOTAL** | | **28,16,150** |

Notes to Acounts - Schedule 1

**AUDITORS' REPORT**

As per my report of even date attached

| | | | |
|---|---|---|---|
| **Sd/-** | **Sd/-** | **Sd/-** | **Sd/-** |
| **Chairman** | **Hon. Secretary** | **Hon.Treasurer** | **CA. K. Suresh Kumar Varma** |

Isha, K.R.A.131, Near Lotus Garden, In Fort

Tripunithura - 682301

Place:Ernakulam
Date: 31/10/2023

**M.No.201105**
**UDIN :- 23201105BGWRCR4640**

# ROYAL EDUCATIONAL & CHARITABLE TRUST

## SUNDARAVILASOM PALACE, FORT, THIRUVANANTHAPURAM

### INCOME AND EXPENDITURE ACCOUNTS FOR THE YEAR ENDED 31ST MARCH, 2023

| Expenditure | | Amount (Rs.) | Income | | Amount (Rs.) |
|---|---|---|---|---|---|
| To Medical Aid | | 12,53,000 | By Donations received | 35,57,304 | |
| " Education Assistance | | 3,83,990 | CSR Funds received | 10,00,000 | 45,57,304 |
| " Financial Aid to Poor | | 25,26,620 | Interest from Bank | | |
| " Office Expenses | | 450 | Fixed Deposit | 61,468 | |
| " Bank Charges | | 776 | " Savings Bank | 50,237 | 1,11,705 |
| " Depreciation | | 11,880 | " Interest on Income tax Refund | | 679 |
| " Excess of Income over Expenditure | | 4,92,972 | | | |
| **TOTAL** | | **46,69,688** | **TOTAL** | | **46,69,688** |

Notes to Acounts - Schedule 1

**AUDITORS' REPORT**

As per my report of even date attached

Sd/- **Chairman**

Sd/- **Hon. Secretary**

Sd/- **Hon.Treasurer**

Place:Ernakulam
Date: 31/10/2023

**Sd/-**


**CA. K. Suresh Kumar Varma**
Isha, K.R.A.131, Near Lotus Garden, In Fort
Tripunithura - 682301
**M.No.201105**
**UDIN:- 23201105BGWRCR4640**



# ഭരണത്തോടൊപ്പം... ജനങ്ങളോടൊപ്പം...


**ആർ. കിഷോർ കുമാർ**
(പ്രസിഡന്റ്, തിരുവനന്തപുരം ക്ഷത്രിയ ക്ഷേമസഭ)
മൊ. 7012135953

വ്യക്തികൾ ജനിക്കുന്നു. വ്യക്തിത്വങ്ങൾ സൃഷ്ടിക്കപ്പെടുന്നു. കാലത്തിന്റെ കുത്തൊഴുക്കുകൾക്കെതിരെ നീന്തി ചിലർ കാലാതീതരാകുന്നു. എന്റെ അമ്മയുടെ ഇളയ സഹോദരനായ ശശി വർമ്മയുടെ ജീവിതത്തെക്കുറിച്ച് അപഗ്രഥിക്കുമ്പോൾ ചിന്തകൾ ഇങ്ങനൊക്കെ പോകും.



13-05-1952 ൽ പന്തളം പന്തപ്ലാവ് അംബികവിലാസം കൊട്ടാരത്തിൽ അംബിക തമ്പുരാട്ടി - പാറ്റ്യാൽ ഗോദശർമ്മൻ നമ്പൂതിരി ദമ്പതികളുടെ പുത്രനായി ജനിച്ച അദ്ദേഹത്തിന് മൂത്തതായി മൂന്നു സഹോദരന്മാരും നാലു സഹോദരിമാരും ഇളയ ഒരനുജത്തിയും. എം.എ. വരെയുള്ള പഠനത്തിനു ശേഷം ആദ്യം ട്യൂട്ടോറിയൽ അദ്ധ്യാപനം. തുടർന്ന്, താൻ ജീവനുതുല്യം സ്നേഹിച്ച രാഷ്ട്രീയ പാർട്ടിയായ സി.പി.ഐ.(എം.)ന്റെ മുഖപത്രമായ 'ദേശാഭിമാനി'യിൽ പത്രപ്രവർത്തനം. പിന്നീട് പി.എസ്.സി. മുഖേന ഗവ. സെക്രട്ടേറിയറ്റ് സർവ്വീസിൽ. അക്കാലത്ത് ദേശാഭിമാനിയിലെ വേതന വ്യവസ്ഥ ആകർഷണീയമല്ലാത്തതിനാൽ പത്രത്തിൽ നിന്ന് വലിയ വിഷമത്തോടെയാണെങ്കിലും രാജിവച്ച് സർക്കാർ സർവ്വീസിൽ പ്രവേശിച്ചു. ജീവിതത്തിന്റെ രണ്ടറ്റവും കൂട്ടിമുട്ടണമല്ലോ! ഡെപ്യൂട്ടി സെക്രട്ടറിയായി റിട്ടയർ ചെയ്തതിനു ശേഷവും ആ മന്ത്രിസഭയുടെ കാലയളവു വരെ തദ്ദേശ വകുപ്പു മന്ത്രിയുടെ അഡീഷണൽ പ്രൈവറ്റ് സെക്രട്ടറിയായി സേവനമനുഷ്ഠിച്ചു. സർക്കാർ ജോലിയുടെ പരിമിതിക്കുള്ളിൽ നിന്ന് പാർട്ടിയുടെ പ്രവർത്തനങ്ങളിലും സെക്രട്ടേറിയറ്റ് അസ്സോസിയേഷൻ എന്ന ഇടതുപക്ഷ സർവ്വീസ് സംഘടനയുടെ വിവിധ ഭാരവാഹിത്വമുൾപ്പെടെ വഹിക്കുകയും സജീവമായി പ്രവർത്തിക്കുകയും ചെയ്തു.

സെക്രട്ടേറിയറ്റിലെ റവന്യൂ പോലുള്ള നല്ല ജോലിഭാരമുള്ള വകുപ്പുകളിലാണ് പ്രവർത്തിച്ചത്. ഓരോ ഫയലും ഓരോ ജീവിതം തന്നെ. സംഘടനാ പ്രവർത്തനത്തിന്റെ ഭാഗമായി പ്രകടനങ്ങൾക്കും നോട്ടീസ് വിതരണത്തിനും യോഗങ്ങൾക്കും മറ്റും പോകുമെങ്കിലും എത്ര രാത്രിയായാലും അതാതു ദിവസത്തെ ജോലി പൂർത്തിയാക്കിയിട്ടേ അദ്ദേഹം ഓഫീസിൽ നിന്നും ഇറങ്ങിയിരുന്നുള്ളൂ. സംഘടനാ പ്രവർത്തനത്തിന്റെ പേരിൽ തന്നിൽ അർപ്പിതമായ ജോലികൾ ചെയ്യാത്ത എത്രയോ പേരുണ്ട് നമ്മുടെ സർക്കാർ സർവ്വീസിൽ! 'വർമ്മാജി'യുടെ ശൈലി സഹപ്രവർത്തകർക്കും ഇഷ്ടമായിരുന്നു. സെക്രട്ടേറിയേറ്റിൽ നിന്നും വെൽഫെയർ ബോർഡുകളിലും മറ്റും പ്രവർത്തിച്ചപ്പോഴും ഈ രീതി തുടർന്നു. സംസ്ഥാനത്തെ ഒരുമാതിരിപ്പെട്ട എല്ലാ സംഘടനാ പ്രവർത്തകരുമായും പരിചയമുണ്ടാക്കാൻ അദ്ദേഹത്തിന് അവസരമുണ്ടായി. ഞാൻ ജോലിചെയ്തിരുന്ന നിയമസഭാ സെക്രട്ടേറിയറ്റിലെ സംഘടനാ നേതാക്കളുമായും നല്ല ബന്ധമായിരുന്നു. എല്ലാവരോടും ഒരേപോലെ സ്നേഹത്തോടെയുള്ള പെരുമാറ്റം, നർമ്മം കലർന്ന സംഭാഷണരീതി, ആർക്കെന്തു പ്രശ്നം വന്നാലും തന്നെക്കൊണ്ടാ



*പഴയ ഒരു കുടുംബചിത്രം: നിൽക്കുന്നവരിൽ ഇടതു നിന്ന് രണ്ടാമത് ശശികുമാർ വർമ്മ*


കാവുന്ന രീതിയിൽ സഹായിക്കാനുള്ള മഹാമന സ്ക്കത -ഒരു വലിയ സൗഹൃദക്കൂട്ടായ്മ ഉണ്ടാകാൻ ഇതിൽപ്പരം എന്തുവേണം! സുഹൃത്തുക്കളിൽ പലരും വീട്ടിലും ശബരിമല തീർത്ഥാടന വേളയിൽ പന്തളത്തും വരികയും ചിലരൊക്കെ അദ്ദേഹത്തോടൊപ്പം ശബരിമല യാത്രകളിൽ അനുഗമിക്കുകയും ചെയ്തിരുന്നു.

മന്ത്രിയുടെ പേഴ്സണൽ സ്റ്റാഫിൽ രണ്ടുവട്ടം അദ്ദേഹം നിയമിതനായിട്ടുണ്ട്. ഇ.കെ. നായനാർ മന്ത്രിസഭയുടെ കാലയളവിൽ (1996–2001) തദ്ദേശ സ്വയംഭരണവകുപ്പു മന്ത്രിയുടെ പി.എ., വി.എസ്. അച്ചുതാനന്ദൻ മന്ത്രിസഭയിലെ (2006–2011) അതേ മന്ത്രിയുടെ അഡീഷണൽ പ്രൈവറ്റ് സെക്രട്ടറി. മാർക്സിസ്റ്റ് പാർട്ടിയെപ്പോലുള്ള ഒരു കേഡർ പാർട്ടിയുടെ മന്ത്രിയുടെ സ്റ്റാഫായി പ്രവർത്തിക്കണമെങ്കിൽ പാർട്ടിയുടെ എല്ലാ ചിട്ടവട്ടങ്ങളും പാലിച്ചുകൊണ്ടേ മതിയാവൂ. പാർട്ടിയുടെ വിശ്വസ്തരെ മാത്രമേ അപ്രകാരം നിയമിക്കുകയുമുള്ളൂ. മന്ത്രി എവിടെയെങ്കിലും ഒരു യോഗത്തിൽ പോകുന്നതിനു മുമ്പ് പാർട്ടിയുടെ ആ പ്രദേശത്തെ ഭാരവാഹികളെ അറിയിച്ചിരിക്കണം. പാർട്ടിക്ക് ദോഷകരമാകുന്ന എന്തെങ്കിലും പ്രസ്തുത പരിപാടിയിലുണ്ടോ എന്ന് മനസ്സിലാക്കണം. ഇനിയത് സർക്കാർ പരിപാടിയാണെങ്കിൽ അതുമായി ബന്ധപ്പെട്ട കുറിപ്പുകളും മറ്റും തയ്യാറാക്കി കാലേകൂട്ടി മന്ത്രിക്ക് സമർപ്പിക്കണം. ഇക്കാലയളവിൽ പാർട്ടിയുടെ അങ്ങോളമിങ്ങോളമുള്ള ഘടകങ്ങളിലെ ഭാരവാഹികളുമായി പരിചയപ്പെടാൻ അവസരം ലഭിച്ചു. രണ്ടാം ഘട്ടത്തിൽ, അഡീഷണൽ പ്രൈവറ്റ് സെക്രട്ടറി എന്ന നിലയിൽ വകുപ്പിലെ ഫയലുകളിൽ തീരുമാനമെടുക്കാൻ മന്ത്രിയെ സഹായിക്കുക എന്ന ഉത്തരവാദിത്വമായിരുന്നു. നയപരമായ കാര്യങ്ങൾ, പ്രത്യേകിച്ച് മന്ത്രിസഭയുടെ പരിഗണനയ്ക്ക് വെയ്ക്കേണ്ടതായ വിഷയങ്ങൾ, വിശദമായി പഠിച്ച് വകുപ്പു സെക്രട്ടറി, ഡയറക്ടർ, മറ്റ് ഉന്നത ഉദ്യോഗസ്ഥർ എന്നിവരെയെല്ലാം സംയോജിപ്പിച്ച് ഭരണചക്രം ഭംഗിയായി ചലിപ്പിക്കാൻ മന്ത്രിക്ക് സഹായകരമായത് ശശിയമ്മാവന്റെ കർമ്മകുശലതയും ജോലിയോടുള്ള ആത്മാർത്ഥതയും ആയിരുന്നു. പുതിയ നിയമസഭാ മന്ദിരത്തിൽ നിയമസഭാ സമ്മേളനം നടക്കുന്ന വേളകളിൽ മന്ത്രിയുടെ ചോദ്യോത്തര വേള, ശ്രദ്ധക്ഷണിക്കൽ, സബ്മിഷൻ, ബിൽ അവതരണം എന്നിവ നടക്കുമ്പോൾ എണ്ണയിട്ട യന്ത്രംപോലെ ആ സംവിധാനം ചലിപ്പിക്കാൻ ഓഫീസ്സേഴ്സ് ഗ്യാലറിയിലും മന്ത്രിയുടെ ഓഫീസ് മുറിയിലുമായി ചടുലമായി പ്രവർത്തിക്കുന്ന അദ്ദേഹത്തെയും കൂടെയുള്ള മറ്റ് സ്റ്റാഫംഗങ്ങളെയും ഞാൻ കാണുകയും പരിചയപ്പെടുകയും ചെയ്തിട്ടുണ്ട്.

അതുപോലെ, നിയമസഭയുടെ സബ്ജക്ട് കമ്മിറ്റി പോലുള്ള യോഗങ്ങളിൽ മന്ത്രിയോടൊപ്പം

അദ്ദേഹം പങ്കെടുത്തത് നിയമസഭാ സെക്രട്ടേറിയറ്റിലെ ജീവനക്കാരൻ എന്ന നിലയിൽ ഞാൻ വീക്ഷിച്ചിട്ടുണ്ട്. ജോലിയിൽ വ്യാപൃതനായാൽ ഒരു ചായയിൽ നില്ക്കും. ഊണൊക്കെ പല ദിവസങ്ങളിലും സ്വാഹാ! എസ്.എഫ്.ഐയിലും പിന്നീട് പാർട്ടിയിലും അദ്ദേഹത്തിന് കിട്ടിയ പരിശീലനം തന്റെ ജോലിക്കും ഗുണകരമായി. രാഷ്ട്രീയക്കാർക്ക് എത്രപേരുമായി സംസാരിച്ചാലും എത്ര മണിക്കൂർ യോഗങ്ങളിൽ പങ്കെടുത്താലും മുഷിയുകയില്ല. ഉദ്യോഗസ്ഥർ എന്നതിനോടൊപ്പം ശശിയമ്മാവന്റെ മനസ്സ് ഒരു രാഷ്ട്രീയക്കാരന്റേതുകൂടി ആയിരുന്നല്ലോ! 1996 ആഗസ്റ്റ് 17 (ചിങ്ങം 1) കേരളത്തിന്റെ വികസന പരിപ്രേക്ഷ്യത്തെ സംബന്ധിച്ചിടത്തോളം പ്രധാനപ്പെട്ട ഒരു ദിവസമായിരുന്നു. അന്നായിരുന്നു മഹാനായ മുൻ മുഖ്യമന്ത്രി ഇ.എം.എസ്. നമ്പൂതിരിപ്പാട് ജനകീയാസൂത്രണം അഥവാ (People's Planning) ന്റെ ഉദ്ഘാടനം നിർവ്വഹിച്ചത്. ജനകീയാസൂത്രണത്തിന്റെ പ്രധാന അമരക്കാരൻ തദ്ദേശ വകുപ്പു മന്ത്രിയായിരുന്നുവല്ലോ. സ്വാഭാവികമായും ആ പദ്ധതി തുടങ്ങാനും ട്രാക്കിലോട്ട് കൊണ്ടുവരാനും അണിയറയിൽ പ്രവർത്തിക്കാൻ ശശിയമ്മാവന് അവസരമുണ്ടായി എന്ന കാര്യം എടുത്തു പറയേണ്ടതാണ്. ത്രിതല പഞ്ചായത്തുകളെയും നഗരസഭകളെയും ശക്തിപ്പെടുത്താനും അധികാര വികേന്ദ്രീകരണം സാധ്യമാക്കാനും ജനകീയാസൂത്രണത്തിന് കഴിഞ്ഞുവെന്നത് നിസ്തർക്കമായ കാര്യമാണ്. എന്തൊക്കെ വിമർശനം പറഞ്ഞാലും ജനകീയാസൂത്രണവും അതിനെത്തുടർന്നുള്ള കുടുംബശ്രീ പ്രവർത്തനങ്ങളും ഇതര സംസ്ഥാനങ്ങളുടെ വരെ ശ്രദ്ധ കൈപ്പറ്റിയിട്ടുണ്ട് എന്നത് വാസ്തവമാണ്. ഇതുപോലുള്ള കാര്യങ്ങളിൽ ഇടപെടുമ്പോൾ ഐ.എ.എസ്. പോലെ ഉന്നത ലെവലിലുള്ള മിക്ക ഉദ്യോഗസ്ഥന്മാരുമായും അദ്ദേഹത്തിന് സൗഹൃദം സ്ഥാപിക്കാനായി. പാർട്ടിയുടെ നിബന്ധനകളും ഔദ്യോഗിക നടപടികളും ഭംഗിയായി സമഞ്ജസിപ്പിക്കുന്നയാളെ ആർക്കാണ് ഇഷ്ടമാകാത്തത്? മേൽപ്പറഞ്ഞ 'താക്കോൽ സ്ഥാന'ങ്ങളിലിരുന്നപ്പോഴെല്ലാം, തന്നെ സമീപിക്കുന്ന സുഹൃത്തുക്കളെ അവരുടെ ആവശ്യം യുക്തമെന്നു തോന്നുന്ന പക്ഷം പരമാവധി സഹായിക്കുക എന്നത് ശശിയമ്മാവന് നിർബന്ധമായിരുന്നു. എം.പി., എം.എൽ.എ., പഞ്ചായത്തംഗം എന്നിങ്ങനെ നാട്ടിലെ ജനപ്രതിനിധിയായിരുന്ന എല്ലാവരോടും ഉറ്റ ബന്ധം പുലർത്തിക്കൊണ്ട് നാട്ടിലെ വികസന പ്രവർത്തനങ്ങളിലും അദ്ദേഹം ഇടപെടുകയും റോഡുകൾ, സ്ക്കൂളുകൾ തുടങ്ങിയ അടിസ്ഥാന സൗകര്യ വിഷയങ്ങളിൽ, തന്നെ വന്നുകാണുന്ന പഞ്ചായത്ത് ജനപ്രതിനിധി ഉൾപ്പെടെയുള്ളവരുമായി സഹകരിച്ച് പരിഹാരം കാണുമായിരുന്നു. പാലസ് ക്ലബ്ബിന്റെ യോഗമാകട്ടെ, പാർട്ടിയുടെ യോഗമാകട്ടെ, താൻ അംഗമായിരുന്ന ഏതു സംഘടനയിലെയും യോഗങ്ങളിൽ തന്റെ അഭിപ്രായം വെട്ടിത്തുറന്നു പറയുക എന്നത് അദ്ദേഹത്തിന്റെ വ്യക്തിത്വത്തിന്റെ ഭാഗമായിരുന്നു. എത്ര ബുദ്ധിമുട്ടിയാലും യോഗങ്ങളിലെല്ലാം പങ്കെടുക്കും. എപ്പോഴും ചെറിയൊരു നോട്ടുബുക്ക് തന്റെ തോൾസഞ്ചിയിൽ കരുതും. യോഗത്തിൽ പറയാനുള്ളതെല്ലാം അതിലുണ്ടാകും. പല ഉന്നത രാഷ്ട്രീയ നേതാക്കൾക്കും ഈ ശീലമുണ്ട്. വിവിധ സംഘടനകളിൽ അംഗങ്ങളായിട്ടുള്ളവർക്കും ഭാരവാഹികളായിട്ടുള്ളവർക്കും തികച്ചും അനുകരണീയമായ ഒരു മാതൃകയാണിത്. ശബരിമല പ്രവേശന വിധിയെത്തുടർന്നുണ്ടായ സംഭവ വികാസങ്ങൾ അദ്ദേഹത്തിന്റെ കർമ്മമണ്ഡലത്തെ പുതിയൊരു തലത്തിലേക്ക് ഉയർത്തി. എങ്കിലും ആദ്യം മുതൽക്കുള്ള സൗഹൃദങ്ങൾ അദ്ദേഹം തുടർന്നുപോന്നു. ഒരു മാസത്തോളം ആശുപത്രിയിൽ ചികിത്സയിലിരുന്ന വേളയിൽ നിരവധി സുഹൃത്തുക്കൾ കുടുംബാംഗങ്ങളെ ഫോണിൽ വിളിക്കുകയും ആശ്വസിപ്പിക്കുകയും പ്രാർത്ഥനകളോടെ തിരിച്ചുവരവിന് കാത്തിരിക്കുകയും ചെയ്തു. എന്നാൽ മരുന്നുകൾക്കും ശസ്ത്രക്രിയയ്ക്കും ഒന്നും അതിനായില്ല. കൂട്ടുകാരുടെ പ്രിയപ്പെട്ട 'വർമ്മാജി' നമ്മെ വിട്ടുപിരിഞ്ഞു. ആദരാഞ്ജലികൾ അർപ്പിക്കാൻ രാഷ്ട്രീയ-സാമൂഹ്യ-സാംസ്ക്കാരിക-ആദ്ധ്യാത്മിക മണ്ഡലത്തിലെ പ്രമുഖർ എത്തിച്ചേർന്നിരുന്നു. അദ്ദേഹവുമായി ഇടപെട്ട സാധാരണക്കാരും തെല്ലൊന്നുമല്ല വന്നുചേർന്നത്. പത്രങ്ങളിലും ടി.വി. ചാനലുകളിലും വലിയ കവറേജുമുണ്ടായിരുന്നു. പല സ്ഥാപനങ്ങളിലും അനുസ്മരണങ്ങളും പ്രത്യേക പ്രാർത്ഥനകളും നടന്നു. ഇനിയും കുറേനാൾകൂടി ജീവിച്ച് തന്റെ കുടുംബാംഗങ്ങൾക്കും ബന്ധുജനങ്ങൾക്കും സൗഹൃദ കൂട്ടായ്മയ്ക്കും ഒരു വഴികാട്ടിയായി നേതൃത്വ പാടവത്തോടെ നിലകൊള്ളേണ്ട വ്യക്തിത്വമാണ് കാലയവനികയ്ക്കുള്ളിൽ മറഞ്ഞത്. ഒരായിരം ഹൃദയങ്ങൾ തെരഞ്ഞെടുത്ത ജനസേവകനും മനുഷ്യസ്നേഹിയുമായിരുന്നു ശശി വർമ്മ. ഇത് വായിക്കുന്നവരിലേറിയപങ്കും ആ നന്മമരത്തെ അറിഞ്ഞവരായിരിക്കുമെന്നതിനും സംശയമില്ല. ●

# എവിടേക്കാണ് പോയത്. എവിടെയാണ് ഇനി തിരയേണ്ടത്?



**ജയകുമാര വർമ്മ ആർ.കെ.**
പന്തളം, മൊ. 8921113535

*(അന്തരിച്ച പ്രിയപ്പെട്ട ശശിച്ചേട്ടനെക്കുറിച്ചുള്ള ചില ഓർമ്മകൾ പങ്കുവയ്ക്കുന്നു. ഒരുപാട് ഓർമ്മകളുണ്ട്. ഓർമ്മകൾ ഒഴിയുന്നതേയില്ല. അത്ര വലിയതാണ് ഭാണ്ഡം)*

**ഫെ**ബ്രുവരി പതിമൂന്ന്, ചൊവ്വാഴ്ച്ച വൈകുന്നേരമാണ് പി.ജി. ശശികുമാർ വർമ്മ എന്ന ഞങ്ങളുടെ ശശിച്ചേട്ടൻ ഞങ്ങളെ വിട്ടുപിരിഞ്ഞത്.

ഫെബ്രുവരി പതിമൂന്ന് പതിനാല് എന്നീ തീയതികളിൽ, പന്തളം പാലസ് വെൽഫെയർ സൊസൈറ്റിയുടെ ഹാളിലേക്ക് സമൂഹത്തിന്റെ നാനാ മേഖലയിൽ നിന്നും ജനങ്ങൾ പ്രവഹിച്ചു. മന്ത്രിമാർ, വിവിധ രാഷ്ട്രീയ പാർട്ടികളിൽപ്പെട്ട നേതാക്കൾ, വിവിധ ജനപ്രതിനിധി സഭാ സാമാജികർ, വിവിധ മതത്തിൽപ്പെട്ട ആത്മീയ നേതാക്കൾ, സാഹിത്യകാരന്മാർ, കൊച്ചു സ്കൂൾ ക്ലാസ്സ് തൊട്ടുള്ള സുഹൃത്തുക്കൾ, കുടുംബാംഗങ്ങൾ, ബന്ധുക്കൾ, അന്യസംസ്ഥാനങ്ങളിൽ നിന്നും വരെ എത്തിച്ചേർന്ന അയ്യപ്പ വിശ്വാസികൾ, അങ്ങനെ അനേകം പേർ. തങ്ങളുടെ ശശിയെ, വർമ്മാജിയെ, ശശിവർമ്മയെ, തമ്പുരാനെ, അവസാനമായി ഒന്നു കാണാൻ വേദനയോടെ എത്തി.

ഹാളിന്റ മദ്ധ്യത്തിൽ ശശിച്ചേട്ടൻ, താൻ ഏഴു പതിറ്റാണ്ട് ജീവിതത്തിനിടയിൽ കണ്ടുമുട്ടിയവരുടെ, പരിചയപ്പെട്ടവരുടെ, സ്നേഹ സൗഹൃദങ്ങൾ പങ്കിട്ടവരുടെ സാന്നിദ്ധ്യം അറിഞ്ഞോ, അറിയാതെയോ നിശ്ചലം കിടന്നു.

ആ മൃതദേഹത്തിനരികെ വിഷാദിച്ചിരിക്കെ എന്നിൽ മാത്രം ഉണർന്ന ഒരു കാഴ്ച്ചയിൽ, എന്റെ അരികത്തുള്ള ഒരു കസേരയിൽ ജുബ്ബയും മുണ്ടും ധരിച്ച് നെറ്റിയിലേക്ക് പടർന്നിറങ്ങിയ നരച്ച മുടിയിഴയിലൂടെ തെളിയുന്ന ചന്ദനക്കുറിയുമായി സ്വന്തം മൃതദേഹത്തെ പതിവുപോലെ ആരുടെയോ വിയോഗവേളകളിലൊന്നിലെന്ന പോലെ ദർശിച്ചിരിക്കുന്ന ശശിച്ചേട്ടനെ ഞാൻ കണ്ടു. മൂന്നാഴ്ച്ചകൾ മുമ്പ് പെട്ടെന്ന് രോഗഗ്രസ്തനായി ആശുപത്രിയിലേക്ക് പോയതിന്റെ തലേ രാത്രിയിൽ എന്റരികിലെ കസേരയിലിരുന്ന് എന്നോടു പലതും പറഞ്ഞിരുന്ന അതേ രൂപം. പറഞ്ഞതെല്ലാം മഹാകവി പന്തളം കേരളവർമ്മ സ്മാരക സാഹിത്യ പുരസ്കാരം സംബന്ധിച്ചായിരുന്നു. ഉടൻതന്നെ പ്രഖ്യാപിക്കാൻ പോകുന്ന പുരസ്കാരം, ഇനിവരും കാലത്തെ പ്രവർത്തനങ്ങൾ, പുതിയ കമ്മിറ്റിയുടെ രൂപീകരണം, മഹാകവിയുടെ പേരിലുള്ള പന്തളം കേരളവർമ്മ വായനശാല, എല്ലാം വിഷയമായി. കേരളവർമ്മ പുരസ്കാരം സംബന്ധിച്ച് രാത്രി സ്മാരകസമിതി അദ്ധ്യക്ഷൻ ഡോ. കെ.എസ്. രവികുമാറിനോട് സംസാരിച്ചിട്ട് "രാവിലെ സംസാരിക്കാം" എന്നു



*'മേടക്കല്ലിൽ' ഒരു സല്ലാപം*

പറഞ്ഞു പോയതാണ്. രാവിലെ ആശുപത്രിയിൽ പ്രവേശിക്കപ്പെട്ടു. "അപ്പോൾ ശരി അങ്ങനാട്ടെ" എന്നു പറഞ്ഞ് പിരിഞ്ഞ ആ രാത്രിക്ക് ഇനി ഞാനെന്തു പേരിടും.

പന്തളത്തെ പന്തപ്ലാവ് കൊട്ടാരമെന്ന അംബികാ വിലാസം കൊട്ടാരത്തിൽ മാതാപിതാക്കളുടെ ഏഴാമത്തെ മകനായി ശശിച്ചേട്ടൻ പിറന്നു. "ആൺമൂലം അറവെയ്ക്കും" എന്ന സന്തോഷ ച്ചൊല്ല് കേട്ടുകൊണ്ടുള്ള പിറവി. ആ ചൊല്ല് അർത്ഥവത്താക്കിക്കൊണ്ടുതന്നെ പന്തളത്തു കൊട്ടാരത്തിന്റെ അറയ്ക്ക് സുദൃഢമായ ഒരു അടിത്തറ പണിത ശേഷം മടക്കം.

ഹൈസ്കൂൾ വിദ്യാഭ്യാസത്തിനുശേഷം പ്രീ ഡിഗ്രിക്ക് ചെങ്ങന്നൂർ ക്രിസ്ത്യൻ കോളേജിൽ ചേർന്നപ്പോഴാണ് ശശിച്ചേട്ടനിലെ രാഷ്ട്രീയ സാമൂഹ്യ പ്രവർത്തകന്റ ജനനം. അതുവരെ പന്തളം പാലസ് ക്ലബ്ബിൽ സമപ്രായക്കാരോടൊ പ്പമുള്ള പ്രവർത്തനങ്ങളും, പുഴയിൽ കുളിയും ക്രിക്കറ്റും കൊച്ചു കലാപ്രവർത്തനങ്ങളും മറ്റു മായി കഴിയുകയായിരുന്നു.

പന്തളം കൊട്ടാരത്തിന്റ, പുഴയ്ക്ക് അക്കരെയി ക്കരെയുള്ള കൊട്ടാര സമുച്ചയങ്ങളിൽ നിന്ന് വേറിട്ട് നിന്ന പന്തപ്ലാവ് കൊട്ടാരം എന്ന തന്റെ ഗൃഹത്തിന്റെ ചുറ്റുമുള്ള നാനാജാതിയിൽപ്പെട്ട കുടുംബങ്ങളിലെ കുട്ടികളുമായുള്ള സമ്പർക്കവും ഗൃഹത്തിൽ നിന്നും ഏകദേശം നൂറു മീറ്റർ അകലെയുള്ള മഹാ കവി പന്തളം കേരളവർമ്മ സ്മാരക വായനശാല യിലെ നിത്യ സന്ദർശനവും മറ്റും സ്കൂൾ പഠന കാലത്തിനുശേഷം ചെങ്ങന്നൂർ ക്രിസ്ത്യൻ കോളേജിൽ പ്രീഡിഗ്രി പഠനത്തിനു ചെന്നപ്പോൾ കൂടുതൽ സൗഹൃദങ്ങൾ തിരയുവാൻ വ്യഗ്രത പ്പെടുത്തുകയും അത് കലാലയ രാഷ്ട്രീയത്തി ലേക്ക് ഇറങ്ങുവാൻ പ്രേരകമാകുകയും ചെയ്തി രിക്കാം. ഇടതുപക്ഷ വിദ്യാർത്ഥി സംഘടനയായ കെ.എസ്.എഫിന്റെ (ഇപ്പോൾ SFI) ചെങ്ങന്നൂർ താലൂക്ക് സെക്രട്ടറിയായി പ്രവർത്തിച്ചിട്ടുണ്ട്. എന്തുകൊണ്ടാവണം ഇടതുപക്ഷ രാഷ്ട്രീയം എന്നത് ഇന്നോർത്തെടുക്കുമ്പോൾ ഏതാനും സാദ്ധ്യതകളാണ് കാണുന്നത്. കൊട്ടാരത്തിലെ കമ്മ്യൂണിസ്റ്റ് പക്ഷ കഥകൾ മുതിർന്നവർ പങ്കിടു ന്നതുകേട്ട് അതിന്റെ ഓരംപറ്റി സ്വീകരിച്ചതാവാം. അതുമല്ലെങ്കിൽ വായന പ്രേരിപ്പിച്ചതാകാം, ഇതൊ ന്നുമല്ലെങ്കിൽ അന്നു നിലവിലുള്ള പ്രസ്ഥാന ങ്ങളിൽ നിന്നും അഭികാമ്യമായ ഒരു രാഷ്ട്രീയം തെരഞ്ഞെടുത്തതാകാം. എന്തായാലും രാഷ്ട്രീയ സമീപനം ചില പരിണാമങ്ങൾക്ക് വളരെ പിന്നീട് വിധേയമായെങ്കിൽക്കൂടിയും അങ്ങിനെ സംഭവിച്ചു കൊണ്ടുതന്നെ അവസാനകാലം വരെ തുടർന്നു വെന്ന് അനുമാനിക്കാം.

ചെങ്ങന്നുരിലെ കോളേജിൽ നിന്നും ഡിഗ്രിക്ക് പന്തളം കോളേജിൽ പഠനത്തിന് വന്നപ്പോഴും ആ രാഷ്ട്രീയപ്രവർത്തനം തുടർന്നു. പന്തളം പാലസ് ക്ലബ്ബിലെ പ്രവർത്തനങ്ങളിലും സജീവമായി. ക്രിക്കറ്റ് കളിയും നാടകാഭിനയവും ഉത്സാഹ ത്തോടെ മറ്റു കാര്യങ്ങൾക്കൊപ്പം കൊണ്ടുനടന്നു. കോളേജ് ക്രിക്കറ്റ് ടീമിൽ അംഗമായി. കോളേ ജിലെയും നാട്ടിലെയും രാഷ്ട്രീയ വേദികളിൽ പ്രാസംഗികനായി. സമരജാഥകളിൽ മുൻനിരക്കാ രനായി. പണ്ട് നടന്ന റേഷനരി സമരത്തിനിടയിൽ സംഭവിച്ച പന്തളം പോലീസ് വെടിവെയ്പ്പിനു കാര ണമായ സമരത്തിൽ ഉറച്ച പങ്കാളിയായി. വെടിയേ റ്റവരെ ആശുപത്രിയിലും മറ്റും എത്തിക്കാൻ നേതൃത്വം നല്കി. രണ്ടുപേർ മരിച്ച വെടിവയ്പ്പാ യിരുന്നു അത്.

പന്തളത്തെ കോളേജിൽ, പിന്നീട് 'ദേശാഭിമാനി' യിലെ ജോലിക്കാലത്ത്, തുടർന്ന് സെക്രട്ടറിയേറ്റ് ജോലിക്കാലത്ത്, ആ രാഷ്ട്രീയ പ്രവർത്തനം തുടർന്നു. രാഷ്ട്രീയ പ്രവർത്തനത്തിന്റെ ഭാഗമായി ത്തന്നെ പുരോഗമനകലാ സാഹിത്യസമിതി, ശാസ്ത്ര സാഹിത്യ പരിഷത്ത് തുടങ്ങിയ കലാ സാംസ്കാ രിക ശാസ്ത്രീയ സംഘടനകളിലും പ്രവർത്തിച്ചു. തിരുവനന്തപുരത്തു നിന്ന് പന്തളത്തെത്തുമ്പോൾ പന്തളം കേരളവർമ്മ വായനശാലയുടെ പ്രവർത്ത നങ്ങളിലും ലോക്കൽ രാഷ്ട്രീയത്തിലും വളരെ ഉത്സാഹിയായി. പന്തളം കോളേജ് ഗ്രൗണ്ടിൽ സംഘടിക്കപ്പെട്ട ഡോ. എൻ.ജി. കുറുപ്പ് സ്മാരക ക്രിക്കറ്റ് ടൂർണമെന്റിന്റെ സംഘാടകനായും പ്രവർത്തിച്ചു. ക്രിക്കറ്റിലൂടെയും ശശിച്ചേട്ടന് അനേകം ബന്ധങ്ങളുണ്ടായി. വിയോഗ വാർത്ത യറിഞ്ഞ് പന്തളത്ത് എത്തി അനുശോചനം അറി യിച്ചവരിൽ, അവരിൽ പലരും ഉണ്ടായിരുന്നു. കൊച്ചി ദേവസ്വം ബോർഡ് പ്രസിഡന്റ് കൂടിയായ

ഈ ഔദ്യോഗിക സാമൂഹ്യ രാഷ്ട്രീയ പ്രവർത്തനങ്ങൾക്കിടയിലും ശശിച്ചേട്ടന് മറക്കാനോ നഷ്ടപ്പെടുത്താനോ ആകാത്ത ഇടങ്ങൾ ഉണ്ടായിരുന്നു. കുടുംബവും കുലവും. ഒരുപക്ഷേ ആയതിന് ഏറെ കടപ്പെട്ടിരിക്കുന്നത് പന്തളം കൊട്ടാരവും ക്ഷത്രിയ ക്ഷേമസഭയുമാണ്. ഇടതുപക്ഷ രാഷ്ട്രീയത്തിൽ മുഴുകിയിരിക്കുന്ന ഒരു വ്യക്തിക്ക് സ്വന്തം കുടുംബ ട്രസ്റ്റുകളിലും സമുദായസംഘടനകളിലും താൽപ്പര്യം ഉണ്ടാകണമെന്നില്ല. അകന്നു നിന്നുള്ള ഒരു പിന്തുണ എന്നതിനപ്പുറം സാധാരണ നിലയിൽ ഇങ്ങിനെയുള്ളവരിൽ നിന്നും ഇത്തരത്തിലുള്ള താൽപ്പര്യങ്ങൾ കാണാറുമില്ല. പക്ഷെ ആ മനസ്സിൽ സ്വന്തം കുടുംബം പേറുന്ന ഒരു പാരമ്പര്യത്തെ ക്കുറിച്ച് നല്ല ബോദ്ധ്യം ഉണ്ടായിരുന്നു. പന്തളം രാജകുടുംബത്തെ മറ്റു രാജകുടുംബങ്ങളിൽ നിന്നും വ്യത്യസ്തമാക്കുന്നത് ഭഗവാൻ അയ്യപ്പനും ശബരിമലയും അതു സംബന്ധിച്ച ആചാരങ്ങളും തിരുവാഭരണത്തിന്റെ ഉടമസ്ഥതയും ഇതെല്ലാം നൽകുന്ന സാമൂഹ്യ ഉത്തരവാദിത്വവുമാണ്. ഈ കുടുംബ ഉത്തരവാദിത്വത്തിൽ നിന്നും ഒഴിഞ്ഞുനില്ക്കുവാൻ ശശിച്ചേട്ടന് ഒരിക്കലും ആകുമായിരുന്നില്ല.

ശശിച്ചേട്ടന്റ ജീവിതത്തെ മൂന്നു ഘടകങ്ങളാണ് രൂപപെടുത്തിയെടുത്തത് എന്നു വീക്ഷിക്കാം. 1. കുടുംബം. 2 സമുദായം. 3. ഔദ്യോഗിക, രാഷ്ട്രീയ, സാമൂഹ്യ രംഗങ്ങൾ. ഇത് മൂന്നും പരസ്പര പൂരകങ്ങളാക്കിയുള്ള ഒരു പ്രവർത്തന രീതിയായിരുന്നു സ്വീകരിച്ചിരുന്നത്. ഒരു കമ്മ്യൂണിസ്റ്റ് പാർട്ടി പ്രവർത്തകനെ സംബന്ധിച്ചിടത്തോളം ഈ രീതി ബുദ്ധിമുട്ടു വരുത്തുന്നതാണ് എങ്കിലും അസാധാരണമായ വ്യക്തിത്വം കൊണ്ടും ത്രാണി കൊണ്ടും സൗഹൃദങ്ങളുടെ ആഴം കൊണ്ടും അത് മറികടന്നു എന്നതാണ് വസ്തുത. രാഷ്ട്രീയ പ്രവർത്തനങ്ങളുടെ ഫലമായി കയറി വരാമായിരുന്ന സ്ഥാനമാനങ്ങളെ സ്വയം തടഞ്ഞത് ഈ മൂന്നു ഘടകങ്ങളുമായി എന്നും മുന്നോട്ടു പോകണം എന്ന നിശ്ചയം കൊണ്ടാകണം.

കുടുബത്തിനോടുള്ള ആഭിമുഖ്യമാണ് ആ ജീവിതത്തിൽ ഏറെ തുടിച്ചുനിന്നത്. അതിന്റെ ഒരു അനുബന്ധ ഫലമായിരുന്നു സമുദായ ആഭിമുഖ്യം. കുടുംബത്തിന്റ ഒരു തുടർച്ചയാണല്ലോ സമുദായം. എം.കെ. സുദർശൻ, നാഷണൽ ക്രിക്കറ്റ് അമ്പയർ ബി. അജിത്ത് കുമാർ, കേരള മുന്നോക്ക സമുദായ ക്ഷേമ ബോർഡ് ചെയർമാൻ കെ.ജി. പ്രേംജിത്ത്, തിരുവനന്തപുരത്തെ പാക്കേഴ്സ് ഉണ്ണികൃഷ്ണൻ എന്നിവരൊക്കെ അവരിൽ ഉൾപ്പെടുന്നു. ക്രിക്കറ്റ് കളിയോട് ശശിച്ചേട്ടന് നല്ല ആഭിമുഖ്യമായിരുന്നു. പ്രധാനപ്പെട്ട മത്സരങ്ങൾ ടി.വിയിൽ കാണാൻ സമയം കണ്ടെത്തും. സമയം കിട്ടിയില്ലെങ്കിൽ സ്കോർ സദാ പിന്തുടരും. അതുകൂടാതെ സാഹിത്യത്തോടും കലയോടും വളരെ താൽപ്പര്യം പുലർത്തിയിരുന്നു. പണ്ടൊക്കെ സാഹിത്യ രചനയിലും താൽപ്പര്യം കാട്ടിയിരുന്നു. ഏതാനും ആനുകാലികങ്ങളിൽ ചെറുകഥകൾ വന്നത് ഓർക്കുന്നു. എഴുതുന്നവരെയും വായിക്കുന്നവരെയും പ്രോത്സാഹിപ്പിക്കുവാൻ ബദ്ധശ്രദ്ധനായിരുന്നു. തിരക്കുകൾക്കിടയിൽ വായിക്കാനുള്ള സമയം നഷ്ടപ്പെടുന്നതിൽ സർവ്വത്ര ആകുലനായിരുന്നു. നാടകങ്ങളിൽ അഭിനയിക്കാൻ വളരെ താൽപ്പര്യം കാട്ടിയിരുന്നു. പഴശ്ശിരാജ, സമസ്യ തുടങ്ങിയ നാടകങ്ങളിൽ അഭിനയിച്ചതും പന്തളം കൊട്ടാരത്തിനകത്തും പുറത്തുമായി ആ നാടകങ്ങൾ അവതരിപ്പിക്കുവാൻ ഉത്സാഹിയായതും ഓർത്തുപോകുന്നു. ദീർഘകാലമായി മഹാകവി പന്തളം കേരളവർമ്മ വായനശാലയുടെ അമരക്കാരനായിരുന്നു. ആ വിയോഗം ആ വായനശാലയുടെ പ്രവർത്തനത്തിന് ഏറെ ക്ഷതമാണ് വരുത്തിയിരിക്കുന്നത് എന്നതിൽ സംശയമില്ല.

സെക്രട്ടേറിയറ്റിൽ ജോലി ചെയ്യുമ്പോഴും അതിനു ശേഷവും മുൻ തദ്ദേശ സ്വയംഭരണ വകുപ്പു മന്ത്രി പാലൊളി മുഹമ്മദ് കുട്ടിയുടെ അഡീഷണൽ പ്രൈവറ്റ് സെക്രട്ടറിയായും സേവന മനുഷ്ഠിച്ചു. തിരുവനന്തപുരത്തെ ദീർഘകാല ഔദ്യോഗിക ജീവിതം, വിവിധ സംഘടനാ പ്രവർത്തനങ്ങൾ, ഇവ നല്കിയ സൗഹൃദ ബന്ധങ്ങൾ ചില്ലറയല്ല. കേരളത്തിൽ അങ്ങോളമിങ്ങോളമായി നേടിയെടുത്ത സൗഹൃദവലയം അത്ഭുതപ്പെടുത്തുന്നതു തന്നെയായിരുന്നു. സമൂഹത്തിന്റെ താഴേപ്പറമ്പിലും മേലേപ്പറമ്പിലും ജീവിച്ചവർ ഈ വലയത്തിൽ ഉണ്ടായിരുന്നു. ഈ സൗഹൃദ സമ്പത്ത് കർമ്മമണ്ഡലങ്ങളിലേക്ക് ആവാഹിച്ചെടുക്കാനും വിജയിക്കാനും സഹായകരമായി എന്നത് പറയാതെ വയ്യ.


പന്തളത്തു കൊട്ടാരത്തിന്റെ വലിയ സാമൂഹ്യ ഉത്തരവാദിത്വത്തെപ്പറ്റി മുമ്പ് സൂചിപ്പിച്ചല്ലോ! കുടുംബ ട്രസ്റ്റിന്റെ സംഘടനാപരമായ ഗൗരവം വളർത്തണമെന്നുള്ള ഉദ്ദേശ്യത്തോടെ ആദ്യം അതിന്റെ സെക്രട്ടറി, പിന്നെ ദീർഘകാലം അതിന്റ പ്രസിഡന്റ് എന്ന നിലയിൽ പ്രവർത്തിക്കുകയുണ്ടായി. ഒരു കേഡർ രാഷ്ട്രീയ പാർട്ടിയിലെ പ്രവർത്തന പരിചയം ആ ജോലി സുഗമമാക്കുവാൻ സഹായിച്ചു എന്നു തന്നെ പറയാം. ചെയ്യുവാൻ പറ്റുന്നത് തീരുമാനിക്കുക, തീരുമാനിച്ചത് ചെയ്യുക എന്നതാണ് കുടുംബ സംഘടനയിൽ ശശിച്ചേട്ടൻ അനുവർത്തിച്ച രീതി. ഒരു ജനാധിപത്യ സംവിധാനത്തിലെ ഭരണഘടനയുടെയും പൊതു നിയമങ്ങളുടെയും ചട്ടക്കൂട്ടിൽ ഇരുന്നുകൊണ്ട് മാത്രമെ കുടുംബ ട്രസ്റ്റിന് എന്തെങ്കിലും ചെയ്യുവാൻ കഴിയു എന്നു വിലയിരുത്തുകയും അവ അനുശീലിക്കുകയും ചെയ്യുന്ന സമീപനമായിരുന്നു അത്. അതിനപ്പുറം രാജകീയ ഭൂതകാലത്തിൽ നിന്നു പിറന്ന 'ഉട്ടോപ്പിയൻ' അവകാശ സ്വപ്നങ്ങൾക്കു മീതെ നടക്കുവാൻ ഒരിക്കലും തുനിഞ്ഞതുമില്ല. ഏതു ഭരണഘടനാ സ്ഥാപനത്തിന്റ മുമ്പിലും തന്റെ സർട്ടിഫിക്കറ്റിലെ പേർ തന്നെ നിർബന്ധമായി വയ്ക്കണം എന്ന പൗരബോധം പേറിയ വ്യക്തി തന്നെയായിരുന്നു ശശിച്ചേട്ടൻ. 2017-ൽ പന്തളം വലിയ തമ്പുരാന്റെ പ്രതിനിധിയായി ഭഗവാൻ അയ്യപ്പന്റെ തിരുവാഭരണങ്ങളെ അനുയാത്ര ചെയ്ത് ശബരിമലയ്ക്കു പോകുകയും ശബരിമലയിൽ ആചാരപരമായ ചടങ്ങുകളിലെല്ലാം പങ്കെടുക്കുകയും ചെയ്തു. യാത്രയ്ക്കിടയിലെ പത്രസമ്മേളനങ്ങളിൽ കൂടിയും മറ്റും യാത്രയിൽ രാജപ്രതിനിധിയും സംഘവും നേരിടുന്ന വിവിധ പ്രശ്നങ്ങൾ അധികൃതരുടെ ശ്രദ്ധയിൽ കൊണ്ടുവരാൻ കാണിച്ച ബദ്ധശ്രദ്ധയും അതിന്റേതായ നല്ല ഫലങ്ങളും സ്മരിച്ചു പോകുന്നു.

ക്ഷത്രിയ ക്ഷേമസഭയുടെ പ്രസിഡന്റായും ട്രഷറർ ആയും സേവനം അനുഷ്ഠിച്ചിട്ടുണ്ട്. ആ പ്രവർത്തനങ്ങളെക്കുറിച്ച് വിശദീകരിക്കാൻ ഞാനാളല്ല. സംഘാടകശേഷിയിലൂടെ സഭയെ മുന്നോട്ട് നല്ല നിലയിൽ നയിച്ചു എന്നറിയാം. കേരളത്തിൽ അങ്ങോളമിങ്ങോളം സഭാകാര്യങ്ങൾക്കായി സഞ്ചരിച്ചുവന്ന ശേഷം പന്തളത്തെ മേടക്കൽ സായാഹ്ന ഒത്തുചേരലുകളിൽ അവയിൽ പലതും പങ്കിട്ടിട്ടുള്ളത് ഓർത്തുപോകുന്നു.

പ്രവർത്തന മണ്ഡലങ്ങളിൽ മേൽപ്പറഞ്ഞ മൂന്നു ഘടകങ്ങളിൽ ഒന്നുമായി സംഘർഷത്തിലാകേണ്ടതായി വന്ന ഒരു ഘട്ടം ശശിച്ചേട്ടന് അഭിമുഖീകരിക്കേണ്ടതായി വന്നു.

2018 സെപ്തമ്പർ 28-ാം തീയതി ബഹുമാനപ്പെട്ട സുപ്രീം കോടതിയുടെ ഒരു വിധിയിയാണ് ആ ക്ലേശകരമായ അവസ്ഥ നല്കിയത്. ഒരു വശത്ത് തന്റെ കുടുംബം, അതിന്റ പാരമ്പര്യം, ഉത്തരവാദിത്വം. മറുവശത്ത് തന്റെ രാഷ്ട്രീയ പ്രസ്ഥാനത്തിന്റേതായ ഭരണകൂടം. വളരെയേറെ സൗഹൃദങ്ങളും ബന്ധങ്ങളും ബലികഴിക്കേണ്ടതായി വന്നപ്പോഴും കുടുംബത്തിനായി ഉറച്ചു നിന്നു. പിന്നീടുള്ളതെല്ലാം സമീപകാല കഥകളാണ്. പന്തളം കൊട്ടാരവും എൻ.എസ്സ്.എസ്സും ഭക്ത സംഘടനകളും വിശ്വാസി സമൂഹവും ഒത്തുചേർന്ന് ശബരിമല ആചാര സംരക്ഷണത്തിനായി നയിച്ച നാമജപ സമരങ്ങൾ പ്രസിദ്ധമാണല്ലോ! 'പി.ജി. ശശികുമാർ' എന്ന ഔദ്യോഗിക നാമം പരിണാമപ്പെട്ട 'ശശികുമാര വർമ്മ' എന്ന നാമം വീണ്ടും പരിണാമപ്പെട്ട് 'തമ്പുരാൻ' എന്നു മാത്രമായി മാറിയ പ്രവർത്തന കാലമായിരുന്നു അത്. വിയോഗശേഷം കണ്ട കൂറ്റൻ ഫ്ളക്സുകളിൽ ചിലതിൽ "തമ്പുരാന് ആദരാഞ്ജലികൾ" എന്നു മാത്രം കണ്ടത് സ്മരിച്ചുപോകുന്നു. തമ്പുരാൻ എന്നതിന് ഭുതകാലങ്ങളിലെ വിധേയത്വം നിറഞ്ഞ തമ്പ്രാൻ വിളിയുടെ ദയനീയത ഉണ്ടായിരുന്നില്ല. മറിച്ച് വിശ്വാസത്തിലും സൗഹൃദത്തിലും പൊതിഞ്ഞ സ്നേഹമായിരുന്നു അതിൽ. സമുഹത്തിന്റെ ഏത് ശ്രേണിയിൽ പെട്ടവരോടും അവരുടേതായ മനോനിലയ്ക്കൊപ്പം നിന്നു സംസാരിക്കുവാനും പെരുമാറുവാനുമുള്ള ആ കഴിവ് അപാരമായിരുന്നു. അത് തീർച്ചയായും ആറു പതിറ്റാണ്ടോളം നീണ്ട രാഷ്ട്രീയ-സാമുഹ്യ സംസ്കാരിക ബന്ധങ്ങളിലൂടെ ആർജ്ജിച്ചെടുത്ത സമ്പത്തു തന്നെയായിരുന്നു. വളരെ പാവപ്പെട്ട ചില അയ്യപ്പഭക്തന്മാർ മധുരയിലേയും കമ്പത്തേയും തേനിയിലേയുമൊക്കെ കർഷകത്തൊഴിലാളികൾ കൂടിയായ അയ്യപ്പഭക്തർ "അയ്യാ", "രാജ" എന്നു വിളിച്ച് വന്ദിച്ചുനില്ക്കുമ്പോൾ അവരുടെ തോളിലൊക്കെ കയ്യിട്ട് രസകരമായതെന്തോ പറഞ്ഞ് അവരെ

# ആ സൂര്യതേജസ്സ് നാടുനീങ്ങി



**പി. രാഘവവർമ്മ**
പ്രസിഡന്റ്, ക്ഷത്രിയ ക്ഷേമസഭ, പന്തളം.
മൊ. 9447866492

ശശിച്ചേട്ടനുമായി എതാണ്ട് 40 വർഷക്കാലമായി കുടുംബബന്ധത്തിന് അപ്പുറമുള്ള സൗഹൃദമായിരുന്നു. നിരന്തരമായി 76-77 കാലഘട്ടം മുതൽ പ്രവർത്തിക്കുന്ന ബന്ധമായിരുന്നു. പാർട്ടി സംഘടനാരംഗത്ത് പ്രവർത്തിക്കുമ്പോഴും, 'ദേശാഭിമാനി' സബ് എഡിറ്റർ ആയി പ്രവർത്തിക്കുമ്പോഴും എന്നെ നിരന്തരം ബന്ധപ്പെട്ട് കഴിഞ്ഞിരുന്ന കാലം മറക്കാൻ കഴിയില്ല. എന്നോട് വളരെ സ്നേഹത്തോടെയാണ് പെരുമാറിയിരുന്നത്. അദ്ദേഹത്തിന്റെ ദുഃഖത്തോടെയുള്ള പ്രയാസം ഞാൻ കാണുന്നത് 2023 ഡിസംബർ മാസം പന്തളം കൊട്ടാരത്തിൽ നടന്ന പൊതുയോഗത്തിലാണ്. ക്ഷത്രിയ ക്ഷേമസഭ സംസ്ഥാന പ്രസിഡന്റ് ആയിരിക്കുമ്പോൾ സംസ്ഥാന സമതിയിൽ ചേരാതെ നിന്ന തിരുവല്ല ക്ഷത്രിയസഭ യൂണിറ്റിനെ സംസ്ഥാന സമിതിയിൽ ചേർക്കാൻ പ്രവർത്തിച്ച പ്രധാന അംഗം കൂടിയായിരുന്നു ശശിച്ചേട്ടൻ. അദ്ദേഹത്തിന്റെ വിയോഗം ഏറ്റവും കുടതൽ ബാധിച്ചിരിക്കുന്നത് പന്തളം കൊട്ടാരത്തിനു തന്നെയാണ്. പൊതുസമൂഹവും കൊട്ടാരവുമായി ബന്ധപ്പെട്ട എക വ്യക്തി ശശിച്ചേട്ടൻ ആയിരുന്നു. പന്തളത്ത് തമ്പുരാക്കന്മാർ ധാരാളം ഉണ്ടെങ്കിലും പ്രധാന വ്യക്തി പന്തളം സന്ദർശിക്കാൻ വന്നാൽ ആദ്യം തിരക്കുന്നത് 'തമ്പുരാൻ' എവിടെ എന്നാണ്. ആ തമ്പുരാനാണ് ശശിച്ചേട്ടൻ. അദ്ദേഹത്തിന്റെ കുറവ് വരുംകാലഘട്ടത്തിൽ നമുക്ക് കാത്തിരുന്നു കാണാം. ക്ഷത്രിയസഭ ആയാലും കൊട്ടാരമായാലും വായനശാല ആയാലും ആ സംഘടനയുടെ എല്ലാ ഉയർച്ചയ്ക്കും ശശിച്ചേട്ടന്റെ ബുദ്ധി ഉണ്ട്.

അദ്ദേഹത്തിന്റെ നിര്യാണം തീരാനഷ്ടം തന്നെ എന്ന് ഈ അവസരത്തിൽ പറയാതെ നിവൃത്തിയില്ല. അദ്ദേഹത്തിന് ആദരാഞ്ജലി അർപ്പിച്ചുകൊണ്ട് നിർത്തുന്നു. ●

---

→

ചേർത്തുനിർത്തി നിൽക്കുന്ന ശശിച്ചേട്ടനെ ഓർത്തുപോകുന്നു.

ഒടുവിൽ എല്ലാം അവസാനിപ്പിച്ച് ഒരു വാതിൽ മെല്ലെ തുറന്നടയുന്ന ലാഘവത്തോടെ ശശിച്ചേട്ടൻ പോയി. തന്നെ ഇത്ര കാലവും ഒരു നിഴൽപോലെ അനുഗമിച്ച സുഖദുഃഖങ്ങളിൽ പങ്കാളിയായി തന്നോടൊപ്പം നിന്ന മീരച്ചേച്ചിയെയും മക്കളെയും എന്നാൽ സുഹൃത്തുക്കളെപ്പോലെ കണ്ടും താൻ സ്നേഹിച്ച സംഗീതയെയും നരേന്ദ്രനെയും അരവിന്ദനെയും മഹേന്ദ്രനെയും കൊച്ചു നവനീതിനെയും വിട്ട്, സ്നേഹിച്ചവരെയൊക്കെ വിട്ട്, എവിടേക്കാണ് ശശിച്ചേട്ടൻ മാഞ്ഞുപോയത്. എവിടെയാണ് ഇനി നമ്മൾ തിരയേണ്ടത്.

പ്രതീക്ഷിച്ചില്ല ഇത്ര വേഗം ഒരു അന്ത്യയാത്ര. ദീർഘകാലം ഒരുമിച്ചു ജീവിക്കുമ്പോൾ ഉടലെടുക്കുന്ന ഒരു പാരസ്പര്യമുണ്ട് ജീവിതത്തിൽ. സ്നേഹം, സൗഹൃദം, ചില്ലറ എതിർപ്പ്. പലതും കലർന്ന ഒരു പാരസ്പര്യം. ഒരാത്മ ബന്ധനം.


ഒരാൾ പിരിയുമ്പോൾ അവശേഷിക്കുന്നയാൾ ഒറ്റയാകുന്നു.

ഇവിടെ അങ്ങിനെ ഞാനും ഒറ്റയാകുന്നു.

"നാമിങ്ങറിയുവതല്പം, എല്ലാ-
മോമനേ ദേവസങ്കല്പം."

ആശാന്റെ ഈ വരികൾ തന്നെ സ്വാന്തനം. ●

# ഒരു പുഞ്ചിരിയുടെ ഓർമ്മയ്ക്ക്



*(അസാധാരണമാംവിധം ഹൃദ്യമായ ആത്മബന്ധം സൂക്ഷിച്ചത് സംബന്ധിച്ച് ക്ഷത്രിയ ക്ഷേമ സഭ മുൻ സംസ്ഥാന ജനറൽ സെക്രട്ടറി **ആത്മജവർമ്മ തമ്പുരാൻ** എഴുതുന്നു.)*

മൊ. 9349509027

ആദ്യം പന്തളം കൊട്ടാരത്തിലും പിന്നെ തിരുവനന്തപുരം സെക്രട്ടേറിയറ്റിലും തുടർന്നു ക്ഷത്രിയ ക്ഷേമസഭയിലും. ശശിച്ചേട്ടന്റെ സ്വഭാവ വിശേഷങ്ങൾ അടുത്തറിഞ്ഞ ചില മുഹൂർത്തങ്ങളിലൂടെ കടന്നുചെല്ലുകയാണിവിടെ. മനസ്സിൽ വേദന തീക്ഷ്ണമാകുമ്പോൾ, അത് പങ്കിടണമെന്നു തോന്നും. കടലാസിൽ കുറിച്ചിട്ട ഈ ചെറിയ കുറിപ്പ് പി.ജി. ശശികുമാര വർമ്മ എന്ന വ്യക്തിത്വം എന്നിൽ പതിപ്പിച്ചിട്ടുപോയ ചില ഓർമ്മകൾ മാത്രം. അപ്രതീക്ഷിതമായി മരണവിവരം അറിഞ്ഞപ്പോൾ അർഹിക്കുന്ന പലതും ലഭിച്ചില്ലെന്ന തോന്നൽ, കണ്ടുപഠിക്കാൻ വളരെയധികം സ്വഭാവഗുണങ്ങളുണ്ടായിരുന്നു ശശിച്ചേട്ടനിൽ.

സാധാരണയിലധികം ഇറക്കമുള്ള ജുബ്ബ, അല്ലെങ്കിൽ കുർത്ത. തോളിൽ ഒരു സഞ്ചി, ചീകിയൊതുക്കിയ, നര കയറിത്തുടങ്ങിയ തലമുടി, മുണ്ടാണെങ്കിലും പാന്റ്സാണെങ്കിലും ഇടുപ്പിൽ ഗാംഭീര്യം കൂട്ടാൻ ബെൽറ്റ്. പൗഡർ പൂശി മിനുക്കിയ മുഖത്ത് ചന്ദനവും കുങ്കുമവും കലർന്ന തിലകക്കുറി. കണ്ടുമുട്ടുന്നവരുടെ മനസ്സിലേക്ക് അലിഞ്ഞിറങ്ങുന്ന പുഞ്ചിരി, അക്ഷര സ്ഫുടതയുള്ള വർത്തമാനം. എല്ലാം അവസാനിച്ചു! എന്തിനാണു ദൈവം ഇത്ര പെട്ടെന്ന്?

ക്ഷത്രിയ ക്ഷേമസഭയുടെ പ്രവർത്തനങ്ങളിൽ എപ്പോഴത്തെയും പോലെ കരുത്തും പ്രചോദനങ്ങളും നിറഞ്ഞ വാക്കുകൾ ഇനി വർഷങ്ങളോളം പ്രതീക്ഷിച്ചു. സ്നേഹവും ഊഷ്മളതയും വാത്സല്യവും നിറഞ്ഞ ഇടപെടൽ. ഇല്ല, ശശിച്ചേട്ടൻ പോയിട്ടില്ല. ഏറ്റവും ഒടുവിലത്തെ ഒരു പതിറ്റാണ്ട്. എന്റെ എല്ലാ സങ്കടവും സന്തോഷവും കഷ്ടപ്പാടും ആവേശവും പങ്കിട്ട എന്റെ ജ്യേഷ്ഠ സഹോദരൻ...

ശബരിമല സ്ത്രീപ്രവേശത്തിനെതിരെ 2018 ഒക്ടോബർ 2-ന് പന്തളത്തെ ഞെട്ടിച്ച പടയൊരുക്കത്തിനു നേതൃത്വം നൽകിയത് ഓർമ്മയിലെത്തുന്നു.

സ്ത്രീകൾ അടക്കം അരലക്ഷത്തോളം വിശ്വാസികൾ പങ്കെടുത്ത ശരണമന്ത്ര ഘോഷയാത്രയ്ക്ക് എൻ.എസ്.എസിന്റെ പിന്തുണയും പ്രാതിനിധ്യവും പ്രകടമായി. സംസ്ഥാന ക്ഷത്രിയ ക്ഷേമസഭയെ പ്രതിനിധീകരിച്ച് പങ്കെടുക്കാൻ എനിക്കും അവസരം കിട്ടി. ഘോഷയാത്ര പന്തളം ജംഗ്ഷൻ കഴിഞ്ഞതോടെ ജനപ്രളയമായി. യാത്ര മണികണ്ഠനാൽത്തറ താണ്ടി മേടക്കല്ലും കടന്ന് പുത്തൻ പൂമുഖം കൊട്ടാരാങ്കണത്തിൽ എത്തിയപ്പോൾ ജനം തിങ്ങിനിറഞ്ഞു.

കൊട്ടാരം നിർവാഹക സംഘം പ്രസിഡന്റ് എന്ന നിലയിൽ അധ്യക്ഷത വഹിച്ച ശശിച്ചേട്ടൻ പ്രസംഗത്തിന് എന്നെയും സ്റ്റേജിലേക്ക് ക്ഷണിച്ചെങ്കിലും വേദിയിലെ പ്രൗഢ നിരയിലേക്ക് ഞാൻ കയറിയില്ല. ശബരിമല വിഷയത്തിൽ ക്ഷത്രിയ ക്ഷേമസഭ സംസ്ഥാന സമിതി പൂർണ്ണ മനസ്സോടെ അക്കാലയളവിൽ പന്തളം കൊട്ടാരത്തിന്റെ നിലപാടിനൊപ്പം ഉറച്ചുനിന്നതും ഓർക്കുന്നു.

തിരുവനന്തപുരത്ത് സെക്രട്ടേറിയറ്റിൽ ശശിച്ചേട്ടൻ ഉദ്യോഗസ്ഥനായിരിക്കെ ഉമ്മൻചാണ്ടിയുടെ ആദ്യ യു.ഡി.എഫ്. സർക്കാരിൽ ഞാനും അവിടെ ഗ്രാമവികസന രജിസ്ട്രേഷൻ മന്ത്രിയുടെ പേഴ്സണൽ സ്റ്റാഫിൽ ഉണ്ടായിരുന്നു. ഉച്ചയൂണിനു ശേഷം സെക്രട്ടേറിയറ്റിലെ അങ്കണത്തിൽ അൽപനേരം വിശ്രമത്തിനും കുശലംപറച്ചിലിനും പലപ്പോഴും ഒത്തുകൂടിയത് നർമ്മ സംഭാഷണത്തിന്റെ വേദിയായി മാറിയിരുന്നു. അന്നു പ്രതിപക്ഷ സംഘടനയുടെ നേതാവായിരുന്ന ശശിച്ചേട്ടനാ

# പൂർണ്ണചന്ദ്രൻ



**കെ. ഹരികൃഷ്ണ വർമ്മ**
പ്രസിഡന്റ്, കരപ്പുറം ക്ഷത്രിയ ക്ഷേമസഭ
മൊ. 7907182069

**പ**ന്തളം കൊട്ടാരത്തിന്റെ അകത്തളങ്ങളിൽ കമ്മ്യൂണിസത്തിന്റെ മാറ്റൊലി എത്തിച്ച വീരൻ എന്ന സങ്കൽപ്പത്തോടെയാണ് 2004-ൽ ഞാൻ തിരുവനന്തപുരത്ത് ശശിച്ചേട്ടനെ അഭിമുഖീകരിച്ചത്. കമ്മ്യൂണിസ്റ്റുകാർ നിർബാധം പ്രകടിപ്പിക്കുന്ന ഗർവ്വും ധാർഷ്ട്യവും തീരെ ഇല്ലാതെ ഒരു സാത്വിക മുഖഭാവം അണിഞ്ഞാണ് അദ്ദേഹം അന്നെന്നെ സ്വീകരിച്ചത്. നിർബാധമായ സംഭാഷണവും തുറന്ന ചിരിയും സ്വന്തം ആശയങ്ങൾ മറ്റുള്ളവരിലേക്കു പകരാനുള്ള വാക്ചാതുരിയും ആദ്യ ദിവസം തന്നെ ഞാൻ ഒപ്പിയെടുത്തു. അടുത്ത രണ്ടു വർഷക്കാലം ഞങ്ങൾ പല ദിവസങ്ങളിലും സായാഹ്നങ്ങളിൽ സുന്ദരവിലാസത്തിൽ ഒരുമിച്ച് ഉണ്ടാകാറും ധാരാളം സംസാരിക്കാറുമുണ്ടായിരുന്നു. ശശി ചേട്ടനും കുട്ടൻ ചേട്ടനും (രവിവർമ്മ രാജാ) തമ്മിൽ നിരന്തരം ആശയസംഘർഷങ്ങൾ ഉണ്ടാകുമ്പോൾ ഒട്ടൊരു കൗതുകത്തോടെ മാത്രമാണ് രംഗങ്ങൾ വീക്ഷിച്ചിരുന്നത്. അവർ തമ്മിൽ ഉണ്ടാകുന്ന വാഗ്വാദങ്ങൾ നിഷ്കളങ്കവും നിർവ്യാജവും ആയിരുന്നു എന്ന് പിന്നീടു തമ്മിലുള്ള പെരുമാറ്റം കൊണ്ടുതന്നെ നമുക്കു മനസ്സിലാക്കാം. അക്കാര്യത്തിൽ കൂടുതൽ നിഷ്കളങ്കൻ കുട്ടൻ ചേട്ടൻ തന്നെ ആയിരുന്നു എന്നും ഇത്തരുണത്തിൽ സ്മരിക്കുന്നു. 2006-ൽ ജോലി സംബന്ധമായി ഞാൻ തിരുവനന്തപുരത്തോട് യാത്ര പറഞ്ഞു. പക്ഷെ അതിനു ശേഷമാണ് ഞങ്ങളുടെ സ്നേഹബന്ധം കൂടുതൽ ദൃഢമായത് എന്ന് ഞാൻ ആത്മാർഥമായി കരുതുന്നു. ക്ഷത്രിയ ക്ഷേമസഭയുടെ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് ഞങ്ങൾ നേരിട്ടും ഫോണിലും നിരന്തരം ബന്ധപ്പെടാറുണ്ടായിരുന്നു. സഭാ സമ്മേളനങ്ങളിൽ പങ്കെടുക്കാനായി ധാരാളം തവണ നേരിൽ കാണാറും ഉണ്ടായിരുന്നു. ശബരിമല സ്ത്രീ പ്രവേശനവുമായി ബന്ധപ്പെട്ട് ശശികുമാര വർമ്മ കാണിച്ച നിശ്ചയദാർഢ്യം തീർച്ചയായും ഓരോ ക്ഷത്രിയന്റെയും കണ്ണു തുറപ്പിക്കേണ്ടതാണ്. സ്വന്തം വംശമഹിമയും പാരമ്പര്യവും ആചാരാനുഷ്ഠാനങ്ങളും എതെങ്കിലും വിഘടനവാദിയുടെ ആക്രോശം കേട്ടു വലിച്ചെറിയേണ്ടതല്ല എന്നു ഇരുപത്തി ഒന്നാം നൂറ്റാണ്ടിലെ ആ കമ്മ്യൂണിസ്റ്റ് ഉറക്കെ പ്രഖ്യാപിച്ചു. അൻപതിലധികം വർഷങ്ങളുടെ ചങ്ങാത്തം വിട്ടു പല സഖാക്കളും തള്ളിപ്പറഞ്ഞപ്പോഴും കുറ്റ

→

→

യിരുന്നു സെക്രട്ടേറിയറ്റിലെ മിന്നൽ സമരങ്ങളിലെ പ്രധാന പ്രസംഗകൻ.

ക്ഷത്രിയ ക്ഷേമസഭയുടെ സംസ്ഥാന സമ്മേളനം 2 തവണ കോട്ടയത്ത് നടത്തിയത് ഉൾപ്പെടെ ഞാൻ ജനറൽ സെക്രട്ടറിയായിരുന്നപ്പോൾ മനസ്സിൽ ഒട്ടും കളങ്കമില്ലാതെ പിന്തുണ നൽകിയ ചുരുക്കം ചിലരിൽ ഒരാളായിരുന്നു ശശിച്ചേട്ടൻ. സംസ്ഥാന ക്ഷത്രിയ ക്ഷേമസഭയ്ക്ക് സ്ഥിരമായ ഒരു ആസ്ഥാനം വേണമെന്ന ആലോചനയിൽ കോട്ടയത്ത് കെ.എസ്.ആർ.ടി.സി. ബസ് സ്റ്റാൻഡിനു വിളിപ്പാടകലെ കണ്ടെത്തിയ കെട്ടിടവും സ്ഥലവും കാണാൻ എത്തുകയും ചടുലമായ നീക്കത്തിൽ അഭിനന്ദിക്കുകയും ചെയ്തിരുന്നു. പക്ഷേ, വൻ സാമ്പത്തിക ബാധ്യത ഉണ്ടാകുമോയെന്ന അന്നത്തെ ഭരണസമിതിയുടെ മൊത്തത്തിലുള്ള ആശങ്ക കാരണം പദ്ധതി ഉപേക്ഷിക്കേണ്ടി വന്നു. ക്ഷത്രിയരുടെ മനസ്സുകളിൽ ആ സർഗാത്മക ജീവിതത്തിനു വിരാമമാകുന്നില്ല. നിറകണ്ണുകളോടെ, കൂപ്പുകൈകളോടെ പ്രണാമമർപ്പിക്കുന്നു. ●

# ‘ശശിച്ചേട്ടൻ’ ഒരു ഓർമ്മക്കുറിപ്പ്

**പി.എൻ. നാരായണ വർമ്മ**
പന്തളം കൊട്ടാരം നിർവ്വാഹകസംഘം മുൻ സെക്രട്ടറി
മൊ. 9496279842



ശശിച്ചേട്ടൻ നമ്മെ വിട്ടുപിരിഞ്ഞിട്ട് 2 മാസം കഴിഞ്ഞു. പാലസ്സ് ക്ലബ്ബിന്റെ സ്ഥാപന കാലത്തും കൊട്ടാരം നിർവ്വാഹകസംഘം പുനഃസംഘടിപ്പിക്കുന്നതിനും ശശിച്ചേട്ടന്റെ പങ്ക് വളരെ വലുതായിരുന്നു. സെക്രട്ടേറിയറ്റിൽ ജോലി ചെയ്യുമ്പോൾ ഔദ്യോഗിക കാര്യങ്ങൾക്കായി ഹൈക്കോടതിയിൽ വരുമ്പോൾ, ചെല്ലുന്ന ഓഫീസുകളിൽ സ്നേഹപൂർവ്വമായ പെരുമാറ്റംകൊണ്ട് വലിയ സൗഹൃദം സ്ഥാപിക്കുവാൻ സാധിക്കുന്നത് അദ്ദേഹത്തിന്റെ ഒരു പ്രത്യേകതയാണ്.

2016–ന്റെ അവസാനത്തിലാണ് കൊട്ടാരം നിർവ്വാഹക സംഘത്തിന്റെ ഭരണസമിതിയിൽ ഞാൻ സെക്രട്ടറിയായും ശശിച്ചേട്ടൻ പ്രസിഡന്റായും കഴിഞ്ഞ 7 വർഷം ഒന്നിച്ച് പ്രവർത്തിക്കുവാൻ ഭാഗ്യം ലഭിച്ചത്.

സംഘത്തിന്റെ എല്ലാ കാര്യങ്ങളിലും സൂക്ഷ്മമായ നിരീക്ഷണവും വേണ്ടതായ മാറ്റങ്ങൾ നിർദ്ദേശിക്കുകയും ചെയ്തുകൊണ്ട് വളരെ സജീവമായിരുന്നു.

പന്തളം കൊട്ടാരം നിർവ്വാഹക സംഘം ഒരു കുടുംബ സംഘടനയാണെങ്കിലും അതിന്റെ പ്രവർത്തനം കൊട്ടാരത്തിനു വെളിയിലേക്ക് വ്യാപിപ്പിക്കുന്നതിനും കൊട്ടാരത്തിന്റെ യശസ്സ് ലോകം മുഴുവനും അറിയപ്പെടുന്നതിനും അദ്ദേഹത്തിന്റെ പ്രവർത്തനംമൂലം സാധിച്ചിട്ടുണ്ട് എന്നത് എല്ലാവരും അംഗീകരിക്കുന്ന സത്യമാണ്.

സംഘടനാപരമായ പ്രവർത്തന പരിചയവും ഏതു വിഷയത്തിലും സൂക്ഷ്മമായ പഠനവും അത് വിശകലനം ചെയ്ത് അവതരിപ്പിക്കുവാനുമുള്ള കഴിവും അദ്ദേഹത്തിന്റെ ഒരു പ്രത്യേകതയായിരുന്നു. കൊട്ടാരം നിർവ്വാഹക സംഘത്തിന്റെ അദ്ധ്യക്ഷനായി പ്രവർത്തിക്കുമ്പോൾ എല്ലാ യോഗങ്ങളുടെയും ചർച്ചകളും തീരുമാനങ്ങളും വ്യക്തമായി കുറിച്ചുവയ്ക്കുകയും സെക്രട്ടറിയുടെ റിപ്പോർട്ടിൽ ഏതെങ്കിലും കാര്യങ്ങൾ വിട്ടുപോയിട്ടുണ്ടെങ്കിൽ ആയത് ശ്രദ്ധയിൽ പെടുത്തുവാൻ ശ്രദ്ധിക്കുകയും ചെയ്തിരുന്നു.

→

---

→

പ്പെടുത്തിയപ്പോഴും സ്വന്തം ശരികൾക്കു വേണ്ടി യുദ്ധം ചെയ്ത ആ നിർമ്മമന്റെ പിന്നിൽ പന്തളത്തെ മാത്രമല്ല കേരളത്തിലെ മുഴുവൻ അയ്യപ്പ ഭക്തകരും അണിനിരന്നു എന്നത് നാം അഭിമാനിക്കേണ്ട കാര്യമല്ലേ.

2004–ൽ ആരംഭിച്ച ഞങ്ങളുടെ സ്നേഹബന്ധം 2023 ഡിസംബർ 23 വരെ നീണ്ടു. അന്ന് ഒരു വിവാഹത്തോട് അനുബന്ധിച്ചുള്ള ശാസ്താപ്രീതിയിൽ പങ്കെടുക്കാൻ ആണ് ഞാൻ പന്തളത്ത് എത്തിയത്. ശ്രീ ധർമ്മശാസ്താവിനെ ദർശിച്ചതിനു ശേഷം ശശിച്ചേട്ടനുമായി വളരെ നേരം സംസാരിച്ചു. എപ്പോഴും എന്ന പോലെ ധാരാളം ഫലിതങ്ങളും ‘പരദൂഷണങ്ങളും’ ഞങ്ങൾ നിർബാധം പങ്കുവെച്ചു. പക്ഷേ വിധി ഇത്ര ക്രൂരമായി പരീക്ഷിക്കുമെന്ന് തീരെ പ്രതീക്ഷിച്ചില്ല. ഏകദേശം മൂന്നാഴ്ച കഴിഞ്ഞപ്പോൾ അദ്ദേഹം രോഗബാധിതനായി...

ശബരിമലയ്ക്ക് മാലയിട്ടു വ്രതത്തിൽ ആയിരുന്നതിനാൽ ശശിച്ചേട്ടന്റെ മരണാനന്തര ചടങ്ങുകളിൽ പങ്കെടുക്കാൻ സാധിച്ചില്ല എന്നത് കടുത്ത നീറ്റലായി എന്നിൽ എരിയുകയാണ്.

“കാലമിനിയുമുരുളും വിഷു വരും ഓണം വരും...” കക്കാടിന്റെ കവിത എല്ലാവർക്കും സാന്ത്വനമേകട്ടെ.

●

2018-ലെ ശബരിമല യുവതി പ്രവേശന കേസ്സിലെ വിധി (Sept. 28) ബഹു. സുപ്രീം കോടതി പുറപ്പെടുവിപ്പിച്ചപ്പോൾ കേരളത്തിലെ എല്ലാ രാഷ്ട്രീയ കക്ഷികളും ഈ വിധിയെ സഹർഷം സ്വാഗതം ചെയ്തപ്പോൾ അയ്യപ്പസ്വാമിയുടെ പിതൃസ്ഥാനീയ കുടുംബയോഗത്തിന്റെ അദ്ധ്യക്ഷനായ ശശിച്ചേട്ടൻ, അദ്ദേഹം 50 വർഷത്തോളം വിശ്വസിച്ചു പ്രവർത്തിച്ച പ്രസ്ഥാനത്തിന്റെ തീരുമാനങ്ങളോട് വിയോജിച്ച് താൻ ജനിച്ച കുടുംബവും ഭഗവാനുമായുമുള്ള ബന്ധത്തിനു യാതൊരു കളങ്കവും ഉണ്ടാകാതെ വിശ്വാസങ്ങളും ആചാരങ്ങളും സംരക്ഷിക്കുന്നതിന് അയ്യപ്പഭക്തരോടൊപ്പം നിൽക്കുവാൻ എടുത്ത തീരുമാനമാണ് അദ്ദേഹത്തിന്റെ ഏറ്റവും വലിയ മഹത്വമായി ഞാൻ കാണുന്നത്.

2018 ഒക്ടോബർ മാസം 2-ാം തീയതി പന്തളത്തു സംഘടിപ്പിച്ച 'വിശ്വാസ സംരക്ഷണ നാമജപ' യാത്രയുടെ മുഖ്യ ആസൂത്രകൻ ശശിച്ചേട്ടനായിരുന്നു. ഏകദേശം അയ്യായിരത്തോളം വിശ്വാസികൾ പങ്കെടുക്കും എന്നു സംഘാടകർ കരുതിയ ഈ നാമജപ യാത്രയിൽ ഒരു ലക്ഷത്തോളം പേർ പങ്കെടുത്തു എന്നത് തികച്ചും അദ്ദേഹത്തിന്റെ സംഘടനാ പാടവത്തിന്റെ ഉദാഹരണമാണ്.

അന്നത്തെ പന്തളം കൊട്ടാരം വലിയതമ്പുരാൻ ബഹു. രേവതിനാൾ രാമവർമ്മത്തമ്പുരാന്റെ അനുവാദത്തോടെ ഒരു കൊടിയുടെയും കീഴിലല്ലാതെ ഭക്തജനങ്ങളെയും വിശ്വാസികളെയും ഒന്നിച്ച് കൊണ്ടുവന്നതും ശബരിമല തന്ത്രികുടുംബത്തിന്റെ പൂർണ്ണമായ സഹകരണം ഉറപ്പാക്കിയതും അദ്ദേഹത്തിന്റെ നേതൃത്വ പാടവത്തിന്റെ ഉദാഹരണമാണ്.

ശബരിമല യുവതീപ്രവേശന വിഷയത്തിൽ ബഹു. കേരളാ മുഖ്യമന്ത്രിയും തന്ത്രിമുഖ്യന്മാരും കൊട്ടാരം പ്രതിനിധികളുമായി നടത്തിയ ചർച്ചയ്ക്കുശേഷം ദൃശ്യമാധ്യമ പ്രവർത്തകരുടെ ചോദ്യങ്ങൾക്ക് കൃത്യതയാർന്ന മറുപടി നൽകുവാൻ ശശിച്ചേട്ടനല്ലാതെ മറ്റാർക്കും സാധിക്കുമെന്ന് തോന്നുന്നില്ല.

2018 ഒക്ടോബർ 24 ന് പന്തളം കൊട്ടാരത്തിൽ വെച്ച് ശബരിമല വിഷയം സംബന്ധിച്ച് നടത്തിയ പ്രസ്സ് മീറ്റ് (യൂ റ്റ്യൂബിൽ ഇന്നും ലഭ്യമാണ്) കൊട്ടാരത്തിന്റെ നിലപാടുകൾ വ്യക്തമാക്കുവാനും ഈ നിലപാടുകളുടെ വിമർശകർക്കുള്ള ശക്തമായ മറുപടിയുമായിരുന്നു.

ഏതു വിഷയവും ഭംഗിയായ ഭാഷയിൽ അവതരിപ്പിക്കുവാനും ആശയസംപുഷ്ടമായും ഹാസ്യാത്മകമായും എല്ലാവർക്കും മനസ്സിലാകുന്ന ഭാഷയിൽ അവതരിപ്പിക്കുവാനുമുള്ള അദ്ദേഹത്തിന്റെ പ്രസംഗശൈലി എല്ലാവരേയും ആകർഷിക്കുന്നതായിരുന്നു.

വ്യത്യസ്തമായ അഭിപ്രായങ്ങൾ പുലർത്തുന്നവർ അദ്ദേഹത്തെ സന്ദർശിക്കുമ്പോൾ അവരെ വളരെ സ്നേഹത്തോടെ സ്വീകരിച്ച് തന്റെ നിലപാടുകളിൽ നിന്നും യാതൊരു മാറ്റവും ഇല്ലാതെ തന്നെ മറ്റുള്ളവരുടെ അഭിപ്രായങ്ങൾ കേൾക്കുവാനും അദ്ദേഹം മനസ്സുവെച്ചിരുന്നു.

പന്തളം കൊട്ടാരം പ്രതിസന്ധി നിറഞ്ഞ വിഷമ കാലഘട്ടത്തിലൂടെ സഞ്ചരിച്ചപ്പോൾ കൂടെ പ്രവർത്തിക്കുന്നവർക്ക് ശക്തമായ മാനസികബലം നൽകി എല്ലാവരേയും ഒത്തൊരുമിപ്പിച്ച് കൂടെ നിർത്തുന്ന ശൈലിയായിരുന്നു അദ്ദേഹം സ്വീകരിച്ചിരുന്നത്.

ബഹു. സുപ്രീം കോടതിയിൽ നിലവിലുള്ള 'ശബരിമല യുവതീ പ്രവേശന കേസ്' വിശ്വാസികൾക്കനുകൂലമായി തിരിച്ചുവരുന്നതിന് അദ്ദേഹത്തിന്റെ പ്രവർത്തനങ്ങൾ എന്നെന്നും സ്മരിക്കപ്പെടും.

2018 ഒക്ടോബർ മുതൽ സ്വന്തം ആരോഗ്യപ്രശ്നങ്ങൾ വകവയ്ക്കാതെ ശബരിമലയിലെയും മറ്റു ക്ഷേത്രങ്ങളിലെയും ആചാരാനുഷ്ഠാനങ്ങൾ സംരക്ഷിക്കുന്ന പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുകയും പ്രധാനമന്ത്രി ഉൾപ്പെടെയുള്ള രാഷ്ട്രീയ-സാമൂഹിക ആദ്ധ്യാത്മിക നേതാക്കളുമായി ചർച്ച നടത്തി പന്തളം കൊട്ടാരത്തിന്റെയും അയ്യപ്പ വിശ്വാസികളുടെയും ആവശ്യങ്ങൾ ബോദ്ധ്യപ്പെടുത്തുകയും ചെയ്തു.

ഈ യാത്രകൾക്കെല്ലാം ദൃക്സാക്ഷിയായി അദ്ദേഹത്തോടൊപ്പം പ്രവർത്തിക്കുവാനുള്ള ഭാഗ്യം എനിക്കു ലഭിച്ചു.

വിശ്വാസ സംരക്ഷണത്തിനായി കൊട്ടാരം നിർവ്വാഹക സംഘം അദ്ധ്യക്ഷൻ എന്ന നിലയിൽ

# ശശിച്ചേട്ടന് എന്റെ തിലോദകം



**ഡോ. രവീന്ദ്രൻ**
തൃശ്ശൂർ, മൊ. 9447466336

ചെറിയൊരുകാലം പന്തളത്തു താമസിച്ചിരുന്ന ഒരാളെന്ന നിലയിലും ഇടയ്ക്കൊക്കെ ശശിച്ചേട്ടനെ പല ചടങ്ങുകളിലും കണ്ടിരുന്ന ഒരാളെന്ന നിലയിലുമുള്ള ഒരു കുറിപ്പാണിത്. അദ്ദേഹത്തിന്റെ ആത്മാർത്ഥ സുഹൃത്തുക്കളുടെയോ, പന്തളത്ത് സ്ഥിരമായുള്ള അടുത്ത ബന്ധുക്കളുടെയോ ഓർമ്മകളുടെ വൈപുല്യമില്ലെങ്കിലും, 'വകയിലുള്ള' ഒരനിയന്റെ ശിഥിലമെങ്കിലും ഋജുവായ ഒന്നുരണ്ടോർമ്മകൾ പങ്കുവെയ്ക്കണമെന്നു തോന്നി.

1971-ൽ അഞ്ചാം ക്ലാസ് പകുതി വച്ചാണ് ഞാൻ പന്തളത്തെത്തുന്നത്. പഠിക്കുന്നതിനേക്കാൾ ഉത്സാഹം കളികളിലാണെന്നു കണ്ടിട്ടോ എന്തോ അച്ഛൻ എന്നെ പാലസ് ക്ലബ്ബിൽ കൊണ്ടുചെന്ന് ചേർത്തു. അവിടെ എന്റെ സമപ്രായക്കാരായി വളരെയേറെ പേരുണ്ടായിരുന്നു. അതുപോലെ തന്നെ ഒരു എട്ടുപത്തു വയസ്സിന് മൂത്തവരായും കുറേപേർ. ഇതിൽ രണ്ടാമത്തെ ഗണത്തിൽ പെട്ടവരായിരുന്നു ദിനേശേട്ടൻ എന്നറിയപ്പെട്ടിരുന്ന രവിവർമ്മ, ശശിച്ചേട്ടൻ തുടങ്ങിയവർ. ഈ മൂത്തവരാണ് ഞങ്ങളെപ്പോലുള്ളവരുടെ ഉപദേഷ്ടാക്കൾ. പലപ്പോഴും ഈ വലിയവരുടെ സംഘത്തിൽ പലർക്കും ഒരു വല്യേട്ടൻ മനോഭാവവും, 'ഇവനാരെടാ' എന്നൊരു ചെറു പുച്ഛവും ഉണ്ടാവാറുണ്ട്. പക്ഷെ ശശിച്ചേട്ടനോ, ദിനേശേട്ടനോ അങ്ങനൊരു മനോഭാവം തികച്ചും അന്യമായിരുന്നു. എന്തെങ്കിലും സംശയനിവാരണത്തിനോ, ഉപദേശത്തിനോ സമീപിച്ചാൽ തികഞ്ഞ ഗൗരവത്തോടെ തന്നെ പരിഗണിക്കുമായിരുന്നു.

ഇതിൽ ശശിച്ചേട്ടന് ചെറിയ ചെറിയ കാര്യങ്ങളിൽ പോലും വലിയ ശ്രദ്ധയായിരുന്നു. ഒരിക്കൽ അവിടെ ക്ലബ്ബിൽ ഒരു ക്രിക്കറ്റുകളി നടക്കുകയായിരുന്നു. എന്റെ ഓർമ്മയിൽ അദ്ദേഹം വലിയ ഒരു ക്രിക്കറ്റു കളിക്കാരനായിരുന്നില്ല. അതുകൊണ്ടാണോ എന്തോ, അന്ന് അദ്ദേഹത്തിന്റെ പണി സ്കോററിന്റേതായിരുന്നു. വെറുമൊരു ശിശുവായ ഞാൻ ഒന്നിലുമില്ലാതെ അദ്ദേഹത്തിന്റെ അടുത്തിരിപ്പാണ്. ഇന്നത്തെപ്പോലെ ബാൾ പോയിന്റ് പേനകൾ സർവ്വസാധാരണമാവാത്ത അന്ന് ഒരു മഷിപ്പേന കൊണ്ടാണ് അദ്ദേ

→

---

→

അദ്ദേഹം സ്വീകരിച്ച നിലപാടുകളാണ് ലോകമെമ്പാടുമുള്ള അയ്യപ്പ വിശ്വാസികൾക്കിടയിൽ പന്തളം കൊട്ടാരത്തിന്റെ പെരുമയും കൊട്ടാരത്തോടുള്ള ബഹുമാനവും വർദ്ധിക്കുവാൻ കാരണമായത്.

അദ്ദേഹം നൽകിയ നേതൃത്വം വിശ്വാസികൾക്ക് ആത്മവിശ്വാസം വളർത്തി വിശ്വാസ സംരക്ഷണ പ്രവർത്തനങ്ങൾക്ക് ശക്തി പകർന്നു.

2023 ഡിസംബർ മാസം 10-ാം തീയതി കുടുംബ സംഘടനയുടെ ചുമതലയിൽ നിന്നും ഒഴിവാകുമ്പോഴും കുടുംബത്തിന്റെ എല്ലാ കാര്യങ്ങളിലും നമ്മോടൊപ്പം ഉണ്ടാകുമെന്ന വിശ്വാസം ഉണ്ടായിരുന്നു.

ഏതു പ്രതിസന്ധി ഘട്ടങ്ങളിലും മുന്നോട്ടുള്ള വഴികാട്ടിയായി എന്നും നമ്മോടൊപ്പം അദൃശ്യമായി അദ്ദേഹം ഉണ്ടാകും എന്ന വിശ്വാസത്തിൽ ആ പാവന സ്മരണയ്ക്കു മുമ്പിൽ ബാഷ്പാഞ്ജലിയോടെ ഈ ഓർമ്മക്കുറിപ്പ് സമർപ്പിക്കുന്നു.

●

ഹത്തിന്റെ എഴുത്ത്. ഒരു പന്തെറിഞ്ഞ് അതിലെടുത്ത സ്കോറെഴുതി അടുത്ത പന്തെറിഞ്ഞ് വീണ്ടും എഴുതുന്നതുവരെയുള്ള ചെറിയ ഇടവേളയുണ്ടല്ലോ. ആ സമയത്ത് അദ്ദേഹം പേനയുടെ മൂടി തിരിച്ചുവയ്ക്കും! മൂടിയാണെങ്കിൽ തിരുക്കാണു താനും. ഞാനിതു കുറച്ചുനേരം കൗതുകത്തോടെ നോക്കി നിന്നു. എന്തിനാണീ ചെറിയ സമയത്ത് അതടച്ചു വയ്ക്കുന്നത്? എന്റെ ആകാംക്ഷ തുടലുപൊട്ടിച്ച് പുറത്തുവന്നു. അദ്ദേഹത്തിന്റെ മറുപടി വളരെ ലളിതം. ഇങ്ങനെ ചെയ്യുന്നതുകൊണ്ടാണ് ഇത് കേടാകാതെ ഇപ്പോഴും ഇരിക്കുന്നത്. ദശാബ്ദങ്ങൾക്കിപ്പുറം മഷിപ്പേനയുപയോഗിക്കുന്ന ഒരാളെന്ന നിലയിൽ ഇവിടെ തൃശ്ശിവപേരൂരിലെ 'പേന ആശുപത്രി'യിൽ പോകേണ്ടി വന്നപ്പോഴാണ് അദ്ദേഹം അന്നു പറഞ്ഞതിന്റെ പൊരുൾ മനസ്സിലായത്.


പിന്നീട് പന്തളം വിട്ടശേഷം അദ്ദേഹവുമായി വല്ല ചടങ്ങുകളിലും സന്ധിച്ചാലായി, എന്ന നിലയിലായി. ഞാൻ തൃശ്ശൂര് സ്ഥിരമായ കാലം. ഒരു ചെറിയ വീടുവയ്ക്കാനുള്ള ശ്രമത്തിലാണ്. അന്ന് മേടിച്ചിരുന്ന സ്ഥലത്ത് വീടുവയ്ക്കാൻ അനുമതി ലഭിക്കാൻ പല പ്രശ്നങ്ങളും വന്നു. എന്തു ചെയ്യണമെന്ന് ആകെ ഒരു സംഭ്രമത്തിലിരിക്കുന്ന സമയം. ആരോ പറഞ്ഞു ശശിച്ചേട്ടനെ ഒന്നു വിളിച്ചു നോക്കൂ എന്ന്. അദ്ദേഹത്തിന്റെ സഹോദരൻ എന്റെ തറവാട്ടിൽ (കൊടുങ്ങല്ലൂർ പുത്തൻ കോവിലകം) നിന്നാണ് കല്യാണം കഴിച്ചിരിക്കുന്നത്. ഞാൻ അദ്ദേഹത്തിന്റെ പക്കൽ നിന്ന് ശശിച്ചേട്ടന്റെ ഫോൺ നമ്പർ മേടിച്ച് അദ്ദേഹത്തെ വിളിച്ചു. ചിരപരിചിതനായ ഒരാളോടെന്ന പോലെ അദ്ദേഹം, "എന്താ രവീന്ദ്രാ പ്രശ്നം?" എന്നു ചോദിച്ചു. ഞാൻ കാര്യം അവതരിപ്പിച്ചു. "അതിനെന്താ, അവിടുത്തെ കോർപ്പറേഷൻ സെക്രട്ടറി എന്റെ അടുത്ത സുഹൃത്താണ്. ഞാൻ വിളിച്ചു പറഞ്ഞേക്കാം." രണ്ടു ദിവസത്തിനു ശേഷം ഞാൻ സെക്രട്ടറിയെ കാണുന്നു. അനുമതി ലഭിക്കുന്നു! കാലമേറെ ക്കഴിഞ്ഞും ഇങ്ങനെയൊരനിയന് തിരിച്ചൊന്നും ലഭിക്കാനില്ലെന്നറിഞ്ഞിട്ടും സഹായിക്കാനുണ്ടായ ആ മഹാമനസ്കതയ്ക്കു മുന്നിൽ വിനീതമായ പ്രണാമം.

ഈയൊരു ശ്ലോകത്തോടെ ഞാൻ ശശിച്ചേട്ടനുള്ള എന്റെ തിലോദകം അർപ്പിക്കട്ടെ.

കവിത

# ശശികുമാരവർമ്മ

**ടി.എൻ. ആദിത്യവർമ്മ**
തിരുവനന്തപുരം, മൊ. 8547444160



പന്തളം ശശികുമാരവർമ്മയുടെ
സേവനം ബഹുവിധം ലഭി-
ച്ചങ്ങു ക്ഷത്രിയരുമാർത്തരാംശബരി
നാഥ ഭക്തരൊരുമിക്കവേ
ഹന്ത!യങ്ങവരെ യൊക്കവേ ബത
വെടിഞ്ഞു വിഷ്ണുപദമെത്തുവാ
നെന്തിനിത്ര ധൃതികാട്ടി?, യീശനുടെ
യിച്ഛയെന്നു നിരൂപിച്ചിടാം.

---

"ചുണ്ടിൽ വിട്ടൊന്നു മാറാത്തൊരു ചെറു
ചിരിയും, നെറ്റി തൻ ഭംഗിയേറ്റി-
ക്കണ്ടീടും നിത്യമായുള്ളൊരു കുറിയുമലക്കീട്ടു
തേച്ചോരു വേഷം,
വേണ്ടുന്നോർക്കുള്ള സ്നേഹാദരമടിപതറാ-
തയ്യനിൽ ചേർന്ന ഭക്തി-
കൊണ്ടെല്ലാ മാനുഷർക്കും പ്രിയമമലശശി
പ്രാഭവത്തെത്തൊഴുന്നേൻ!" ●

# ശശിയേട്ടൻ
# എന്റെ ജ്യേഷ്ഠ സഹോദരൻ



**ടി.എം. ശ്രീകുമാർ,** കരിവെള്ളൂർ
(ക്ഷത്രിയ ക്ഷേമസഭ സംസ്ഥാന വൈസ് പ്രസിഡന്റ്)
മൊ. 8848476040

**പി.**ജി. ശശികുമാര വർമ്മ എന്ന നമ്മുടെ ശശിയേട്ടൻ നിര്യാതനായി. കൃഷ്ണേട്ടൻ (എൻ.കെ.കെ. ഉണിത്തിരി) വിളിച്ചുപറഞ്ഞപ്പോൾ ഞെട്ടിപ്പോയി. നിരവധി വർഷങ്ങളായുള്ള സ്നേഹബന്ധം. എവിടെ സംസ്ഥാന കമ്മിറ്റിയുണ്ടോ അവിടെയെല്ലാം ശശിയേട്ടനും ഞാനും ഉണ്ടാകും. ആദ്യം കുശലാന്വേഷണം പിന്നീട് സംഘടനാ കാര്യങ്ങൾ, ഭാവി പരിപാടികൾ എല്ലാ കാര്യങ്ങളിലും സജീവ സാന്നിദ്ധ്യം. സംസ്ഥാന പ്രസിഡന്റായിരുന്ന രണ്ടു വർഷക്കാലം സഭയുടെ സുവർണ്ണകാലമായിരുന്നു. ചിട്ടയായ പ്രവർത്തനം, യൂണിറ്റുകളുമായുള്ള ബന്ധം, യൂണിറ്റ് ഭാരവാഹികളെ ഫോണിൽ ബന്ധപ്പെട്ട് സംഘടനാ കാര്യങ്ങൾ ചർച്ച ചെയ്യൽ എന്നിവയെല്ലാം ആ കാലഘട്ടത്തിൽ മുടക്കമില്ലാതെ സമയബന്ധിതമായി ചെയ്യണമെന്ന് ശശിയേട്ടന് നിർബന്ധമാണ്. REACT ആയാലും 'ക്ഷാത്രസ്പന്ദനം' ത്രൈമാസികയുടെ കാര്യമായാലും അവിടെയെല്ലാം ശശിയേട്ടൻ ഉണ്ടാകും. സംസ്ഥാന കമ്മിറ്റി പന്തളത്താണെങ്കിൽ ഞാനും കൃഷ്ണേട്ടനും ശശിയേട്ടന്റെ കൂടെയാണ് താമസം. പല കാര്യങ്ങളും സംസാരിക്കും. സംഘടനാ കാര്യങ്ങൾക്കൊപ്പം ശബരിമല ക്ഷേത്ര കാര്യങ്ങളും സംസാരിക്കും. തിരുവനന്തപുരത്തായാലും തൃശ്ശൂരായാലും കോട്ടയത്തായാലും തിരുവല്ലായിലായാലും വൈക്കത്തായാലും കരിവെള്ളൂരിലായാലും നീലേശ്വരത്തായാലും ഞാനും കൃഷ്ണേട്ടനും സുബ്രഹ്മണ്യനും തലേദിവസം തന്നെ അവിടെ എത്തിയിരിക്കും. രാവിലെ തന്നെ ശശിയേട്ടനും കുട്ടൻചേട്ടനും വിജയനും സുരൻചേട്ടനും എല്ലാം എത്തും. ആത്മജ വർമ്മ തമ്പുരാൻ യോഗത്തിന് തൊട്ടുമുൻപ് എത്തും. പിന്നെ പരസ്പരം കുശലാന്വേഷണം. ശബരിമല സ്ത്രീ പ്രവേശന വിഷയത്തിൽ പന്തളം കൊട്ടാരം നിർവാഹക സമിതി പ്രസിഡന്റ് എന്ന നിലയിലുള്ള പ്രവർത്തനം മാതൃകാപരവും പ്രശംസനീയവുമായിരുന്നു.



*രാജപ്രതിനിധിയായി*
*2017–ൽ*

ക്ഷത്രിയ ക്ഷേമസഭയുടെ സംസ്ഥാന ഭാരവാഹിത്വത്തിലേക്ക് വന്നതുമുതൽ ഞാനും ശശിയേട്ടനും കുട്ടൻചേട്ടനും ആത്മജവർമ്മയും മുൻ സംസ്ഥാന പ്രസിഡന്റ് സുരൻചേട്ടനും (കെ.എൻ.എസ്. വർമ്മ) ആർ. രാമവർമ്മ എന്ന വിജയനുമെല്ലാം കൂട്ടായ പ്രവർത്തനം നടത്തി. ഒരിക്കൽ സംസ്ഥാന സമ്മേളനത്തിന് മുന്നോടിയായി കോട്ടയത്ത് പ്രസ്സ് ക്ലബ്ബിൽ വെച്ച് നടന്ന സംസ്ഥാന കമ്മിറ്റിക്കിടെ ശശിയേട്ടൻ എന്നെ അടുത്തുവിളിച്ച് പറഞ്ഞു: "അടുത്ത രണ്ടു വർഷത്തേക്കുള്ള സംസ്ഥാന പ്രസിഡന്റായി ശ്രീകുമാറിന്റെ പേര് ഞാൻ നിർദ്ദേശിക്കാൻ ഉദ്ദേശിക്കുന്നു. എന്താണ് ശ്രീകുമാറിന്റെ അഭിപ്രായം?" ഞാൻ തന്നെ ഞെട്ടിപ്പോയി. ഞാൻ സ്നേഹത്തോടെ, ആദരവോടെ പറഞ്ഞു: "ശശിയേട്ടാ ഞാൻ അത്രയ്ക്കൊന്നും വളർന്നിട്ടില്ല. സഭയുടെ ഒരു എളിയ പ്രവർത്തകനായി പ്രവർത്തിച്ചുകൊള്ളാം." ശശിയേട്ടനും ഞാനും തമ്മിലുള്ള ബന്ധം അത്രയ്ക്ക് സുദൃഢമാണ്. അദ്ദേഹത്തിന്റെ ഓർമ്മകൾ എന്നും എന്റെ പ്രവർത്തനങ്ങൾക്ക് പ്രചോദനമായിരിക്കും. ശശിയേട്ടന്റെ പാവന സ്മരണയ്ക്കു മുൻപിൽ ആദരാഞ്ജലികളോടെ... ●



# ശശികുമാർവർമ്മ പി.ജി. എന്റെ ഓർമ്മകൾ

**ശങ്കർവർമ്മ എൻ.**

ശ്രാമ്പിക്കൽ കൊട്ടാരം, പന്തളം.

മൊ. 9446143190

എന്റെ ബാല്യത്തിൽ, ശശിവർമ്മയെ കണ്ടിരുന്നത് കണ്ണാടിവെച്ച ഒരു ക്ഷീണിച്ച പ്രകൃതമുള്ള, നന്നായി സദസ്സിനെ കൈയിൽ എടുത്തുകൊണ്ട് സംസാരിക്കുന്നയാൾ എന്നാണ്. പ്രത്യേകിച്ച്, പാലസ് ക്ലബ്ബിന്റെ വാർഷികത്തിൽ prize distribution സമയത്ത് സരസമായി മത്സര വിജയികളെ motivate ചെയ്തുകൊണ്ടാണ് വേദിയിലേക്ക് വിളിച്ചിരുന്നത്. കലാപരിപാടികളിലുള്ള പരേതനായ രവി വർമ്മ (ദിനേശ്) - ശശിവർമ്മ കൂട്ടായ്മ പ്രത്യേകിച്ച് ചൊൽക്കാഴ്ചകൾ, നാടകങ്ങൾ, പ്രസംഗങ്ങൾ എന്നിവകൾ സദസ്സിനെ ഹഠാദാകർഷിച്ചിരുന്നു. ക്ലബ്ബ് ഡേ നാടകമായിരുന്ന 'സമസ്യ' യിൽ ശശിവർമ്മയുടെ നാരായണനും ദിനേശ് ചേട്ടന്റെ ശർമ്മ, കൂടാതെ പരേതനായ കേരളവർമ്മ (ശ്രാമ്പിക്കൽ) യും ശശിവർമ്മയും തമ്മിൽ വയസ്സിയും വയസ്സനുമായുള്ള അഭിനയം. എന്റെ കോളേജ് പഠന കാലത്ത് ശശിവർമ്മയെ പോലുള്ള മുതിർന്ന അംഗങ്ങളുടെ കൂടെ അഭിനയിക്കാൻ സാധിച്ചിട്ടുണ്ട്. അതൊരു നല്ല ഓർമ്മയായി മനസ്സിൽ സൂക്ഷിക്കുന്നുണ്ട്. ജി. ശങ്കരപ്പിള്ളയുടെ 'ഏടാകൂടം' എന്ന നാടകത്തിൽ ശശിവർമ്മയുടെ ഭാര്യയായി അഭിനയിച്ചിട്ടുണ്ട്. മറ്റ് ഔദ്യോഗിക തിരക്കിനിടയിൽ കൊട്ടാരത്തിലെ എല്ലാ വിശേഷങ്ങൾക്കും നിറസാന്നിദ്ധ്യം അറിയിച്ചിരുന്നു.



*പത്നിയോടും കുടുംബാംഗങ്ങളോടുമൊപ്പം*

എല്ലാ വർഷവും ജനുവരി 12-ന് തിരുവാഭരണ ഘോഷയാത്ര ദിവസം അമ്പലത്തിലും പരിസരത്തും സാന്നിദ്ധ്യം ഉണ്ടാകുകയും ശരണംവിളിക്കാൻ കുട്ടികളായ ഞങ്ങളെ പ്രോത്സാഹിപ്പിക്കുകയും ചെയ്തിരുന്നു.

ഇതിലൊക്കെ പുറമേ വിവിധ കൊട്ടാരങ്ങളിലെ അംഗങ്ങൾക്ക് അടുത്തുൺ സംഖ്യ വർദ്ധിപ്പിക്കാൻ അദ്ദേഹം തന്റെ ഔദ്യോഗിക സ്ഥാനങ്ങൾ വഴി ശ്രമിച്ച് അച്ചുതാനന്ദൻ മന്ത്രി സഭയിലാണ് 300 രൂപയിൽ നിന്ന് 600 രൂപയാക്കിയത്. വിവരം എന്നെ ഫോണിൽ കൂടി അറിയിച്ചപ്പോൾ "സി.പി.എം. സിന്ദാബാദ്" എന്ന് എന്നെക്കൊണ്ട് ഫോണിൽ കൂടി വിളിപ്പിച്ചു.

അദ്ദേഹം ക്ഷത്രിയ ക്ഷേമസഭയുടെ സംസ്ഥാന പ്രസിഡന്റും ഞാൻ ജനറൽ സെക്രട്ടറിയുമായി പ്രവർത്തിച്ചിട്ടുണ്ട്. അക്കാലത്താണ് REACT ന്റെ രജിസ്ട്രേഷൻ നടത്തിയത്. കൂടാതെ മഹാകവി പന്തളം കേരളവർമ്മ അവാർഡ് നിർണ്ണയ സമിതിയിൽ ആരംഭം മുതൽ പ്രവർത്തിച്ചിരുന്നു. പന്തളം കോളേജ് ഗ്രൗണ്ടിൽ സംഘടിപ്പിച്ചിരുന്ന എൻ.ജി. കുറുപ്പ് ക്രിക്കറ്റ് മത്സരത്തിൽ പന്തളം പാലസ് ക്ലബ്ബിന് ട്രോഫി നേടിയെടുക്കാൻ ഓഫീസിൽ നിന്ന് ലീവെടുത്തുവന്ന് പരിശ്രമിച്ചിരുന്നു. അദ്ദേഹം പന്തളം കൊട്ടാരം നിർവ്വാഹക സംഘം പ്രസിഡന്റായി പ്രവർത്തിക്കുമ്പോൾ രാജപ്രതിനിധിയായി എനിക്കു പോകുവാൻ സാധിച്ചതും അദ്ദേഹത്തിന് പകരക്കാരനായി അദ്ദേഹത്തിന്റെ നിർദ്ദേശപ്രകാരം ചില യോഗങ്ങളിൽ പങ്കെടുക്കാനും അവസാന നാളുകളിൽ അദ്ദേഹത്തിന്റെ സ്ഥാനത്തേക്ക് നിർദ്ദേശിക്കുകയും ചെയ്തു. അദ്ദേഹം എന്നും എന്റെ ജീവിതത്തിൽ ഒരു മാർഗ്ഗദർശ്ശിയായിരുന്നു. അദ്ദേഹത്തിന്റെ ഓർമ്മകൾക്കു മുന്നിൽ നമസ്ക്കരിക്കുന്നു. ●

# ഒരു മനുഷ്യസ്നേഹിയുടെ വേർപാട്



**തങ്കൻ തിരുവട്ടാർ**
തിരുവനന്തപുരം
മൊ. 9446702033

സുമാർ ഏഴ്, എട്ട് വർഷത്തെ പരിചയം. പന്തളം കൊട്ടാരത്തിലെ മൂലംതിരുനാൾ ശശികുമാർ വർമ്മ തമ്പുരാൻ തൃപ്പൂണിത്തുറ കോവിലകത്തെ അജയ് വർമ്മ തമ്പുരാനോടൊപ്പം ഒരിക്കൽ എന്റെ അത്യാഹിത വിവരം അറിഞ്ഞ് അന്വേഷിച്ച് വന്നതായിരുന്നു. അനന്തപുരി ആശുപത്രിയിൽ നിന്നും ചികിത്സ കഴിഞ്ഞ് ഡിസ്ചാർജ്ജ് ചെയ്തു വിശ്രമിക്കുന്ന സമയം. തളിർ വെറ്റിലയും കളിയടയ്ക്കയും കൂട്ടി മുറുക്കിച്ചുവപ്പിച്ച ചെഞ്ചുണ്ടുകളുടെ മന്ദഹാസത്തോടെ എന്റെ അരികിലേക്കു വന്നു. എനിക്ക് വിശ്വസിക്കാൻ മേലായിരുന്നു. അദ്ദേഹം കുറെ സമയം കുശലങ്ങൾ പറഞ്ഞിരുന്നു.

എന്റെ അസുഖം പൂർണ്ണമായി മാറിയ ശേഷം എന്റെ സഹധർമ്മിണി പരുവക്കാട്ട് സുഭദ്ര തങ്കച്ചിയോടൊപ്പം, ചങ്ങനാശ്ശേരിയിൽ നിന്നും തിരുവനന്തപുരത്തേക്ക് വരുംവഴി പന്തളത്തിറങ്ങി കൊട്ടാരത്തിലേക്ക് ചെന്നു. തമ്പുരാൻ ഹർഷാദരങ്ങളോടെ സ്വീകരിച്ചു. ഒപ്പം രാമവർമ്മ തമ്പുരാനും ഉണ്ടായിരുന്നു. സാക്ഷാൽ അയ്യപ്പ സ്വാമിയുടെ തിരുവാഭരണം കാണിക്കാൻ കൊണ്ടുപോയി. എല്ലാം കൺനിറയെ മനംകുളിർക്കെ കണ്ട് വന്ദിച്ചു. ആ ദർശനം എന്റെ ജീവിതസാഫല്യമായിരുന്നു; അപൂർവ്വ സൗഭാഗ്യവും. അടുത്തുള്ള അയ്യപ്പ ക്ഷേത്ര ദർശനം കഴിഞ്ഞ് തിരുവനന്തപുരത്തേക്ക് മടങ്ങി. ആ വർഷം തമ്പുരാൻ തിരുവാഭരണത്തിന്റെ അകമ്പടി സേവിക്കുന്ന സമയമായിരുന്നു. ആ യാത്രയിൽ കൂടെ കൂട്ടുവാൻ എന്നെയും ക്ഷണിച്ചു. നാല് ദിവസം പമ്പയിൽ തങ്ങണമെന്നും അതിനുശേഷം മാത്രമേ സന്നിധാനത്തേക്ക് യാത്രയുള്ളൂവെന്നറിയിച്ചപ്പോൾ ഞാൻ തമ്പുരാന് ഒരു ബുദ്ധിമുട്ടാകണ്ടെന്ന് കരുതി ആ ക്ഷണം സ്നേഹപൂർവ്വം ഉപേക്ഷിക്കേണ്ടതായി വന്നു.

പിന്നെ തിരുവനന്തപുരം ക്ഷത്രിയ സഭയുടെ ക്ഷണം സ്വീകരിച്ച് പരിപാടികളിൽ പങ്കെടുക്കുന്ന സമയം പലപ്രാവശ്യം കാണുകയും പരിചയം പുതുക്കുകയും ചെയ്തിരുന്നു.

തമ്പുരാൻ എന്നതിന് പുറമെ തികഞ്ഞ ഒരു മനുഷ്യസ്നേഹിയുടെ വേർപാടിൽ ഒരിക്കലും നികത്താനാവാത്ത നഷ്ടത്തോടൊപ്പം ഞാൻ അത്യധികം ദുഃഖിക്കുകയും ചെയ്യുന്നു.

അദ്ദേഹത്തിന്റെ ആത്മാവിന് നിത്യശാന്തി ലഭിക്കുവാൻ സാക്ഷാൽ അയ്യപ്പസ്വാമിയോടും എന്റെ ഇഷ്ടദേവനായ ആദികേശവ ഭഗവാനോടും പ്രാർത്ഥിച്ചുകൊള്ളുന്നു. ●



ശബരിമല സ്ത്രീപ്രവേശന വിഷയത്തിൽ പന്തളം രാജകുടുംബത്തിന്റെ പ്രതിനിധിയായി പ്രധാനമന്ത്രി നരേന്ദ്ര മോദിക്ക് നിവേദനം സമർപ്പിച്ചപ്പോൾ.


# പ്രിയപ്പെട്ടവർ അനുശോചിക്കുന്നു

ശശികുമാരവർമ്മയുടെ അകാലത്തിലുള്ള വേർപാട് വിധിവിഹിതം എന്ന് ആശ്വസിക്കുക മാത്രം. ഔദ്യോഗിക ജീവിതത്തിൽ ഉണ്ടായിരുന്ന സംഘടനാപ്രവർത്തന പാരമ്പര്യം ക്ഷത്രിയ ക്ഷേമ സഭാ പ്രവർത്തനങ്ങളിലും പ്രതിഫലിപ്പിച്ച വ്യക്തിയായിരുന്നു പി.ജി. ശശികുമാരവർമ്മ. ഏത് പ്രശ്നത്തിനും പെട്ടെന്ന് വ്യക്തമായ തീരുമാനങ്ങൾ എടുക്കാനുള്ള കഴിവ് അദ്ദേഹത്തിനുണ്ടായിരുന്നു അതുകൊണ്ടുതന്നെ ക്ഷത്രിയ ക്ഷേമസഭയുടെ പ്രസിഡന്റായിരുന്ന രണ്ടുവർഷവും നല്ല ഒരു നേതൃത്വം കാഴ്ചവെയ്ക്കാൻ അദ്ദേഹത്തിന് സാധിച്ചു. വ്യക്തിപരമായി അടുത്ത സൗഹൃദം സ്ഥാപിക്കാൻ എനിക്ക് കഴിഞ്ഞിട്ടുണ്ട്. നീലേശ്വരത്ത് നടന്ന മൂന്ന് പൊതു പരിപാടികളിൽ മുഖ്യ പ്രഭാഷകനായി ക്ഷണിച്ചപ്പോൾ അതിൽ പങ്കെടുക്കാനുള്ള സൗമനസ്യം ശശികുമാർ വർമ്മ കാണിച്ചിരുന്നു. ആ ദിവസങ്ങളിൽ എന്റെ കൂടെത്തന്നെയായിരുന്നു താമസവും. കുടുംബബന്ധങ്ങൾ ശക്തമാണെങ്കിൽ മാത്രമേ സാമുദായിക പ്രവർത്തനങ്ങൾ ഉദ്ദേശിച്ച ഫലം തരുകയുള്ളൂ എന്ന് ഇടയ്ക്കിടയ്ക്ക് അദ്ദേഹം ഓർമ്മിപ്പിക്കുമായിരുന്നു. എന്റെ രണ്ടു വർഷത്തെ പ്രസിഡന്റ് കാലാവധിക്കുശേഷം ആ പദവി ശശികുമാർ വർമ്മയ്ക്ക് കൈമാറാൻ കഴിഞ്ഞു എന്ന ചാരിതാർത്ഥ്യം എന്നും എനിക്കുണ്ടായിരുന്നു. ആ നേതൃത്വപാടവത്തിന്ന് പ്രണാമം.



**കെ.സി. മാനവർമ്മ രാജ, നീലേശ്വരം**
(ക്ഷത്രിയ ക്ഷേമസഭ
മുൻ സംസ്ഥാന പ്രസിഡന്റ്)


കേരള ക്ഷത്രിയരെ ഐക്യത്തിന്റെ പാതയിലേക്ക് കൊണ്ടുവരാനും അവരെ ഒരു സംഘടനയുടെ ഭാഗമാക്കി മാറ്റുവാനും വേണ്ടി പരിശ്രമിച്ച ക്ഷത്രിയരുടെ ക്ഷേമത്തിനും സഭയുടെ പ്രവർത്തനങ്ങൾക്കുമായി മുൻനിരയിൽ നിന്ന് നയിച്ച ശശിയേട്ടൻ എന്ന നമ്മുടെ പ്രിയപ്പെട്ട പി.ജി. ശശികുമാരവർമ്മയുടെ ദേഹവിയോഗം ക്ഷത്രിയ ക്ഷേമസഭക്ക് നികത്താനാവാത്ത നഷ്ടമാണ്. 1986-ൽ നിലേശ്വരം ക്ഷത്രിയ ക്ഷേമസഭയുടെ ആദ്യ പൊതുയോഗത്തിൽ ക്ഷത്രിയ ക്ഷേമസഭയുടെ അന്നത്തെ ജനറൽ സെക്രട്ടറി എം.സി. കേരള വർമ്മ രാജയും പി.ജി. ശശികുമാരവർമ്മയും നീലേശ്വരം യൂണിറ്റ് സന്ദർശിക്കുകയും പൊതുയോഗത്തിൽ പങ്കെടുക്കയും ചെയ്തു അന്നുമുതൽ ശശിച്ചേട്ടനുമായി മുതിർന്ന സഹോദരനോടുള്ള സ്നേഹവും ബഹുമാനവും ആയിരുന്നു. പിന്നീട് ക്ഷത്രിയ ക്ഷേമസഭയുടെ സംസ്ഥാന കമ്മിറ്റി യോഗങ്ങളിലും കാണുവാനും ശശിച്ചേട്ടന്റെ ഉപദേശങ്ങൾ കേൾക്കുവാനും ഒരു സംഘടനയുടെ പ്രവർത്തന ശൈലിയും നേതൃത്വത്തെക്കുറിച്ചും മനസ്സിലാക്കാനും കഴിഞ്ഞിട്ടുണ്ട്. പലപ്പോഴും സെക്രട്ടേറിയറ്റിലും മറ്റുമായി ഉള്ള ആവശ്യങ്ങൾക്കായി വിളിക്കാറുണ്ടായിരുന്നു. എല്ലാ കാര്യങ്ങളും അന്വേഷിച്ച് മറുപടിയും വേണ്ട കാര്യങ്ങളും ചെയ്യുമായിരുന്നു. കുറച്ചു വർഷങ്ങൾക്കുമുമ്പ് തിരുവനന്തപുരത്തു വെച്ച് എനിക്കു നേരിട്ട ചില വിഷമതകൾക്ക് എന്റെ കൂടെനിന്ന് ഒരു ജ്യേഷ്ഠ സഹോദരന്റെ സ്ഥാനത്തു നിന്നും പരിഹരിച്ചു തന്നതും ഞാൻ ഈ സന്ദർഭത്തിൽ ഓർമ്മിക്കുന്നു. ഒരിക്കൽക്കൂടി ശശിച്ചേട്ടന്റെ ഓർമ്മയ്ക്കു മുന്നിൽ കൈ കൂപ്പുന്നു.



**വി.സി. കൃഷ്ണവർമ്മ രാജ**
(പ്രസിഡന്റ്, ക്ഷത്രിയ ക്ഷേമസഭ, നീലേശ്വരം)

വൈദേശിക പ്രത്യയശാസ്ത്രങ്ങൾ ബുദ്ധിപൂർവ്വം വേരുകൾ മുറിച്ച് ഒരേ വലിപ്പത്തിൽ വളർത്തുന്ന ബോൺസായ് വൃക്ഷങ്ങൾക്കിടയിൽ, വേരുകൾ മണ്ണിലാഴ്ത്തി, ഒരു വടവൃക്ഷമാകാൻ വെമ്പിയ മനസ്സിന്നുടമ. നൂറ്റാണ്ടുകളായി മുടക്കമില്ലാതെ നടന്നുവരുന്ന തിരുവാഭരണ ഘോഷയാത്രാ

# ആതുര സേവനത്തിൽ അർദ്ധ സെഞ്ച്വറി പിന്നിട്ട് 'തമ്പുരാൻ ഡോക്ടർ'




"ആതുര ശുശ്രൂഷ-ഈശ്വരസേവനം" എന്ന തന്റെ ജീവിതശാസ്ത്രത്തിൽ അടിയുറച്ചു നിന്ന് ലാളിത്യവും കർമ്മകുശലതയുംകൊണ്ട് ഒരു ജനതയുടെ മുഴുവൻ മനസ്സിൽ ഇടംനേടിയ നീലേശ്വരത്തെ ജനവൃന്ദങ്ങളുടെ തമ്പുരാൻ ഡോക്ടർ, ഡോ. കെ.സി. കേരളവർമ്മ രാജ തന്റെ കർമ്മ മണ്ഡലത്തിൽ 50 വർഷത്തെ സേവനം പൂർത്തിയാക്കി. നീലേശ്വരത്തെയും സമീപ പ്രദേശങ്ങളിലെയും നിരവധി രോഗികളെ തന്റെ സ്നേഹമസൃണമായ സാന്ത്വന സംഭാഷണങ്ങളും ചികിത്സാ രീതികളും കൊണ്ട് രോഗവിമുക്തരാക്കിയ അസാധാരണ വ്യക്തിത്വമാണ് ഡോ. കെ.സി.കെ. രാജ. ജന്മംകൊണ്ട് വള്ളുവനാട് രാജവംശത്തിലെ അംഗമാണ്. പിതാവിന്റെ കോവിലകമായ നീലേശ്വരം കിണാവൂർ കോവിലകത്താണ് പറിച്ചുവളർന്നത്. വല്യച്ഛൻ ഡോ. കെ.സി.യു. രാജ 1954-ൽ തുടങ്ങിയ നീലേശ്വരത്തെ ആദ്യ ആശുപത്രി (രാജ ക്ലിനിക്ക്) 1974 മുതൽ ഏറ്റെടുത്ത് ഇന്നും രാജപ്രൗഢിയോടെ മുന്നോട്ട് നയിക്കുന്നു. ഡോക്ടർമാരെക്കുറിച്ച് പൊതുവെയുള്ള സങ്കൽപ്പത്തിനും ധാരണയ്ക്കും വിപരീതമായി വലിപ്പച്ചെറുപ്പമേതുമില്ലാതെ രോഗഗ്രസ്തരായവരെ അവരുടെ വീടുകളിൽ ഓട്ടോറിക്ഷയിലും ഇരുചക്ര വാഹനങ്ങളിലും കാൽനടയായും എത്തി ചികിത്സ നടത്തുന്ന ഒരു അപൂർവ്വ വ്യക്തിത്വമാണ് ഡോ. രാജയുടേത്. ആതുരസേവനത്തിന് പുറമെ സാമൂഹിക-സാംസ്ക്കാരിക രംഗത്തും പൂത്തുലഞ്ഞു നിൽക്കുന്ന അപൂർവ്വമായ ഒരു പൂമരമാണ് ഡോ. കെ.സി.കെ. രാജ എന്നത് ക്ഷത്രിയർക്കേവർക്കും അഭിമാനകരമാണ് എന്നതിൽ സംശയമില്ല.

→

നിർവാഹകസമിതിയുടെ അമരക്കാരൻ, കാസർകോട് മുതൽ തിരുവനന്തപുരം വരെ ഒരേ ചരടിൽ കോർത്ത മുത്തുമണികൾ പോലെ കൊരുക്കപ്പെട്ട ക്ഷത്രിയ ക്ഷേമസഭ പടുത്തുയർത്തുന്നതിൽ പങ്കാളി, ഔദ്യോഗിക ജീവിതത്തിലും കുടുംബ ജീവിതത്തിലും രാഷ്ട്രീയ ജീവിതത്തിലും പരാതിക്ക് ഇടനൽകാത്ത ഉത്സാഹശാലി. ഇതെല്ലാമോ ഇതിലുപരിയോ ആയിരുന്നൂ ശശിച്ചേട്ടൻ. അദ്ദേഹം അദ്ധ്യക്ഷനായിരുന്ന രണ്ട് ഭരണസമിതികളിൽ സംഘടനാ സെക്രട്ടറി എന്ന ചുമതല ഏല്പിക്കപ്പെട്ടതോടെയാണ് ഞങ്ങൾ പരിചയത്തിലാവുന്നത്. സംസ്ഥാന ട്രഷറർ എന്ന നിലയിലും പ്രവർത്തിച്ചിരുന്നൂ.

റിയാക്റ്റ് എന്ന സഭയുടെ ട്രസ്റ്റിൽ, സഭയ്ക്ക് കാര്യമൊന്നുമില്ലെന്ന ചില ഭാരവാഹികളുടെ അഭിപ്രായത്തിന് ബദലായി, ട്രസ്റ്റിന്റെ നിയമാവലികൾ ഭേദഗതി ചെയ്തതും സഭയുടെ നിയന്ത്രണത്തിൽ കൊണ്ടുവന്നതും അദ്ദേഹത്തിന്റെയും മാവേലിക്കര സുരേന്ദ്രൻ ചേട്ടന്റെയുമൊക്കെ ശ്രമഫലമായാണ്. തിരുവല്ല ക്ഷത്രിയ ക്ഷേമ സഭയെ സംയോജിപ്പിക്കുന്നതിലും അദ്ദേഹത്തിന്റെ ശ്രമമുണ്ട്.

അപൂർവമായേ കാണാറുള്ളൂവെങ്കിലും സ്വകാര്യങ്ങൾ തുറന്നുപറയുന്ന ഒരടുപ്പം ഞങ്ങൾക്കിടയിൽ വളർന്നിരുന്നു. വ്യത്യസ്ത പ്രത്യയശാസ്ത്രങ്ങളിൽ വിശ്വസിച്ചു പ്രവർത്തിക്കുമ്പോഴും പരസ്പര വിശ്വാസം നിലനിന്നിരുന്നു.



അദ്ദേഹത്തിന്റെ വിയോഗത്തിൽ കുടുംബാംഗങ്ങളുടെയും സഭയുടെയും ദുഃഖത്തിൽ പങ്കുചേരുന്നു. പ്രാർത്ഥനകളോടെ.


**കെ. പ്രേമചന്ദ്രവർമ്മ**
(സെക്രട്ടറി, വൈക്കം യൂണിറ്റ്)

ലേഖനം

# സുഗന്ധ സ്മൃതികൾ

**കെ.എൽ. ശ്രീകൃഷ്ണദാസ്**

തിരുവനന്തപുരം. മൊ. 9447390709



മലയാള ചലച്ചിത്ര മേഖലയ്ക്ക് മറക്കാനാവാത്ത മാസങ്ങളാണ് മാർച്ചും ഏപ്രിലും. മലയാളികളുടെ പ്രിയപ്പെട്ട ഗാനരചയിതാവും കവിയുമായ വയലാർ രാമവർമ്മ ജനിച്ചത് ഒരു മാർച്ച് 25 നാണ്. മഹാനായ സംഗീത സംവിധായകൻ ജി. ദേവരാജൻ മാസ്റ്റർ അന്തരിച്ചത് ഒരു മാർച്ച് 15 നാണ്... കവി, ഗാനരചയിതാവ്, ചലച്ചിത്ര നിർമ്മാതാവ്, ചലച്ചിത്ര സംവിധായകൻ, അഭിനേതാവ് എന്നീ നിലകളിലൊക്കെ മലയാളികളുടെ മനസ്സിൽ നിറഞ്ഞുനിൽക്കുന്ന പി. ഭാസ്കരൻ മാസ്റ്ററുടെ ജന്മശതാബ്ദി ഈ വർഷം ഏപ്രിൽ 21 നാണ്. ഈ



മൂന്നു മഹാപ്രതിഭാശാലികളെക്കുറിച്ചുള്ള ഓർമ്മകൾ മനസ്സിലേക്ക് തിക്കിത്തിരക്കി കടന്നു വരുന്നു.

'വയലാർ രാമവർമ്മ' എന്ന കുട്ടൻചേട്ടനെ ചെറുപ്പത്തിലെ അറിയാം. ചേർത്തല ടൗണിലൂടെ പോകുമ്പോൾ പലപ്പോഴും അദ്ദേഹം എന്റെ അച്ഛനെ കാണാൻ ചേർത്തല ക്ഷേത്രത്തിനടുത്തുള്ള ഞങ്ങളുടെ ഭവനമായ 'ശാന്തിഭവന'ത്തിൽ വരുമായിരുന്നു. ഞാൻ ഹൈസ്കൂളിൽ പഠിക്കുന്ന കാലത്ത് തന്നെ അടുത്തുള്ള സഹൃദയ ഗ്രന്ഥശാലയിൽ നിന്ന് ധാരാളം പുസ്തകങ്ങൾ എടുത്തു വായിക്കുമായിരുന്നു. കവിതകൾ എഴുതാൻ ശ്രമിച്ചിരുന്നു. അന്ന് ഞാൻ എഴുതിയ ഒരു കവിത ആദ്യമായി കോട്ടയത്തു നിന്ന് അനുജൻ അത്തിക്കയത്തിന്റെ പത്രാധിപത്യത്തിൽ പ്രസിദ്ധപ്പെടുത്തിയിരുന്ന 'ബാലകേരളം' എന്ന മാസികയിൽ അച്ചടിച്ചുവന്നപ്പോൾ എനിക്കുണ്ടായ സന്തോഷത്തിന് അതിരില്ലായിരുന്നു. അടുത്തൊരു ദിവസം കുട്ടൻചേട്ടൻ വന്നപ്പോൾ അച്ഛൻ പറഞ്ഞു:-

"കുട്ടാ! കൃഷ്ണൻ ഒരു കവിത എഴുതിയിട്ടുണ്ട്. കുട്ടനെ കാണിക്കാൻ അവന് പേടി."

"പേടിയോ? നോക്കട്ടെ."

ഞാൻ മടിച്ചുമടിച്ച് മാസിക കാണിച്ചു. കവിത വായിച്ചിട്ട് കുട്ടൻചേട്ടൻ പറഞ്ഞു:-

"കൊള്ളാം. നിനക്കു നല്ല വാസനയുണ്ട്. ധാരാളം ക്ലാസിക്കുകൾ വായിക്കണം."

എനിക്കു സ്വർഗ്ഗം കിട്ടിയ പോലെയായി. പിന്നെ വല്ലപ്പോഴും വയലാറിൽ പോയി കുട്ടൻ ചേട്ടനെ കാണും. അമ്മയ്ക്കും ഭാരതി ചേച്ചിക്കും എന്നോടു വാൽസല്യമായിരുന്നു. എസ്.എസ്.എൽ.സിക്ക് വയലാർ രാമവർമ്മയുടെ 'പുരുഷാന്തരങ്ങളിലൂടെ' എന്ന യാത്രാവിവരണ ഗ്രന്ഥം ഞങ്ങൾക്ക് മലയാളം

നോൺ ഡീറ്റയിൽഡ് പുസ്തകമായി പഠിക്കാനുണ്ടെന്ന വിവരം ഞാൻ കുട്ടൻചേട്ടനെ അറിയിച്ചപ്പോൾ എന്നോടു ചോദിച്ചു.

“നീ അത് മുഴുവൻ വായിച്ചോ?”

“വായിച്ചു.”

“എന്നിട്ട് അതിൽ ഏറ്റവും ഇഷ്ടപ്പെട്ട ഭാഗം ഏതാ?”

“കബീറിന്റെ ദോഹയുടെ കുട്ടൻചേട്ടന്റെ പരിഭാഷ.”

എന്നിട്ട് ഞാൻ അത് ഉറക്കെ ചൊല്ലി.

“ഉപവസിച്ചില്ല പുണ്യാഹമന്ത്രങ്ങ-
ളൂരുവിടാറില്ല തീർഥാടനങ്ങളിൽ
മനുജമാനസക്ഷേത്രങ്ങളിൽ സ്വയം
പണിതുയർത്തി ഞാൻ മെക്കയും കാശിയും”

വയലാർ അത് ആസ്വദിച്ച് ചിരിച്ചുകൊണ്ട് പറഞ്ഞു.

“അപ്പോൾ നീ മുഴുവൻ വായിച്ചു.”

വയലാർ രാമവർമ്മ അന്തരിച്ചപ്പോൾ കൊച്ചിയിൽ നിന്ന് വൈക്കം ചന്ദ്രശേഖരൻ നായരുടെ പത്രാധിപത്യത്തിൽ പ്രസിദ്ധീകരിച്ചിരുന്ന ‘ചിത്രകാർത്തിക’ വാരികയിൽ 1975 നവംബർ 16 ലക്കത്തിൽ ‘എന്റെ കുട്ടൻ ചേട്ടൻ’ എന്ന ശീർഷകത്തിൽ ഞാൻ എഴുതിയ ലേഖനം ആരംഭിച്ചത് ഈ കവിതാ ശകലത്തോടെയാണ്.

അറുപതുകളുടെ തുടക്കത്തിൽ ഉപരിപഠനത്തിനായി എറണാകുളം മഹാരാജാസ് കോളേജിൽ ചേർന്നപ്പോഴാണ് ഞാൻ ആദ്യമായി ഒരു സിനിമാ ഷൂട്ടിങ്ങ് കാണുന്നത്. ‘അന്ന’ എന്ന സിനിമയുടെ കുറെ ഭാഗം ഷൂട്ട് ചെയതത് മഹാരാജാസ് കോളേജിൽ ആയിരുന്നു. കെ.എസ്. സേതുമാധവൻ സംവിധാനം ചെയ്ത ആ ചിത്രത്തിലെ നായകൻ സത്യൻ ആയിരുന്നു. പിന്നീട് ചേർത്തലയിൽ വെച്ച് ജെ.ഡി. തോട്ടാൻ സംവിധാനം ചെയ്ത ‘കല്യാണ ഫോട്ടോ’ എന്ന ചിത്രത്തിലെ ഒരു നൃത്തരംഗത്തിന്റെ ഷൂട്ടിംഗും കണ്ടു. അതിലെല്ലാം എന്നെ ആകർഷിച്ചത് സംവിധായകന്റെ അപ്രമാദിത്വം ആയിരുന്നു. മഹാനടനായ സത്യൻ പോലും സംവിധായകനെ അനുസരിക്കുന്നു. അങ്ങനെയാണ് എന്നിൽ ഒരു സിനിമാ സംവിധായകൻ ആകണം എന്ന മോഹം ഉദിച്ചത്. പൂനെയിലെ ഫിലിം ഇൻസ്റ്റിറ്റ്യൂട്ടിൽ നിന്ന് അപേക്ഷാഫോറം വരുത്തിയെങ്കിലും അപേക്ഷിക്കാൻ പോലും അച്ഛനും അമ്മയും സമ്മതിച്ചില്ല. എനിക്ക് വലിയ വിഷമമായി. അടുത്ത തവണ വയലാറിൽ പോയപ്പോൾ ഞാൻ കുട്ടൻചേട്ടനോട് വിവരം പറഞ്ഞു. സ്വതസ്സിദ്ധമായ പുഞ്ചിരിയോടെ മുറ്റത്തേക്ക് മുറുക്കിത്തുപ്പിക്കൊണ്ട് അദ്ദേഹം പറഞ്ഞു:

“ഓ! ഇതാണോ കാര്യം. പൂനയിൽ പോയി പഠിച്ചിട്ടാണോ എല്ലാവരും സംവിധാനം ചെയ്യുന്നത്? നമുക്ക് വഴിയുണ്ടാക്കാം. ഇപ്പോൾ ഉദയായിൽ ‘ശകുന്തള’ എന്ന സിനിമയുടെ ഷൂട്ടിംഗ് തുടങ്ങാൻ പോകുകയാണ്. ഞാനാണ് പാട്ടെഴുതുന്നത്. ദേവരാജൻ സംഗീതം. ഞാൻ നിന്നെ ചാക്കോച്ചന് (കുഞ്ചാക്കോയെ അടുപ്പമുള്ളവർ അങ്ങിനെയാണ് വിളിച്ചിരുന്നത്) പരിചയപ്പെടുത്താം നീ ഇടയ്ക്കൊക്കെ അവിടെ പോയി സംവിധാനം പഠിക്കൂ.”

അങ്ങനെ ഞാൻ ആലപ്പുഴയിലെ ഉദയാ സ്റ്റുഡിയോയിൽ പോയി. ഒന്നല്ല പല പ്രാവശ്യം. പക്ഷേ സംവിധാനമൊന്നും പഠിച്ചില്ല. പ്രേം നസീറിനെയും സത്യനെയും കെ.ആർ. വിജയയെയും ഒക്കെ അടുത്ത് കാണാൻ സാധിച്ചു എന്നു മാത്രം. അവിടെ വെച്ചാണ് ഞാൻ ദേവരാജൻ മാസ്റ്ററെ ആദ്യമായി പരിചയപ്പെടുന്നത് ഇരുണ്ടു മെലിഞ്ഞ് തൂവെള്ള വസ്ത്രമണിഞ്ഞ മാസ്റ്റർക്ക് വയലാർ എന്നെ പരിചയപ്പെടുത്തി.

“ഇത് എന്റെ ഒരു അനുജൻ. കൃഷ്ണൻ. കെ.എൽ. ശ്രീകൃഷ്ണദാസ് എന്നൊക്കെ അവൻ നീട്ടി വലിച്ചു പറയും. മഹാരാജാസിൽ പഠിക്കുന്നു. ഇവിടെ സിനിമാ സംവിധാനം പഠിക്കാൻ വന്നതാണ്.”

ദേവരാജൻ മാസ്റ്റർ എന്നെ നോക്കി ഗൗരവത്തിൽ ഒന്നു മൂളി. ആ മൂളലിൽ നിറഞ്ഞിരുന്ന വികാരം സഹതാപമോ, പരിഹാസമോ നിസ്സംഗതയോ എന്നൊന്നും എനിക്കു മനസ്സിലാക്കാൻ കഴിഞ്ഞില്ല. അതിനു ശേഷം അദ്ദേഹത്തെ അകലെ നിന്നു കാണുകയേ ചെയ്തിട്ടുള്ളൂ.

കരപ്പുറം ക്ഷത്രിയസഭ വളരെ സജീവമായി പ്രവർത്തിച്ചിരുന്ന കാലം ആയിരുന്നു അത്. സഭയുടെ യുവജനവിഭാഗം എല്ലാ വാർഷികത്തിനും

എസ്.എൽ.പുരം സദാനന്ദൻ, ഏരൂർ വാസുദേവ്, എൻ.പി. ചെല്ലപ്പൻ നായർ, ശ്രീമന്ദിരം കെ.പി. തുടങ്ങിയവരുടെ നാടകങ്ങൾ അവതരിപ്പിച്ചിരുന്നു. അതിന് ഉപയോഗിക്കാൻ വയലാർ മറ്റു കലാസമിതികൾക്ക് വേണ്ടി എഴുതിയ ഗാനങ്ങൾ ഞങ്ങൾക്ക് തന്നിരുന്നു. ഒരു വർഷം പ്രശസ്ത ഗായിക ശാന്താ പി. നായരുടെ ഭർത്താവായ കെ. പത്മനാഭൻ നായർ എഴുതിയ 'സന്ധ്യയ്ക്കൊരു സൂര്യോദയം' എന്ന നാടകമാണ് തിരഞ്ഞെടുത്തത്. സ്ഥിരം സംവിധായകനായ, ഞങ്ങൾ സ്നേഹാദരങ്ങളോടെ കൊച്ചനിയൻ ചേട്ടൻ എന്നു വിളിക്കുന്ന എൻ. ഉദയവർമ്മ ഗാനങ്ങൾക്കായി വയലാറിലേക്ക് പോയപ്പോൾ ഒപ്പം ഞാനും ഉണ്ടായിരുന്നു. കുട്ടൻചേട്ടൻ മദ്രാസിലേക്ക് പോകാൻ തിരക്കിട്ട് നിൽക്കുകയായിരുന്നു. വിവരം പറഞ്ഞപ്പോൾ കുട്ടൻചേട്ടൻ പറഞ്ഞു:-

''കൃഷ്ണൻ കവിതയൊക്കെ എഴുതുമല്ലോ. ഇത്തവണ അവൻ പാട്ടെഴുതട്ടെ"

എനിക്ക് എന്റെ കാതുകളെ വിശ്വസിക്കാൻ കഴിഞ്ഞില്ല. കൊച്ചനിയൻ ചേട്ടനും സമ്മതം മൂളിയതോടെ എന്റെ സന്തോഷത്തിന് അതിരില്ലായിരുന്നു. അങ്ങനെ ഞാൻ ആദ്യമായി ഒരു നാടകത്തിന് ഗാനങ്ങൾ എഴുതി. പ്രസിദ്ധ വയലിനിസ്റ്റും സംഗീത സംവിധായകനുമായ തിരുവല്ല ഗോപാലകൃഷ്ണനാണ് സംഗീതം നല്കിയത്. ഏതായാലും കുട്ടൻചേട്ടന്റെ അനുഗ്രഹം ഫലിച്ചു. പിന്നീട് കെ. രാഘവൻ മാസ്റ്റർ, എം.കെ. അർജുനൻ മാസ്റ്റർ, കെ.പി. ഉദയഭാനു, എം.ജി. രാധാകൃഷ്ണൻ, പെരുമ്പാവൂർ ജി. രവീന്ദ്രനാഥ്, മോഹൻ സിതാര, മുരളി സിതാര തുടങ്ങി എത്രയോ പ്രഗത്ഭർ എന്റെ ഗാനങ്ങൾക്ക് ഈണം പകർന്നു. യേശുദാസ്, ജയചന്ദ്രൻ, എം.ജി. ശ്രീകുമാർ, കെ.ജി. മാർക്കോസ്, ജോളി എബ്രഹാം, കെ.എസ്. ചിത്ര, സുജാത, രാധികാ തിലക്, ഭാവനാ രാധാകൃഷ്ണൻ, സുദീപ് കുമാർ തുടങ്ങിയ ഗായകർ എന്റെ ഗാനങ്ങൾ ആലപിച്ചു.



തകഴിയോടൊപ്പം

വയലാറിന്റെ സാഹിത്യ സംഭാവനകൾ ഏവർക്കും സുപരിചിതമാണ്. 'പാദമുദ്രകൾ' മുതൽ 'സർഗ്ഗസംഗീതം' വരെയുള്ള കവിതകൾ, 'കൂടപ്പിറപ്പ്' എന്ന സിനിമയിലെ ''തുമ്പീ തുമ്പീ വാവാ", "എന്തിന് പൊൻ കനികൾ" എന്നീ ഗാനങ്ങളിൽ തുടങ്ങിയ ചലച്ചിത്രരംഗത്തെ അനശ്വര സംഭാവനകൾ ഒക്കെ നമുക്കറിയാം. 1965-ൽ റിലീസ് ചെയ്ത 'ചെമ്മീൻ' മികച്ച ചിത്രത്തിനുള്ള ദേശീയ പുരസ്കാരം നേടി. അതിൽ വയലാർ എഴുതിയ "കടലിലെ ഓളവും കരളിലെ മോഹവും അടങ്ങുകില്ലോമനേ അടങ്ങുകില്ല" എന്ന വരികളാണ് ലോകത്തിലെ ഏറ്റവും ഉദാത്തമായ കവിതയെന്ന് ഒരു ചോദ്യത്തിന് ഉത്തരമായി കെ. ബാലകൃഷ്ണൻ കൗമുദി വാരികയിൽ എഴുതിയിരുന്നു. ചെമ്മീനിന്റെ വൻ വിജയത്തിൽ അനുമോദിക്കാൻ ഞാൻ തകഴിച്ചേട്ടനെ കണ്ടപ്പോൾ അദ്ദേഹം പറഞ്ഞു: "അതിനു കുഞ്ഞേ ഞാൻ ഒന്നും ചെയ്തില്ലല്ലോ. കഥ കൊടുത്തതല്ലേ ഒള്ളു. രാമു അല്ലിയോ എല്ലാം ചെയ്തത്. സദാനന്ദൻ തിരക്കഥ എഴുതി. കുട്ടൻ പാട്ടെഴുതി. സത്യനും മധുവും ഷീലേം കൊട്ടാരക്കരേം ഒക്കെ നന്നായിട്ട് അഭിനയിച്ചു. പടം നന്നായീന്ന് എല്ലാരും പറയുമ്പം എനിക്കും സന്തോഷം. അല്ലാതെന്തുവാ?"

കെ. ബാലകൃഷ്ണന്റെ കമന്റിനെക്കുറിച്ച് പറഞ്ഞപ്പോൾ തകഴിച്ചേട്ടൻ പറഞ്ഞു:

"അത്തരം വരികൾ എഴുതാൻ കുട്ടനേ കഴിയൂ. അത്തരം ഒരു കമന്റ് എഴുതാൻ ബാലനേ കഴിയൂ."

1971 ഫെബ്രുവരി 8-നു അമ്പലപ്പുഴയിൽ വന്നു എന്റെ വിവാഹച്ചടങ്ങിൽ വയലാർ ആദ്യാവസാനം പങ്കെടുത്തു.

'അച്ഛനും ബാപ്പയും' എന്ന ചിത്രത്തിന് വേണ്ടി വയലാർ എഴുതിയ "മനുഷ്യൻ മതങ്ങളെ സൃഷ്ടിച്ചു, മതങ്ങൾ ദൈവങ്ങളെ സൃഷ്ടിച്ചു" എന്നു തുടങ്ങുന്ന

ഗാനത്തിന് ഏറ്റവും മികച്ച ചലച്ചിത്ര ഗാനത്തിനുള്ള ദേശീയ അവാർഡ് ലഭിച്ചു. അവാർഡ്ദാന ചടങ്ങിൽ പങ്കെടുക്കാൻ അദ്ദേഹം ന്യൂഡൽഹിയിൽ വന്നു. കേരള ഹൗസിലാണ് താമസിച്ചത്. ഞാൻ അന്ന് അവിടെ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാസ്സ് കമ്യൂണിക്കേഷനിൽ ഒരു പരിശീലന പരിപാടിയിൽ പങ്കെടുക്കുകയായിരുന്നു. കുട്ടൻചേട്ടനെ കാണാൻ പോയപ്പോൾ എന്നോടൊപ്പം പ്രശസ്ത നോവലിസ്റ്റ് എം. മുകുന്ദനും മാതൃഭൂമിയുടെ ഡൽഹി പ്രതിനിധി വി.കെ. മാധവൻകുട്ടിയും ഉണ്ടായിരുന്നു. അരമണിക്കൂർ സംസാരിച്ച് പിരിഞ്ഞപ്പോൾ ഇരുവരും പറഞ്ഞു:

"അദ്ദേഹം ഒരു അത്ഭുതം തന്നെ. ചിരകാല സുഹൃത്തുക്കളോടെന്നപോലെയല്ലേ അദ്ദേഹം സംസാരിച്ചത്. ഈ സന്ദർശനം നമുക്ക് എങ്ങിനെ മറക്കാനാകും?"

അതായിരുന്നു വയലാർ... പരിചയപ്പെടുന്ന ആരെയും നിമിഷങ്ങൾ കൊണ്ട് തന്നിലേക്ക് അടുപ്പിക്കുന്ന ഒരു കാന്തിക സ്പർശം അദ്ദേഹത്തിന്റെ പെരുമാറ്റത്തിന് ഉണ്ടായിരുന്നു.

പ്രശസ്ത തമിഴ് കവി കണ്ണദാസന്റെയും നിരൂപകൻ വി.എ.കെ. രങ്കറാവുവിന്റെയും അഭിപ്രായത്തിൽ വയലാർ രാമവർമ്മയാണ് ഇന്ത്യയിലെ ഏറ്റവും ഉത്തമനായ ഗാനരചയിതാവ്. മാത്രവുമല്ല വയലാർ-ദേവരാജൻ ടീമിനെ കവച്ചുവെയ്ക്കുന്ന ഒരു ടീം ഇന്ത്യയിൽ ഇല്ലെന്നും രങ്കറാവു സാക്ഷ്യപ്പെടുത്തുന്നു. അവർ തമ്മിലുള്ള ആത്മബന്ധത്തെ അടുത്തറിയാൻ കഴിഞ്ഞത് എന്റെ സുകൃതമാണ്. 1975 ഒക്ടോബർ 27-ന് വയലാർ അന്തരിച്ചു.

*ദേവരാജൻ മാസ്റ്ററോടൊപ്പം*



"സ്വർണച്ചിറകടിച്ചാ വെളിച്ചം സ്വർഗ്ഗത്തിലേക്ക് തിരിച്ചുപോയി."

പഠനം കഴിഞ്ഞ് സെൻട്രൽ സെക്രട്ടേറിയറ്റ് സർവീസിലേക്കും പിന്നീട് ഇൻഡ്യൻ ഇൻഫർമേഷൻ സർവ്വീസിലേക്കും തിരഞ്ഞെടുക്കപ്പെട്ട ശേഷം ഞാൻ 1987-ൽ ഡെപ്യൂട്ടേഷനിൽ മദ്രാസിൽ ഫിലിം സെൻസർ ഓഫീസറായി നിയമിതനായി. ചാർജ്ജെടുത്ത ഉടൻ തന്നെ വിജയ-വാഹിനി സ്റ്റുഡിയോകളിലെ പ്രഗത്ഭരായ സാങ്കേതിക വിദഗ്ദ്ധരിൽ നിന്ന് സിനിമാ നിർമ്മാണത്തിന്റെ സകല സാങ്കേതിക വശങ്ങളും പഠിച്ചു.

അന്ന് മദ്രാസിൽ താമസിച്ചിരുന്ന ദേവരാജൻ മാസ്റ്റർ എന്ന എക്കാലത്തെയും എന്റെ ആരാധനാപാത്രവുമായുള്ള എന്റെ പഴയ പരിചയം പുതുക്കാൻ ഞാൻ ധൈര്യപ്പെട്ടു. ഫോൺ നമ്പർ തപ്പിയെടുത്ത് ഞാൻ വിളിച്ചു.

"ദേവരാജൻ മാസ്റ്ററല്ലേ?"

"ഉം."

"ഞാൻ മാസ്റ്ററുടെ ഒരു ആരാധകനാണ്"

"ഓഹോ!"

നമ്മൾ തമ്മിൽ പരിചയപ്പെട്ടിട്ടുണ്ട്."

"എവിടെ വെച്ച്?"

"അറുപതുകളുടെ ആദ്യം. ഉദയായിൽ വെച്ച് വയലാർ രാമവർമ്മയുടെ കൂടെ... സംവിധാനം പഠിക്കാൻ. ശകുന്തളയുടെ ഷൂട്ടിംഗ് സമയത്ത്."

വയലാർ രാമവർമ്മ എന്നു കേട്ടപ്പോൾ മാസ്റ്ററുടെ സ്വരത്തിൽ ഉണ്ടായ മാറ്റം അത്ഭുതകരമായിരുന്നു. വാൽസല്യത്തിന്റെ മാധുര്യം കലർന്ന ശബ്ദത്തിൽ അദ്ദേഹം ചോദിച്ചു:

"കൃഷ്ണദാസ്. അല്ലേ? എന്നിട്ട് സംവിധാനം പഠിച്ചോ?"

"ഇല്ല. ഞാൻ ഇവിടെ മദ്രാസിൽ ഫിലിം സെൻസർ ഓഫീസർ ആയി ചാർജ്ജെടുത്തു."

അപ്പുറത്ത് ഒരു പൊട്ടിച്ചിരി.

ഗൗരവക്കാരനായ ദേവരാജൻ മാസ്റ്റർ ചിരിച്ചുകൊണ്ട് പറഞ്ഞു:

"അപ്പോൾ സിനിമ ഉണ്ടാക്കാൻ പഠിക്കാതെ മറ്റുള്ളവർ ഉണ്ടാക്കുന്ന സിനിമ കത്രിക കൊണ്ട് വെട്ടി നാശമാക്കാൻ പഠിച്ചു. അല്ലേ?"

അവിടെ മധുരോദാരമായ ഒരു സൗഹൃദം ആരംഭിക്കുകയായിരുന്നു. പിന്നീട് അദ്ദേഹം എന്നെ കുടുംബസമേതം കാംദാർ നഗരിലുള്ള വീട്ടിലേക്ക് ക്ഷണിച്ചു. എനിക്ക് തിരുവനന്തപുരത്തേക്ക് മാറ്റം ആയപ്പോൾ അദ്ദേഹം തിരുവനന്തപുരത്ത് കരമന യിൽ സ്ഥിരതാമസം ആക്കിയിരുന്നു. മിക്കവാറും എല്ലാ ഞായറാഴ്ചയും ഞങ്ങൾ ഒരുമിച്ച് കൂടിയി രുന്നു. സംഭാഷണം എല്ലായ്പ്പോഴും ചെന്നു നിൽക്കുന്നത് വയലാറിൽ ആയിരിക്കും. അദ്ദേഹ ത്തിന്റെ സ്വഭാവസവിശേഷതകൾ, കുസൃതികൾ ഒക്കെ ഞങ്ങളുടെ സംഭാഷണവിഷയമാകും.

എന്റെ രണ്ടുമൂന്ന് ലളിതഗാനങ്ങൾ ദൂരദർശൻ സംപ്രേഷണത്തിന് തിരഞ്ഞെടുത്തിരുന്നു. അവയ്ക്ക് സംഗീത സംവിധാനം നിർവ്വഹിക്കാമെന്ന് മാസ്റ്റർ സദയം സമ്മതിച്ചു. ആദ്യഗാനം ചിട്ടപ്പെടുത്താൻ മാസ്റ്റർ ഹാർമ്മോണിയവുമായി ഇരുന്നപ്പോൾ ഞാനും ഒപ്പം ഇരുന്നു. എന്റെ പഴയ സഹ പ്രവർത്തകനും മികച്ച ക്യാമറാമാനുമായ ടി.കെ. മുത്തയ്യ; (അദ്ദേഹത്തിന്റെ അച്ഛൻ മാസ്റ്ററുടെ അടുത്ത പരിചയക്കാരൻ ആയിരുന്നു). ഒരു ചിത്രമെടുക്കാൻ മാസ്റ്ററോട് അനുവാദം ചോദിച്ചു. അനുവദിച്ച ശേഷം മാസ്റ്റർ എന്നോടു പറഞ്ഞു:

"ഞാൻ ട്യൂൺ ചെയ്യുമ്പോൾ ഇതിന് മുമ്പ് ഒരാളെ മാത്രമേ എന്റെ അടുത്തിരിക്കാൻ സമ്മതി ച്ചിട്ടുള്ളൂ."

"അതെനിക്കറിയാം. ആ ആളുടെ സ്വന്തം ആളാ യതുകൊണ്ടല്ലേ ഞാൻ ധൈര്യമായിട്ടു ഇരുന്നത്."


പി. ഭാസ്ക്കരനോടൊപ്പം

മാസ്റ്റർ ചിരിച്ചു. ഏതായാലും ചില സാങ്കേതിക കാരണങ്ങളാൽ ആ പ്രോജക്റ്റ് നടന്നില്ല.

വേറൊരു ദിവസം. ഞങ്ങൾ പതിവ് പോലെ സംസാരിച്ചിരുന്നു. ഒരു മണിക്കൂർ കഴിഞ്ഞ് ഞാൻ യാത്ര പറഞ്ഞ് ഇറങ്ങാൻ തുടങ്ങിയപ്പോൾ മാസ്റ്റർ തടഞ്ഞു. കുറച്ചു കഴിഞ്ഞപ്പോൾ മലയാള ചലച്ചിത്ര മേഖലയിലെ പ്രമുഖർ ഓരോരുത്തരായി കടന്നു വന്നു. പി. ഭാസ്കരൻ മാസ്റ്റർ, കെ. രാഘവൻ മാസ്റ്റർ, ഒ.എൻ.വി സാർ, കെ. ജയകുമാർ, ബിച്ചു തിരുമല തുടങ്ങിയവർ. അൽപ്പം കഴിഞ്ഞ് ഒരു ഫോട്ടോഗ്രാഫർ വന്നു. കസേരകളും മറ്റും തയ്യാറാ ക്കുന്നത് കണ്ടപ്പോൾ ഞാൻ ചോദിച്ചു.

"എന്താ ഇത്? ഞാൻ പൊക്കോട്ടെ?"

"മലയാള ചലച്ചിത്ര ഗാനങ്ങളുടെ 50 വർഷത്തെ ചരിത്രം രേഖപ്പെടുത്തുന്ന ഒരു ബൃഹദ് ഗ്രന്ഥം തയ്യാറാക്കുകയാണ്. അതിന്റെ കമ്മിറ്റി അംഗങ്ങ ളുടെ ഫോട്ടോ എടുക്കാനാണ്."

"അതിനു ഞാൻ കമ്മിറ്റിയിൽ ഇല്ലല്ലോ."

"കൃഷ്ണദാസ് കമ്മിറ്റിയിൽ ഉണ്ട്." ദേവരാജൻ മാസ്റ്റർ പറഞ്ഞു.

"അതെയതെ. ശ്രീകൃഷ്ണദാസ് കമ്മിറ്റിയിൽ ഉണ്ട്." ഭാസ്കരൻ മാസ്റ്റർ ഏറ്റുപറഞ്ഞു.

"മടിച്ച് നിൽക്കാതെ എന്റെ പിന്നിൽ വന്നു നിൽക്ക്."

മുന്നിൽ കസേരകളിൽ ഭാസ്കരൻ മാസ്റ്റർ, രാഘവൻ മാസ്റ്റർ, ദേവരാജൻ മാസ്റ്റർ, ഒ.എൻ.വി. സാർ, കോ-ഓർഡിനേറ്റർ ആയ കെ. ജയകുമാർ, പിന്നിൽ ബിച്ചു തിരുമല, ഞാൻ, എൻ. മോഹനൻ, സി.വി. ത്രിവിക്രമൻ തുടങ്ങിയവർ... ഫോട്ടോ സെഷൻ കഴിഞ്ഞ് എല്ലാവരും പോയപ്പോൾ ഞാൻ മാസ്റ്ററോടു പറഞ്ഞു:

"മാസ്റ്റർ എന്തു പണിയാ കാണിച്ചത്? കമ്മി റ്റിയിൽ ഇല്ലാത്ത എന്നെ ഫോട്ടോയ്ക്ക് ഇരുത്തി യത് ശരിയായില്ല. മറ്റുള്ളവർക്ക് എന്തു തോന്നും?"

"ഒന്നും തോന്നുകയില്ല. കൃഷ്ണദാസിനെ എല്ലാവർക്കും അറിയാം. പിന്നെ എന്റെ തൊട്ടടുത്ത് ഇരിക്കേണ്ടിയിരുന്ന മഹാപ്രതിഭാശാലിയായ ഒരാൾ ഇന്ന് നമ്മോടൊപ്പം ഇല്ലല്ലോ. അദ്ദേഹ

ത്തിന്റെ ഒരു എളിയ പ്രതിനിധി ആയിട്ട് എന്റെ പുറകിൽ നിന്നു എന്ന് കരുതിയാൽ മതി.”

അതെ. മാസ്റ്ററുടെ മനസ്സിൽ അപ്പോഴും വയലാർ ആയിരുന്നു. അവരുടെ ആത്മബന്ധ ത്തിന്റെ ആഴം സൂചിപ്പിക്കാനാണ് ഞാൻ ഈ സംഭവം എഴുതിയത്. ‘ചതുരംഗം’ എന്ന സിനിമ യിൽ ആരംഭിച്ച ആ കൂട്ടായ്മ പിന്നീട് ‘നിത്യ കന്യക’, ‘ഭാര്യ’, ‘മണവാട്ടി’, ‘കടലമ്മ’, ‘അന്ന’, ‘ഓടയിൽ നിന്ന്’, ‘ദാഹം’, ‘ശകുന്തള’ തുടങ്ങി എത്രയോ ചിത്രങ്ങളിലൂടെ അവർ നമ്മെ സംഗീതത്തിന്റെ അഭൗമ മേഖലകളിലേക്ക് ആനയിച്ചു. വർഷങ്ങൾക്ക് മുൻപ് ആകാശവാണി നടത്തിയ ഒരു ഗാലപ്പ് പോളിൽ ആയിരക്കണക്കിന് ആസ്വാദകർ തിരഞ്ഞെടുത്ത ഏറ്റവും മികച്ച 12 മലയാള ചലച്ചിത്ര ഗാനങ്ങളിൽ 6 എണ്ണവും വയ ലാറിന്റേത് ആയിരുന്നു. ഏറ്റവും മികച്ച ഗാനമായി തിരഞ്ഞെടുത്തത് വയലാറിന്റെ “ആയിരം പാദ സരങ്ങൾ കിലുങ്ങി” എന്നതായിരുന്നു. അത് മലയാള ചലച്ചിത്ര സംഗീതത്തിന്റെ വസന്തകാലം ആയിരുന്നു.

ആ വസന്തകാലത്തിന് തുടക്കമിട്ടത് പി. ഭാസ്ക രൻ മാസ്റ്റർ ആയിരുന്നു. 1953-ൽ രാമു കാര്യാട്ടു മായി ചേർന്ന് സംവിധാനം ചെയ്ത ‘നീലക്കുയിൽ’ എന്ന ചിത്രത്തിന് വേണ്ടി അദ്ദേഹം രചിച്ച ഗാന ങ്ങൾ ഇന്നും മലയാളിയുടെ മനസ്സിൽ മലയാളി ത്തത്തിന്റെ മധുരം പകരുന്നു. പിന്നീട് ‘രാരിച്ചൻ എന്ന പൗരൻ’, ‘ഇരുട്ടിന്റെ ആത്മാവ്’, ‘തുറക്കാത്ത വാതിൽ’, ‘കാട്ടുകുരങ്ങ്’ തുടങ്ങി ഒട്ടേറെ ചിത്ര ങ്ങളിലെ ഗാനങ്ങളിലൂടെ ലാളിത്യവും സൗന്ദ ര്യവും നിറഞ്ഞ ഒട്ടേറെ കവിതകൾ മലയാളിക ളുടെ മനസ്സിലേക്ക് ഒഴുകിയെത്തി...

ഞാൻ മാസ്റ്ററെ ആദ്യം പരിചയപ്പെടുന്നത് 1970-ൽ തിരുവനന്തപുരത്ത് പോസ്റ്റിംഗ് ആയി വന്നപ്പോഴാണ്. ആദ്യം പരിചയപ്പെട്ടപ്പോൾ തന്നെ ഏറെ സ്നേഹത്തോടെയാണ് അദ്ദേഹം പെരു മാറിയത്. അദ്ദേഹം പഠിച്ചിരുന്ന മഹാരാജാസ് കോളേജിലാണ് ഞാനും പഠിച്ചിരുന്നത് എന്നു പറഞ്ഞപ്പോൾ കോളേജ് ജീവിതത്തെക്കുറിച്ച് അദ്ദേഹം ധാരാളം സംസാരിച്ചു. മാതൃഭൂമി ആഴ്ച പ്പതിപ്പിൽ വന്ന എന്റെ ചില കവിതകൾ അദ്ദേഹം വായിച്ചിട്ടുണ്ട് എന്നറിഞ്ഞപ്പോൾ എനിക്കു അത്ഭുതം തോന്നി... പിന്നീട് പലപ്പോഴും അദ്ദേ ഹത്തെ കാണാനും സംസാരിക്കാനും അവസരം കിട്ടിയിട്ടുണ്ട്. എന്നാൽ ആ പരിചയം ആത്മ ബന്ധമായി മാറിയത് വർഷങ്ങൾക്കു ശേഷം ആണ്. 1988-മെയ് മാസത്തിൽ ഞാൻ തിരുവനന്ത പുരത്ത് ഫിലിം സെൻസർ ഓഫീസറായി ചാർജ്ജെടുത്തപ്പോൾ ഭാസ്കരൻ മാസ്റ്റർ കേന്ദ്ര ഫിലിം സെൻസർ ബോർഡ് അംഗമായിരുന്നു. കേരളത്തിൽ നിന്ന് ഭാസ്കരൻ മാസ്റ്ററും ‘അച്ചാണി രവി’ എന്ന് അറിയപ്പെട്ടിരുന്ന പ്രശസ്ത ചലചിത്ര നിർമ്മാതാവ് കെ. രവീന്ദ്രനാഥൻ നായരുമാണ് കേന്ദ്ര ഫിലിം സെൻസർ ബോർഡിൽ അംഗങ്ങ ളായി ഉണ്ടായിരുന്നത്. സെൻസർ ബോർഡ് നിയമം അനുസരിച്ച് ഓരോ ചിത്രവും സെൻസർ ചെയ്ത് തീരുമാനം എടുത്തുകഴിഞ്ഞാൽ ഫയലിൽ സെൻസർ ബോർഡിന് വേണ്ടി കേന്ദ്ര ഫിലിം സെൻസർ ബോർഡ് അംഗവും കേന്ദ്ര ഗവൺ മെന്റിന് വേണ്ടി ഫിലിം സെൻസർ ഓഫീസറും ഒപ്പിട്ടു കഴിഞ്ഞാൽ മാത്രമേ നടപടി ക്രമങ്ങൾ പൂർത്തിയാകുകയുള്ളൂ. അങ്ങനെ ഫയലിൽ ഒപ്പിടാനായി ഞാനും ഭാസ്കരൻ മാസ്റ്ററും ആഴ്ച യിൽ പല പ്രാവശ്യം ഒത്തു കൂടാറുണ്ടായിരുന്നു. അന്ന് തിരുവനന്തപുരത്തെ സെൻസർ ബോർഡിന്റെ ആസ്ഥാനം വഴുതക്കാട് കലാഭവനിൽ ആയിരുന്നു. പലപ്പോഴും ഫയൽ ഒപ്പിടാനായി വീട്ടിലേക്ക് കൊടു ത്തയയ്ക്കാം എന്നു ഞാൻ പറയുമ്പോൾ മാസ്റ്റർ പറയും:-

“വേണ്ട. ഞാൻ കലാഭവനിലേക്ക് വരാം. നമുക്ക് കുറച്ചുനേരം സംസാരിച്ച് ഇരിക്കാമല്ലോ.” മാസ്റ്റർ വന്നുകഴിഞ്ഞാൽ ഞങ്ങൾ ഏറെനേരം കവിതക ളെക്കുറിച്ചും ഗാനങ്ങളെക്കുറിച്ചും സിനിമകളെക്കു റിച്ചും ഒക്കെ സംസാരിച്ചിരിക്കും. ആ മഹാപ്രതി ഭാശാലിയുടെ അനുഭവകഥകൾ കേട്ടിരിക്കുക എനിക്ക് ഒരു ഹരമായിരുന്നു. ഒരു ദിവസം മാസ്റ്റർ പറഞ്ഞു:-

“എന്റെ ‘വയലാർ ഗർജ്ജിക്കുന്നു’ എന്ന കാവ്യ ഗ്രന്ഥത്തിന്റെ പുതിയ പതിപ്പ് ഇറക്കിയാൽ കൊള്ളാം എന്നുണ്ട്. പക്ഷേ പഴയ പതിപ്പിന്റെ ഒരു കോപ്പി പോലും എന്റെ കൈയിൽ ഇല്ല. ശ്രീകൃഷ്ണദാസിന് ഒരു കോപ്പി സംഘടിപ്പി ക്കാമോ?”

ഞാൻ ചിരിച്ചുകൊണ്ടു പറഞ്ഞു:-

"പുസ്തകം എന്റെ കൈയിൽ ഉണ്ട്. ഞാൻ തരാം. അതിലെ പല വരികളും എനിക്കു കാണാപ്പാഠവും ആണ്."

എന്നിട്ട് ഞാൻ മെല്ലെ പാടി:-

"ഉയരും ഞാൻ നാടാകെ പടരും ഞാൻ ഒരു
പുത്ത-
നുയിർ നാടിന്നേകിക്കൊണ്ടുയരും വീണ്ടും"

ഭാസ്കരൻ മാസ്റ്റർ നിർവൃതിയോടെ കേട്ടിരുന്നു. ഞാൻ വീണ്ടും പറഞ്ഞു:-

"പക്ഷേ പുസ്തകം എനിക്കു തിരിച്ചുതരണം. ഞാൻ പൊന്നുപോലെ സൂക്ഷിക്കുന്ന കവിതയാണ്."

"അത് പറ്റില്ലല്ലോ. എന്നാൽ പുതിയ പതിപ്പിന്റെ ആദ്യ കോപ്പി ശ്രീകൃഷ്ണദാസിന്."

മാസ്റ്റർ വാക്കുപാലിച്ചു. "ശ്രീകൃഷ്ണദാസിന് സ്നേഹത്തോടും കൃതജ്ഞതയോടും" എന്നെഴുതി ഒപ്പിട്ട ഒരു കോപ്പി എനിക്കു തന്നു.

ആ കാലത്ത് ഞാൻ 'മോഹനേട്ടൻ' എന്നു വിളിക്കുന്ന പ്രശസ്ത കഥാകൃത്തും പബ്ലിക് റിലേഷൻസ് വകുപ്പിലെ ഉന്നതോദ്യോഗത്തിൽ നിന്നു വിരമിച്ച വ്യക്തിയുമായ എൻ. മോഹനൻ തിരുവനന്തപുരത്തെ സെൻസർ ബോർഡിന്റെ ഉപദേശകസമിതിയംഗം ആയിരുന്നു. ഒരു ദിവസം ഞങ്ങൾ കലാഭവനിൽ സംസാരിച്ചിരിക്കുമ്പോൾ ഭാസ്കരൻ മാസ്റ്റർ ചില ഫയലുകൾ ഒപ്പിടാനായി അവിടേക്കു കടന്നുവന്നു. അൽപ്പം കഴിഞ്ഞപ്പോൾ അദ്ദേഹം ഞങ്ങളെ രണ്ടുപേരെയും അദ്ദേഹത്തിന്റെ ജവഹർ നഗറിലുള്ള വീട്ടിലേക്ക് ക്ഷണിച്ചു. അവിടെ എത്തിയപ്പോൾ സന്ധ്യയായിരുന്നു. ചായ കുടിച്ചുകഴിഞ്ഞപ്പോൾ മാസ്റ്റർ പറഞ്ഞു:- "ഞാൻ നിങ്ങളെ വിളിച്ചത് എന്തിനാണെന്നോ? ഞാൻ ബാബുരാജിനെക്കുറിച്ച് ഒരു കവിത എഴുതിയിട്ടുണ്ട്. അത് 'മാതൃഭൂമി'ക്ക് അയയ്ക്കുന്നതിന് മുമ്പ് നിങ്ങളെ ഒന്നു വായിച്ചുകേൾപ്പിക്കാനാണ്.

എൻ. മോഹനൻ പറഞ്ഞു:- "ഞങ്ങളുടെ സുകൃതം!"


വരാന്തയിൽ ഇരുന്നു മാസ്റ്റർ കവിത ആലപിച്ചു:-

"താനമായ് പിന്നെ സ്വരസ്ഥാനങ്ങൾ കാണിക്കുന്ന
ഗാനമായാ ഗീതികാ നിർഝരി പ്രവഹിക്കേ
തരളീകൃതമെന്റെ ഹൃദയസ്പന്ദം മന്ദം
തബലയ്ക്കൊപ്പം 'ത്രിതാൾ' ച്ചൊല്ലുകൾ
കൊട്ടീടുന്നു!"

മഹാനായ കവി മഹാനായ സംഗീത സംവിധായകനെക്കുറിച്ച് എഴുതിയ കവിത ആദ്യമായി കവിയുടെ ശബ്ദത്തിൽ കേൾക്കാൻ കഴിഞ്ഞത് നിർവൃതിദായകമായ അനുഭവമായിരുന്നു.

അങ്ങനെ എത്രയെത്ര ദീപ്ത സ്മരണകൾ! ഒട്ടേറെ തിക്താനുഭവങ്ങളിലൂടെ കടന്നുപോകേണ്ടി വന്നപ്പോഴും മാസ്റ്ററുടെ മുഖത്തോ പെരുമാറ്റത്തിലോ അതൊന്നും പ്രതിഫലിച്ചിരുന്നില്ല. 1990 മാർച്ച് മാസത്തിൽ സെൻസർ ബോർഡിലെ ഔദ്യോഗിക കാലാവധി അവസാനിച്ച ഭാസ്കരൻ മാസ്റ്റർക്ക് സെൻസർ ബോർഡ് ഉപദേശക സമിതി അംഗങ്ങളും ഓഫീസറും സ്റ്റാഫ് അംഗങ്ങളും ചേർന്ന് ഹൃദ്യമായ യാത്രയയപ്പ് നല്കി. അതിനു ശേഷവും ഞാൻ പലപ്പോഴും മാസ്റ്ററുമായി ബന്ധപ്പെട്ടിരുന്നു. എന്നാൽ പിന്നീട് ഏറെക്കാലത്തിന് ശേഷം മാസ്റ്റർ മറവി രോഗത്തിന് അധീനനായി എന്ന ഹൃദയഭേദകമായ വാർത്ത ഞെട്ടലോടെയാണ് ആരാധകലോകം അറിഞ്ഞത്. കവി, ഗാനരചയിതാവ്, ചലച്ചിത്ര നിർമ്മാതാവ്, സംവിധായകൻ, അഭിനേതാവ് എന്നീ വിവിധ നിലകളിൽ സാംസ്കാരിക-സാഹിത്യ മേഖലകളിൽ നിറഞ്ഞുനിന്ന ആ പ്രതിഭാശാലിയുടെ നിര്യാണത്തോടെ വർണ്ണശബളമായ ഒരു കാലഘട്ടമാണ് നമ്മെ കടന്നുപോയത്.

പ്രിയ സുഹൃത്തായ പെരുമ്പുഴ ഗോപാലകൃഷ്ണൻ രചിച്ച് മാതൃഭൂമി ബുക്സ് പ്രസിദ്ധപ്പെടുത്തിയ ഭാസ്കരൻ മാസ്റ്ററുടെ ജീവചരിത്രഗ്രന്ഥത്തിന്റെ പ്രകാശന ചടങ്ങിൽ പങ്കെടുത്ത് സംസാരിക്കുമ്പോൾ മാസ്റ്ററെക്കുറിച്ചുള്ള എത്രയെത്ര ധന്യസ്മരണകളാണ് മനസ്സിലൂടെ കടന്നുപോയത് എന്നു പറഞ്ഞറിയിക്കാനാവില്ല. അർഹിക്കുന്ന ബഹുമതികളോ അംഗീകാരങ്ങളോ ലഭിക്കാതെ അതിലൊന്നും പരിഭവമോ പരാതിയോ പ്രകടിപ്പിക്കാതെ അനശ്വരതയിലേക്ക് കടന്നുപോയ ആ മഹാത്മാവിന് ഈ ജന്മശതാബ്ദി വർഷത്തിൽ ആദരവിന്റെ പൂച്ചെണ്ടുകൾ! ●



# ഗീതോപദേശം
# സുഖം

**കെ.സി. രാമവർമ്മ രാജ**
വലിയരാജ, നീലേശ്വരം, മൊ. 9447027272

"There is only one happiness in this life, to love and be loved" - George Sand-

"ദുഃഖം വേണ്ട, സുഖം വേണം"– ഇതാണ് എല്ലാവരുടെയും ആഗ്രഹം. ബാഹ്യ വസ്തുക്കൾ ഒന്നിനും നമുക്ക് സ്ഥിരമായ സുഖം തരാൻ പറ്റില്ല. യഥാർത്ഥ ശാന്തിയും സുഖവും വേണമെങ്കിൽ നമ്മിലേക്കുതന്നെ അന്തർമുഖമായി നോക്കണം. മനഃശാന്തിയോടുകൂടി ജീവിക്കുന്നവരാണ് ധന്യന്മാർ. മനസ്സിനെ ദേഹമോഹങ്ങളിലേക്ക് തിരിച്ചുവിട്ടാൽ സംഭവിക്കുന്ന ദുരന്തങ്ങൾ പരീക്ഷിത്തിന്റെ കഥയിൽനിന്ന് വ്യക്തമാകുന്നതാണ്. നേരെ മറിച്ച്, ഭഗവാനിലേക്കോ പരബ്രഹ്മത്തിലേക്കോ മനസ്സിനെ തിരിച്ചുവിട്ടാൽ മനഃശാന്തിയും ആത്മസാക്ഷാൽക്കാരവും സിദ്ധിക്കുന്നതാണ്. ആത്മീയ ജ്ഞാനമാണ് പരീക്ഷിത്തിനും മഹാബലിക്കും അന്ത്യകാലത്ത് ഒരു വിഷമവും ഉണ്ടാകാതിരുന്നതിന്റെ രഹസ്യം. പ്രഹ്ലാദൻ, വൃത്രാസുരൻ എന്നിവർ അസുരന്മാരായിരുന്നു. സുഗ്രീവനും ഹനുമാനും ഗജശ്രേഷ്ഠനും മറ്റും മൃഗങ്ങളായിരുന്നു. വിഭീഷണാദികൾ രാക്ഷസന്മാരായിരുന്നു. ജടായു, സമ്പാദി എന്നിവർ പക്ഷികളായിരുന്നു. യജ്ഞം ചെയ്തിരുന്ന ബ്രാഹ്മണ പത്നിമാരും ഗോകുലത്തിലെ ഗോപികളും പ്രാകൃതരായ മനുഷ്യസ്ത്രീകളായിരുന്നു. അനർഹന്മാരായവർക്കും കൂടി സത്സംഗം കൊണ്ട് മുക്തന്മാരാകാമെങ്കിൽ, അർഹരായുള്ള സജ്ജനങ്ങൾക്ക് നിശ്ചയമായും കൈവല്യം നേടാം. ഭഗവദ്ഗീതയിലെ പ്രഖ്യാപനങ്ങളെ (declarations) ഇവിടെ ഉദ്ധരിക്കുന്നു.

"മന്മനാഭവ മത്ഭക്തോ
മദ്യാജീമാം നമസ്കുരു
മാമേ വൈഷ്യസി സത്യം തേ
പ്രതിജാനേ പ്രിയോ$f$സിമേ"

ഗീത (അ. 18–65)

സാരം:

നീ എന്നിൽ മനസ്സ് നിർത്തി ഭക്തിയോടെ എന്നെ പ്രാർത്ഥിച്ചാലും എന്നെ നമസ്ക്കരിക്കുക എന്നാൽ നീ എന്നെ പ്രാപിക്കും. സത്യമാണ്. നീ എന്റെ പ്രിയനാകുന്നു അതുകൊണ്ട് ഞാൻ പ്രതിജ്ഞ ചെയ്യുന്നു.

"സർവ്വധർമ്മാൻ പരിത്യജ്യ
മാമേകം ശരണം വ്രജ.
അഹം ത്വാ സർവ്വപാപേഭ്യോ
മോക്ഷയിഷ്യാമിമാ ശുചഃ"

ഗീത (അ. 18, ശ്ലോ. 66)

സാരം:

നീ സകല സങ്കല്പങ്ങളും വെടിഞ്ഞ്, എന്നെ പൂർണ്ണമായും ശരണം പ്രാപിക്കുക. ഞാൻ നിന്നെ സർവ്വ പാപങ്ങളിൽ നിന്നും മുക്തനാക്കും. നീ ഒട്ടും ദുഃഖിക്കേണ്ട.

എന്താണ് സുഖം? ഷഡ് രസങ്ങളിൽ (പുളി, ഉപ്പ്, മധുരം, എരിവ്, കയ്പ്പ്, ചവർപ്പ്) ആദ്യം കുട്ടി മധുരം ഇഷ്ടപ്പെടുന്നു. പിന്നെ മറ്റ് ഇന്ദ്രിയങ്ങളിലേക്ക് ആകർഷിക്കപ്പെടുന്നു. നാവിൽ നിന്ന് കണ്ണിലേക്ക് പോകും. നിറപ്പകിട്ടുള്ള കളിസ്സാമാനങ്ങൾ (Colourful Toys), ബലൂണുകൾ എന്നിവ ഇഷ്ടപ്പെടുന്നു; ക്രമത്തിൽ സ്പർശസുഖം ഉണ്ടാകുന്നു. അങ്ങിനെ സുഖം എന്നത് ഇന്ദ്രിയങ്ങളാണെന്ന് ഉറയ്ക്കുന്നു. ഇത് കണക്കിലധികമായാൽ മാനസിക വിഭ്രാന്തിയിൽ എത്തിച്ചേരുന്നു. അവസാനം ആത്മഹത്യയിൽ കലാശിക്കുന്നു. സുഖം എന്നത് മനസ്സിന് കിട്ടുന്ന ഒരു അവസ്ഥയാണ്. ഇന്ദ്രിയങ്ങൾക്കു മാത്രമല്ല മനസ്സിനും ആരോഗ്യം വേണം. മനസ്സ് അസ്വസ്ഥമാണെങ്കിൽ ഇന്ദ്രിയസുഖം കിട്ടില്ല. മനുഷ്യന് അഞ്ച് ഇന്ദ്രിയങ്ങളും പ്രബലമാണ്. മറ്റുള്ള ജീവികൾക്ക് ഏതെങ്കിലും ഒരു ഇന്ദ്രിയം മാത്രമാണ് പ്രബലമായിട്ട് ഉണ്ടാകുക. സുഖം എന്നത്

മനസ്സിന്റെ സംതൃപ്തിയാണ്. ഇത് വളരെ ആഴത്തിലുള്ള ഒരു വിഷയമാണ്. സുഖത്തിന് പിന്നാലെ ദുഃഖം വരും. ഏറ്റവും നല്ല സുഖം ഉറക്കത്തിലാണ്. ബന്ധങ്ങൾ മനസ്സിൽ കൊണ്ടുനടക്കണം. Adjustment, Compromise എന്തൊക്കെ വേണം. ഇന്ദ്രിയങ്ങളല്ല സുഖം. സുഖം മനസ്സാണ്. കിട്ടുന്നതുവരെയാണ് സുഖം. മൃഗങ്ങൾക്ക് ഇഷ്ടം മാറുന്നില്ല. മനസ്സിനെ തൃപ്തിപ്പെടുത്താൻ ആർക്കും കഴിയുകയില്ല. പ്രകൃതി തന്നെ ഇന്ദ്രിയങ്ങളുടെ കഴിവുകൾ ചുരുക്കുന്നു. ഇന്ദ്രിയങ്ങളൊന്നും ശാശ്വതം (Permanent) അല്ല. പ്രായാധിക്യം വന്നാൽ പലർക്കും ചെവി കേൾക്കില്ല, കണ്ണു കാണില്ല, ഓർമ്മശക്തി പോയിട്ടുണ്ടാകും, പല്ല് കൊഴിഞ്ഞുപോയിട്ടുണ്ടാകും. ലഹരിയോ വിഷയമോ (sex) അല്ല സുഖം തരുന്നത്. അപ്പോൾ കിട്ടുന്ന മനസ്സിന്റെ ലയമാണ് സുഖം തരുന്നത്. നല്ല വാദ്യമേളങ്ങളോ കച്ചേരിയോ കേൾക്കുമ്പോൾ മനസ്സ് അതിൽ ലയിക്കുകയും അതിയായ സുഖം കിട്ടുകയും ചെയ്യുന്നത് സുപരിചിതമാണല്ലോ.

എന്താണ് ദുഃഖം? ദുഃഖം മനസ്സിന്റെ അസ്വസ്ഥതയാണ്. വാസന അനുസരിച്ച് കിട്ടാതെ വരുമ്പോൾ അസ്വസ്ഥത ഉണ്ടാകും. അസ്വസ്ഥത മനുഷ്യനെ വേട്ടയാടിക്കൊണ്ടേയിരിക്കും. ചിന്തയാകുന്ന വലയിൽ മനുഷ്യൻ കുടുങ്ങരുത്. ശ്രദ്ധ പ്രശ്നങ്ങളിലേക്ക് പോകരുത്. ശ്രദ്ധ മാറ്റാൻ കഴിഞ്ഞാൽ തന്നെ ഒരുവിധം പ്രശ്നങ്ങൾ തീരും. അദ്ധ്യാത്മം, അധിഭൂതം, അധിദൈവം എന്നിവയാണ് താപത്രയങ്ങൾ. ദുഃഖങ്ങൾ ഇല്ലാത്ത അവസ്ഥയല്ല വേണ്ടത്. ദുഃഖത്തിൽ നിന്ന് പുറത്ത് കടക്കാനുള്ള കഴിവാണ് വേണ്ടത്. ദുഃഖത്തിന്റെ തീവ്രത ചുരുക്കാനുള്ള വഴി ആദ്ധ്യാത്മിക സാധന മാത്രമാണ്. ശോകത്തെയല്ല മാറ്റേണ്ടത്. ശോകം ഒട്ടിക്കിടക്കുന്ന താദാത്മ്യത്തെ മാറ്റുകയാണ് വേണ്ടത്.

"അന്തർഭവേƒനന്ത ഭവന്ത മേവ
ഹ്യതത്ത്യജന്തോ മൃഗയന്തി സന്തഃ
അസന്തമപ്യന്ത്യഹിമന്തരേണ
സന്തം ഗുണം തം കിമുയന്തി സന്തഃ"
ഭാഗവതം (സ്ക്ക. 10, അ. 14, ശ്ലോ. 28)

സാരം:

കയറിൽ ആരോപിച്ച സർപ്പത്തെ നിഷേധിച്ചാൽ മാത്രമേ, അതിനെ കയറെന്ന് അറിയുവാൻ കഴിയുകയുള്ളു. അതേപോലെ മായാമയമായിരിക്കുന്ന ജഗത്തിനെ നിഷേധിച്ചാൽ മാത്രമേ, സത്യസ്വരൂപമായ ആത്മാവിനെ അറിയാൻ കഴിയുകയുള്ളൂ.

അവനവനെ തളർത്തുന്നത് അവനവന്റെ ദൗർബ്ബല്യങ്ങളാണ്. സാധന വേണം, പ്രാർത്ഥനയല്ല വേണ്ടത്. ഏകാഗ്രത വേണം, കൃത്യനിഷ്ഠ വേണം. പശുവിനെ പോലെ അയവിറക്കാൻ പാടില്ല. നമുക്ക് സുഖപ്രാപ്തിയല്ല വേണ്ടത്. സുഖവ്യാപ്തിയാണ് വേണ്ടത്. ബ്രഹ്മത്തിൽ മനസ്സ് ലയിച്ചാൽ സുഖവ്യാപ്തി കിട്ടും. അവനവന്റെ സുഖത്തിനു വേണ്ടിയാണ് മറ്റുള്ളവരെ സ്നേഹിക്കുന്നത്. ഇവിടെ സ്നേഹം എന്നത് പ്രയോജനം എന്ന നിലയിലാണ്. പ്രയോജനമില്ലാത്ത അവസ്ഥ വന്നാൽ അയാളെക്കൊണ്ട് മറ്റുള്ളവർക്ക് സുഖം കിട്ടില്ല. അപ്പോൾ അയാൾ ആർക്കും വേണ്ടാത്തയാളാകും.

വിഷത്തെക്കാൾ വിഷമാണ് വിഷയം. അതിൽ മുഴുകിയവരെ ആത്മജ്ഞാനികൾ എങ്ങനെ കൈകാര്യം ചെയ്ത് ശരിപ്പെടുത്തണം? പെട്ടെന്ന് അവരെ തിരുത്താൻ നോക്കിയാൽ വിപരീത ഫലം ഉണ്ടാകാൻ സാദ്ധ്യതയുണ്ട്. ഏറ്റവും നല്ല വഴി ഇടപെടാതെ ഇരിക്കുകയാണ്. അങ്ങനെ ചെയ്താൽ ക്രമേണ അവർ ജ്ഞാനികളെ മാതൃകയാക്കി ലോകാർത്ഥമായി പ്രവർത്തിക്കുന്നതാണ്.

"ന ബുദ്ധിഭേദം ജനയേ...
ദജ്ഞാനാം കർമ്മസംഗിനാം
ജോഷയേത് സർവ്വകർമ്മാണി
വിദ്വാൻ യുക്തഃ സമാചരൻ"
ഗീത (അ. 3, ശ്ലോ. 26)

സാരം:

അജ്ഞാനികളുടെ സ്വാർത്ഥപരമായ കർമ്മത്തിൽ ആത്മജ്ഞാനികൾ ഇടപെടാതെ ഇരിക്കണം.

"വിപദഃസന്തുതഃ ശാശ്വത് തത്ര തത്ര
ജഗദ്ഗുരോ!
ഭവതോ ദർശനംയത് സ്യാദ് അപുനാർഭവ
ദർശനം"
ഭാഗവതം (സ്ക്ക. 1, അ. 8, ശ്ലോ. 25)

സാരം:

ഇടയ്ക്കിടയ്ക്ക് ആപത്തുകൾ ഉണ്ടായിക്കൊള്ളട്ടെ. എന്തെന്നാൽ അപ്പോഴൊക്കെ ഭഗവാന്റെ ദർശനം ഉണ്ടാകുമല്ലോ. അതുമൂലം, പുനർജന്മമില്ലാത്ത അവസ്ഥ ഉണ്ടാകുമല്ലോ.

കവിത

# വിഷുപ്പുലരി

യു. ശശികല വർമ്മ, തൃക്കാക്കര

വെൺചന്ദ്രക്കല വാനംമേലെ
വെള്ളിപ്പട്ടു വിടർത്തുന്നു
മിന്നും താരകൾ വർണ്ണക്കല്ലിൻ
മുത്തുകൾ വാരിവിതറുന്നു
താഴെ പൊയ്കയിൽ താമരമലരുകൾ
നാരുകൾ ചിമ്മി മിനുങ്ങുന്നു
പുലരി പിറന്നാൽ കറുകപ്പുല്ലുകൾ
പുതുമഞ്ഞിൻ മുത്തണിയുന്നു
വയലുകളാകെ വർണ്ണക്കൊക്കുകൾ
വരിവരിയായിട്ടണയുന്നു

വിണ്ണിൻ ചന്തം വിടരുംനേരം
കതിരോൻ മെല്ലെ ഉയരുന്നു
കണികാണാനായ് കൊന്നയുമെത്തി
കണിവെള്ളരിയോ നിറയുന്നു
കണ്ണൻ നടയിൽ കതിരുകൾ പോലെ
സ്വർണ്ണജ്വാലകൾ തെളിയുന്നു
കുഞ്ഞിക്കൈയാൽ തൊഴുതുമടങ്ങും
കുഞ്ഞുങ്ങൾ കൈനീട്ടുന്നു
പരംപൊരുളിന്റെ പ്രസാദത്താലെ
പരിസരമാകെ തിളങ്ങുന്നു.

→

മുകളിൽ ഉദ്ധരിച്ച കുന്തിസ്തുതിയിൽ ദേവി ആവശ്യപ്പെടുന്നത് എന്നും സുഖം തരണമെന്നല്ല.

സ്ഥലം മിഥിലാപുരിയായിരുന്നു. പിംഗള എന്ന ഒരു സ്ത്രീ വേശ്യാവൃത്തിയിൽ ജീവിതം നയിച്ചിരുന്നു. അവൾ അണിഞ്ഞൊരുങ്ങി വൈകുന്നേരമായാൽ മുറ്റത്ത് ധനികരായ കാമുകന്മാരെ കാത്തിരിക്കുക പതിവായിരുന്നു. അങ്ങനെ ഇരിക്കെ ഒരു സന്ദർഭത്തിൽ ഒരു ദിവസം ആരെയും കിട്ടാത്തതിനാൽ ആശാനാശത്താൽ വൈരാഗ്യം മനസ്സിൽ ഉദിക്കാൻ തുടങ്ങി. തന്റെ ആത്മാവായിരിക്കുന്ന സർവ്വേശ്വരനെ സാക്ഷാൽക്കരിച്ച് ആത്മാനന്ദം അനുഭവിക്കാൻ അവൾ തീർച്ചയാക്കി. അങ്ങനെ വാസന പോയി സാധനയായി.

ശരിക്ക് നമുക്ക് വേണ്ടത് സുഖമല്ല. ദുഃഖം സഹിക്കാനുള്ള ശക്തിയാണ്. ഇന്ദ്രിയങ്ങൾ തരുന്ന സുഖങ്ങൾക്ക് പരിമിതിയുണ്ട്. അതിനാൽ അതല്ല നമുക്ക് ആവശ്യം. നാശരഹിതമായ ആത്മാനന്ദമാണ് നമ്മൾ എപ്പോഴും ലക്ഷ്യമാക്കേണ്ടത്. 'ശ്രീചക്ര'ത്തിന്റെ പ്രചാരകനായ ബ്രഹ്മശ്രീ ചേരിക്കാട്ടുമന നാരായണൻ നമ്പൂതിരി അവർകളുടെ അഭിപ്രായത്തിൽ "ലോകാ സമസ്താ സുഖിനോ ഭവന്തു" എന്നത് "ലോകാ സമസ്താ സംതൃപ്തോ ഭവ'' എന്നായിരിക്കണം എന്നാണ്. എല്ലാവരും സുഖികളായിരിക്കണം എന്ന് അദ്ദേഹം വീക്ഷിക്കുന്നില്ല. അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ എല്ലാവരും സംതൃപ്തരാകണം എന്നാണ്. ഇത്രയും സങ്കീർണ്ണമായ വിഷയത്തെ എങ്ങനെ കൈകാര്യം ചെയ്യണം എന്നത് ഭാഗവതത്തിൽ കൊടുത്ത ഭാഗം ഉദ്ധരിച്ച് ഈ ലേഖനം ഉപസംഹരിക്കുന്നു:

"പരിഗ്രഹോഹി ദുഃഖായ യദ്യത് പ്രിയതമം നൃണാം
അനന്തം സുഖമാപ്നോതി തദ്വിദ്വാൻ യസ്ത്വകിഞ്ചനഃ"

ഭാഗവതം (സ്ക്ക. 11, അ. 9, ശ്ലോ. 1)

സാരം:

സുഖപ്രദമായിട്ടുള്ളത് പിന്നീട് ദുഃഖത്തിന്നിട വരുത്തും. അതിനാൽ ഒട്ടലില്ലാതെ ജീവിക്കുന്നവരാണ് വിവേകികൾ.

ഓം ശാന്തിഃ ശാന്തിഃ ശാന്തിഃ

യാത്രാവിവരണം



# ബൃഹദേശ്വരം മുതൽ ജംബുകേശ്വരം വരെ

**ഡോ. കെ.സി. മനോരമ തമ്പുരാട്ടി**
തിരുവനന്തപുരം, മൊ. 9495304892

(കഴിഞ്ഞ ലക്കം തുടർച്ച...)

**മലൈക്കോട്ടയിലെ വിനായകർ**

'റോക്ക് ഫോർട്ട്' എന്നതിനേക്കാൾ ഞങ്ങൾക്കറിയുമായിരുന്നത് 'ഉച്ചിപിള്ളയാർ' കോവിൽ എന്നായിരുന്നു. ഒരു ക്ഷേത്രസമുച്ചയം ഉൾക്കൊള്ളുന്ന കോട്ടയാണെന്ന് പിന്നീടാണറിഞ്ഞത്. ആദ്യം അവിടെ പോകാമെന്നു തീരുമാനിച്ച് രാവിലെ 7 മണിക്ക് തന്നെ ഹോട്ടലിൽ നിന്നും ഇറങ്ങി. താമസസ്ഥലത്തുനിന്നു 10 കിലോമീറ്റർ ദൂരമുണ്ട് മലൈക്കോട്ടയിലേക്ക്. ഗൂഗിൾ സഹായത്തോടെ രാവിലെ തന്നെ അങ്ങോട്ടേക്ക് യാത്രയായി. ക്ഷേത്രത്തിനടുത്ത് എത്താറാകുമ്പോഴേക്കും വഴി വളരെ ചെറുതാണ്. ഒരു മുടുക്ക് എന്ന് തിരുവനന്തപുരം ഭാഷയിൽ. ഇനി വേറെ വഴിയുണ്ടോ എന്നറിഞ്ഞുകൂടാ. എന്തായാലും താഴെയുള്ള മാണിക്യ ഗണപതി ക്ഷേത്രത്തിനു മുൻപിൽ എത്തി.

തിരുച്ചിറപ്പള്ളിയിൽ എവിടെനിന്ന് നോക്കിയാലും മലൈക്കോട്ട (തമിഴിൽ മലൈക്കോട്ടൈ; Rock Fort) കാണാം. ആ ഔന്നത്യം അസാധാരണം തന്നെ. വളരെ പഴക്കമേറിയ പാറയാണ്. 3800 മില്യൺ വർഷം പഴക്കമുണ്ടെന്ന് പറയപ്പെടുന്നു. അപ്പോൾ ആർക്കിയൻ (Archean)



കാലഘട്ടത്തിലേതാകും ഈ പാറക്കൂട്ടങ്ങൾ. കാവേരി നദീതീരത്ത് ഉയർന്നുനിൽക്കുന്ന ഒരു മനോഹര നിർമ്മിതിയാണ് മലൈക്കോട്ടയും അതിനകത്തെ ക്ഷേത്രങ്ങളും, പുറത്തെ തീർത്ഥക്കുളവും (തെപ്പക്കുളം). 183 മീറ്റർ ഉയരത്തിൽ സ്ഥിതി ചെയ്യുന്ന പാറ തുരന്നും കല്ലുകൾ അടുക്കിയുമാണ് ദ്രാവിഡശൈലിയിൽ ക്ഷേത്രങ്ങൾ നിർമ്മിച്ചിരിക്കുന്നത്. പല്ലവരും മധുരനായ്ക്കന്മാരും വിജയനഗര രാജാക്കന്മാരും ഈ പ്രദേശത്തിന്റെ സൈനിക സാദ്ധ്യതകൾ മനസ്സിലാക്കിയിരുന്നു. കോട്ട നിർമ്മിതിക്കു തുടക്കമിട്ടത് പല്ലവരാണെങ്കിലും പിന്നീട് ഭരിച്ച നായ്ക്കന്മാരാണ് യുദ്ധസജ്ജീകരണങ്ങളോടുകൂടിയ ഒരു കോട്ടയാക്കി തീർത്തത്. മലൈക്കോട്ട രണ്ടു ഗുഹാക്ഷേത്രങ്ങളുൾപ്പെടെ അഞ്ചു ക്ഷേത്രങ്ങൾ ഉൾക്കൊള്ളുന്നു. ഇത്രയും സൈനിക പ്രാധാന്യമുള്ള കോട്ടയായതിനാൽ പഴയകാലത്ത് ഈ പ്രദേശം പലപ്പോഴും യുദ്ധകലുഷിതമായിരുന്നു.

പാറയുടെ അടിവാരത്തുള്ള മാണിക്യവിനായകർ കോവിലിലാണ് ഭക്തർ ആദ്യം എത്തുന്നത്. മാണിക്യവിനായകരെ തിരുച്ചിറപ്പള്ളിയുടെ രക്ഷാദേവതയായിട്ടാണ് കരുതുന്നത്. ക്ഷേത്രവാതിലിൽ നിന്നും കരിങ്കല്ലിലുള്ള കുറച്ചു പടികൾ താഴേക്ക് ഇറങ്ങിയാൽ തിരുനടയിലേക്കെത്തും. വിനായക പ്രതിഷ്ഠയെ തൊഴുതു വലം വെക്കാം. ഏറ്റവും പുറകിലായി വിഗ്രഹം മുഴുവനായും കാണുന്ന തരത്തിൽ ഒരു വലിയ കണ്ണാടി സ്ഥാപിച്ചിട്ടുണ്ട്. മുന്നോട്ടു നോക്കിയാലും തിരിഞ്ഞു നോക്കിയാലും വിനായകനെ കാണുന്ന രീതിയിലുള്ള ഒരു ക്രമീകരണം. തിരക്കുള്ളപ്പോൾ എവിടുന്നു നോക്കിയാലും ഭക്തർക്ക് ഭഗവാനെ കാണാനാണ് ഈ സംവിധാനം. ഭംഗിയായി തൊഴാൻ സാധിച്ചു. ഇവിടെ

നിന്നും പുറത്തുവന്ന് മുകളിലേക്ക് കയറിയാൽ മാത്രമേ അടുത്ത ക്ഷേത്രമായ തായ്മാനവരുടെ അടുത്തെത്തൂ.

മാണിക്യവിനായക സന്നിധിയിൽ നിന്നും പുറത്തുവന്നു. ധാരാളം ഭക്തർ മുകളിലേക്കുള്ള പടികൾ കയറുന്നു. എന്നാൽ വല്ലാത്ത തിരക്കില്ല. പാറ തുരന്ന് ഉണ്ടാക്കിയ പടികളാണ്. മുകളിൽ കോൺക്രീറ്റു സ്ലാബുകൾ കൊണ്ട് മേൽപ്പുര നൽകിയിട്ടുണ്ട്, ഒരു ഗുഹയിലേക്ക് കടക്കുന്നതു പോലെ. വളഞ്ഞുതിരിഞ്ഞു പോകുന്ന 180-നു മുകളിൽ പടികൾ കയറിയാൽ തായ്മനസ്വാമി ക്ഷേത്രമായി. ഇവിടെ ശിവലിംഗമാണ് (കംഗാളധകിരാതപ മൂർത്തി) പ്രതിഷ്ഠ. ഒപ്പം പാർവതിയും (മട്ടുവർ കുഴലമ്മയ്). ശിവൻ 'അമ്മ' സങ്കൽപ്പത്തിലായതുകൊണ്ടാണ് തായ്മനസ്വാമി എന്ന പേരു വന്നത്. ഗർഭിണിയായ രത്നാവതി എന്ന ശിവഭക്ത ഒരു പ്രളയത്തിൽ ഇവിടെ അകപ്പെട്ടുപോവുകയും സഹായത്തിനാരോരുമില്ലാതിരുന്നപ്പോൾ ശിവൻ അമ്മയായി പ്രസവശുശ്രൂഷ ഏറ്റെടുക്കുകയും ചെയ്തു. ആ ഭാവത്തിൽ ശിവലിംഗം ഇവിടെ പ്രതിഷ്ഠിക്കപ്പെട്ടു. വളരെ ഭംഗിയുള്ള നിർമ്മിതിയാണ്. ശിൽപ്പചാരുതയോടെ കല്ലിലുള്ള ഒരു നൂറുകാൽ മണ്ഡപവും ഇവിടെയുണ്ട്. ക്ഷേത്രതാഴികക്കുടം സ്വർണം കൊണ്ടുള്ളതാണ്. ക്ഷേത്രമച്ചും ഭംഗിയുള്ള ശിൽപ്പവേലയാൽ അലംകൃതമാണ്. അമ്മയെ (ശിവനെ) വണങ്ങി വീണ്ടും അത്രത്തോളം പടികൾ കയറിയാലേ ഉച്ചിപിള്ളയാർ കോവിലിലെത്തൂ. ഉയരത്തിലേക്കു കയറുന്തോറും കാറ്റിനും ശക്തികൂടുന്നു. പിടിച്ചു കയറുവാനായി കമ്പികൾ കെട്ടിയിട്ടുള്ളതിനാൽ പേടിക്കാതെ പടികൾ കയറാം. കാറ്റുള്ളതുകൊണ്ട് കയറുന്ന ക്ഷീണവും അനുഭവപ്പെടുന്നില്ല. അടുത്തായി വെള്ളം, സ്നാക്സ് ഒക്കെ ലഭിക്കുന്ന ഇടത്താവളവും ഉണ്ട്. ഒരു വലിയ ആൽമരവും ചെറിയ നാലഞ്ച് മരങ്ങളും തണൽവിരിച്ചുനിൽക്കുന്നുണ്ട്. നടകൾ കയറി ക്ഷീണിച്ചെത്തുന്നവർക്ക് ഇളം കാറ്റേറ്റ് ക്ഷീണമകറ്റാം.

ഇവിടെ നിന്നും മുകളിലേക്ക് കയറുന്ന വഴിയിൽ ഇടതുവശത്തായി രണ്ടു ഗുഹാക്ഷേത്രങ്ങൾ ഉണ്ട്. ഇതിൽ മുകളിലുള്ളതിൽ ഗംഗയെ ജടയിൽ ബന്ധിക്കുന്ന ശിവരൂപം കൊത്തിവച്ചിട്ടുണ്ട്. ഇവയിൽ താഴത്തെ ക്ഷേത്രം പല്ലവർ പണിതതാണ്. പക്ഷെ മുകളിലുള്ളത് പണി തീർക്കാൻ അവർക്കായില്ല. പിന്നീട് എട്ടാം നൂറ്റാണ്ടിൽ പാണ്ഡ്യരാണ് പണി മുഴുമിപ്പിച്ചത്.

വീണ്ടും മുകളിലേക്കു കയറുമ്പോൾ ഉച്ചിപിള്ളയാർ (ഗണപതി) ക്ഷേത്രം. മലയുടെ ഉച്ചിയിൽ ഇരിക്കുന്ന ഗണപതി ക്ഷേത്രങ്ങൾ അധികം കണ്ടിട്ടില്ല. മുരുകനും ശാസ്താവുമല്ലേ മലയുടെ കാവൽക്കാർ. ഗണപതിയുടെ ഈ സ്ഥാനം ശ്രീരംഗനാഥ ഐതിഹ്യവുമായി ബന്ധപ്പെട്ടിരിക്കുന്നു. ശ്രീരംഗനാഥ വിഗ്രഹവുമായി വിഭീഷണൻ ലങ്കയിലേക്ക് തിരിച്ചുവരുമ്പോൾ ശ്രീരംഗത്തെത്തിയപ്പോൾ മധ്യാഹ്ന പൂജയ്ക്കുള്ള സമയമായി. വിഗ്രഹം നിലത്തുവയ്ക്കുവാൻ വയ്യാത്തതിനാൽ ആ വഴി വന്ന ബ്രാഹ്മണ ബാലനെ വിഗ്രഹം പിടിക്കുവാനായി ഏല്പിക്കുകയും ചെയ്തു. ബാലൻ വിഗ്രഹം പിടിക്കാമെന്നേറ്റു, പക്ഷെ താൻ മൂന്നു തവണ വിളിക്കുന്നതിന് മുൻപായി വന്നില്ലെങ്കിൽ വിഗ്രഹം അവിടെ വയ്ക്കുമെന്ന് പറഞ്ഞു. വിഗ്രഹം, ബാലനായി വന്ന ഗണപതി വാങ്ങി. അല്പം കഴിഞ്ഞപ്പോൾ തന്നെ ഗണപതി മൂന്നു തവണ വിഭീഷണനെ വിളിച്ചു. കാണാത്തതിനാൽ വിഗ്രഹം അവിടെ വച്ച് അടുത്തുള്ള മലയുടെ ശിരസ്സിൽ പോയി ഒളിച്ചു. പിന്നീട് ഒളിച്ചിരുന്ന ഗണേശനെ വിഭീഷണൻ കണ്ടെത്തുകയും അവിടെ പ്രതിഷ്ഠിക്കുകയും ചെയ്തു. അതത്രെ ഉച്ചിപിള്ളയാർ പ്രതിഷ്ഠ. മലയുടെ മുകളിൽ ചില്ലിട്ടു മറച്ച ചുറ്റുവഴിയുള്ള ഒരു ചെറിയ ഗണപതി അമ്പലം. ഈ നിർമ്മിതിയും പല്ലവരുടേതാണ്.

ഉച്ചിപിള്ളയാർ ക്ഷേത്രത്തിനു പുറകിലുള്ള പാറയിൽ നിന്നും നോക്കിയാൽ ശ്രീരംഗം, കാവേരി, കൊള്ളിടം നദികൾ, തിരുവനൈക്കാവൽ തുടങ്ങി തിരുച്ചിറപ്പള്ളി പട്ടണം മൊത്തം കാണാം. വളരെ മനോഹരമായ കാഴ്ചയാണ്. ശ്രീരംഗം ഒരു പച്ച തുരുത്തായി കാവേരിയും കൊള്ളിടവും വെള്ളി അരഞ്ഞാണമിട്ടപോലെ ശോഭിക്കുന്ന കാഴ്ച അവിസ്മരണീയമാണ്.

## ജംബുകേശ്വരം എന്ന തിരുവനൈക്കാവൽ ക്ഷേത്രം

മലൈക്കോട്ടയ്ക്കു ശേഷം ജംബുകേശ്വരം എന്ന തിരുവനൈക്കാവൽ ക്ഷേത്രത്തിലേക്കായി യാത്ര. കാവേരി പാലം ഒരിക്കൽ കൂടി കടന്ന് നാലു കിലോമീറ്ററോളം സഞ്ചരിച്ച് ജംബുകേശ്വര

ക്ഷേത്രത്തിൽ എത്തി. വഴിയിൽ വച്ചുതന്നെ വർണ്ണാഭമായ ക്ഷേത്രഗോപുരങ്ങൾ കാണാം. ഈ വലിയ ക്ഷേത്രസമുച്ചയവും ശ്രീരംഗം ദ്വീപിൽ തന്നെയാണ്. പഞ്ചഭൂതക്ഷേത്രങ്ങളിൽ ഇവിടം ശിവനെ ജലമയമായി സങ്കൽപ്പിച്ചിരിക്കുന്നു. ബി.സി. ഒന്നാം നൂറ്റാണ്ടിൽ ചോളരാജാവായ കൊചെങ്കണ്ണൻ (Kotchengannan) ആണ് ക്ഷേത്രം പണിതത്. പിന്നീട് പല ഘട്ടങ്ങളിലായി ചോളരും പാണ്ഡ്യരും ഹൊയ്സാലരും ക്ഷേത്രം വിപുലീകരിക്കുകയും ശിൽപ്പസമൃദ്ധമാക്കുകയും ചെയ്തു.

വളരെ സങ്കീർണ്ണമാണ് ക്ഷേത്ര ഐതിഹ്യം. ജംബു മഹർഷിയും പാർവതീദേവിയും ആനയും ചിലന്തിയും ഇതുമായി ബന്ധപ്പെട്ടിരിക്കുന്നു. ഒരിക്കൽ ജംബു മഹർഷി കാവേരി തീരത്തെ മനോഹരമായ ഞാവൽ കാട്ടിൽ എത്തി. സ്ഥലം ഇഷ്ടപ്പെട്ട മഹർഷി അവിടം തപസ്സിനായി തിരഞ്ഞെടുത്തു. ഒരു ഞാവൽവൃക്ഷച്ചുവട്ടിൽ മുനി ധ്യാനനിരതനായി. ശങ്കരോപാസകനായ അദ്ദേഹം ഇടയ്ക്കൊക്കെ കൈലാസം സന്ദർശിക്കുക പതിവായിരുന്നു. ഒരിക്കൽ ഒരു വിശേഷപ്പെട്ട വെൺ ഞാവൽ പഴം മുനി ഭഗവാന് കാഴ്ചവച്ചു. ശിവൻ ആ ഫലം കഴിച്ച് കുരു മഹർഷിക്കു നൽകി. മഹർഷി ആ കുരു പ്രസാദമായി സ്വീകരിച്ച് വിഴുങ്ങി. ഉടൻ തന്നെ ആ കുരുമുളച്ച് ഒരു ചെടിയായി തനിക്കുള്ളിൽ വളരുന്നതായി മഹർഷിക്ക് തോന്നി. ഭഗവാനെ നമസ്കരിച്ച്, മഹർഷി കാവേരി തീരത്ത് ഭൂഗർഭത്തിൽ തപസ്സു ചെയ്യുവാൻ അനുവാദം ചോദിച്ചു. ശിവൻ അനുവാദം നൽകി. തന്റെ സാന്നിധ്യം അവിടെയുണ്ടാകുമെന്നും പാർവതീദേവി പിന്നീട് അവിടെ പൂജയ്ക്കെത്തുമെന്നും അറിയിച്ചു. മഹർഷി തിരിച്ചുവന്ന് കാവേരി തീരത്ത് തപസ്സ് തുടർന്നു. മുനിയുടെ ശിരസ്സിൽ നിന്നും ഒരു വെൺഞാവൽ വൃക്ഷം വളർന്നു പന്തലിച്ചു.



ഈ സമയത്ത് കൈലാസത്തിൽ ദേവി ശിവനെ പരിഹസിച്ച് ലോകനന്മയ്ക്കായുള്ള ശിവതപസ്സിന് ഭംഗം വരുത്തി. ശിവന്റെ വർഷങ്ങളായുള്ള തപസ്സ് എന്തിനാണെന്ന് പലപ്പോഴും പാർവതി ചോദിക്കുന്നതായി പുരാണങ്ങളിൽ പറയുന്നുണ്ട്. പാലാഴി മഥന സമയത്ത് ശിവൻ ദേവിക്കിതിനുത്തരം നൽകുന്നതായി ഭാഗവതത്തിൽ കാണുന്നു. ദേവിയുടെ പരിഹാസത്തിൽ ക്ഷുഭിതനായ ശിവൻ ദേവി ശിവതത്വം മനസ്സിലാക്കാനായി ഭൂമിയിൽപോയി ഇനിയും തപസ്സു ചെയ്യേണ്ടിയിരിക്കുന്നുവെന്നറിയിച്ചു. ദേവി തെറ്റ് മനസ്സിലാക്കി തപസ്സിനായി അഖിലാണ്ഡേശ്വരി രൂപത്തിൽ ശ്രീരംഗത്തെത്തിച്ചേർന്നു. ജംബു മഹർഷിയുടെ ശിരസ്സിൽ നിന്നും വളർന്ന ഞാവൽ വൃക്ഷച്ചുവട്ടിൽ ദേവി കാവേരിയിലെ ജലം കൈക്കുമ്പിളിലെടുത്ത് സമർപ്പിച്ചപ്പോൾ ആ ജലം ഒരു ശിവലിംഗമായി; 'ജലമയ ശിവലിംഗം'. ജംബു മഹർഷിയുടെ ഭൂഗർഭ ശിവലിംഗവും ഇവിടെയായിരുന്നു.

ഈ പൂജയിൽ ഒരാനയും ചിലന്തിയും കൂടെ പങ്കാളികളായി. ആന തുമ്പിക്കൈയിൽ ജലം എടുത്ത് എന്നും ശിവലിംഗത്തിനഭിഷേകം ചെയ്യും. ചിലന്തി വല കെട്ടി ശിവലിംഗത്തെ സംരക്ഷിച്ചു പോന്നു. ആനയുടെ ജലാഭിഷേകത്താൽ ദിവസവും വല മുറിഞ്ഞുപോകും. ഇതിൽ കുപിതനായ ചിലന്തി ആനയുടെ തുമ്പിക്കൈയിലൂടെ കടന്ന് മസ്തകത്തിൽ കടിച്ചു. ചിലന്തിവിഷത്താൽ ആന ജീവൻ വെടിഞ്ഞു. മസ്തകത്തിൽ നിന്നും രക്ഷപ്പെടാനാകാതെ ചിലന്തിയും ജന്മം വെടിഞ്ഞു. ഇവർ രണ്ടു പേരും പൂർവജന്മത്തിൽ ശിവഭൂതങ്ങളായ മാല്യവാനും പുഷ്പദന്തനുമായിരുന്നു. ആർക്കാണ് കൂടുതൽ ശിവഭക്തി എന്നറിയുവാനായി മത്സരിച്ചുകൊണ്ടിരുന്ന ഇവർ ശാപത്താൽ ആനയും (പുഷ്പദന്തൻ) ചിലന്തിയും (മാല്യവാൻ) ആയി ജന്മമെടുത്തു. അവരുടെ മാത്സര്യം ഈ ജന്മത്തിലും തുടരുകയാണുണ്ടായത്. പക്ഷെ അവരുടെ ഭക്തിയിൽ സംപ്രീതനായ ശിവൻ അവരെ അനുഗ്രഹിച്ചു. ആന തിരിച്ചു ശിവലോകത്തെത്തി. ചിലന്തി കൊച്ചെങ്കണ്ണൻ (ചുവന്ന കണ്ണുള്ളവൻ) എന്ന ചോള രാജാവായി ജന്മമെടുത്തു.

അഖിലാണ്ഡേശ്വരിയുടെ തപസ്സിലും പൂജയിലും സന്തോഷവാനായ ശിവൻ ദേവിയോടൊപ്പം

ഇവിടെ സ്ഥിതി ചെയ്തു. ശിവപൂജയ്ക്കായി ദേവി എന്നും ഇവിടെയെത്തുമെന്നാണ് വിശ്വാസം. അങ്ങിനെ ആന കാവൽ നിന്നതിനാൽ/ പൂജിച്ച തിനാൽ / മോക്ഷം കിട്ടിയതിനാൽ തിരുവാനൈ ക്കാവൽ, തിരുവണൈകൽ, തിരുവണൈക്കാവൽ എന്നും ജംബു മഹർഷി, ജംബു വൃക്ഷം എന്നിവ യോടെ ബന്ധപ്പെട്ട് ജംബുകേശ്വരം എന്നും ഇവിടം അറിയപ്പെടുന്നു.

ഈ ക്ഷേത്രം നിർമ്മിച്ച കൊച്ചെങ്കണ്ണൻ ആന യോടുള്ള പൂർവ്വവൈരം പിന്നെയും മറന്നില്ലെന്നു തോന്നുന്നു. ആനകൾക്ക് കടക്കാൻ പറ്റാത്തത്ര ചെറുതായാണ് അദ്ദേഹം ക്ഷേത്രവാതിൽ നിർമ്മി ച്ചത്. കൊച്ചെങ്കണ്ണൻ പ്രശസ്തനായ ഒരു ചോള രാജാവായിരുന്നു. അയൽരാജ്യങ്ങളുമായി യുദ്ധം ചെയ്ത് രാജ്യവിസ്തൃതി വളരെ അധികം വർദ്ധി പ്പിച്ചു. എന്നാൽ പിന്നീടുണ്ടായ ചില സംഭവങ്ങ ളിൽ പശ്ചാത്തപിച്ച് യുദ്ധം നിർത്തി, കൂടുതൽ ജനസേവകരമായ പ്രവർത്തനങ്ങളിൽ ഏർപ്പെടു കയും ധാരാളം ക്ഷേത്രങ്ങൾ നിർമ്മിക്കുകയും ചെയ്തു. അങ്ങിനെ 70 ശിവക്ഷേത്രങ്ങളും നാലു വിഷ്ണു ക്ഷേത്രങ്ങളും അദ്ദേഹം പണി കഴിപ്പിച്ചു.

വളരെ വിസ്തൃതമായ ഈ ക്ഷേത്രസമുച്ച യത്തിൽ (18 ഏക്കർ) അഞ്ചു പ്രാകാരങ്ങളാണു ള്ളത്. അവയിൽ ഒന്നാം പ്രാകാരത്തിനു മദ്ധ്യത്തി ലായി മൂന്നു വശവും തുറന്ന ജംബുകേശ്വര ശ്രീകോവിലാണ്. പ്രദക്ഷിണവഴിയിൽ നിന്നും ചെറിയ കിടങ്ങ് ശ്രീകോവിലിനെ വേർതിരിക്കുന്നു. ശ്രീകോവിലിനു മുന്നിലായുള്ള വെള്ളിയഴിയിട്ട മുഖമണ്ഡപത്തിൽ നന്ദിയെ പ്രതിഷ്ഠിച്ചിരിക്കുന്നു. മുഖമണ്ഡപത്തിനു മുന്നിലും വശങ്ങളിലും വാതി ലുണ്ട്. ഇവിടെ നിന്നും മൂന്നു പടി താഴെയാണ് ശ്രീകോവിൽ. ഇത് രണ്ടായി തിരിച്ചിരിക്കുന്നു. ചെറിയ ഒരു അർദ്ധമണ്ഡപവും അല്പം വലിയ ഗർഭഗൃഹവും. ഇതിൽ അർദ്ധമണ്ഡപത്തിന്റെ പടി ഞ്ഞാറേ ഭിത്തിയിലാണ് നവദ്വാരങ്ങളുള്ള കല്ലു വാതിലുള്ളത്. അതിനു പുറകിൽ ഒരു കൽക്കെട്ടി നുള്ളിലാണ് സ്വയംഭൂ ശിവലിംഗം. നവദ്വാര വാതി ലിലൂടെ നോക്കി തൊഴാം. ഇത് ഇവിടെയുള്ള ഒൻപതു തീർത്ഥങ്ങളിലും സ്നാനം ചെയ്തതിനു തുല്യമാണ്. ജംബുകേശ്വരക്ഷേത്ര ഐതിഹ്യം വ്യക്തമാക്കുന്ന ഒരു ശിൽപ്പം ഈ വാതിലിനു മുക ളിലായി ചെയ്തിട്ടുണ്ട്. ശ്രീകോവിലിനു വലതുവശ ത്തുള്ള ചെറിയ വാതിലിലൂടെ കുനിഞ്ഞിറങ്ങി യാൽ ഉമാസമേതനായ ജംബുകേശ്വരനെ അടുത്തു നിന്നു തൊഴാം. ദേവിക്ക് ജ്ഞാനോപദേശം ചെയ്യുന്ന രീതിയിലാണ് പ്രതിഷ്ഠ. ദേവിയുടെ തപ സ്സിൽ പ്രീതനായ ശിവൻ ഗുരുവായി പടിഞ്ഞാ റോട്ടു ദർശനമായും ദേവി ശിഷ്യയായി കിഴക്കോട്ടു ദർശനമായുമാണ് പ്രതിഷ്ഠിച്ചിരിക്കുന്നത്. അതി നാൽ ഈ ക്ഷേത്രം ജ്ഞാനക്ഷേത്രം എന്നും അറി യപ്പെടുന്നു.

ഇവിടെ ജലമയമായ ഭൂഗർഭ ശിവലിംഗമാണ്. ശിവലിംഗത്തിനു താഴെ നിന്ന് സദാ ജലം ഊറി ക്കൊണ്ടിരിക്കും. അലങ്കാര വസ്ത്രങ്ങളൊക്കെ നനഞ്ഞുപോകാറുണ്ട്. മൂന്നടിയോളം ഉയരത്തിൽ ശിവലിംഗം കാണാം. ശിവലിംഗത്തിനു മുകൾ ഭാഗത്ത് വാസുകി കുടയായി നിൽക്കുന്നു. പീഠ ത്തോട് ചേരുന്ന ഭാഗത്ത് ഓട്ടുവളയങ്ങൾ കാണാം. ശ്രീകോവിലിനോട് ചേർന്നുതന്നെ തെക്കുവശ ത്തായി ജംബു വൃക്ഷവും ഉണ്ട്. ഞാനിതു ശ്രദ്ധി ച്ചില്ലായിരുന്നു. പ്രദക്ഷിണം ചെയ്തപ്പോൾ ഇലകൾ കിടക്കുന്നതുകണ്ട് നോക്കിയപ്പോഴാണ് ഇക്കാര്യം മനസ്സിലായത്.

ജംബുകേശ്വര ക്ഷേത്രത്തിലെ ഏറ്റവും വിശിഷ്ട പൂജ ഉച്ചപൂജയാണ്. അത് ദേവി അഖിലാണ്ഡേ ശ്വരി സ്വയം ഭഗവാന് ചെയ്യുന്ന പൂജയായാണ് സങ്കൽപം. അഖിലാണ്ഡേശ്വരിക്ഷേത്രത്തിൽ നിന്നും പൂജാരി സ്ത്രീവേഷത്തിൽ, പട്ടുസാരി ഉടുത്ത് കിരീടം, മാല ഒക്കെ അണിഞ്ഞ് ജംബു കേശ്വര സന്നിധിയിൽ എത്തി പൂജ ചെയ്യും. ഈ സമയം ഒരു ആനയും ദേവിയെ ആനയിക്കാനാ യെത്തും.

അഖിലാണ്ഡേശ്വരി ക്ഷേത്രം നാലാമത്തെ പ്രാകാരത്തിലാണ്. അഞ്ചടി പൊക്കമുള്ള വലിയ വിഗ്രഹം. ഉഗ്രരൂപിണിയായാണ് ദേവി ഇവിടെ കുടികൊള്ളുന്നത്. ശങ്കരാചാര്യസ്വാമികൾ ഇവിടെ ദർശനം നടത്തിയപ്പോൾ ഇത് മനസ്സിലാക്കി ദേവിക്ക് രണ്ടു വലിയ കർണ്ണാഭരണങ്ങൾ ചാർത്തു കയും, ദേവിക്ക് മുന്നിലായി വലതുവശത്ത് പ്രസന്ന ഗണപതിയെക്കൂടി പ്രതിഷ്ഠിക്കുകയും ചെയ്തു.

എല്ലാ പ്രാകാരങ്ങളിലും പല പ്രതിഷ്ഠകളുണ്ട്. ഒന്നാമത്തെ പ്രാകാരത്തിൽ തന്നെയാണ് ഒരു

## എഴുമറ്റൂർ രാജരാജവർമ്മയ്ക്ക് ജീവചരിത്ര അക്കാഡമി പുരസ്കാരം



ജീവചരിത്രസാഹിത്യത്തിലെ സമഗ്ര സംഭാവനയ്ക്കുള്ള ജീവചരിത്ര അക്കാഡമിയുടെ പുരസ്കാരത്തിന് ഡോ. എഴുമറ്റൂർ രാജരാജവർമ്മ അർഹനായി. കവി, പ്രഭാഷകൻ, നിരൂപകൻ, ജീവചരിത്രകാരൻ, ബാലസാഹിത്യകാരൻ എന്നീ നിലകളിൽ ശ്രദ്ധേയനായ ഡോ. എഴുമറ്റൂർ രാജരാജവർമ്മ പ്രൊഫ. എൻ. കൃഷ്ണപിള്ള ഫൗണ്ടേഷന്റെ സെക്രട്ടറികൂടിയാണ്.

നടരാജപ്രതിഷ്ഠയുമുള്ളത്. രണ്ടാമത്തെ പ്രാകാരത്തിൽ ഉത്സവമൂർത്തി പ്രതിഷ്ഠയും, പതിനൊന്നു കൈകൾ ഉള്ള വല്ലഭഗണപതിയും, മറ്റു കോവിലുകളുമുണ്ട്. മൂന്നാമത്തെ പ്രാകാരത്തിലാണ് ധ്വജസ്തംഭം, നന്ദി, ബാലദണ്ഡായുധപാണി, വസന്തമണ്ഡപം, അഗ്നിതീർത്ഥം, ഇന്ദ്രതീർത്ഥം, ബലിപീഠം, നൂറ്റുകാൽ മണ്ഡപം, യാഗശാല തുടങ്ങിയതൊക്കെ. ജേഷ്ഠാദേവി സമേതനായ ശനീശ്വരന് പ്രത്യേക ക്ഷേത്രമുണ്ടിവിടെ. പ്രാകാരങ്ങൾക്കിടയിലെ വീഥികൾ വളരെ വിസ്തൃതമാണ്.

നാലാമത്തെ പ്രാകാരത്തിലാണ് പ്രധാന വീഥി. ഉത്സവ പ്രദക്ഷിണങ്ങൾ ഇവിടെയാണ് നടക്കുന്നത്. കുളത്തേര് എന്ന രഥ ഉത്സവം പ്രസിദ്ധമാണ്. അഖിലാണ്ഡേശ്വരി ക്ഷേത്രവും, ആയിരംകാൽ മണ്ഡപവും സൂര്യ തീർത്ഥവും ഇവിടെയാണ്. ആയിരംകാൽ മണ്ഡപത്തിലെ തൂണുകളിലെ കൽചങ്ങലകളും സൂര്യ ചിഹ്നങ്ങളും വളരെ പ്രത്യേകതയുള്ളതാണ്.

അഞ്ചാമത്തെ പ്രാകാരത്തിലെ ചുറ്റുമതിൽ തിരുവിളയാടൽ ഉള്ളതാണെന്നാണ് വിശ്വാസം. മതിൽ പണിഞ്ഞുകൊണ്ടിരുന്നപ്പോൾ പണമില്ലാതെ രാജാവ് വലഞ്ഞു. ദുഃഖിതനായ രാജാവിനു സമീപം ഒരു സിദ്ധൻ വരുകയും മതിൽപണി ഏറ്റെടുക്കുകയും ചെയ്തു. വൈകുന്നേരം ജോലിക്കാർക്ക് അദ്ദേഹം പണിക്കനുസരണമായി വിഭൂതിയാണ് നൽകിയിരുന്നത്. ജോലിക്കാർ വീട്ടിൽ ചെന്ന് നോക്കുമ്പോൾ അതിനനുസൃതമായ സ്വർണ്ണനാണയങ്ങളായി അവ മാറിയിട്ടുണ്ടാകും. വെണ്ണീർ മതിൽ എന്നും ഇത് അറിയപ്പെടുന്നു. ഇതിനു ചുറ്റും പ്രദക്ഷിണം വയ്ക്കുന്നത് വിശേഷകരമാണ്.

ജംബൂതീർത്ഥക്കരയിലെ സംഗമേശ്വര ക്ഷേത്രവും ലക്ഷ്മീദേവി പൂജിച്ചിരുന്ന കുബേരലിംഗവും കണ്ട് ക്ഷേത്രത്തിൽ നിന്നും പുറത്തേക്കുകടന്നു. യാദൃച്ഛികമാണെങ്കിലും ഈ യാത്രയിൽ അവസാനമെത്തിയത് ജ്ഞാനക്ഷേത്രമായ ജംബുകേശ്വരത്തിലാണ്. അൽപ്പം ജ്ഞാനം ഈ ദർശനത്താൽ ഞങ്ങൾക്കും പകർന്നു കിട്ടിയിട്ടുണ്ടാകാം.

തിരിച്ച് യാത്രയാകേണ്ട സമയമാകുന്നു. അതിനാൽ കരികാല ചോളൻ ജലസേചനത്തിനായി പതിനൊന്നാം നൂറ്റാണ്ടിൽ പണിത 'തിരുച്ചിറപ്പള്ളി കല്ലണ' (ഇന്ത്യയിലെ ആദ്യത്തെ അണക്കെട്ട്) കാണണ്ട എന്ന് തീരുമാനിച്ചു. ഇനിയൊരിക്കൽ പറ്റിയാൽ കാണാം. അല്ലെങ്കിലും ഇത്തരം അപൂർണ്ണതകളല്ലേ അടുത്ത യാത്രയ്ക്കുള്ള ഊർജ്ജം പകരുന്നത്.

കാറ്റാടി യന്ത്രങ്ങളും ഹരിതാഭയും മാറി മാറി അതിരിടുന്ന വഴിയിലൂടെ തിരിച്ചു തിരുവനന്തപുരത്തേക്ക്. കന്യാകുമാരി ബൈപാസ് സിഗ്നൽ കണ്ടപ്പോൾ എല്ലാവർക്കും ഒരു ചാഞ്ചാട്ടം. ഒന്ന് വണ്ടിയിൽ കറങ്ങി പോണോ? ഡ്രൈവർക്ക് അടുത്ത ഓട്ടമുള്ളതിനാൽ സംഗതി ഏശിയില്ല. എങ്കിലും 'ഗൗരിശങ്കരം ഹോട്ടൽ' എത്തിയപ്പോൾ ചിരപരിചിതമായ അവിടെ ഒന്നിറങ്ങാതെ വയ്യെന്നായി. ഒരു ചായയ്ക്കായി വെറുതെ വണ്ടി നിർത്തി ഇറങ്ങി. ആവശ്യമുണ്ടായിട്ടൊന്നുമല്ല. അവിടെ നിന്നും ഒരു ചായയും കുടിച്ചുകൊണ്ട് മുന്നിൽ കാണുന്ന സഹ്യപർവ്വതത്തെ നോക്കിയിരിക്കുക വളരെ രസകരമാണ്. കന്യാകുമാരി തീരത്തേക്കു താഴ്ന്നിറങ്ങുന്ന ആ സഹ്യപർവ്വത ശിരസ്സുകളെ നമിച്ചുകൊണ്ട്... തിരികെ വീട്ടിലേക്ക്. ●

കവിത

# സ്മരണകൾ

പ്രൊഫ. കെ.എൻ.എസ്. വർമ്മ
(ക്ഷത്രിയ ക്ഷേമസഭ മുൻ സംസ്ഥാന പ്രസിഡന്റ്)
മൊ. 9447475332



വർഷമേറെയായ്, എന്നാലന്തരംഗത്തിൻ കോണിൽ
ഹർഷലോലനായ്പ്പണ്ടു കോറിയ വർണ്ണാക്ഷരം

മാഞ്ഞില്ല, മറന്നില്ലയെങ്കിലുമൊരുവട്ടം
പാഞ്ഞുപോയതിൽ കൂടി സ്വച്ഛമാം ഹൃത്തേരിൽ ഞാൻ

എൻകരം പിടിച്ചച്ഛൻ മുന്നിലായ് നടക്കുമ്പോൾ
തുംഗമാം സ്വപ്നങ്ങൾ തൻ സൗധങ്ങൾ മെനഞ്ഞില്ല

പ്രൗഢിയും പേരും ലേശം തീണ്ടാത്ത നാട്ടിൻപുറ-
പാഠശാലയിൽ ഞാനന്നാദ്യമായ് പഠിതാവായ്

ഓലമേഞ്ഞതിൻ കീഴെയീറനാം ഇറയത്തു
കാലുകൾ പിണച്ചിരുന്നക്ഷരം കുറിച്ചു ഞാൻ

അച്ഛന്റെ ഗുരുത്വവും അമ്മതൻ വാത്സല്യവും
ഇച്ഛപോൽ തൂമഞ്ഞായി പെയ്തിതു സദാകാലം

കാലമാമശ്വം ചീറിപ്പായുന്നതറിയാതെ
ബാലനാമെന്നിൽ വേഗം യൗവ്വനം തുടികൊട്ടി

പെറ്റമ്മ കൊളുത്തിയ നെയ്ത്തിരിദീപം കാലെ
ഉറ്റമോദത്താലച്ഛൻ കത്തി ജ്വലിപ്പിച്ചുപോൽ

നേടിയില്ലൊന്നുംതന്നെ കാര്യമായെന്നാലുമെൻ
വാടിയ മുഖമാരും കണ്ടില്ല കാണിച്ചില്ല

എട്ടുകെട്ടിലെപ്പയ്യൻ കുട്ടനായ് നാട്ടാർക്കെല്ലാം
മട്ടിലും ഭാവത്തിലും കൊച്ചുതമ്പുരാൻ തന്നെ

ചുറ്റുവട്ടത്തെ കൂറ്റൻ ശർക്കരപ്പൂന്തേൻ മാവും
മുറ്റത്തു തണൽ വീശി നിൽക്കുന്ന മൽഗോവയും

എട്ടടി ദൂരത്തല്ലോ വൃദ്ധനാം കിളിച്ചുണ്ടൻ,
തൊട്ടടുത്താലിംഗനം ചെയ്യുമാ 'കോലേൻ' മാവും

പേരെഴും പേരമാവാണച്ഛന്റെ പ്രാണപ്രിയൻ
ചോരനീരാക്കി സ്വയം പാലിച്ചുവളർത്തിയോൻ

കാവലായ് ചുറ്റുംനില്ക്കും മാവിന്റെയൊപ്പം തന്നെ
മേവുന്നു രാജകീയ പ്രൗഢിയിൽ കേരങ്ങളും

പൂവനും പടറ്റിയും പാളയൻകോടൻ കണ്ണൻ,
നാവിന്നു സ്വാദിഷ്ടമാം ചെന്നിളം കദളിയും

മുറ്റത്തു പൂമുല്ലയും ചെത്തിയും മന്ദാരവും
അത്തറിൻ മണം പേറും ചിത്തിരപ്പൂവാടിയും

കോവിലിൻ പറമ്പിലെ പൂഴിയിലച്ഛൻ സ്വന്തം
കാവ്യഭംഗിയിൽ തീർത്ത ത്യാഗഭൂമിയാണിത്

വിദ്യയും വിനയവും ജീവിതലാളിത്യവും
ഹൃദ്യമായ് പഠിച്ചതുമച്ഛന്റെ കാർക്കശ്യംതാൻ

ഇല്ലെനിക്കൊന്നും വേറെ ചൊല്ലുവാൻ നേട്ടങ്ങളായ്
അല്ലലില്ലതിലൊട്ടും ഭാഗ്യമോ നിർഭാഗ്യമോ!

കവിത

# കൊന്നയുടെ കൈനീട്ടം

**ലളിത കെ. വർമ്മ**
പിലാത്തറ, മൊ. 9447567574




ഉഷസ്സിൻ കിരണങ്ങൾ താഴോട്ടു പതിക്കുമ്പോൾ
പൊന്നണി നിറംപൂണ്ട കൊന്നയും ചിരിക്കുന്നു
മുത്തണിപ്പൊൻമാലകൾ കാറ്റിലുലയിച്ചുകൊ-
ണ്ടെത്തുന്നിതത്യാദരാലർക്കനെയെതിരേൽക്കാൻ
സ്വർണ്ണവർണ്ണം പൂണ്ട പൂക്കളാലുയർന്നൊരു
പൊന്മലയൊന്നിതാ കൺമുമ്പിൽ കാൺമൂ ഞാനും
എന്തൊരുന്മേഷമാണെന്തൊരുന്മാദമാ-
ണെന്തൊരു ചന്തമീ സുന്ദര പ്രഭാതത്തിൽ
കടുക്കും മീനച്ചൂടിലിത്തിരിത്തണലേകാൻ
കരുത്തായ് കാറ്റേൽക്കുവാൻ നട്ടുഞാനിക്കൊന്നയേ
വേനലിലിലകളുണ്ടോരോന്നായ് കൊഴിഞ്ഞിപ്പോൾ
മനസ്സിൻ കോണിലെങ്ങോ ദുഃഖത്തിൻ തീനാമ്പുകൾ!
മുഴുക്കെപ്പൂത്തിന്നിതാ ഹർഷത്തിന്നലകൾ നെയ്-
തിന്നിതാ കണിക്കൊന്നയാഹ്ലാദം പകരുന്നു
അർക്കന്റെ കനൽക്കട്ട ചുട്ടെരിഞ്ഞീടുമ്പൊഴേ
ഇക്കൊന്നച്ചെടിയ്ക്കുമേ പൂക്കുവാൻ തോന്നാറുള്ളൂ
മേടമാസങ്ങൾ തോറും വിഷുവന്നെത്തീടുമ്പോൾ
അല്ലൽ തീർത്തീടുവാനായ് ഇവളും പൂത്തീടുന്നു.
വിഷുക്കണിക്കൊപ്പമായ് കാണിക്കയർപ്പിക്കുന്നു.
തൻസ്വർണ്ണപ്പൂക്കളെ കൈനീട്ടം കൊടുക്കുന്നു.
കൈനീട്ടം പോലെയീ വിഷുവിനോടൊപ്പം നീയും
മനസ്സിന്നോർമ്മയിൽ തങ്ങിനിന്നീടുന്നല്ലോ.
"വീണ്ടും ഞാൻ വന്നിടാമേ അടുത്ത വിഷുക്കാല"
ത്തെന്നു നീ പറഞ്ഞിട്ടു യാത്രയാക്കുന്നോപൂവേ.

# എന്റെ വീട്ടിലേക്കുള്ള മടക്കം

കവിത

**രാജേന്ദ്ര വർമ്മ**
ബാംഗ്ലൂർ, മൊ. 9895011481



അക്ഷരം കൂട്ടിവായിക്കാൻ അറിയില്ല എങ്കിലും
അകത്തുനിന്നും എത്തുന്നുചെന്താമര മണംപോൽ
അറിയില്ല പലതും എന്നാൽ അറിയാം സ്വപ്നഘോഷണം
അടുത്തു കാണാത്തതും മനക്കണ്ണിൽ കണ്ടതും
അടഞ്ഞ കണ്ണിൽ ഉള്ളിൽ അലതല്ലൽ സ്വനം
അമ്മയെന്ന വികാരത്തെ തത്തി പൊത്തി എടുത്തതിൽ
അച്ഛനിൽ നിന്നും ജീവിക്കാൻ വേണ്ട വിദ്യയും
അമ്മയിൽ നിന്ന് എല്ലാവരേയും സ്നേഹിക്കാനും
ആകാശം കണ്ട് എന്റെ ശബ്ദവീചിയും
ആവേശ യൗവനപ്പാച്ചിലിൽ പല നാടും വിട്ട്
ആമാശയത്തിന്റെ നീറ്റലകറ്റാനായ്
അലഞ്ഞെത്തി പല വേഷവും കെട്ടി വയറിനായ്
ആ വഴിയിൽ ഒരു കുടുംബവും കുട്ടികളുമായ്
അങ്ങനെ എത്തിനില്ക്കുന്നു പ്രവാസ ബിന്ദുവിൽ
അതേ ബിന്ദുവിൽ നിന്നും ബിന്ദുവിലേക്കുള്ള ഒഴുക്കിൽ
അങ്ങനെ അൽപപ്രാണൻ സർഗ്ഗ പൂരിതമാകട്ടെ.

മിനിക്കഥ

# മയ്യുണ്ണി

**ജ്യോതി വർമ്മ എൽ.ആർ.**
പന്തളം, മൊ. 8330054846



മെലിഞ്ഞുണങ്ങിയ ശരീരവും വലിച്ച് അയാൾ നടന്നു. ചുണ്ടിലൊരു ബീഡി പുകഞ്ഞിരുന്നു. ഓർമ്മയിൽ തെളിയുന്ന പുകയിലക്കറ ചിരി മുഖം. തേഞ്ഞു പൊട്ടിയ പല്ലുകൾ. എന്തിനോ.. എപ്പോഴും അയാൾ ചിരിച്ചിരുന്നു. ചിലപ്പോൾ പൊട്ടിച്ചിരി... ചിലപ്പോൾ കലുങ്കിന്റെ മുകളിൽ കുത്തിയിരുന്ന് എന്തോ ചിന്തിച്ചിരിക്കുന്നതും കാണാം... ചിന്തയിൽ അയാളുടെ നെറ്റിയിലെ വരകൾ തെളിഞ്ഞിരുന്നു. വയറു വിശക്കുമ്പോഴാകും, മുന്നിലൂടെ കടന്നുപോകുന്നവരുടെ നേരെ കൈ നീട്ടും. ആരെങ്കിലും വെച്ചു നീട്ടുന്ന നാണയത്തുട്ടിൽ ഏറെനേരം നോക്കും. പിന്നെ നേരെ ചായക്കടയിലേക്കൊരു പോക്കാണ്. ചിലർ ചൂടു ചായയും, ചിലപ്പോൾ ദോശയും വാങ്ങിക്കൊടുക്കും. ചായ കുടിച്ച്, ദോശ കൈയിലെ തുണിക്കെട്ടിൽ പൊതിഞ്ഞെടുക്കും. ഏറെ മുഷിഞ്ഞ വെള്ളമുണ്ട് മടക്കിക്കുത്തി, പൊട്ടിയ പല്ലുകൾ കാണിച്ചൊരു ചിരിയും, പിന്നൊരു പൊട്ടിച്ചിരിയും ചിരിച്ച് അയാൾ മിന്നൽ വേഗത്തിൽ മറയും.

അവിടത്തുകാർ അയാളെ 'മയ്യുണ്ണി' എന്നു വിളിച്ചു. എന്താണയാൾക്ക് ആ പേരു വീഴാൻ കാരണം എന്നാരും പറഞ്ഞില്ല. അയാൾക്ക് മഴ കൊള്ളില്ലത്രേ... മഴത്തുള്ളികൾ അയാളുടെ ദേഹത്തുവീഴില്ലെന്ന് ആരൊക്കെയോ സ്വകാര്യമായി പറയുന്നുമുണ്ടായിരുന്നു. ഞങ്ങൾ കുട്ടികൾ അൽപ്പം ഭയത്തോടെ, അദ്ഭുതത്തോടെ അയാളെ നോക്കിനിന്നിട്ടുണ്ട്. പേടിയോടെ മറഞ്ഞുനിന്ന് നോക്കിയിട്ടുണ്ട്.

കുട്ടികളായ ഞങ്ങൾ ഭക്ഷണം കഴിക്കാതെയും, കുസൃതി കാണിക്കുമ്പോഴും 'മൈയുണ്ണി' യെ വിളിക്കട്ടെ... എന്നു ചോദിച്ച് ഭയപ്പെടുത്തിയിരുന്നു.

ഞങ്ങൾ നാൽവർ കുട്ടിസംഘത്തിൽ ചിലർ മയ്യുണ്ണിയുടെ ദേഹത്ത് മഴവെള്ളം വീഴുന്നുണ്ടോ എന്ന് പരീക്ഷിച്ച്, പുറകേനടന്ന് ചെരുപ്പു തേഞ്ഞത് മിച്ചം. തനിയേ വർത്തമാനം പറഞ്ഞ്, പാതയോരത്തിൽ അതിവേഗം നടക്കുന്ന അയാളെ എവിടെ പിടികിട്ടാനാണ്.

ഒരിക്കൽ സ്കൂൾ വിട്ടു വരുമ്പോൾ പെരുമഴയത്ത് കുടയില്ലാതെ ബസ് സ്റ്റോപ്പിൽ നിൽക്കുമ്പാൾ, തൊട്ടപ്പുറത്തു നിന്ന അയാളെ, അയാളെക്കാൾ ബുദ്ധിവികാസമില്ലാത്ത ചിലർ, ഉന്തിത്തള്ളി പെരുമഴയത്തേക്കു തള്ളിവിട്ടു. മഴയിൽ കുതിർന്ന മുണ്ടും, ഭാണ്ഡവും വാരിപ്പിടിച്ച്, അയാൾ അവരെ ചീത്തവിളിച്ചു.

ചിലർ പറഞ്ഞു, "അയാൾ ദൈവമാണ്"

ചിലർ പറഞ്ഞു, "ഏതോ ബാധ കേറിയതാണ്"

കൂട്ടത്തിൽ ആരോ പറയുന്നത് കേട്ടു, "പാവം... അയാൾ ഒരു മനുഷ്യനാണ്... ബുദ്ധി സ്ഥിരതയില്ലാത്ത മനുഷ്യൻ... പറ്റുമെങ്കിൽ അയാളെ സഹായിക്കൂ... അല്ലെങ്കിൽ വെറുതെ വിടൂ..." എന്ന്.

ആളുകൾ അയാളെപ്പറ്റി പറയുന്നതറിയാതെ, അയാൾ നടന്നുകൊണ്ടേയിരുന്നു... മഴയെ വകഞ്ഞുമാറ്റി. ●

**സത്യമെവിടെ, സൗന്ദര്യമെവിടെ, സ്വാതന്ത്ര്യമെവിടെ**
**നമ്മുടെ രക്തബന്ധങ്ങളെവിടെ, നിത്യസ്നേഹങ്ങളെവിടെ**
**ആയിരം യുഗങ്ങളിലൊരിക്കൽ വരാറുള്ളോരവതാരങ്ങളെവിടെ**
**മനുഷ്യൻ തെരുവിൽ മരിക്കുന്നു മതങ്ങൾ ചിരിക്കുന്നു.**
-വയലാർ രാമവർമ്മ-

# ബാഷ്പാഞ്ജലി

*In Loving Memory of*



## പ്രൊഫ. ആർ.ആർ.സി. വർമ്മ (78)

'ശ്രീപാദം', കോട്ടയ്ക്കകം, മാവേലിക്കര

**സന്തപ്ത കുടുംബാംഗങ്ങൾ**





# വിവാഹ മംഗളാശംസകൾ



ആറന്മുള കൊച്ചുകോയിക്കൽ
കൊട്ടാരത്തിൽ ബിന്ദു തമ്പുരാട്ടി
യുടെയും ചേർത്തല കോപ്പുഴ
കോവിലകം കുടുംബാംഗം
പരേതനായ
പി. ആർ. രവിവർമ്മയുടെയും
മകൾ **ഗോപിക വർമ്മ**യും
തിരുവല്ല വെണ്ണിക്കുളം
തെക്കനാൽ കോയിക്കൽ
അജിത വർമ്മയുടെയും
ബാലുശ്ശേരി കുറുമ്പ്രനാട്
പാലസിൽ പരേതനായ
ജ്യോതീന്ദ്രവർമ്മ രാജയുടെയും
മകൻ **ചന്ദ്രകാന്ത് വർമ്മ**യും
തമ്മിലുള്ള വിവാഹം 2024
ഏപ്രിൽ 21-ന് ചക്കുളത്തു
കാവ് ശ്രീ ചക്കുളത്തമ്മ
ആഡിറ്റോറിയത്തിൽ വച്ച്
സമംഗളം നടന്നു.










# വിവാഹ മംഗളാശംസകൾ

എണ്ണക്കാട് കൊട്ടാരത്തിൽ ഹരി വർമ്മയുടെയും ശാന്തിനി വർമ്മയുടെയും മകൾ **സൗഭാഗ്യയും** ദൽഹിയിൽ ഷൈലകുമാരിയുടെയും സുനിലിന്റെയും മകൻ **ദർശും** തമ്മിലുള്ള വിവാഹം 2024 ഏപ്രിൽ 21–ന് തിരുവനന്തപുരം മൗണ്ട് കാർമൽ കൺവെൻഷൻ സെന്ററിൽ വച്ച് സമംഗളം നടന്നു.

SOWBHAGYA & DARSH

# ബാഷ്പാഞ്ജലി



## കെ.പി. രാമവർമ്മ (ഇന്ദുചൂഡൻ – 91)

**കണ്ണെഴുത്ത് പുത്തൻ മഠം, തൃപ്പൂണിത്തുറ**

സന്തപ്ത കുടുംബാംഗങ്ങൾ

മക്കൾ: രേഖാ വർമ്മ
രാജേഷ് വർമ്മ

മരുമക്കൾ: അജിത്ത് വർമ്മ
ഇന്ദു രാജ

കൊച്ചുമക്കൾ

# വിശ്വസിച്ചാലും ഇല്ലെങ്കിലും ശരി



**ഗായത്രി വർമ്മ**
തൃപ്പൂണിത്തുറ, മൊ. 8767703276

ദുബായിൽ നിന്നെത്തിയിട്ട് ആഴ്ച രണ്ടു കഴിഞ്ഞു. അവധി ഇനി ഒന്നര മാസം കൂടിയേയുള്ളൂ. വിചാരിച്ച കാര്യങ്ങൾ ഒന്നും എവിടെയും എത്തിയിട്ടില്ല. ഒരു തീരുമാനവും എടുക്കാനും കഴിഞ്ഞിട്ടില്ലിതുവരെ. എന്നിട്ടും ഇന്നലെ അച്ഛൻ പറയുന്നതു കേട്ടു.

"ഇവനെ ഇങ്ങനെ വിട്ടാൽ പറ്റില്ല... ഈ അവധിക്കുതന്നെ നമുക്കതു നടത്തണം".

അമ്മയും അതു പിൻതാങ്ങി.

"വളരെ ശരിയാ ഈ കഴിഞ്ഞ കുംഭത്തിൽ വയസ്സു മുപ്പതു കഴിഞ്ഞു. ഇനിയുമെന്തിനാ ഇങ്ങനെ നീട്ടുന്നത്? നിങ്ങളുതന്നെ അവനോട് ഒന്നു നിർബ്ബന്ധമായിട്ട് പറയണം".

ഇതൊക്കെ കേട്ടുകൊണ്ടു വന്ന രാജേന്ദ്രൻ അമ്മയോട് പറഞ്ഞു:

"ഒക്കെ ശരിയാ, പക്ഷേ അമ്മേ, ആദ്യം നമുക്കൊരു നല്ല വീടുവയ്ക്കണം, പിന്നീടാകാം ബാക്കി കാര്യങ്ങൾ. കഴിഞ്ഞ അവധിക്കു വന്നപ്പോഴേ ഞാനിതു പറഞ്ഞതല്ലേ?"

ഒന്നു നിർത്തിയിട്ട് വീണ്ടും പറഞ്ഞു:

"അമ്മേ ആറ്റുവക്കത്ത്, ആ ഇല്ലക്കാരുടെ പറമ്പ് വിൽക്കാനിട്ടിരിക്കുകയാണെന്ന് കുട്ടൻ നായർ പറഞ്ഞു. അതൊന്നു നോക്കിയാലോ നല്ല തട്ടൊത്ത ഭൂമി. നദിയും തൊട്ടുതന്നെ, നല്ല കാഫലമുള്ള മണ്ണാണത്. ഒരേക്കറിലധികം ഉണ്ടെന്നു തോന്നുന്നു. അതൊന്നു നോക്കിയാലോ? ചോദിച്ചാൽ കിട്ടിയേക്കും. വിലയും വലിയ കൂടുതലില്ല. അവകാശികളും കുറവാണ്. നല്ല തറവാടു ഭൂമി. കുട്ടൻ നായരോടൊന്നു പറഞ്ഞാലോ?"

രാജന്റെ അഭിപ്രായം കേട്ട് അമ്മയുടെ മുഖം ഇരുണ്ടു. പെട്ടെന്നുതന്നെ ഉത്തരവും വന്നു.

"വേണ്ട വേണ്ട നമുക്ക് അതുവേണ്ട. ഒരു എരണംകെട്ട പറമ്പാണത്."

"എന്താ അമ്മേ കാര്യം? ആധാരത്തിൽ വല്ല കുഴപ്പവുമുണ്ടോ? നമുക്ക് നല്ലൊരു വക്കീലിനെക്കൊണ്ട് നോക്കിപ്പിക്കാമല്ലോ" രാജൻ ചോദിച്ചു.

"വേണ്ടെന്നു പറഞ്ഞാൽ വേണ്ട, ആധാരത്തിൽ കുഴപ്പമൊന്നും കാണില്ലായിരിക്കും. പക്ഷേ നമുക്കതു വേണ്ട".

കൂടുതലൊന്നും പറയാതെ വേഗം അമ്മ അവിടെനിന്നും എണീറ്റുപോയി. രാജനും പിന്നെയൊന്നും ചോദിച്ചില്ല. എങ്കിലും ഒരു കരടുപോലെ മനസ്സിലതു കിടന്നു.

വൈകുന്നേരം അമ്മ സ്വസ്ഥമായി ഉമ്മറത്ത് കാലും നീട്ടിയിരുന്ന് വിസ്തരിച്ചൊന്നു മുറുക്കി നീട്ടിത്തുപ്പി. ഇതാണ് നല്ല സമയം. രാജൻ അടുത്തു ചെന്നിരുന്ന് ദുബായ് വിശേഷങ്ങളും ബുദ്ധിമുട്ടുകളും ഒക്കെപ്പറഞ്ഞ് ഒരു മുഖവുരയിട്ടു. എന്നിട്ട് പെട്ടെന്നു ചോദിച്ചു:

"എന്തിനാ അമ്മേ ഇല്ലപ്പറമ്പ് വാങ്ങണ്ടന്നു പറഞ്ഞത്? എന്താ കാര്യം, ഇങ്ങനെ കട്ടായം പറയാൻ?"

"മോനേ ആ സ്ഥലം അത്ര നല്ലതല്ല എന്തോ ശാപം കിട്ടിയപോലെ"

രാജൻ പൊട്ടിച്ചിരിച്ചു. "അമ്മേ ഇത് ഇരുപത്തൊന്നാം നൂറ്റാണ്ടാണ്. മനുഷ്യൻ ചന്ദ്രന്റെ മടിയിൽ വിശ്രമിക്കുന്ന കാലമാണിത്. എന്നിട്ടും അമ്മയ്ക്കിത്ര അന്ധവിശ്വാസമോ? ഓരോ തറവാട്ടിന്റെ ചരിത്രത്തിലും എന്തെങ്കിലുമൊക്കെ അന്ധവിശ്വാസങ്ങൾ കാണുമമ്മേ"

ഒരുമാത്രനേരം അമ്മ രാജന്റെ മുഖത്ത് ദൃഷ്ടിയൂന്നിയിരുന്നു. പിന്നെ ഏതോ ഗതകാല കഥകൾ

അയവിറക്കുന്നതുപോലെ തൊടിയിലേക്കു മിഴികൾ തിരിച്ചു. രാജൻ വീണ്ടും അമ്മയെ തട്ടിയുണർത്തി ചോദിച്ചു:

"പറയമ്മേ എന്താ ഈ പറമ്പിങ്ങനെ കിടക്കാൻ കാരണം ഞാനുമൊന്നറിയട്ടെ".

അമ്മ മുഖമുയർത്തി മോനെ നോക്കി, എന്നിട്ടു മെല്ലെ പറഞ്ഞുതുടങ്ങി:

''ഇന്നത്തെ കുട്ടികൾക്ക് ഇതിലൊന്നും യാതൊരു വിശ്വാസവുമില്ലെന്നറിയാം. എന്നാലും പറയാം ഞാൻ"

"എന്റെ ഓർമ്മവെച്ച കാലം മുതൽ ആ പറമ്പും ഇല്ലവും അങ്ങനെ കിടക്കുകയാ. അവിടുത്തെ തേങ്ങാ ഇടീക്കാനോ ആദായം എടുക്കാനോ (അങ്ങനൊന്നില്ല) ആരും വരാറില്ല. പിന്നെ വല്ല ചക്കയോ മാങ്ങയോ ഒക്കെ ഉണ്ടാകുമ്പോൾ അയൽക്കാരും ചന്തക്കടവിലെ മേത്തന്മാരും ഒക്കെ വന്ന് ഇട്ടോണ്ടു പോകും. ആരും ചോദിക്കാറും പറയാറുമൊന്നുമില്ല. നീ ഇപ്പം ചോദിച്ചതുപോലെ ഞാനും എന്റെ വല്യമുത്തശ്ശിയോട് ചോദിച്ചു. അപ്പോൾ വല്യമുത്തശ്ശി പറഞ്ഞതാണീ കഥയൊക്കെ. വളരെ വളരെ പണ്ടു നടന്ന സംഭവങ്ങളാണിതൊക്കെ. എന്നാലും വാസ്തവമാണെന്ന് മുത്തശ്ശി പറഞ്ഞു.

ആ ഇല്ലത്ത് ഒരിക്കൽ ഒരു വയസ്സായ നമ്പൂതിരി മാത്രമായി. അന്തർജ്ജനം മരിച്ചതിൽ പിന്നെ അദ്ദേഹം തികച്ചും ഒറ്റയ്ക്കായി. ധാരാളം സ്വത്തുമുണ്ട്. പക്ഷേ തേവാരത്തിന് ഒരുക്കിക്കൊടുക്കാനോ വച്ചുനേദ്യത്തിനു സഹായിക്കാനോ എന്തിനേറെ ഒരിത്തിരി പൊടിയരിക്കഞ്ഞി വെച്ചുകൊടുക്കാനോ പോലും ആരുമില്ലായിരുന്നു. ഇവിടെ അടുത്തൊന്നും സ്വജനങ്ങളോ, തൊട്ടുണ്ണാൻ പറ്റിയ ഇണങ്ങരോ ആരുമില്ലായിരുന്നു. തീണ്ടലും തൊടീലും ജാതിയും ആചാരങ്ങളും കൊടികുത്തിവാണ കാലമായിരുന്നു അതെന്നോർക്കണം.

ഏകാന്തമായ താമസം അസഹ്യമായപ്പോൾ സഹായത്തിനായി നാടിന്നുടയവരെക്കണ്ട് സങ്കടമുണർത്തിക്കാമെന്നു കരുതി, ചോദിച്ചുംപറഞ്ഞും നമ്പൂതിരി യാത്രതിരിച്ചു.

വിളർത്തും വിയർത്തും പരവശനായ തിരുമേനി യാത്ര തുടർന്നു. അങ്ങു കിഴക്കൻ മലയിലാണ് നാടിന്നുടയവർ താമസിക്കുന്നതെന്നു മാത്രമറിയാം. വിശപ്പും ദാഹവും കൊണ്ടദ്ദേഹം ആകെ തളർന്നു. പൂണൂലും ഉത്തരീയവും മുൻകുടുമയും വിയർത്തൊട്ടിപ്പിടിച്ചു. എന്നിട്ടും നടപ്പു നിർത്തിയില്ലദ്ദേഹം. അവസാനം ആ വളഞ്ഞ വാതിലും പടിപ്പുരയും എട്ടുകെട്ടും മാളികയും മുമ്പിൽ കണ്ട് നമ്പൂതിരി അതിശയിച്ചു നോക്കിനിന്നു. വിറയ്ക്കുന്ന കൈകൾകൊണ്ട് ആ ആനവാതിൽ തുറന്നു. കാലുകൾ നീട്ടി വലിച്ച് ആ വിശാലമായ മുറ്റത്തേക്കു കടന്നു. ഓലക്കുട ഒരുവശത്തു വച്ച് നിവർന്നൊന്നു നോക്കി. ക്ഷീണിതനെങ്കിലും പ്രൗഢശാന്തനായ ആ വൃദ്ധ ബ്രാഹ്മണന്റെ തേജസ്സു കണ്ട് പൂമുഖത്ത് നാട്ടുവർത്തമാനം പറഞ്ഞുകൊണ്ടിരുന്ന കാരണവർ വേഗം എഴുന്നേറ്റു. തോളിൽ നിന്നും രണ്ടാംമുണ്ട് മാറ്റി. വേഗം മുറ്റത്തേക്കിറങ്ങിച്ചെന്ന് ആദരവോടെ ആ വന്ദ്യവയോധികനെ പൂമുഖത്തേക്ക് ആനയിച്ചു.

"വന്നാട്ടെ വന്നാട്ടെ, ദാ കാലുകഴുകി ഇവിടെ ഇരുന്ന് വിശ്രമിക്കാമല്ലോ"

വെള്ള വിരിച്ച ആവണിപ്പലക നീക്കി വച്ചുകൊടുത്തു. പുറകിലേക്കു തിരിഞ്ഞ് വേലക്കാരനെ നീട്ടി വിളിച്ചു.

"രാമാ വേഗം രണ്ട് ഇളനീർ അടർത്തിക്കൊണ്ടുവരൂ"

ഉത്തരവ് പാലിക്കപ്പെട്ടു. മുഖം ചെത്തിയ രണ്ടു കരിക്കുകൾ ബ്രാഹ്മണന്റെ മുമ്പിൽ വച്ചിട്ട് കാരണവർ പറഞ്ഞു:

"കുടിച്ചാട്ടെ, യാത്രാക്ഷീണമൊന്നു മാറട്ടെ"

കരിക്കുകുടിച്ച് ആശ്വസ്ഥനായ തിരുമേനി രാമച്ച വിശറികൊണ്ട് വീശി ആശ്വസിച്ചു.

അസ്വസ്ഥനായ ബ്രാഹ്മണനോട് കാരണവർ ആരാഞ്ഞു:

"ആരാണാവോ അവിടുന്ന്? എവിടെ നിന്നാണ് വരുന്നത്? ഇവിടേയ്ക്കു വരുന്നതിന് പ്രത്യേകിച്ചെന്തെങ്കിലും ഉദ്ദേശം?"

തിരുമേനി ഒന്നു പുഞ്ചിരിച്ചു. എന്നിട്ട് മെല്ലെ പറഞ്ഞു:

"നിങ്ങൾ നാട്ടിനുടയവരല്ലേ - ഒരപേക്ഷയുമായി വന്നതാണു ഞാൻ. അൽപ്പം പടിഞ്ഞാറു മാറി കരമന ദേശം വടകര മഠത്തിലെയാണു ഞാൻ. വസിഷ്ഠ ഗോത്രമാണ് എന്റേത്. പൂജയ്ക്കും തന്ത്രത്തിനും ഒക്കെ അധികാരമുണ്ടെന്നു കൂട്ടിക്കോളൂ".

തെല്ലുനേരം അദ്ദേഹം മൗനം അവലംബിച്ചിരുന്നു. എങ്ങനെ കാര്യം അവതരിപ്പിക്കും എന്നൊരു ചിന്ത അദ്ദേഹത്തിന്റെ മുഖത്തുദിച്ചു. കൂടെ അസാരം വൈക്ലബ്യവും ശങ്കയും.

കാരണവർ വീണ്ടും ആരാഞ്ഞു: ''എന്താണാവോ ഈ വരവിന്റെ ഉദ്ദേശ്യം? എന്നെക്കൊണ്ടു സാധിക്കാവുന്ന എന്തെങ്കിലുമാണെങ്കിൽ സാധിച്ചു തരുന്നതിൽ എനിക്ക് സന്തോഷമേയുള്ളൂ. മടിക്കാതെ പറഞ്ഞാലും"

തിരുമേനിയുടെ മുഖത്ത് ദൈന്യതയുടെ കരിനിഴൽ പരന്നു. തിരമാലകൾ പോലെ അന്തഃരംഗത്തിൽ ഉയർന്ന ചിന്തകളെ ബദ്ധപ്പെട്ട് അമർത്തിക്കൊണ്ട് അദ്ദേഹം മെല്ലെ പറഞ്ഞു:

''എന്റെ വേളി പരബ്രഹ്മത്തിൽ സായൂജ്യം പ്രാപിച്ചിട്ട് ഒരാണ്ടു കഴിഞ്ഞു. ഞങ്ങൾക്ക് സന്താനങ്ങൾ ഒന്നുമില്ല. മഠവും വിശാലമായ ഇല്ലപ്പറമ്പും ഒന്നും നോക്കിനടത്താൻ ആരുമില്ല. അടുത്തൊന്നും ഇണങ്ങരോ സ്വന്തക്കാരോ ആരുമില്ല. ഇല്ലത്ത് ഈട്ടിരുപ്പായി അസാരം പണവും സ്വർണ്ണവും ഉണ്ട്. പക്ഷേ അനുഭവിക്കാൻ സ്വന്തക്കാർ പോലുമില്ല. തേവാരപ്പുരയിൽ രണ്ടുനേരം പൂജയും വെച്ചുനേദ്യവും ഉണ്ട്. പക്ഷേ സഹായിക്കാനാരുമില്ല." ഒരു മാത്ര നിർത്തിയിട്ട്, പ്രതീക്ഷയോടെ അദ്ദേഹം വീണ്ടും പറഞ്ഞു:

"ഈ കോയിക്കൽ നിന്നൊരു പെൺകിടാവിനെ തന്നാൽ നന്നായിരുന്നു. വേളി പാടില്ലല്ലോ സംബന്ധമായി ചെയ്തു കൊണ്ടുപോകാനാണ് ഞാനാഗ്രഹിക്കുന്നത്. തേവാരത്തിനും സഹായിക്കാനും എനിക്കു വെച്ചുവിളമ്പിത്തരാനും ഒരാൾസഹായമാണ് ഞാനാഗ്രഹിക്കുന്നത്. എന്റെ കാലശേഷം ഇല്ലവും തൊടിയും പണവുമെല്ലാം ഈ കോയിക്കലേക്ക് ആകുമല്ലോ"

പ്രതീക്ഷയോടെ ആ വൃദ്ധ ബ്രാഹ്മണൻ കാരണവരുടെ മുഖത്തുറ്റുനോക്കി.

പക്ഷേ കാരണവരുടെ തെളിഞ്ഞ മുഖം പെട്ടന്നിരുണ്ടു. ആ കണ്ണുകളിൽ ഉഗ്രഭാവം കുടിയേറി. തന്റെ കുടുംബത്തിലെ സന്തതികളെ ചോദിക്കാൻ ഈ വൃദ്ധന് എങ്ങനെ ധൈര്യം വന്നു! നാളെ തന്റെ കുടുംബത്തിന്റെ പേരും പെരുമയും നിലനിർത്തേണ്ടത് ഇവിടുത്തെ സന്തതികളും അനന്തിരവന്മാരുമാണ്. അവരെ ഈ വൃദ്ധന് സംബന്ധമായി നൽകുകയോ? ഒന്നാമത് സന്തതികൾ കുടുംബത്തിൽ നന്നേ കുറവുമാണ്. ചിന്തിക്കാൻ പോലും പറ്റാത്ത കാര്യമാണ് ചോദിക്കുന്നത്, പക്ഷേ ഇദ്ദേഹത്തിനോട് മറുത്തൊന്നും പറയാനും പറ്റില്ലല്ലോ. ബ്രാഹ്മണശാപത്തെ ഭയക്കണമല്ലോ. കുടുംബം കുറ്റിയറ്റു പോകുന്നതാണ് ബ്രാഹ്മണശാപം. എന്താ വേണ്ടത്? ഏറെനേരം ചിന്താമൂകനായിരുന്നുപോയി കാരണവർ. എങ്ങനെയോ വികാരങ്ങളെ നിയന്ത്രിച്ചുകൊണ്ടദ്ദേഹം പറഞ്ഞു:

"അങ്ങ് പോയി കുളിച്ച് സന്ധ്യാവന്ദനം കഴിച്ചാട്ടെ". ഒരു വാല്യക്കാരനെ കൂട്ടി അദ്ദേഹത്തിനെ കുളത്തിലേക്കയച്ചു. എന്നിട്ട് അരികിൽ നിന്ന രാമനെ വിളിച്ച് എന്തൊക്കെയോ നിർദ്ദേശങ്ങൾ നൽകി. തലകുലുക്കിക്കൊണ്ട് രാമൻ പുറത്തേക്കു പോയി. സമയമേറെ കഴിഞ്ഞിട്ടും തിരുമേനി തിരിച്ചെത്തിയില്ല. ആരുമതേപ്പറ്റി അന്വേഷിച്ചുമില്ല. അല്ലെങ്കിൽത്തന്നെ വൃദ്ധനായ ആ വഴിപോക്കനെപ്പറ്റി കോയിക്കലാരന്വേഷിക്കാൻ.

പിറ്റേ ദിവസം നേരം നന്നേ പുലർന്നപ്പോൾ വഴിയോരത്ത് തളർന്നവശനായി ഒരു വൃദ്ധ ബ്രാഹ്മണൻ കിടക്കുന്നത് നാട്ടുകാരാണാദ്യം കണ്ടത്. മേലാസകലം ചതവും മുറിവും നീരും വന്ന് പരിക്ഷീണിതനായി കിടന്ന ആ വയസ്സനെ നാട്ടുകാർ ഒരു കാളവണ്ടിയിൽ കിടത്തി നാട്ടിലേക്കയച്ചു. ഇല്ലത്തെത്തിയ അദ്ദേഹം പിന്നെ അധികനാൾ ജീവിച്ചിരുന്നില്ല. ആധിയും വ്യാധിയും അദ്ദേഹത്തിനെ അത്യന്തം പരിക്ഷീണിതനാക്കി. മരിക്കുന്നതിന് മുമ്പുതന്നെ അദ്ദേഹം പണം മുഴുവനും 'രാശി' കളാക്കി. അവ നാലു ചെമ്പു കുടങ്ങളിൽ നിറച്ച് ഇല്ലത്തിന്റെ നാലു മൂലകളിലായി കുഴിച്ചിട്ടു. എന്നിട്ട് ഹൃദയംനൊന്തു പ്രാർത്ഥിച്ചു:

"എന്റെ നാഗത്താന്മാരേ നിങ്ങളുതന്നെ ഇതു കാത്തോണേ. എനിക്കു നിങ്ങളല്ലാതെ വേറെ ആരുമില്ല. ഞാൻ നൂറുംപാലും തന്നു പൂജിച്ച എന്റെ മക്കളാണു നിങ്ങൾ"

അന്തർജ്ജനത്തിന്റെ മരപ്പെട്ടി തുറന്ന് അവരുടെ ആഭരണങ്ങൾ എല്ലാം പുറത്തെടുത്ത് ചുവന്ന കല്ലുവച്ച പത്താക്കുകൾ, നാഗപടത്താലി, കാശുമാല, താലിക്കൂട്ടം എന്നുവേണ്ട തക്ക, തോട എല്ലാം കൈയിലെടുത്ത് മാറിമാറി നോക്കി ഏറെനേരം പഴയ ഓർമ്മകളിൽ ലയിച്ചിരുന്നുപോയി. അമ്പത്തഞ്ചു കൊല്ലത്തെ ഒന്നിച്ചുള്ള ജീവിതം



## സരസ്വതി പുരസ്ക്കാരം പ്രഭാവർമ്മയ്ക്ക്

പ്രശസ്ത കവിയും ഗാന രചയിതാവും മാദ്ധ്യമ പ്രവർത്തകനുമായ പ്രഭാവർമ്മയ്ക്ക് ഭാരതത്തിലെ ഏറ്റവും കൂടുതൽ സമ്മാനത്തുകയുള്ള സാഹിത്യ പുരസ്ക്കാരം 'സരസ്വതി സമ്മാനം' ലഭിച്ചു. 'രൗദ്രസാത്വികം' എന്ന കൃതിക്കാണ് കെ.കെ. ബിർള ഫൗണ്ടേഷൻ നൽകുന്ന 15 ലക്ഷം രൂപയുടെ പുരസ്ക്കാരം ലഭിച്ചത്. റഷ്യയിലെ സർ ചക്രവർത്തിമാരുടെ കാലത്തെ ചരിത്ര സംഭവമാണ് 'രൗദ്ര സാത്വിക'ത്തിൽ പ്രതിപാദിക്കുന്നത്. ഇപ്പോൾ മുഖ്യമന്ത്രിയുടെ മാദ്ധ്യമ ഉപദേഷ്ടാവാണ് പ്രഭാവർമ്മ.

എങ്ങനെ മറക്കാനാണ്. കല്ലുവച്ച ആഭരണങ്ങളിൽ എന്തൊരു ഭ്രമമായിരുന്നു അവർക്ക്. ചുവന്ന കല്ലു വച്ച ആഭരണം എവിടെ കണ്ടാലും കൂടിയേതീരൂ. എത്ര പണിയിച്ചുകൊടുത്തിരിക്കുന്നു. ഇനി ഇതൊക്കെ എന്തുചെയ്യാനാ! കൃഷ്ണാ നിയെനിക്കൊരു സന്തതിയെ തന്നില്ലല്ലോ! പോയവർ ഭാഗ്യവാന്മാർ.

ആ ആഭരണങ്ങളെല്ലാം ഒരു ചെറിയ മൺകുടത്തിലാക്കി വടക്കേ മുറ്റത്തിന്റെ ഒത്ത നടുവിലായി ഒരു കുഴിയെടുത്ത് കുടം അതിൽ വച്ചു മൂടി. സ്ഥലം ഓർത്തുവയ്ക്കാനായി അതിനു മുകളിൽ ഒരു പ്ലാവിൻ തൈയും നട്ടു.

പിന്നെ ഏറെക്കാലം തിരുമേനി ജീവിച്ചിരുന്നില്ല. വാർദ്ധക്യം കൊണ്ട് ഉള്ളുരുകി ആ കാരണവരെ ശപിച്ചിരുന്നു:

"എന്റെ കൃഷ്ണാ എനിക്കു സഹായത്തിനൊരാളെ തന്നില്ലതോ പോകട്ടെ, എന്തിനെന്നേ ഇങ്ങനെ ദേഹോപദ്രവം ചെയ്തു? ഞാനെന്താണു തെറ്റായി പറഞ്ഞത്? സംബന്ധവും പൊടകൊടയും ഒക്കെ നാട്ടുനടപ്പല്ലേ. ആ അഹങ്കാരിയെ നീ തന്നെ ശിക്ഷിച്ചോണേ, ആ കുടുംബത്തിലെ ആൺസന്താനങ്ങളൊക്കെ വെറും കൂഴകളായി കഴകത്തില്ലാതെ പോണേ."

"തിരുമേനിയുടെ മരണശേഷം ആ ശേവുകക്കാരനും താമസിയാതെ എവിടേക്കോ പോയി. അന്നു മുതൽ ഇല്ലവും ഇല്ലപ്പറമ്പും ഇങ്ങനെ കിടക്കുകാ അന്യംനിന്ന് ആൾത്താമസമില്ലാതെ. പലരുമവിടെ വന്ന് നിധി തപ്പി കിളച്ചുനോക്കിയിട്ടുണ്ട്. ഒക്കെ വെറുതെയാ!

നീ വിശ്വസിച്ചാലും ഇല്ലെങ്കിലും ശരി, ഒരു കാര്യം സത്യമാ, ആ വടക്കുവശത്തെ പ്ലാവിൽ നിറയെ കൂഴച്ചക്കകൾ ഉണ്ടാകാറുണ്ട്. ചക്കച്ചുളകൾക്ക് കടുംചുവപ്പു നിറം. രക്തവർണ്ണം. നല്ല മധുരവും പലരും ആ പ്ലാവിന്റെ ചക്കക്കുരു കൊണ്ടുപോയി നട്ടുവളർത്തി നോക്കി. അവയിലെ ചക്കകൾ വെറും കൂഴച്ചക്ക. വെള്ള നിറത്തിൽ മധുരമില്ലാതെ. സാധാരണ ചക്കകൾ. ആ ചെമ്പരത്തി പ്ലാവും ഇന്നില്ല. കാലമെത്ര കഴിഞ്ഞു. നാടിന്റെ അലകുംപിടിയും മാറി. നാട്ടാരും നടപടിയും മാറി. ഇല്ലപ്പറമ്പിനു മാത്രം ഒരു മാറ്റവുമില്ല. കരംകൊടുക്കാത്ത ഈ പറമ്പ് സർക്കാരും ഇതുവരെ ഏറ്റെടുത്തില്ല."

ഏറെ നേരം ആ പഴയകാല കഥയിൽ രാജൻ ലയിച്ചിരുന്നുപോയി. "അമ്മേ കാരണവരുടെ ആ കുടുംബം ഇപ്പോഴെങ്ങനെയാണ്?"

"ഓ അതന്ന് രാജവാഴ്ചയുടെ കാലമായിരുന്നില്ലേ! ടിപ്പുവിന്റെ പടയോട്ടക്കാലത്ത് ആ കുടുംബം ഛിന്നഭിന്നമായി പലയിടത്തു താമസമാക്കി. അതിലൊരു കൂട്ടർ കുറച്ചുനാൾ ഇവിടെയും വന്നു താമസിച്ചിരുന്നു. അവർ ആ ബ്രാഹ്മണന്റെ ഓർമ്മയ്ക്കായി ഒരമ്പലം പണിഞ്ഞ് അദ്ദേഹത്തിനെ കുടിയിരുത്തി. ആ വീട്ടിൽ ഒരു കുഞ്ഞു പിറന്നാൽ ആദ്യം ആ അമ്പലത്തിൽ കൊണ്ടുപോയി തൊഴീച്ച് വഴിപാടുകൾ നടത്തും. ഇന്നും അത് തുടരുന്നുണ്ട്. അവിടെ ആൾതാമസമൊന്നും ഇപ്പോഴില്ല. അവിടെ താമസിച്ചിരുന്നവരാരും അത്ര മെച്ചപ്പെട്ട സൗകര്യത്തിലായിരുന്നില്ല. ഒരുവിധത്തിൽ നിത്യവൃത്തി കഴിച്ചിരുന്നു. അവിടെ നിന്നും വെളിയിൽ പോയവരൊക്കെ പച്ചപിടിച്ചു എന്നാണ് അമ്മൂമ്മ പറയാറ്. ഇതൊക്കെ കേട്ടാൽ വിശ്വസിക്കാനും വയ്യ വിശ്വസിക്കാതിരിക്കാനും വയ്യ." രാജൻ മനഃക്കണ്ണാൽ ആ വൃദ്ധ ബ്രാഹ്മണനെ കണ്ടു. ശിരസ്സു കുനിച്ച് സാഷ്ടാംഗം ആ പാദങ്ങളിൽ പ്രണമിച്ചു. ●

# ഒരു തീർഥയാത്ര



**പി.കെ.ആർ.വി. രാജാ**
പൂഞ്ഞാർ

*1971 ഏപ്രിൽ മാസം 30-ാം തീയതി കുളു വാലിയിൽ വച്ചുണ്ടായ ഒരു വിമാനാപകടത്തിൽ, കായികകേരളത്തിന്റെ പിതാവായ കേണൽ ജി.വി. രാജാ അന്തരിച്ചു. അദ്ദേഹത്തിന്റെ മൃതശരീരം സ്വദേശമായ പൂഞ്ഞാറ്റിൽ കൊണ്ടുവരുവാൻ അദ്ദേഹത്തിന്റെ സഹോദരീപുത്രനായ പി.കെ. രാമവർമ്മ രാജാ (പി.കെ.ആർ.വി.രാജാ-വിജയൻ) അനുഭവിച്ച ശാരീരികവും മാനസികവുമായ ക്ലേശങ്ങളുടെ കദന കഥയാണ് 'ഒരു തീർഥയാത്ര')*

തീർഥയാത്ര എന്നു പറയുമ്പോൾ എല്ലാവരും വിചാരിക്കുക ഏതോ പുണ്യസ്ഥലങ്ങളിൽ പോയി ഭഗവൽ ദർശനം നടത്തുക എന്നായിരിക്കാം. എന്നാൽ ഇത് അതല്ല. പുണ്യാത്മാവായിരുന്ന ഒരു മഹത് വ്യക്തിയുടെ ഭൗതികാവശിഷ്ടങ്ങളെ വഹിച്ചുകൊണ്ട് അദ്ദേഹത്തിന്റെ അന്ത്യാഭിലാഷങ്ങൾ സാക്ഷാത്ക്കരിക്കുന്നതിനു വേണ്ടിയുള്ള യാത്രയായിരുന്നു അത്. ആ മഹത് വ്യക്തി മറ്റാരുമല്ല. കേരളത്തിന്റെ ഓർമ്മയിൽ എന്നും നിലനിൽക്കുന്ന കായിക കേരളത്തിന്റെ രാജാവായിരുന്ന കേണൽ ഗോദവർമ്മ രാജായാണ്. 1971 ഏപ്രിൽ 30-ാം തീയതി മദ്ധ്യാഹ്നത്തോടടുത്ത് 11.30-ന് ഹിമാചൽപ്രദേശിലുള്ള കുളു താഴ്വരയിലെ ഭൂന്താർ വിമാനത്താവളത്തിൽ വച്ച് ഒരു വിമാനാപകടത്തിൽപ്പെട്ട് അദ്ദേഹം ഇഹലോകവാസം വെടിഞ്ഞു. അദ്ദേഹത്തിന്റെ സഹോദരീപുത്രനായ ഞാൻ അന്ന് ജയ്പ്പൂരിനടുത്ത് ബനസ്ഥലി എന്ന ഒരു ചെറു ഗ്രാമത്തിലുള്ള വിദ്യാഭ്യാസകേന്ദ്രത്തിൽ വൈമാനികാദ്ധ്യാപകനായി ജോലി ചെയ്യുകയായിരുന്നു. സംഭവം നടക്കുമ്പോൾ ഭാര്യയും മകനുമടങ്ങിയ എന്റെ കുടുംബത്തെ ഞാൻ നാട്ടിൽ കൊണ്ടുപോയി വിട്ടിട്ടു തനിച്ച് താമസിക്കുകയായിരുന്നു. ദിവസവും രാത്രിയിൽ മൂന്നുനാലു ചപ്പാത്തിയും ഒരു ചെറിയ കൂട്ടാനും സ്വയം ഉണ്ടാക്കി ഒൻപതു മണിക്കുള്ള ആകാശവാണിയുടെ വാർത്ത കേൾക്കുന്നതിന് റേഡിയോയും തുറന്ന് വച്ച് ആഹാരം കഴിക്കുക എന്ന പതിവായിരുന്നു എന്റേത്. അന്നും പതിവുപോലെ ആഹാരത്തിനിരുന്നു. ഒരു കഷണം റൊട്ടി വായിലേയ്ക്കു വയ്ക്കാൻ തുടങ്ങിയതേയുള്ളൂ; വാർത്തകളുടെ തുടക്കം കേട്ടു ഞാൻ ഞെട്ടി. കുളു താഴ്വരയിൽ ഉണ്ടായ ഒരു വിമാനാപകടത്തിൽപ്പെട്ടു ഏയറോ ക്ലബ് പ്രസിഡന്റ് ജി.എസ്. ബൊളീനായും വൈസ് പ്രസിഡന്റ് കേണൽ ജി.വി. രാജായും മൃതിയടഞ്ഞു. ഞാൻ ഭക്ഷണം ഉപേക്ഷിച്ചു. റേഡിയോ നിർത്തി ഉടൻതന്നെ വേഷം മാറി ക്ലബ്ബിലെ എഞ്ചിനീയർ മിസ്റ്റർ എ.എൻ. തിവാരി താമസിച്ചിരുന്ന



അടുത്തുള്ള വാസസ്ഥലത്തേയ്ക്ക് ധൃതിയിൽ നടന്നു.

എഞ്ചിനീയറുടെ വീട്ടിലേക്ക് നടക്കുമ്പോൾ മനസ്സാകെ പല ചിന്തകൾ കൊണ്ടും അസ്വസ്ഥമായിരുന്നു. എവിടെ പോകണം? എന്തു ചെയ്യണം? ആരോടു ചോദിക്കണം? ഒരു രൂപവുമില്ലാത്ത ഒരവസ്ഥ. എഞ്ചിനീയറുടെ അടുത്തു ചെന്ന് "താങ്കൾ ഇപ്പോൾ റേഡിയോ വാർത്ത കേട്ടോ" എന്നു ചോദിച്ചു. ഇല്ല എന്ന മറുപടിയാണ് അദ്ദേഹത്തിൽ നിന്നുണ്ടായത്. അപ്പോൾ ഞാൻ പറഞ്ഞു ''ഒരു വിമാനം കുളു താഴ്വരയിൽ തകർന്നുവെന്ന് ഇപ്പോൾ ഒരു വാർത്ത ഞാൻ കേട്ടു. അതെപ്പറ്റിയാണ് ഞാൻ ചോദിച്ചത്.'' അപ്പോൾ അദ്ദേഹം മറുപടി പറഞ്ഞു. "ശരിയാണ് ഉച്ച മുതൽ ആ വാർത്ത റേഡിയോയിൽ വരുന്നുണ്ട്. ഏയറോ ക്ലബ്ബ് പ്രസിഡന്റും വൈസ് പ്രസിഡന്റും അതിൽ മരിച്ചു എന്നാണ് കേട്ടത്. സന്ധ്യയ്ക്ക് 6 മണിക്കും ആ വാർത്തയുണ്ടായിരുന്നു.'' അപ്പോൾ ഞാൻ ചോദിച്ചു ''അവർ മരിച്ചു എന്ന് നിങ്ങൾക്ക് തീർച്ചയുണ്ടോ?'' ''രണ്ടു പേരും മരിച്ചു എന്നു തന്നെയാണ് കേട്ടത്. കൂടാതെ ഒരാൾകൂടി വിമാനത്തിലുണ്ടായിരുന്നു. അയാളും മരിച്ചു. 'സാലെ സഫിർ' എന്ന ഒരു സ്വിസ്സ് വിമാനമായിരുന്നു അത്. എയ്റോ ക്ലബ്ബ് പ്രസിഡന്റ് ജി.എസ്. ബൊളീനയുടെ സ്വന്തം വിമാനമായിരുന്നു അത്.'' ഇത്രയും കേട്ടപ്പോൾ അമ്മാവൻ മരിച്ചു എന്നുള്ളത് എനിക്ക് തീർച്ചയായി. ഇനി അടുത്തപടി എന്തുവേണം എന്നാലോചിച്ചു. ഉടൻ പോകണം എന്നു തീർച്ചയാക്കി. എങ്ങോട്ടു പോകണം? എങ്ങിനെ പോകണം? ഒരു തീരുമാനവും എടുക്കാൻ പറ്റുന്നില്ല. ഞാൻ എഞ്ചിനീയർ തിവാരിയുമായി ചർച്ച നടത്തി.

അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ നേരെ കുളുവിലേയ്ക്ക് പോകാൻ വിഷമമാണ്. ഡൽഹിയിൽ പോയാൽ അവിടെ നിന്നും കുളുവിലേയ്ക്ക് വിമാന സർവ്വീസ് ഉണ്ടാകും. അതിൽ പോകാം. എന്നൊക്കെ അദ്ദേഹം പറഞ്ഞു. പക്ഷേ ഈ രാത്രിയിൽ എങ്ങിനെ പുറപ്പെടും എന്നായി ആലോചന. ആ കുഗ്രാമത്തിൽ ടാക്സിയുമൊന്നുമില്ല. അവിടെ ആകെയുള്ള ഒരേയൊരു ബ്യൂക്ക് കാർ ക്ലബ്ബ് സെക്രട്ടറി കാക്കാജിയുടേതാണ്. എഞ്ചിനീയർ പറഞ്ഞു, "അത് കാക്കാജിയോടു നേരിട്ടു പോയി ചോദിച്ചാൽ തരും" എന്ന്. അതു മാത്രമല്ല എന്റെ കൈയിൽ പണവുമില്ല. ഇന്ന് ശമ്പളം കിട്ടിയത് ചെക്കായിട്ടിരിക്കുകയാണ്. എഞ്ചിനീയർ പറഞ്ഞു: "അതൊന്നും സാരമില്ല ചെക്കെനിക്കു തന്നാൽ മതി. ഞാൻ എനിക്ക് കിട്ടിയ ശമ്പളം മുഴുവൻ തന്നേക്കാം." ഇതു പറഞ്ഞ് അദ്ദേഹം കയ്യിലുണ്ടായിരുന്ന പണമെല്ലാം എനിക്കു തന്നു. തുടർന്ന് ഞങ്ങൾ രണ്ടുപേരും കൂടി കാക്കാജിയെ കാണാൻ പോയി.

രാത്രി പത്തു മണി കഴിഞ്ഞിരുന്നു. ഞങ്ങൾ വിദ്യാപീഠ് ആസ്ഥാനത്തിലുള്ള ഏക പാതയിലൂടെ നടന്നു. ഏകദേശം ഒരു കിലോമീറ്റർ ദൂരമുള്ള പാതയുടെ അറ്റത്ത് ഏതെങ്കിലും മരച്ചുവട്ടിൽ 'ചാർപ്പായി' ഇട്ട് അതിലായിരിക്കും കാക്കാജി ഉറങ്ങുന്നത് എന്ന് എഞ്ചിനീയർ പറഞ്ഞു. ഞങ്ങൾ കാക്കാജിയെ തിരക്കി നടന്ന് അവസാനം ഒരു വേപ്പു മരത്തിന്റെ ചുവട്ടിൽ വിശറി വീശിക്കൊണ്ടു കിടന്നിരുന്ന അദ്ദേഹത്തെ കണ്ടുപിടിച്ചു. ഞങ്ങളെ കണ്ടപ്പോൾ അദ്ദേഹം അമ്പരന്നു. എന്താ കാര്യം എന്നു ചോദിച്ചു. ഞാൻ വിവരങ്ങൾ പറഞ്ഞപ്പോൾ അദ്ദേഹം പ്രതികരിച്ചത് ഇങ്ങിനെയാണ്. "കേണൽ രാജാ നിങ്ങളുടെ അമ്മാവനാണോ? അദ്ദേഹം ഞാൻ കണ്ടിട്ടുള്ളതിൽ വച്ച് ഏറ്റവും അധികം യോഗ്യനായ ഒരാളാണ്. ഒരു പ്രാവശ്യം കുറച്ചു മണിക്കൂർ നേരത്തേയ്ക്കു മാത്രമേ അദ്ദേഹത്തെ ഞാൻ കണ്ടിട്ടുള്ളൂ. അസാധാരണ വ്യക്തി പ്രഭാവമുള്ളയാളാണ്. ഒരു അതിമാനുഷൻ തന്നെയാണ്. അങ്ങിപ്പോൾ എന്താണ് ചെയ്യാൻ പോകുന്നത്?" ഞാൻ മറുപടി പറഞ്ഞത് ഇങ്ങിനെയാണ്: "എനിക്ക് ഉടനെ പോകണം. നേരെ ഡൽഹിയിൽ പോയി അവിടെനിന്നും കുളു താഴ്വരയിലേയ്ക്ക് പോകാമെന്നാണ് വിചാരിക്കുന്നത്. ഇവിടെ നിന്നും ജയ്പ്പൂർ വരെ ഇപ്പോൾ പോകാൻ ഇവിടുത്തെ കാർ ഏർപ്പാടാക്കി തന്നാൽ നന്നായിരുന്നു."

''പക്ഷെ കാർ ഇപ്പോൾ ജയ്പ്പൂരിലേയ്ക്ക് പോയിരിക്കുകയാണ്. രാവിലെ 4.30 ന് തിരിച്ചെത്തും. അപ്പോൾ അങ്ങേയ്ക്ക് കാർ ഉപയോഗിക്കാം." കാക്കാജി അനുമതി തന്നു.

കാർ വന്നാലുടൻ എന്റെ വാസസ്ഥലത്തേക്കയയ്ക്കുന്നതിന് ഏർപ്പാടാക്കിയിട്ട് ഞങ്ങൾ മടങ്ങി. തിരിച്ചു പോകുന്ന വഴി അസിസ്റ്റന്റ് സെക്രട്ടറി ശർമ്മാജിയുടെ വാസസ്ഥലത്ത് കയറി അദ്ദേഹത്തേയും വിവരമറിയിച്ചു. അദ്ദേഹത്തിന്റെ പക്കൽ നിന്നും 600 രൂപ കൂടി കടമായി വാങ്ങി. രാവിലെ

പോകുമ്പോൾ കൂട്ടത്തിൽ വരാമെന്നും അദ്ദേഹം ഏറ്റു.

ഞങ്ങൾ അവരവരുടെ വാസസ്ഥലങ്ങളിലേയ്ക്ക് മടങ്ങി. വീട്ടിൽ തിരിച്ചെത്തിയപ്പോൾ എന്റെ മനസ്സിൽ അമ്മാവനെക്കുറിച്ചുള്ള ചിന്തകൾ തള്ളിത്തള്ളി വന്നു. അദ്ദേഹം മരണമടഞ്ഞു എന്ന് വിശ്വസിക്കാനായില്ല. ഏതെങ്കിലും ആശുപത്രിയിൽ ദേഹക്ഷതമേറ്റ് അബോധാവസ്ഥയിൽ കിടക്കുകയായിരിക്കുമോ? അതോ വിമാനം തകർന്ന് കുളു താഴ്‌വരയിൽ കാട്ടിലെവിടെയെങ്കിലും നിരാലംബനായി കിടക്കുകയാണോ? ആർക്കറിയാം? മരിച്ചു എന്നു തന്നെയാണ് റേഡിയോയിൽ കേട്ടത് എന്നു തോന്നുന്നു? മരിച്ചെങ്കിൽ ജഡം ഏതു സ്ഥിതിയിലായിരിക്കാം? അത് എന്തു ചെയ്യണം? അവിടെത്തന്നെ സംസ്ക്കരിക്കുകയാണോ വേണ്ടത്? അതോ ഡൽഹിയിലോ, തിരുവനന്തപുരത്തോ കൊണ്ടുപോയി സംസ്ക്കരിക്കുകയാണോ വേണ്ടത് ? എന്തായാലും ഡൽഹിയിലെത്തിയാൽ ഒരു തീരുമാനമെടുക്കാം. അവിടെ കേണലിന്റെ ഏറ്റവും ഇളയ സഹോദരി എന്റെ ചെറിയമ്മ ലീല രവിവർമ്മ ഉണ്ട്. അവരുമായി ആലോചിച്ച് വേണ്ടതു ചെയ്യാം. വിമാനത്തിൽ ജയ്പ്പൂരിൽ നിന്നും പോയാൽ ഒരു ഒന്നര മണിക്കൂറിനുള്ളിൽ ഡൽഹിയിലെത്താം. ബസ്സിലാണെങ്കിൽ ആറു മണിക്കൂറെങ്കിലും എടുക്കും. ഉച്ചയാകുമ്പോഴേക്കും ഡൽഹിയിലെത്താം. ഇങ്ങനെയോരോന്ന് ചിന്തിച്ചുകൊണ്ട് സമയം കഴിച്ചു. അവസാനം വെളുപ്പാൻ കാലത്ത് 4 മണിയായി. കാർ വന്നു. ഞാൻ കാറിൽ കയറി അസിസ്റ്റന്റ് സെക്രട്ടറി ശർമ്മയേയും കൂട്ടി ജയ്പ്പൂരിലേയ്ക്ക് പുറപ്പെട്ടു. ഞങ്ങൾ നേരെ ജയ്പ്പൂരിലെ 'സാംഗനീ' എയറോഡ്രോമിലേക്കാണ് പോയത്.

എയറോഡ്രോം ആഫീസർ ഡുഗ്ഗൾ താമസിക്കുന്ന ക്വാർട്ടേഴ്സിൽ ചെന്ന് അദ്ദേഹത്തെ വിളിച്ചുണർത്തി. അദ്ദേഹം കാര്യമെല്ലാം തിരക്കി. രാവിലെയൊന്നും അവിടെ നിന്നും ഡൽഹിയിലേയ്ക്ക് വിമാന സർവ്വീസ് ഇല്ലെന്നും വൈകുന്നേരമുള്ള ഒരേയൊരു സർവ്വീസ് കൃത്യ സമയത്തിനൊന്നും വരാറില്ലെന്നും മിക്ക ദിവസവും എന്തെങ്കിലും കാരണം പറഞ്ഞ് ക്യാൻസലാക്കാൻ സാധ്യതയുള്ളതാണെന്നും അദ്ദേഹം പറഞ്ഞു. വെളുപ്പിനെ അൽപ്പം കാപ്പിയും വെണ്ണ പുരട്ടിയ റൊട്ടിക്കഷണവും തന്ന് അദ്ദേഹം സൽക്കരിച്ചത് ഞാൻ കഴിച്ചു. തലേന്ന് രാത്രി ഭക്ഷണം കഴിക്കാതിരുന്നതിനാൽ നല്ല വിശപ്പുണ്ടായിരുന്നു. രാവിലെ ഡൽഹിയിലേക്ക് ഡീലക്സ് ബസ് സർവ്വീസുണ്ടെന്നും അതിൽ പോയാൽ വൈകുന്നേരത്തേക്ക് അവിടെ എത്താമെന്നും അതായിരിക്കും ഉത്തമം എന്നും അദ്ദേഹം ഉപദേശിച്ചതനുസരിച്ച് ഞങ്ങൾ ജയ്പ്പൂർ ബസ് സ്റ്റാൻഡിലേക്ക് പുറപ്പെട്ടു.

ബസ് സ്റ്റാൻഡിൽ ബസ്സ് തയ്യാറായി നിൽക്കുന്നുണ്ടായിരുന്നു. എന്നെ അതിൽ കയറ്റിയിരുത്തിയിട്ടു ശർമ്മാജി വിടപറഞ്ഞ് പോയി. വീണ്ടും ഞാനും എന്റെ ചിന്തകളും മാത്രമായി. കൃത്യം രാവിലെ 8 മണിക്ക് ബസ്സ് പുറപ്പെട്ടു. ബസ് പുറപ്പെട്ട് ഒരു അര മണിക്കൂറിനകം സൂര്യൻ നല്ല പ്രകാശമായപ്പോഴേക്കും ഞങ്ങൾ അംബർകോട്ട കടന്നുകഴിഞ്ഞു. ഒരു മൂന്നുനാലു കിലോമീറ്ററുകൾ കൂടി പോയിക്കഴിഞ്ഞപ്പോൾ ഡ്രൈവർ വണ്ടി നിർത്തി. എന്തോ പരിശോധനകൾ നടത്തി. വീണ്ടും സ്റ്റാർട്ടു ചെയ്തു. എഞ്ചിൻ പരിശോധിച്ച് വീണ്ടും നിർത്തി. ഡീസൽ ലീക്കുള്ളതുകൊണ്ട് ഇനി ബസ്സ് പോകുകയില്ല എന്നും പറഞ്ഞ് ഇറങ്ങി. യാത്രക്കാർ ഓരോരുത്തരായി ഇറങ്ങി. എല്ലാവരും യാത്രക്കൂലി തിരിച്ചുവാങ്ങാൻ കണ്ടക്ടറുടെ പുറകേ കൂടി. മറ്റു മാർഗ്ഗങ്ങളൊന്നുമില്ലാത്തതിനാൽ ഞാനും ബസ്സിൽ നിന്നും ഇറങ്ങി. അമ്മാവന്റെ മരണവാർത്ത എന്റെ കണ്ണുകൾ നിറച്ചുകൊണ്ടേയിരുന്നു. ഞാൻ ഇടയ്ക്കിടെ കർചീഫ് എടുത്ത് കണ്ണുകൾ തുടച്ചു. അമ്മാവന്റെ കൂട്ടത്തിൽ ചില വഴിച്ച നിമിഷങ്ങൾ മനസ്സിൽ പൊങ്ങിവന്നുകൊണ്ടേയിരുന്നു. വികാരങ്ങൾ ഒളിച്ചുവയ്ക്കാൻ കഴിഞ്ഞില്ല. കർചീഫുകൊണ്ട് കണ്ണും മുഖവും തുടച്ചുകൊണ്ട് മറ്റു യാത്രക്കാരുടെ കൂട്ടത്തിൽ ഞാനും റോഡരുകിൽ നിന്നു. അപ്പോൾ ആളില്ലാതെ ടാക്സിക്കാറുകൾ ഒന്നൊന്നായി പാഞ്ഞു പോകുന്നതു കണ്ടു. യാത്രക്കാർ കൈ കാണിച്ച് നിർത്തിച്ച് അവയിൽ കയറി പോകുന്നതും കണ്ടു. വെളുപ്പിനെ ഡൽഹിയിൽ നിന്നും പത്രക്കെട്ടുകൾ ജയ്പ്പൂരിൽ കൊണ്ടുപോയി ഇറക്കിയിട്ടു തിരിച്ചു പോകുന്ന ടാക്സികളായിരുന്നു അവ. അങ്ങനെ വന്ന ഒരു ടാക്സിയിൽ മറ്റു നാലുപേരോടൊപ്പം ഞാനും കയറിക്കൂടി. പിറകിൽ നാലുപേർ തിങ്ങിയിരിക്കുന്നത് അത്ര സുഖകരമല്ലായിരുന്നു. എങ്കിലും ഒഴിഞ്ഞുപോകുന്ന ടാക്സിയായതി

നാലും ബസ് ചാർജ്ജ് മാത്രം കൊടുത്താൽ മതി എന്നുള്ളതുകൊണ്ടും മറ്റു മാർഗ്ഗങ്ങൾ ഇല്ലാതിരുന്നതിനാലും എല്ലാം സഹിച്ചങ്ങിനെ ഇരുന്നു. കാറ് നല്ല വേഗതയിൽ പൊയ്ക്കൊണ്ടേയിരുന്നു. മറ്റു യാത്രക്കാർ ഹിന്ദിയിൽ ചില്ലറ വർത്തമാനങ്ങളൊക്കെ പറഞ്ഞിരുന്നത് ഞാൻ ശ്രദ്ധിച്ചതേയില്ല. എന്റെ മനസ്സ് കുളു താഴ്‌വാരത്തിൽ വിമാനം പൊട്ടിത്തകർന്നു കിടക്കുന്നതിലും അമ്മാവന്റെ സ്ഥിതി എന്തായിരിക്കാമെന്നുള്ള ചിന്തകളിലുമായിരുന്നു. അങ്ങിനെ ഒരു മൂന്നര മണിക്കുർ വണ്ടി ഓടിക്കഴിഞ്ഞപ്പോൾ കട്പുത്‌ലി എന്ന സ്ഥലത്ത് എത്തി. മണി പത്തായിക്കഴിഞ്ഞിരുന്നു. സൂര്യൻ വളരെ ഉയർന്ന് ചുട്ടുപഴുത്തു തുടങ്ങി ഉഷ്ണക്കാറ്റ് വീശിത്തുടങ്ങി. അന്തരീക്ഷത്തിൽ പൊടിപടലം ഉയർന്നും താഴ്ന്നും പാറിപ്പൊയ്ക്കൊണ്ടിരുന്നു.

നമുക്ക് എന്തെങ്കിലും ഭക്ഷണം കഴിച്ചിട്ടുപോകാം, എന്നുപറഞ്ഞ് ഡ്രൈവർ വഴിയോരത്തിലുള്ള ഒരു ഡാബയിലേക്ക് കയറി. ഞങ്ങൾ യാത്രക്കാരും പിറകേ പോയി. ഓരോരുത്തരും അവരവർക്കു വേണ്ട ഭക്ഷണങ്ങൾ ഓർഡർ ചെയ്തു. ഞാനും ഒരു പറോട്ടയും ഉരുളക്കിഴങ്ങു കറിയും കൊണ്ടുവരാൻ പറഞ്ഞിട്ട് ഡ്രൈവർ ഇരുന്നിരുന്ന ബഞ്ചിന് അഭിമുഖമായുള്ള ബഞ്ചിൽ സ്ഥാനംപിടിച്ചു. അപ്പോഴും ഞാൻ ഇടയ്ക്കിടയ്ക്ക് കണ്ണുനീർ തുടച്ചുകൊണ്ടിരുന്നു. കുറച്ചുനേരം സർദാർജിയായിരുന്ന ആ ഡ്രൈവർ എന്റെ മുഖത്തു നോക്കിയിരുന്നു. എന്നിട്ട് എവിടെ പോകുകയാണെന്ന് ചോദിച്ചു. ഞാൻ വിവരം പറഞ്ഞു. "ഒരു വലിയ കളിക്കാരനായിരുന്നു. എല്ലാ കളികളെയും പ്രോത്സാഹിപ്പിക്കുന്നയാൾ. കേണൽ രാജാ എന്നാണ് പേര്." എന്നെല്ലാം ഞാൻ മറുപടി നൽകി. ഭക്ഷണം കഴിഞ്ഞ് ഡ്രൈവർ എഴുന്നേറ്റു പോയി കൈകഴുകി ചില്ലറ കൊടുത്ത് തിരിച്ചുവന്നപ്പോഴേക്കും ഞാനും കൈകഴുകിക്കഴിഞ്ഞിരുന്നു. "ചലോ ഹം ചലേം" എന്നയാൾ പറഞ്ഞപ്പോൾ "മെ പൈസാ ദേകെ ആവും" എന്നു ഞാൻ പറഞ്ഞു. "പൈസാ കി ഫികർ മത്കരോ, മേം ദേദിയാ" എന്നയാൾ ഉത്തരം പറഞ്ഞു. ഞാൻ അദ്ഭുതപ്പെട്ടു. തികച്ചും അപരിചിതനായ ഒരു സർദാർ അമ്മാവനെക്കുറിച്ച് ഒന്നുരണ്ടു കാര്യങ്ങൾ പറഞ്ഞപ്പോൾത്തന്നെ എന്നോട് ഇത്ര സ്നേഹബഹുമാനങ്ങളും ഔദാര്യവും കാണിച്ചാൽ എങ്ങനെ അത്ഭുതപ്പെടാതിരിക്കും? അയാളും ഒരു കായികാഭ്യാസ സ്നേഹി ആയിരിക്കണം. എന്റെ കണ്ണുകൾ വീണ്ടും വീണ്ടും നിറഞ്ഞുവന്നു.

ഞങ്ങൾ കാറിൽക്കയറി കട്പുതലി വിട്ട് മൂന്നുനാലു കിലോമീറ്റർ പിന്നിട്ടതേയുള്ളൂ അപ്പോഴേക്കും ബോണറ്റിൽനിന്നും പുകപടലങ്ങൾ ഉയരുന്നത് കണ്ടു. ഡ്രൈവർ വണ്ടി നിർത്തി ചാടിയിറങ്ങി ബോണറ്റ് തുറന്ന് കത്തിക്കൊണ്ടിരിക്കുന്ന ഒരു തുണിയെടുത്ത് വലിച്ചെറിഞ്ഞു. ഒരത്യാഹിതത്തിൽ നിന്നും ഞങ്ങൾ രക്ഷപ്പെട്ടു. കാര്യമെന്താണെന്ന് തിരക്കിയപ്പോൾ കാർബറേറ്റർ ചൂടായി വേപ്പർ ലോക്ക് വരാതെയിരിക്കാൻ ഒരു തുണി നനച്ച് അതിന്റെ മുകളിൽ ഇട്ടിരുന്നു. അത് എക്സ്ഹോസ്റ്റിൽ തട്ടി തീ പിടിച്ചതാണ് എന്ന് ഡ്രൈവർ ചിരിച്ചുകൊണ്ട് മറുപടി പറഞ്ഞു. ഏതായാലും അപകടം കൂടാതെ രക്ഷപ്പെട്ടതിന് ഈശ്വരനോടു നന്ദി പറഞ്ഞുകൊണ്ട് ഞങ്ങൾ യാത്ര തുടർന്നു. ഉദ്ദേശം ഒരു മണിയോടടുത്ത് ഞങ്ങൾ ഗുഡ്ഗാവ് എന്ന സ്ഥലത്തിനടുത്ത് എത്തി. വണ്ടി നല്ല വേഗതയിൽ ഓടിക്കൊണ്ടിരിക്കുകയായിരുന്നു. ഒരു ബസ്സ് എതിരേ വരുന്നതു കണ്ട് ഡ്രൈവർ സ്പീഡ് അൽപ്പം കുറച്ചു. പെട്ടെന്ന് വണ്ടി ഒന്നു ചാടിക്കുലുങ്ങി ഒരുവശം താഴ്ന്ന് നിന്നു. മുൻവശത്ത് വലത്തുഭാഗത്തെ ചക്രം മുൻപോട്ട് ഉരുണ്ടുപോയി ബസ്സിൽ ചെന്നിടിച്ച് താഴെ വീണു. ബസ്സുകാരൻ വണ്ടി നിർത്തിയതിനാൽ മറ്റപകടമൊന്നും ഉണ്ടായില്ല. ഞങ്ങളുടെ കാറിന്റെ ആക്സിൽ ഒടിഞ്ഞ് ഒരു ചക്രം ഊരിത്തെറിച്ചതാണ് സംഭവം. ഡ്രൈവർ വണ്ടിയിൽ നിന്നിറങ്ങി. ഞങ്ങൾ യാത്രക്കാരും ഇറങ്ങി. "ഇനി എന്താ ചെയ്യുക?" എന്ന് ചിന്തിച്ചിരിക്കുമ്പോൾ "ഡൽഹിക്കിപ്പോൾ ബസ്സുകൾ വരും. അതിൽക്കയറി പോകാം. ഇനിയും രണ്ടു മണിക്കൂറിനകം ഡൽഹിയിൽ എത്താം." ഞങ്ങൾ എന്തു കൂലി വേണം എന്ന് ഡ്രൈവറോടു ചോദിച്ചപ്പോൾ "ഓ, അതൊന്നും കണക്കാക്കാനില്ല. ഒന്നും തന്നില്ലെങ്കിലും സാരമില്ല. ഞാൻ നിങ്ങളെ വേണ്ട സ്ഥലത്ത് എത്തിച്ചില്ലല്ലോ" എന്നു മറുപടി പറഞ്ഞു. എത്ര ഉദാരമായ മനഃസ്ഥിതി, എങ്കിലും ഞങ്ങൾ യാത്രക്കാർ പത്തു രൂപ വീതം അയാൾക്കു നൽകി. ഒരു പത്തു മിനിട്ടിനുള്ളിൽ ഡൽഹിക്കു പോകുന്ന ഒരു ബസ്സു വന്നു. ഞങ്ങളെല്ലാവരും അതിൽക്കയറി. വളരെ സാവധാനത്തിൽ ഓടി ആ

ബസ്സ് ഡൽഹി ബസ്സ് ടെർമിനലിൽ വൈകുന്നേരം ഒരു നാലു മണിയോടുകൂടി എത്തി. അവിടെനിന്നും ഒരു ആട്ടോറിക്ഷയിൽ ഞാൻ ചെറിയമ്മയുടെ വാസസ്ഥാനമായ കഴ്സൺ റോഡ് ഹോസ്റ്റലിൽ എത്തിയപ്പോൾ സൂര്യന്റെ ചൂട് വളരെ താണുകഴിഞ്ഞു. ഞാൻ ആറാം നിലയിലുള്ള ചെറിയമ്മയുടെ അപ്പാർട്ടുമെന്റിലേക്ക് ചെന്നു കയറി. എന്നെക്കണ്ടപ്പോൾ ചെറിയമ്മ പറഞ്ഞു, "ആവൂ, എനിക്ക് ഒരാശ്വാസമായി! വിജയൻ (എന്നെ വിളിച്ചിരുന്നത് അങ്ങനെയാണ്) വന്നല്ലോ! ഇവിടെ ആർക്കും ഒന്നും നിശ്ചയമില്ലാത്ത സ്ഥിതിയാണ്. തിരുവനന്തപുരത്തുനിന്നും ഒരു വിവരവുമില്ല. ആരെങ്കിലും അവിടെനിന്നും വരുമെന്ന് വിചാരിച്ചു ഞാനിരിക്കുകയായിരുന്നു. പക്ഷേ ഒരു വിവരവുമില്ല. ഇനി എന്താണ് ചെയ്യേണ്ടത്? ഞാൻ ഉടൻ ചോദിച്ചു: "ഡെഡ്ബോഡി എവിടെയാണ്? ആരെങ്കിലും അങ്ങോട്ടുപോയോ?" ചെറിയമ്മയുടെ മറുപടി: "ചണ്ഡിഗറിൽ ഒരു മിലിട്ടറി ആശുപത്രിയിൽ ഡെഡ്ബോഡി കൊണ്ടുപോയി വച്ചിട്ടുണ്ടെന്ന് ഫോണിൽക്കൂടി ആശുപത്രിക്കാർ വിവരം തന്നിട്ടുണ്ട്. ആരെങ്കിലും ബന്ധുക്കൾ 24 മണിക്കൂറികനകം അവിടെ ചെന്ന് അതേറ്റു വാങ്ങണം. ആരാണ് പോകേണ്ടത് എന്നൊന്നും തീരുമാനിച്ചിട്ടില്ല. വിജയൻ എന്തെങ്കിലും ചെയ്യാൻ." ഞാൻ ഉടൻ തന്നെ ചണ്ഡിഗർ ആശുപത്രിയിലേയ്ക്ക് വിളിച്ചു. പിറ്റേന്ന് രാവിലെ പത്തു മണിക്കു മുൻപുതന്നെ ആരെങ്കിലും വന്ന് ഡെഡ്ബോഡി ഏറ്റുവാങ്ങണമെന്ന് അവർ പറഞ്ഞു. "ശരി കഴിയുന്നതും വേഗം അവിടെ എത്താം" എന്നു പറഞ്ഞു ഞാൻ ഫോൺ താഴെ വച്ചു.

ചെറിയമ്മയുടെ വീട്ടിൽ നിന്നും എന്തോ ലഘുഭക്ഷണങ്ങൾ തന്നതു കഴിച്ചുകൊണ്ടിരുന്നപ്പോൾ ചിറ്റപ്പൻ ('സീരി' എന്ന പേരിൽ കൃഷിയെക്കുറിച്ചെഴുതുന്നയാളാണ് അദ്ദേഹം. 'കർഷകശ്രീ' യുടെ എഡിറ്റർ) ചണ്ഡിഗറിലേയ്ക്ക് പോകുന്നതിനെക്കുറിച്ച് ചർച്ച ചെയ്തു. 'മാതൃഭൂമി' കറസ്പോണ്ടന്റ് മാധവൻകുട്ടി തന്റെ കൂട്ടുകാരനാണെന്നും, ചണ്ഡിഗറിൽ അദ്ദേഹത്തിന് നല്ല സ്വാധീനമുണ്ടെന്നും മറ്റും ചിറ്റപ്പൻ പറഞ്ഞതനുസരിച്ച് ഞങ്ങൾ അദ്ദേഹത്തെ കാണുന്നതിനുവേണ്ടി അദ്ദേഹത്തിന്റെ വീട്ടിലേക്ക് തിരിച്ചു. അവിടെ ചെന്നപ്പോൾ കണ്ട കാഴ്ച എന്നെ അമ്പരപ്പിച്ചു. സാമാന്യം നല്ല വലിപ്പമുള്ള ഒരു സ്വീകരണ മുറിയിൽ ഒരു ഉദ്ദേശം മുപ്പതു കസേരകൾ വട്ടത്തിലിട്ടിരുന്നു. ഏതാണ്ടത്രയും തന്നെ ആളുകൾ (എല്ലാവരും മലയാളികൾ) അവിടെയിരുന്ന് ചർച്ചകൾ നടത്തുകയാണ്. ഞങ്ങൾ ചെന്നപ്പോൾ ഒഴിഞ്ഞിരുന്ന കസേരകളിൽ ഇരിക്കാൻ ഞങ്ങളേയും ക്ഷണിച്ചു. ഡെഡ്ബോഡി ഡൽഹിയിലേയ്ക്ക് കൊണ്ടുവരുന്നതിനെപ്പറ്റിയായിരുന്നു ചർച്ച. വിമാന മാർഗ്ഗവും ഹെലികോപ്റ്റർ വഴിയും തീവണ്ടി വഴിയും മറ്റും കൊണ്ടുവരുന്നതിനെപ്പറ്റി പലരും പല അഭിപ്രായങ്ങളും പറഞ്ഞുകൊണ്ടിരുന്നു. രണ്ടു മൂന്നു മിനിട്ടുകൾ ഞാൻ ഈ ചർച്ചകൾ കേട്ടുകൊണ്ടിരുന്നു. അതിനുശേഷം ഞാൻ പറഞ്ഞു, ഇപ്പോൾ ഇങ്ങിനെയുള്ള ചർച്ചകളല്ല ആവശ്യം. നാമിപ്പോൾ ഇങ്ങിനെ അതുമിതും പറഞ്ഞുകൊണ്ടിരിക്കുമ്പോൾ ആ മൃതദേഹം അവിടെ കിടന്ന് അഴുകിക്കൊണ്ടിരിക്കുകയാണെന്ന് എല്ലാവരും ഓർമ്മിക്കണം. ഇപ്പോൾ വേണ്ടത് പ്രാവർത്തികമായ നടപടിയാണ്. ഉടൻ നാം ചണ്ഡിഗറിൽ ചെന്ന് മൃതദേഹം ഏറ്റെടുത്ത് അതിന്റെ സ്ഥിതിയെന്താണെന്നു നോക്കി വേണ്ടി വന്നാൽ അവിടെത്തന്നെ സംസ്ക്കരിക്കുകയാണ് വേണ്ടത്. അപ്പോൾ മാധവൻകുട്ടി പറഞ്ഞു, "അതിന് മൃതദേഹം എറ്റെടുക്കാനും ഇങ്ങിനെയുള്ള തീരുമാനങ്ങളെടുക്കാനും ഞങ്ങൾക്കൊന്നും സാധ്യമല്ല. കേണലിന്റെ ബന്ധുക്കളാരെങ്കിലും വേണം. അവരാരും തിരുവനന്തപുരത്തുനിന്നും എത്തിയിട്ടില്ല. എല്ലാ ഫ്ളൈറ്റിലും ഇന്ത്യൻ എയർ ലൈൻസ് അവർക്കുവേണ്ടി രണ്ടു സീറ്റ് ഒഴിവാക്കിയിട്ടുണ്ട് എന്നാണ് പറഞ്ഞത്. പക്ഷേ ഇതേ വരെ ആരും വന്നിട്ടില്ല." ഞാൻ മറുപടി നൽകി. "ഇനി ആരേയും കാത്തു നിൽക്കേണ്ട. ഞാൻ അദ്ദേഹത്തിന്റെ സഹോദരീപുത്രനാണ്. ഏതു തീരുമാനവുമെടുക്കാൻ എനിക്ക് അവകാശവും അധികാരവുമുണ്ട്." "എന്നാൽ ഇദ്ദേഹം നേരെ ചണ്ഡിഗറിലേയ്ക്ക് പുറപ്പെട്ടോളൂ" എന്ന് മാധവൻകുട്ടി പറഞ്ഞു. അപ്പോൾ ചിറ്റപ്പൻ പറഞ്ഞു. "ഞങ്ങളുടെ കൂടെ മാധവൻകുട്ടിയും വരണം. മാധവൻകുട്ടിക്ക് കൂടുതൽ ലോകപരിചയമുണ്ട്. അവിടെ ചെന്നാൽ ആളുകളെ സമീപിക്കുന്നതിനും കാര്യങ്ങൾ നടത്തുന്നതിനും എളുപ്പമുണ്ട്.." ഇങ്ങിനെ നിർബ്ബന്ധിച്ചപ്പോൾ മാധവൻ

കുട്ടിയും വരാമെന്നേറ്റു. അങ്ങനെ ഡി.എൽ. ഇസഡ്. രജിസ്ട്രേഷനുള്ള ഒരു വലിയ ബ്യൂക്ക് കാറിൽ സന്ധ്യയോടുകൂടി ഞങ്ങൾ ചണ്ഡിഗറി ലേയ്ക്ക് പുറപ്പെട്ടു. വലിയ കാറെടുത്തതിന്റെ ഉദ്ദേശം, വേണ്ടി വന്നാൽ അതിന്റെ ഡിക്കിയിൽ മൃതദേഹം കയറ്റിക്കൊണ്ടുവരാമെന്നുള്ളതാ യിരുന്നു.

രാത്രി 12 മണിയോടെ ചണ്ഡിഗറിൽ എത്തി. ഏതാശുപത്രിയിലാണ് മൃതദേഹം സൂക്ഷിച്ചി രിക്കുന്നതെന്ന് തീർച്ചയില്ലാത്തതുകൊണ്ട് ആദ്യം നേരെ പി.ഡബ്ല്യു. ആശുപത്രിയിൽ പോയി. അവിടെ അന്വേഷിച്ചപ്പോൾ അങ്ങിനെ ഒരു മൃതദേഹം അവിടെ വന്നിട്ടില്ല എന്ന് അവിടത്തെ അധികൃതർ പറഞ്ഞു. കേണൽ രാജാ എന്ന പേരു പറഞ്ഞപ്പോൾ അടുത്തുള്ള മിലിട്ടറി ആശുപത്രി യിൽ അന്വേഷിക്കുവാൻ അവർ ഉപദേശിച്ചു. അങ്ങിനെ ഞങ്ങൾ മിലിട്ടറി ആശുപത്രിയിൽ എത്തി. അവിടെയുള്ള ഒരു ഡ്യൂട്ടി ഡോക്ടറെ വിളിച്ചുണർത്തി തിരക്കിയപ്പോൾ അവിടെത്തന്നെ യാണ് മൃതദേഹമുള്ളത് എന്നും അതു കഴി യുന്നതും വേഗം തിരുവനന്തപുരത്തേക്ക് എത്തി ക്കണമെന്നും വിവരം കിട്ടിയിട്ടുണ്ട് എന്ന് അദ്ദേഹം പറഞ്ഞു. തിരുവനന്തപുരത്തേയ്ക്ക് മൃതദേഹം കൊണ്ടുപോകാൻ ഡൽഹിയിൽ പാലം വിമാന ത്താവളത്തിൽ ഇന്ത്യൻ എയർലൈൻസിന്റെ ഒരു വൈകൗണ്ട് വിമാനം ഏർപ്പാടാക്കിയിട്ടുണ്ടെന്നും അദ്ദേഹം പറഞ്ഞു. മാത്രമല്ല, മൃതദേഹം ചണ്ഡി ഗറിൽ നിന്നും നേരെ ഡൽഹിയിൽ 'ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസിൽ' കൊണ്ടുപോയി എംബാം ചെയ്തശേഷം പാലം വിമാനത്താവളത്തിലേയ്ക്ക് കൊണ്ടുപോയാൽ മതി എന്നും അദ്ദേഹം പറഞ്ഞു. ഈ വിവരമെല്ലാം അറിഞ്ഞശേഷം ഞാൻ ഡോക്ടറോടു മൃതദേഹ ത്തിന്റെ അപ്പോഴത്തെ സ്ഥിതി എന്താണെന്ന് ചോദിച്ചു. ഡോക്ടർ പറഞ്ഞു മൃതദേഹം നല്ല രീതിയിൽ തന്നെയാണുള്ളത്. താടിയെല്ല് പൊട്ടി മാറിയിട്ടുണ്ട്. വലത്തേ കാലിലും ചെറിയ മുറിവുണ്ട്. ഇവയൊഴിച്ചാൽ ബാഹ്യനിരീക്ഷണ ത്തിൽ മൃതദേഹം ഒട്ടും വികൃതമല്ല. ഇപ്പോൾ അതു മോർച്ചറിയിലാണ് സൂക്ഷിച്ചിട്ടുള്ളത്. മോർച്ചറി രാവിലെ 10 മണിക്കേ തുറക്കുകയുള്ളൂ. അപ്പോൾ നിങ്ങൾക്ക് അത് കണ്ട് തിരിച്ചറിഞ്ഞു ഏറ്റെടുക്കാം. ഏതായാലും നിങ്ങൾ ഇപ്പോൾ വന്നതു നന്നായി. ഇനിയും താമസിച്ചിരുന്നെങ്കിൽ ഞങ്ങൾക്ക് അത് മറവു ചെയ്യാനുള്ള നടപടി എടുക്കേണ്ടി വരുമായിരുന്നു. 24 മണിക്കൂറിൽ കൂടുതൽ മോർച്ചറിയിൽ വയ്ക്കാൻ പാടില്ല എന്നാണ് നിയമം. ഞങ്ങൾ രാവിലെ 10 മണിക്കു തന്നെ വന്ന് മൃതദേഹം ഏറ്റെടുത്തുകൊള്ളാം എന്നും പറഞ്ഞ് അവിടെ നിന്നിറങ്ങി. തൽക്കാലം ബാക്കിയുള്ള രാത്രി അല്പം വിശ്രമിക്കാമെന്ന് വിചാരിച്ചു. ഒന്നു രണ്ടു സ്ഥലത്ത് ചോദിച്ചപ്പോൾ ഒരു രാത്രിയുടെ പകുതിക്ക് 100 രൂപയ്ക്കുമേൽ വാടക വേണമെന്നു പറഞ്ഞതിനാൽ, അവിടുത്തെ പഞ്ചായത്ത് ഭവൻ ഹോസ്റ്റലിൽ പോയി അന്വേ ഷിച്ചു. അങ്ങനെ ആ രാത്രിക്ക് എട്ടു രൂപ വാട കയ്ക്ക് ഒരു മുറിയെടുത്ത് അവിടെ കിടന്നു.

രാവിലെ നേരത്തെ എഴുന്നേറ്റു. മൃതദേഹം ഡൽഹിക്ക് കൊണ്ടുപോകാൻ ആംബുലൻസ് വല്ലതും കിട്ടുമോ എന്ന് പല സ്ഥലത്തേയ്ക്കും ഫോണിൽ വിളിച്ചു തിരക്കി. കൂടാതെ ഒരു മിഷൻ ആശുപത്രിയിലും റെഡ് ക്രോസിലും പോയി അന്വേഷിച്ചു. അവിടെയുള്ള ആംബുലൻസ് വണ്ടികളെല്ലാം ടൗൺ വിട്ടു പുറത്തു പോകാനുള്ള അനുവാദമില്ലാത്തതാണെന്ന് മനസ്സിലാക്കി. അവസാനം അവിടുത്തെ ട്രിബ്യൂൺ പത്രത്തിന്റെ പത്രാധിപരായ മാധവൻ നായരെ വിളിച്ച് അന്വേഷി ക്കാമെന്ന് മാധവൻകുട്ടി പറഞ്ഞു. മാധവൻ നായരെ വിളിച്ചപ്പോൾ അദ്ദേഹം പറഞ്ഞു നിങ്ങൾ ഒന്നിനെപ്പറ്റിയും വിഷമിക്കേണ്ട. നേരെ എന്റെ വീട്ടിലേയ്ക്കു വന്നാൽ മതി. ഞാൻ എല്ലാ കാര്യ ങ്ങളും ഏർപ്പാടാക്കിത്തരാം. എത്ര ഉദാര മനസ്ക്ക നാണ് അദ്ദേഹം. ഞങ്ങൾ അദ്ദേഹത്തിന്റെ വീട്ടി ലെത്തിയപ്പോഴേയ്ക്കും അദ്ദേഹം വേണ്ട ഏർപ്പാ ടുകൾ ചെയ്തു കഴിഞ്ഞു. മൃതദേഹം ഡൽഹി യിലേയ്ക്ക് കൊണ്ടുപോകാൻ ഒരു ലോറി ഏർപ്പാടു ചെയ്ത് അത് മിലിട്ടറി ആശുപത്രിയിൽ എത്തിക്കാൻ നിർദ്ദേശിച്ചു. ആശുപത്രിയിൽ നിന്നും പോകുന്ന വഴിയിൽ ഒരു ഐസ് ഫാക്ടറി യിൽ നിന്നും മൃതദേഹം കേടു വരാതിരിക്കാനായി ആവശ്യമുള്ള ഐസ് നൽകാനും ഏർപ്പാടാക്കി. ഞങ്ങൾ അദ്ദേഹത്തെ കണ്ടയുടൻ അദ്ദേഹം പറഞ്ഞത് രാത്രിയൊക്കെ യാത്രയായിരുന്നില്ലേ? ക്ഷീണം കാണും. നേരെ പോയി ബ്രേക്ക് ഫാസ്റ്റ് കഴിച്ചോളൂ. ഒരു പരിചാരകൻ ഞങ്ങളെ ഭക്ഷണ



മുറിയിലേയ്ക്ക് നയിച്ചു. അവിടെ അദ്ദേഹത്തിന്റെ ഭാര്യ ഇഡ്ഡലി, ദോശ, ബ്രഡ്, ബട്ടർ, ജാം, പഴം നുറുക്ക് എന്നു വേണ്ട എല്ലാതരത്തിലുള്ള പലഹാരങ്ങളും പഴങ്ങളും മറ്റും നൽകി ഞങ്ങളെ സൽക്കരിച്ചു. കേണൽ തിരുമേനിയോടുള്ള സ്നേഹബഹുമാനങ്ങൾ മാധവൻ നായർ ആവർത്തിച്ചാവർത്തിച്ച് പറഞ്ഞുകൊണ്ടിരുന്നു. "സമയം പത്തു മണിയോടടുക്കുന്നു. ഇനിയും താമസിക്കണ്ട. വേഗം പൊയ്ക്കൊള്ളൂ" എന്നു പറഞ്ഞ് അദ്ദേഹം ഞങ്ങളെ യാത്രയാക്കി. അങ്ങിനെ ഞങ്ങൾ മൂന്നാം ദിവസം രാവിലെ പത്തു മണിക്ക് ചണ്ഡിഗർ മിലിട്ടറി ആശുപത്രിയിൽ വീണ്ടും ഹാജരായി.

ഡ്യൂട്ടി ഡോക്ടർ ആള് മാറിയിരുന്നു. ഉടൻ തന്നെ മൃതദേഹം തിരിച്ചറിയുന്നതിന് ഒരു അറ്റൻഡറെ കൂട്ടി എന്നെ അയച്ചു. ആ അറ്റൻഡർ ഒരു മലയാളിയായിരുന്നു. ഒരു ഫുട്ട്ബോൾ കളിക്കാരനായിരുന്ന അയാൾക്ക് തിരുമേനിയെ നേരത്തെ അറിയാമായിരുന്നു. അയാൾ മോർച്ചറി തുറന്ന് മൃതദേഹം എന്നെ കാണിച്ചു. മുഖം മാത്രമേ ഞാൻ നോക്കിയുള്ളൂ. താടിയെല്ല് പൊട്ടി മാറിയിരുന്നു. മൂക്കിന് ചതവുണ്ടായിരുന്നു. നിലത്ത് വന്നടിച്ച വിമാനത്തിന്റെ മുൻ സീറ്റിലായിരുന്ന തിരുമേനിയുടെ മുഖം മുൻവശത്തുള്ള പാനലിൽ ശക്തിയായി ഇടിച്ച് പൊട്ടുകയാണ് ചെയ്തിട്ടുള്ളത്. വിമാനം നിലത്ത് ഇടിച്ചതിന്റെ ആഘാതത്തിൽ സീറ്റ് ബെൽറ്റുകൾ പൊട്ടി വിമാനത്തിലുണ്ടായിരുന്ന എല്ലാവരും വെളിയിലേക്ക് തെറിച്ച് വീണിരുന്നു. അപ്പോൾ തന്നെ എല്ലാവരും മരിച്ചിരുന്നു. വിമാനം വീണു കഴിഞ്ഞ് എട്ടു മിനിട്ടിനുള്ളിൽ എയറോഡ്രോം അധികൃതർ അപകട സ്ഥലത്ത് എത്തിയിരുന്നു. അപ്പോൾ തന്നെ എല്ലാവരും മരിച്ചു കിടക്കുന്നതായിട്ടാണ് കണ്ടത്. എഞ്ചിൻ നിലച്ചു പോയതിനാലും, പെട്രോൾ ടാങ്ക് പൊട്ടാതിരുന്നതിനാലും വിമാനത്തിന് തീ പിടിച്ചിട്ടില്ലായിരുന്നു.

അങ്ങനെ മൃതദേഹം തിരിച്ചറിഞ്ഞ ഉടൻ തന്നെ അത് ലോറിയിൽ കയറ്റുന്നതിന് ഞാൻ പറഞ്ഞു. അറ്റൻഡറന്മാർ അത് ലോറിയിൽ കയറ്റി. താമസിയാതെ മൃതദേഹം ഏറ്റു വാങ്ങിയതായിട്ടുള്ള രേഖകളെല്ലാം ഒപ്പിട്ടുകൊടുത്തു. മൃതദേഹം കൊണ്ടുപോകാനുള്ള പാസ്സും ആശുപത്രിയിൽ നിന്നും കൈപ്പറ്റി ഞാൻ യാത്രയായി. ആശുപത്രിയിൽ നിന്നുള്ള സർട്ടിഫിക്കറ്റിന്റെ ഒരു കോപ്പി ലോറിഡ്രൈവറെ ഏല്പിച്ചിട്ട് അയാളോടു മുമ്പേ പൊയ്ക്കൊള്ളാൻ പറഞ്ഞിട്ട് ഞങ്ങൾ ലോറിയെ അനുധാവനം ചെയ്ത് പോയി. ഐസ് ഫാക്ടറിയിൽ വണ്ടി നിർത്തി ഒരു പത്തിരുപത് വലിയ ഐസ് കട്ടകൾ വാങ്ങി മൃതദേഹത്തിനു ചുറ്റും വച്ച് മൃതദേഹം ഇളകി മറിയാത്ത വിധത്തിൽ ഒതുക്കി വച്ചുകൊണ്ട് ലോറി ഡ്രൈവർ യാത്ര തിരിച്ചു. ഞങ്ങൾ ലോറിയുടെ തൊട്ടുപിറകേയും. അങ്ങനെ 'കർണ്ണാൽ' എന്ന നഗര പ്രാന്തത്തിൽ എത്തിയപ്പോൾ മണി ഉച്ചയ്ക്ക് 12.30 നോടടുത്തു. അപ്പോൾ മാധവൻകുട്ടി പറഞ്ഞു. "നമുക്ക് ഒരു കാര്യം ചെയ്താലോ? ഈ ലോറിയെ ഓവർടേക്ക് ചെയ്ത് ടൗണിൽ കയറി എന്തെങ്കിലും ഭക്ഷണം കഴിച്ചിട്ടു പോയാലോ?" എനിക്ക് ഈ പരിപാടി അത്ര ശരിയാണെന്ന് തോന്നിയില്ല. ഞാൻ പറഞ്ഞു. "അപ്പോൾ ഈ ലോറി ഡ്രൈവറെ അറിയിക്കാതെ നമ്മൾ വിട്ടുപോയാൽ ഇയാളുടെ വണ്ടി വല്ല ബ്രേക്ക് ഡൗണും വന്ന് വഴിയിൽ കിടന്നാൽ നമ്മളറിയുമോ?" മാധവൻകുട്ടിയുടെ മറുപടി, "ഓ അതെന്തായാലും സാരമില്ല, ലോറി ടൗണിൽ കയറാതെ ബൈപാസ്സ് വഴിയേ പോകൂ. അപ്പോ

ഴേയ്ക്കും നമുക്ക് ഭക്ഷണം കഴിച്ച് ടൗണിൽ നിന്ന് ഇറങ്ങി സാവകാശത്തിൽ പോയാൽ മതി. ലോറി നമ്മുടെ പിറകേ എത്തിക്കൊള്ളും." ചിറ്റപ്പനും ഈ അഭിപ്രായത്തോടു യോജിച്ചു. ഭൂരിപക്ഷാഭിപ്രായത്തെ മാനിക്കാത പറ്റുമോ? മനസ്സില്ലാ മനസ്സോടെയാണെങ്കിലും ഞാനും സമ്മതിച്ചു. അങ്ങിനെ കർണ്ണാൽ ടൗണിൽക്കയറി ബ്രെഡ് സാൻഡ്‌വിച്ചസും കാപ്പിയും കുടിച്ചശേഷം ഞങ്ങൾ വീണ്ടും പുറപ്പെട്ടു. 'കർണ്ണാൽ' ടൗൺ കഴിഞ്ഞ് ഗോഡ് ബൈപ്പാസ് ജംഗ്ഷനിൽ എത്തിയപ്പോൾ ഞങ്ങൾ കാറ് നിർത്തിയിട്ട് കുറച്ചുനേരം ലോറിയെ കാത്ത് അവിടെ കിടന്നു. ഒരു പതിനഞ്ച് മിനിട്ടു കിടന്നിട്ടും വണ്ടി കാണാത്തപ്പോൾ മാധവൻകുട്ടി പറഞ്ഞു: "അത് ചിലപ്പോൾ കടന്നു പോയിക്കാണും" എന്ന് ഞാൻ പറഞ്ഞു: "ലോറി ഏതെങ്കിലും കാരണവശാൽ ബ്രേക്ക് ഡൗൺ ആയി വഴിയിൽ കിടക്കുകയാണെങ്കിൽ ആകെ കുഴപ്പമാകും. നമുക്ക് ബൈപ്പാസ് വഴി പുറകോട്ടുപോയി ഒന്നു നോക്കിയിട്ടു മുമ്പോട്ടു പോയാൽ പോരേ?" അപ്പോൾ ചിറ്റപ്പനും പറഞ്ഞു "ലോറി കടന്നു പോയിക്കാണും. അല്ലാതെ വരാൻ ന്യായമില്ല." നമുക്ക് അല്പം കൂടുതൽ വേഗത്തിൽ പോയാൽ ലോറിയെ കണ്ടുപിടിക്കാൻ പറ്റും എന്ന്. അങ്ങിനെ വീണ്ടും ഭൂരിപക്ഷാഭിപ്രായം മാനിച്ച് കാർ കൂടുതൽ വേഗത്തിൽ വിടാൻ ഡ്രൈവറോടു പറഞ്ഞിട്ട് അവർ രണ്ടുപേരും രാഷ്ട്രീയ ചർച്ചകളിൽ മുഴുകി. എനിക്ക് ആകെ വേവലാതിയായി. ലോറിയെങ്ങാനും ബ്രേക്ക്ഡൗൺ ആയി വഴിയിൽ കിടക്കുകയാണെങ്കിൽ ഏറ്റെടുത്ത മൃതദേഹം എങ്ങാനും കൈവിട്ടുപോയാൽ ആരുത്തരം പറയും? ഏറ്റെടുത്തത് ഞാനാണല്ലോ. കുഴപ്പം ഒന്നും വരുത്തരുതേ എന്ന് ഈശ്വരനെ പ്രാർത്ഥിച്ചുകൊണ്ട് ഞാനിരുന്നു. ഒരു മണിക്കൂറിനുള്ളിൽ ഞങ്ങൾ പാനിപ്പട്ടിൽ എത്തി. ഇനിയും ഉദ്ദേശം 100 കിലോമീറ്റർ ദൂരമുണ്ട് ഡൽഹിക്ക്. പാനിപ്പട്ടിൽ എത്തിയിട്ടും മൃതദേഹം വഹിച്ചുപോയ ലോറിയെ കണ്ടില്ല. അപ്പോൾ മാധവൻകുട്ടിക്കും അല്പം ശങ്കയായി. ഇനിയിപ്പോൾ ഈ തമ്പുരാൻ പറഞ്ഞ മാതിരി ലോറി വഴിയിലെങ്ങാനും കിടക്കുകയാണെങ്കിലോ? മാധവൻകുട്ടി പറഞ്ഞു: "നമുക്ക് തിരിച്ച് കർണ്ണാൽ വഴി പോയി നോക്കിയാലോ? ഒടുവിൽ മൃതദേഹം കൂടാതെ നമ്മൾ ഡൽഹിയിൽ ചെന്നാൽ ജനങ്ങൾ നമ്മെ എന്തു പറയും?" അതുകൊണ്ട് പിറകോട്ടു വീണ്ടും പോകാൻ ഡ്രൈവറോടു പറഞ്ഞു. ഡ്രൈവർ വണ്ടി തിരിച്ചു. വളരെ വേഗതയിൽ ഓടിച്ച് കർണ്ണാൽ ബൈപാസ്സ് ജംഗ്ഷൻ വരെയെത്തി. ലോറി കണ്ടില്ല. അപ്പോൾ മാധവൻകുട്ടി വീണ്ടും വണ്ടി തിരിക്കാൻ ഡ്രൈവറോടു പറഞ്ഞു. അപ്പോൾ ഞാൻ ചോദിച്ചു: "ഏതായാലും ഇവിടം വരെ വന്നു നോക്കി. ഇനി ഈ ബൈപ്പാസിൽ കൂടി പോയി അടുത്ത ജംഗ്ഷൻ വരെ പോയി നോക്കിയിട്ടു പോയാൽ പോരേ?" മാധവൻകുട്ടി അത് സമ്മതിച്ചില്ല. ഒരു കുഴപ്പവും ഉണ്ടാകില്ല. ലോറി പോയിക്കാണും. നമുക്ക് പാനിപ്പട്ട് കഴിഞ്ഞ് ഡൽഹിക്കു മുമ്പുള്ള ചെക്ക്പോസ്റ്റുകളിൽ ചോദിച്ചാൽ വിവരം അറിയാം. ചിറ്റപ്പനും അതിനോടു യോജിച്ചു. വീണ്ടും ഭൂരിപക്ഷത്തിനെ മാനിക്കാതിരിക്കാൻ വയ്യാത്ത സ്ഥിതിയിൽ എത്തി. വണ്ടി തിരിച്ച് ഡൽഹിയിലേയ്ക്ക് കുതിച്ചു. മൃതദേഹം കൈവിട്ടു പോകരുതേ എന്നു പ്രാർത്ഥിച്ചുകൊണ്ട് ഞാൻ ആകാംക്ഷയോടെ മുന്നോട്ടു നോക്കിയിരുന്നു. പാനിപ്പട്ടു കഴിഞ്ഞുള്ള ചെക്ക്പോസ്റ്റിൽ എത്തി. ഡ്രൈവർ കാർ നിർത്തി ചെക്ക് പോസ്റ്റിൽ അന്വേഷിച്ചപ്പോൾ ഒരു പട്ടാളക്കാരന്റെ മൃതദേഹവുമായി ഒരു ലോറി കടന്നു പോയിട്ടുണ്ട് എന്ന വിവരം കിട്ടി. എനിക്ക് മനസ്സമാധാനമായി, എങ്കിലും ഈ ലോറിക്കാരൻ ഡൽഹിയിൽ എത്തിയാൽ ഈ മൃതദേഹം എവിടെ എത്തിക്കും എന്ന പ്രശ്നം ഞങ്ങളെ അലട്ടിക്കൊണ്ടിരുന്നു. കാരണം ഇന്ന സ്ഥലത്ത് കൊണ്ടുപോകണം എന്ന് അയാളോടു പറഞ്ഞിരുന്നില്ല. ഞങ്ങൾ പിറകേയുണ്ട് എന്നു മാത്രമേ പറഞ്ഞിരുന്നുള്ളൂ. ഏതായാലും ഞങ്ങൾ ആവുന്നതും വേഗത്തിൽ യാത്ര തുടർന്നു. സബ്ജി മണ്ഡി എന്ന സ്ഥലത്ത് എത്തിയപ്പോൾ നമ്മുടെ ലോറി ഡ്രൈവർ റോഡിന്റെ നടുക്കു നിന്ന് ഞങ്ങളെ കൈകാണിച്ച് നിർത്തി. അയാൾ ക്ഷോഭത്തോടെ പറഞ്ഞു. "ആപ് ലോഗ് ക്യാ കർ രഹേഥെ? മേം തോ ഏക് ഘണ്ടാ ഹുവാ, യഹാം ആ കർ ഇസ് മുദ്ദേ കോ ലേ കർ ഇസ് സിറ്റി മേം ഘൂം ഹോതോ പുലീസ് ഹം കോ പകഡ് കോ ലേ ജായേഗാ, അബ് ഹം ഇസ് കോ കഹാം പഹൂംചാനാ ഹൈ?" ഇത്രയും ഒക്കെ പറഞ്ഞപ്പോൾ മാധവൻകുട്ടി അയാളോടു ക്ഷമ ചോദിച്ചു. ആൾ ഇൻഡ്യാ മെഡിക്കൽ ഇൻസ്റ്റിറ്റ്യൂട്ടിലേയ്ക്ക്

ലോറി വിടാൻ പറഞ്ഞു. ഞങ്ങളും തൊട്ടു പുറകേ ഉണ്ടാവണമെന്ന് ചട്ടം കെട്ടിയിട്ടു ലോറിക്കാരൻ ലോറി സ്റ്റാർട്ടു ചെയ്തു മുൻപേ പോയി. ഞങ്ങൾ പിറകേയും. അങ്ങനെ വൈകിട്ട് അഞ്ചര മണിയോടെ AIMS-ൽ മൃതദേഹവുമായി ഞങ്ങൾ എത്തി. മൃതദേഹം പാതോളജി വിഭാഗത്തിന്റെ മുമ്പിൽ കൊണ്ടുപോകാൻ അധികൃതർ നിർദ്ദേശിച്ചതനുസരിച്ച് ലോറി അവിടെ കൊണ്ടുപോയി നിർത്തി. ഞങ്ങൾ കാറിൽ നിന്നിറങ്ങി. കേണൽ തിരുമേനിയെ പരിചയമുള്ള അനേകം മലയാളി സുഹൃത്തുക്കൾ അവിടെ ഉണ്ടായിരുന്നു. അവരിൽ ഒരാൾ എന്നോടൊപ്പം വന്ന് അവിടെ ഡ്യൂട്ടിയിൽ ഉണ്ടായിരുന്ന ഒരു ഡോക്ടറോടു കേണൽ രാജായുടെ മൃതദേഹം എത്തിയിട്ടുണ്ട് എന്ന് പറഞ്ഞു. ഡോ. സഫായ എന്നായിരുന്നു അദ്ദേഹത്തിന്റെ പേര്. അവിടത്തെ പാതോളജി വിഭാഗത്തിന്റെ മേധാവിയായിരുന്നു അദ്ദേഹം. ഒട്ടും താമസിയാതെ അദ്ദേഹം ഇറങ്ങി വന്ന് ലോറിയിൽക്കയറി മൃതദേഹം തിരിച്ചും മറിച്ചും ഇട്ടു നോക്കി. എന്നിട്ട് ഡിപ്പാർട്ട്മെന്റ് ആഫീസിലെ അറ്റൻഡർമാരോട് പറഞ്ഞ് അതെടുപ്പിച്ച് അകത്തു വച്ചു. ശവം ലോറിയിൽ നിന്നും ഇറക്കിയയുടൻ ലോറി ഡ്രൈവർ എന്നോടു യാത്ര പറഞ്ഞു. ലോറിയും കൊണ്ട് അയാൾ പോയി. അവിടെ ഒരു ശവപ്പെട്ടി തയ്യാറാക്കി വച്ചിരുന്നു. കേണലിന്റെ ഒരു ഉറ്റ സുഹൃത്തും ഫുഡ് കോർപ്പറേഷൻ ഓഫ് ഇന്ത്യയുടെ ചെയർമാനും ആയിരുന്ന കൊച്ചി രാജ കുടുംബാംഗവും സീരിയുടെ വല്യേട്ടനുമായിരുന്ന ഡോ. രാമവർവമ്മയായിരുന്നു അതെല്ലാം ഏർപ്പാടു ചെയ്തത്.

ഡോ. സഫായാ എന്നെ അദ്ദേഹത്തിന്റെ ആഫീസിലേയ്ക്ക് കൊണ്ടുപോയി. മറ്റുള്ളവരാരും കൂടെ വരാൻ പാടില്ല എന്നും പറഞ്ഞു. ഞാൻ കൂടെ പോയി, അവിടെ ചില കടലാസുകളെടുത്ത് കേണൽ തിരുമേനിയുടെ വിവരങ്ങളെല്ലാം ചോദിച്ച് കുറിച്ചു. എന്നിട്ട് എന്നെക്കൊണ്ട് ഒപ്പിടുവിച്ചു. അതുകഴിഞ്ഞ് 500 രൂപ വേണമെന്ന് എന്നോടു പറഞ്ഞു. ഞാൻ ഒന്നു ഞെട്ടി. എന്റെ കയ്യിൽ അത്രയും പണം കാണുമോ എന്ന് സംശയമാണ്. ഏതായാലും നോക്കട്ടെ എന്നുപറഞ്ഞ് ഞാന് കയ്യിലുള്ള നോട്ടുകൾ എണ്ണാൻ തുടങ്ങി. "പണമില്ലെങ്കിൽ ഞാൻ ഇപ്പോൾ ഒന്നും ചെയ്യുകയില്ല. ഈയൊരു മൃതദേഹം എംബാം ചെയ്യാനായി മാത്രം ഞാനിവിടെ കഴിഞ്ഞ മൂന്നു മണിക്കൂറായി കാത്തിരിക്കുകയാണ്. എന്റെ ഡ്യൂട്ടിയെല്ലാം കഴിഞ്ഞു. ഞാൻ പോകും" അയാൾ ഭീഷണിപ്പെടുത്തി. ഞാൻ പറഞ്ഞു നിങ്ങൾ ക്ഷോഭിക്കാതിരിക്കൂ. എന്റെ കയ്യിൽ പണം തികഞ്ഞില്ലെങ്കിലും ഞാൻ എവിടെ നിന്നെങ്കിലും ഉണ്ടാക്കിത്തരാം. ഇതും പറഞ്ഞ് ഞാൻ രൂപ നീട്ടി. ആ രൂപ വാങ്ങിയിട്ട് ഓരോ നോട്ടും തിരിച്ചും മറിച്ചും നോക്കി. കള്ളനോട്ടൊന്നുമല്ല എന്നുറപ്പു വരുത്തിയശേഷം ആ ഓരോ നോട്ടിന്റെയും നമ്പറുകൾ കുറിച്ച് എനിക്ക് വളരെ വിശദമായ ഒരു രസീത് എഴുതിത്തന്നു. അവസാനം അദ്ദേഹം പറഞ്ഞു. "ഇത് എംബാമിങ്ങിനുള്ള ഫീസാണ്. കൈക്കൂലിയൊന്നുമല്ല" എന്ന്. "അങ്ങനൊന്നും ഞാൻ വിചാരിച്ചിട്ടുമില്ല". "ഇനിയും ഞാനെന്തെങ്കിലും ചെയ്യേണ്ടതുണ്ടോ? എത്ര സമയത്തിനുള്ളിൽ ഈ ജോലി കഴിയും? ഞാനിനി എപ്പോഴാണ് വരേണ്ടത്?" ഞാൻ ചോദിച്ചു. "കൃത്യം 8 മണിക്ക് നിങ്ങൾ വന്നാൽ മൃതദേഹം തയ്യാറാക്കി ഞാൻ പെട്ടിയിൽ വച്ചിരിക്കും." പോകുന്നതിനു മുൻപ് നല്ല വലിപ്പമുള്ള രണ്ട് ബഡ്ഷീറ്റും കൂടി എനിക്ക് കൊണ്ടു വന്നു തരണം. അതുകഴിഞ്ഞാൽ രാത്രി 8 മണിക്ക് ഇവിടെ വന്നാൽ മതി."

ഞാൻ സഫായയുടെ ആഫീസിൽ നിന്നിറങ്ങി. എന്നെ അനുഗമിച്ചിരുന്ന മലയാളി സുഹൃത്തിനോട് ബെഡ്ഷീറ്റിന്റെ കാര്യം പറഞ്ഞു. അന്ന് അവധിയായിരുന്നതിനാൽ ആ ഭാഗത്തെ കടകളെല്ലാം അടച്ചിരിക്കുകയാണെന്നും അടുത്തുള്ള സദർ ബസാറിൽ പോയി നോക്കാമെന്നും പറഞ്ഞു. അയാൾ എന്നെയും കൂട്ടി അയാളുടെ കാറിൽ പോയി അവിടെ ഒരു കടയിൽ നിന്നും ബോംബെ ഡൈയിങ്ങിന്റെ തവിട്ടു നിറത്തിലുള്ള വലിയ കിടക്കവിരികൾ വാങ്ങിച്ച് ഞങ്ങൾ വീണ്ടും ആശുപത്രിയിൽ ചെന്ന് വിരിപ്പുകൾ ഡോ. സഫായയെ ഏൽപ്പിച്ചു. ഇനിയൊന്നും ഭയപ്പെടേണ്ട. എട്ടു മണിക്ക് എല്ലാം തയ്യാറാക്കിക്കൊള്ളാം എന്ന് ഡോക്ടർ ഉറപ്പുനൽകി. ഞാൻ നന്ദി പറഞ്ഞ് ഇറങ്ങി. ഏതോ സുഹൃത്തുക്കളുടെ കാറിൽ ഞാനും ചിറ്റപ്പനും കഴ്സൺ റോഡിലുള്ള ക്വാർട്ടേഴ്സിലേക്ക് തിരിച്ചു. മാധവൻകുട്ടി നേരത്തേ തന്നെ പോയിക്കഴിഞ്ഞിരുന്നു.

ക്വാർട്ടേഴ്സിൽ ചെറിയമ്മ ആകാംക്ഷയോടെ കാത്തിരിക്കുന്നുണ്ടായിരുന്നു. വിവരമെല്ലാം അറി

യിച്ചപ്പോൾ ചെറിയമ്മയ്ക്കും സമാധാനമായി. ഞങ്ങൾ അൽപ്പം ഭക്ഷണമെല്ലാം കഴിച്ചു. അതിനു ശേഷം ഞാൻ ഒന്നു കുളിച്ചിട്ടുവരാം എന്നു പറഞ്ഞ് ബാത്ത്റൂമിലേക്ക് പുറപ്പെട്ടപ്പോൾ എയർപോർട്ടിൽ നിന്നും ഒരു ഫോൺ ഉണ്ട് എന്ന് വിവരം കിട്ടി.

ഫോണെടുത്തപ്പോൾ ഇത് ഡെപ്യൂട്ടി ഡയറക്ടർ കൃഷ്ണൻ തമ്പിയാണ് വിളിക്കുന്നത്. നിങ്ങൾ വേഗം ഇവിടെ എയർപോർട്ടിൽ മൃതദേഹവും കൊണ്ടുവരണം. ഇവിടെ വിമാനവുമായി ക്യാപ്റ്റൻ ഖൈലയും ക്രൂവും രാവിലെ മുതൽ കാത്തിരിക്കുകയാണ് എന്നു പറഞ്ഞു.

കൃഷ്ണൻ തമ്പിയെ എനിക്ക് വളരെയധികം മുമ്പുതന്നെ അറിയാവുന്നതാണ്. എന്റെ ഒരടുത്ത സുഹൃത്തും അകന്ന ബന്ധുവുമാണ്. കേണലിന്റെ ഒരു ആരാധകനുമാണ്. അദ്ദേഹം ഇങ്ങനെ പറഞ്ഞപ്പോൾ ഞാൻ മറുപടി നൽകി. "മൃതദേഹം AIMS-ൽ എംബാം ചെയ്യാൻ കൊടുത്തിരിക്കുകയാണ്. 8 മണിക്കേ തയ്യാറാകുകയുള്ളൂ. ഇനിയും ഒരു മണിക്കൂർ സമയമുണ്ട്. അതിനിടയ്ക്ക് ഞാനൊന്നു കുളിച്ച് തയ്യാറാകട്ടെ."

തമ്പി അൽപ്പം പുരുഷസ്വരത്തിൽ പ്രതിവചിച്ചു. താൻ തന്റെ കുളിയും ജപവുമൊക്കെ കഴിച്ചുകൊണ്ടിരുന്നാൽ ശരിയാവില്ല. ഈ പൈലറ്റുമാരും മറ്റും ഈ ഒരു കാര്യത്തിനുവേണ്ടി മണിക്കൂറുകളായി കാത്തിരിക്കുകയാണ്. കൂടാതെ മൃതദേഹം കൊണ്ടുപോകാൻ ഒരു ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റിന്റെ അനുവാദം കൂടി വേണം. ഇല്ലെങ്കിൽ വഴിക്ക് ഏതെങ്കിലും എയർപോർട്ടിൽ വച്ച് തന്നെ പിടിക്കും". അപ്പോൾ ഞാൻ ചോദിച്ചു: "ഇനിയിപ്പോൾ ഞാനെവിടെയാണ് മജിസ്ട്രേറ്റിനെ തപ്പി പോകേണ്ടത്? അങ്ങിനെയെങ്കിൽ നിങ്ങൾക്കു തന്നെ നേരത്തെ വേണ്ട അനുവാദം വാങ്ങി വയ്ക്കാമായിരുന്നില്ലേ? കേണൽ തിരുമേനി ഒരു പ്രശസ്ത വ്യക്തിയല്ലേ?"

കൃഷ്ണൻ തമ്പിയുടെ മറുപടി: "ഞാൻ സിവിൽ ഏവിയേഷന്റെ ഒരു ഉദ്യോഗസ്ഥൻ എന്ന നിലയ്ക്ക് പറയേണ്ടത് പറഞ്ഞു. ആരെങ്കിലും ചോദിച്ചാൽ താൻ തന്നെ ഉത്തരം പറയേണ്ടിവരും. പിന്നെ എന്റെയടുത്ത് ശുപാർശകളൊന്നും കൊണ്ടുവരരുത്."

മൂന്നു ദിവസത്തെ അലച്ചിലും ക്ഷീണവും കൊണ്ട് തളർന്നിരുന്ന ഞാൻ ആകെ പരിഭ്രമിച്ചു. നേരെ സി.ബി.ഐയിലെ മാധവനോട് ഈ കാര്യത്തെപ്പറ്റി പറഞ്ഞു. അദ്ദേഹം പറഞ്ഞു: "ഒന്നും പരിഭ്രമിക്കേണ്ട. ഈ രാത്രിയിൽ മജിസ്ട്രേറ്റിനെയൊന്നും അന്വേഷിച്ചു പോകേണ്ട. ഇൻഡ്യയിലെല്ലായിടത്തും എല്ലാവർക്കും അറിയാവുന്നയാളാണ് കേണൽ തിരുമേനി. അദ്ദേഹത്തിന്റെ മൃതദേഹം എത്തുന്നതും കാത്ത് തിരുവനന്തപുരത്ത് ജനങ്ങൾ നിൽക്കുകയാണ്. ആരും ഒന്നുംതന്നെ ചോദ്യം ചെയ്യുകയോ ശിക്ഷിക്കുകയോ ഇല്ല. ഒന്നും ഭയപ്പെടേണ്ട."

മാധവന്റെ വാക്കുകൾ എന്നെ സമാധാനിപ്പിച്ചു. ഞാൻ കുളിക്കുവാൻ പോയി. കുളി കഴിഞ്ഞ് അത്താഴവും കഴിച്ച് ഞങ്ങൾ പുറപ്പെടാൻ ഒരുങ്ങി. ഞാനും കേണലിന്റെ സഹോദരി ലീല ചെറിയമ്മയും കുട്ടികളായ നന്ദകുമാർ, വൃന്ദ എന്നിവരും മാത്രമാണ് മൃതദേഹത്തിനെ അനുഗമിച്ച് വിമാനത്തിൽ പോകുന്നത്. ഞങ്ങൾ പുറപ്പെടാറായപ്പോൾ ഡോ. രാമവർമ്മ ഫോണിൽ വിളിച്ചുപറഞ്ഞു: "നിങ്ങൾ നേരെ എയർപോർട്ടിലേക്ക് എത്തിയാൽ മതി. മൃതദേഹം ഞാൻ എയർപോർട്ടിലേക്ക് എത്തിച്ചുകൊള്ളാം". അതനുസരിച്ച് രാത്രി പത്തു മണിയോടെ ഞങ്ങൾ പാലം അന്തർദ്ദേശീയ വിമാനത്താവളത്തിൽ എത്തി. ഞങ്ങൾ അകത്തേക്ക് പ്രവേശിച്ചപ്പോൾ "ഡെഡ്ബോഡി എത്തിയോ?" എന്നു ചോദിച്ച് വടിയും കുത്തി ഒരാൾ മുമ്പിൽ പ്രത്യക്ഷപ്പെട്ടു. മറ്റാരുമല്ല ഡിഫൻസ് മിനിസ്റ്ററായിരുന്ന വി.കെ. കൃഷ്ണമേനോനായിരുന്നു അത്. എട്ടു മണിയോടെ മൃതദേഹം അവിടെ എത്തുമെന്നും, അതൊന്ന് കണ്ടു വന്ദിച്ചു പോകണമെന്നും വിചാരിച്ച് കാത്തിരിക്കുകയാണെന്നും അദ്ദേഹം പറഞ്ഞു. ഞാൻ നേരെ 'ക്രൂ റൂമി'ലേക്ക് പോയി ക്യാപ്റ്റൻ ഘായിയെ കണ്ടു. "എന്തു പറ്റി? എന്താ ഇത്ര താമസം?" എന്ന് അദ്ദേഹം ചോദിച്ചു. കേണൽ തിരുമേനിയെപ്പറ്റിയുള്ള ഓർമ്മകൾ അദ്ദേഹം അയവിറക്കി.

കാത്തിരിപ്പ് വീണ്ടും നീണ്ടു. ഡോ. രാമവർമ്മയും മറ്റും വന്നു. മറ്റു ചില മലയാളികളും എത്തി. മൃതദേഹം വരാൻ താമസിക്കുന്നതിന്റെ കാരണം തിരക്കിയപ്പോൾ അതിന് ഏർപ്പാടാക്കിയിരുന്ന ആംബുലൻസ് ഡ്രൈവർ മൃതദേഹവും കൊണ്ട് സഫ്ദർജങ്ങ് എയർപോർട്ടിൽ പോയെന്നും അവിടെയാരെയും കാണാത്തതിനാൽ വീണ്ടും തിരിച്ച് AIMS-ൽ എത്തിയെന്നും അറിഞ്ഞു.

ഉടൻതന്നെ പാലം എയർപോർട്ടിലേക്ക് മൃതദേഹം കൊണ്ടുവരാൻ ഏർപ്പാടാക്കിയിട്ടു ഞങ്ങൾ കാത്തിരുന്നു. രാത്രി 11.30 കഴിഞ്ഞപ്പോൾ മൃതദേഹം വിമാനത്താവളത്തിൽ എത്തി.

താമസിയാതെ മൃതദേഹം വിമാനത്തിന്റെ 'ലഗ്ഗേജ് ബൂട്ടിൽ' കയറ്റി വച്ചു. ഞങ്ങൾ നാലു യാത്രക്കാരും മൂന്നു ക്രൂ മെമ്പർമാരും കയറി. കൃത്യം അർദ്ധരാത്രി 12 മണിക്ക് വിമാനം പാലം വിമാനത്താവളത്തിൽ നിന്നും പറന്നുയർന്നു.

യാത്രക്കാരായി ഞാനും, എന്റെ ചെറിയമ്മ ലീല രവിവർമ്മയും (സീരിയുടെ ഭാര്യ) അവരുടെ മക്കൾ നന്ദകുമാരനും വൃന്ദയുമായിരുന്നു. ക്രൂ മെമ്പർമാർ കമാൻഡർ ക്യാപ്റ്റൻ ഘായി, കോ-പൈലറ്റ് ക്യാപ്റ്റൻ ശർമ്മ, സ്റ്റുവാർഡ് വീരമണി എന്നിവരായിരുന്നു. വീരമണി പാലക്കാട്ടുകാരൻ ഒരു സ്വാമിയായിരുന്നു. വെളുപ്പിന് 3 മണിയോടു കൂടി വിമാനം ബോംബെ സാന്താക്രൂസ് വിമാനത്താവളത്തിൽ ഇറക്കി ഇന്ധനം നിറച്ച് വീണ്ടും പറന്നുയർന്നു. ഏതാണ്ട് 7000 അടി പൊക്കത്തിലായിരുന്നു പറന്നിരുന്നത്. അപ്പോൾ ക്യാപ്റ്റൻ ഘായി എന്നെ 'കോക്ക്പിറ്റി'ലേക്ക് വിളിച്ചു. താൻ ആദ്യമായിട്ടാണ് ആ റൂട്ടിൽ പറക്കുന്നതെന്നും വഴി പറഞ്ഞുകൊടുക്കണമെന്നും എന്നോടു പറഞ്ഞു. വിമാനത്തിലെ റഡാറിൽ പശ്ചിമഘട്ടത്തിലെ മലകൾ തെളിഞ്ഞുവന്നു. ഊട്ടിക്കടുത്തുള്ള ഡോഡബെട്ട കുന്നിന്റെ അടുത്തെത്തിയപ്പോൾ ക്യാപ്റ്റൻ ഘായി പറഞ്ഞു: "ഇതു വലിയ മലയാണല്ലോ" എന്ന്. ''പശ്ചിമഘട്ടത്തിലെ എറ്റവും പൊക്കം കൂടിയ ഭാഗമാണ് ഇത്'' എന്ന് ഞാൻ പറഞ്ഞു. "അൽപ്പംകൂടി തെക്കോട്ടു മാറിയാണ് ആനമല. അതു കഴിഞ്ഞാൽ മലകൾക്ക് പൊക്കം കുറഞ്ഞു കുറഞ്ഞു വരും. തിരുവനന്തപുരം വിമാനത്താവളത്തിന് നേരെ കിഴക്കായിട്ടാണ് അഗസ്ത്യകൂടം. അത് ഉദ്ദേശം 6000 അടി പൊക്കം വരും. ഇവിടെ വഴി തെറ്റാനൊന്നുമില്ല. നേരെ കടൽത്തീരം നോക്കി പറന്നാൽ മതി. തിരുവനന്തപുരം വിമാനത്താവളം കടൽത്തീരത്തു തന്നെയാണ്.'' ഇങ്ങനെ മാർഗ്ഗനിർദ്ദേശങ്ങൾ കൊടുത്തുകൊണ്ട് ഞാൻ കോക്ക്പിറ്റിൽ തന്നെ നിന്നു. പ്രഭാതം പുലരുന്ന സമയമായപ്പോഴേക്ക് വിമാനത്താവളം ദൂരെ മുന്നിൽ കണ്ടുതുടങ്ങി. ക്യാപ്റ്റൻ ഘായി കൺട്രോൾ ടൗവറുമായി ബന്ധപ്പെട്ട് താഴെ ഇറങ്ങാനുള്ള അനുവാദം വാങ്ങി.

കാറ്റൊന്നും ഇല്ല. പ്രകൃതി നിശ്ചലമായിരുന്നു. ഉദയസൂര്യന്റെ വരവിനെ അറിയിച്ചുകൊണ്ട് അരുണിമകലശം സുവർണ്ണ രേഖകൾ ചക്രവാളത്തിൽ പ്രത്യക്ഷപ്പെട്ടുതുടങ്ങി. റൺവേ 14-നു നേരെ വിമാനം താഴ്ന്നുതുടങ്ങി. "നേരെ ഇറങ്ങട്ടെ" എന്ന് ക്യാപ്റ്റൻ ഘായി എന്നോടു ചോദിച്ചു. "കാറ്റൊന്നുമില്ലല്ലൊ? നേരെ ഇറങ്ങാം" എന്ന് ഞാൻ മറുപടി പറഞ്ഞു. അപ്പോഴേക്കും വിമാനം ഐ.ടി.ഐ. കെട്ടിടത്തിനു മുകളിൽ എത്തിയിരുന്നു. വിമാനത്താവള വികസനത്തിന് വിഘാതമായി പണിതുയർത്തിയ കെട്ടിടമായിരുന്നു അത്. അത് പൊളിച്ചുമാറ്റണമെന്നു പറഞ്ഞ് സത്യാഗ്രഹം കിടക്കാൻ തയ്യാറായി പുറപ്പെട്ടതായിരുന്നു കേണൽ തിരുമേനി. ഗവർണ്ണർ ഗിരി ഇടപെട്ട് അതിന്റെ പണി നിർത്തിവച്ചതായിരുന്നു. അതിന്റെ മുകളിലെത്തിയപ്പോഴേക്കും ക്യാപ്റ്റൻ ഘായി ത്രോട്ടിൽ പിന്നാക്കം വലിച്ചു. എഞ്ചിനുകൾ സാവധാനമായി. വിമാനം പെട്ടെന്ന് താഴ്ന്നു. ചക്രങ്ങൾ പുറത്തേക്ക് ഇറക്കി. റൺവേ 14-ൽ ചക്രങ്ങൾ തൊട്ടുരുമ്മി വിമാനം മുന്നോട്ടോടി. അൽപ്പംകൂടി മുന്നോട്ടോടിയ ശേഷം റൺവേ 28 വഴി ഞങ്ങൾ വിമാനത്താവള സൗധത്തിലേക്ക് തിരിഞ്ഞു. ആ കെട്ടിടത്തിനു മുന്നിലും അവിടെനിന്നും വലിയതുറ വഴി പെരുന്താന്നിയിലേക്കുള്ള വഴിയിലുമായി ഒരു വലിയ പുരുഷാരംതന്നെ ഞങ്ങളെക്കാത്തുനിൽപ്പുണ്ടായിരുന്നു.

വിമാനത്താവള സൗധത്തിനു മുന്നിൽ വിമാനം നിർത്തി എഞ്ചിനുകൾ നിശ്ചലമായി. വീരമണി വാതിൽ തുറന്നുതന്നു. ഞാൻ കോണിയിറങ്ങി. പിറകേ ചെറിയമ്മയും കുട്ടികളും ഇറങ്ങി. കേണൽ തിരുമേനിയുടെ ജ്യേഷ്ഠൻ ആലക്കോടു രാജാവും അനുജൻ പി. കേരള വർമ്മ രാജാവും ഞങ്ങളെ ക്കാത്തുനിന്നിരുന്നു. മൃതദേഹം വിമാനത്തിൽ നിന്നിറക്കി ഒരു തുറന്ന ജീപ്പിൽക്കയറ്റി ആലക്കോട്ടു രാജാവും, പി. കേരളവർമ്മ രാജാവും ഞാനും അതിൽക്കയറി, കേണൽ തിരുമേനിയുടെ സ്വന്തം പരിചാരകനായിരുന്ന കണ്ണങ്കര രാഘവനും മൃതദേഹം അടക്കിയിരുന്ന പെട്ടിയുടെ അടുത്തുതന്നെ ഇരുന്നു. അങ്ങനെ വിലാപ ഘോഷയാത്രയായി. അശ്രുബാഷ്പങ്ങൾ പൊഴിച്ചുകൊണ്ട് പലതരത്തിലുള്ള വാഹനങ്ങളിലായി ആ പുരുഷാരം കേണൽ തിരുമേനിയുടെ മൃതദേഹത്തെ അനുഗമിച്ചു. തിരു

വനന്തപുരം കോട്ടയ്ക്കകത്തുള്ള വടക്കേക്കൊട്ടാരത്തിൽ കൊണ്ടുചെന്ന് പൊതു ദർശനത്തിനു വേണ്ടി മൃതദേഹം ഇറക്കിവച്ച് പ്രണാമങ്ങൾ അർപ്പിച്ചശേഷം ഞാൻ അമ്മാവന്മാരോടൊപ്പം (ആലക്കോട്ടു രാജാവും കേരളവർമ്മ രാജാവും) പൂഞ്ഞാറ്റിലേക്ക് തിരിച്ചു. സംസ്ക്കാരത്തിനുള്ള ഏർപ്പാടുകൾ പൂഞ്ഞാറ്റിൽ ഒരുക്കിയിരുന്നു.


രാവിലെ 10 മണിയോടുകൂടി വിലാപയാത്രയായി തിരുവനന്തപുരത്തുനിന്നും പുറപ്പെട്ട മൃതദേഹം വൈകുന്നേരം നാലുമണിയോടുകൂടി പൂഞ്ഞാറ്റിൽ എത്തി.

തറവാട്ടു നാലുകെട്ടിൽ ഇറക്കിവച്ചശേഷം കർമ്മാനുഷ്ഠാനങ്ങൾ നടത്തി സന്ധ്യയായപ്പോഴേക്കും സംസ്ഥാന ഗവൺമെന്റിന്റെയും നാട്ടുകാരുടെയും കുടുംബാംഗങ്ങളുടെയും സ്നേഹബഹുമാനാദികൾ അർപ്പിച്ചശേഷം കണ്ണാത്തു ശ്മശാനത്തിൽ മൃതദേഹം സംസ്ക്കരിച്ചു.

അങ്ങനെ നാലുദിവസം നീണ്ടുനിന്ന എന്റെ തീർത്ഥയാത്ര അവസാനിച്ചു. എന്റെ ദൗത്യം ഞാൻ നിർവ്വഹിച്ചു. ഞാൻ കൃതാർത്ഥനായി.

ഇന്നും ആ യുഗപുരുഷനെപ്പറ്റിയുള്ള സ്മരണകൾ എന്റെ മനസ്സിൽ ഉറഞ്ഞിരിപ്പുണ്ട്. എന്റെ സ്വന്തം അമ്മാവൻ എന്നതിലുപരി, ഒരു കളിക്കാരൻ, സാഹസികൻ, കർമ്മയോഗി, മനുഷ്യസ്നേഹി, പൊതുക്കാര്യ പ്രസക്തൻ, സൈനിക മേധാവി, സംഘടനാ നേതാവ്, മാർഗ്ഗദർശി, എല്ലാ കാര്യങ്ങളിലും ഒരു ഉത്തമ സുഹൃത്ത് എന്നിങ്ങനെ പല നിലകളിൽ വളരെ അടുത്ത് പ്രവർത്തിച്ചിരുന്ന അദ്ദേഹത്തിന്റെ ജീവിതത്തിലെ പല നിമിഷങ്ങളും ഇന്നും എന്റെ ഓർമ്മയിൽ ആലേഖനം ചെയ്തു കിടപ്പുണ്ട്. ●

# നിഴലിനോട്



**സതീഷ് കുമാർ റ്റി.എൻ.**
ഇടപ്പള്ളി, മൊ. 9895031738

നിന്നെ ഞാൻ കുഞ്ഞുന്നാളിൽ കണ്ടപ്പോൾ ഭയപ്പെട്ടു
പിന്നെയാ ഭയം മെല്ലെ കൗതുകമായി മാറി
നിന്നെ ഞാൻ പലവിധ വേഷങ്ങളിൽ ചമച്ചു
അന്ന് നീയുണ്ടായിരുന്നെന്നുടെ ചാരേയെന്നും

നിഴലായ് ഞാനുണ്ടാവുമെന്നൊരാൾ പറഞ്ഞപ്പോൾ
നിഴലാം നിന്നെ ഞാനും കണ്ടെന്നു നടിച്ചീല
നിഴലായിരുന്നയാൾ പഴങ്കഥയായപ്പോൾ
നിഴലാം നീ മാത്രമേ എനിക്ക് സാന്ത്വനമായ്

മറ്റാരുമില്ലയെനിക്കൊറ്റയ്ക്ക് സംവദിക്കാൻ
ഒറ്റയാനെനിക്ക് നീ നിതാന്ത സുഹൃത്തല്ലോ
മറ്റുള്ളോർ കേൾക്കവേണ്ടാ നമ്മുടെ സംവാദങ്ങൾ
ചെറ്റു ഭ്രാന്തിവനുണ്ടോ എന്ന് സംശയിച്ചീടും

ഇനിയുമെത്ര കാലം സൗഹൃദം കാത്തുവയ്ക്കാം
നിനയ്ക്കിൽ പറയുവതെളുതല്ലല്ലോ നൂനം.

## അഭിനന്ദനങ്ങൾ



ഗ്ലോബൽ റിസേർച്ച് കോൺഫറൻസ് ഫോറവും സെൻട്രൽ യൂണിവേഴ്സിറ്റി ഓഫ് കേരളയും സംയുക്തമായി തിരുവനന്തപുരത്ത് നടത്തിയ 'ഗ്ലോബൽ സൈനേർജി 2024' എന്ന പ്രഥമ GRCF-CUK Best Paper Presenter Award-ന് അർഹനായ ഡോ. നാരായണൻ പണ്ടാല. 'LAW: BRIDGING JURISDICTIONAL GAPS' എന്ന വിഷയത്തിൽ അവതരിപ്പിച്ച Paper നാണ് അംഗീകാരം ലഭിച്ചത്. തിരുവനന്തപുരം ക്ഷത്രിയ ക്ഷേമസഭയുടെ വൈസ് പ്രസിഡന്റാണ്.

യാത്രാവിവരണം

# മഹാരാഷ്ട്രത്തിലൂടെ - 2



സുധീരൻ
തൃശ്ശൂർ, മൊ. 9446141888

## ജുഹു ബീച്ച് മുതൽ മഹാലക്ഷ്മി ക്ഷേത്രം വരെ

വൈകുന്നേരം ജുഹു ബീച്ച് കാണുവാനിറങ്ങി. ഹോട്ടലിൽ നിന്ന് 4.30 ന് ബസ്സ് സ്റ്റാർട്ട് ചെയ്തു. ഹോട്ടലിന്റെ മുമ്പിലെ 250 മീറ്റർ നീളം റോഡ് ഒരു വീതികുറഞ്ഞ ബൈ ലെയിൻ ആണ്. ബസ്സ് റോഡിന്റെ 80% സ്ഥലവും എടുക്കും. ബാക്കി സ്ഥലത്തു കൂടെ ഓട്ടോറിക്ഷയ്ക്ക് കഷ്ടിച്ച് കടന്നു പോകാം. ചിലയിടങ്ങളിൽ വീടുകളുടെ മേൽക്കൂര ഉരയും എന്ന ഭയം തോന്നും. അതിനാൽ ഈ റോഡ് കഴിയുന്നതുവരെ ഞാൻ കണ്ണടച്ചിരിക്കും. മെയിൻ റോഡിൽ എത്താൻ പതിനഞ്ചു മിനിറ്റെടുക്കും. പിന്നീട് ബസ്സിന്റെ വേഗത ആമയുടേതിനേക്കാൾ സ്വൽപം മാത്രം കൂടുതലായിരിക്കും. അത്രയ്ക്കുണ്ട് റോഡിലെ തിരക്ക്. വലിയ ജംഗ്ഷനിൽ 'സ്റ്റോപ്പ്' സമയം മൂന്നു മിനിറ്റ് വരും. അങ്ങനെ ട്രാഫിക് ലൈറ്റും ട്രാഫിക് ബ്ലോക്കുമായി 7 കിലോമീറ്റർ ഓടിയെത്താൻ ഒന്നേമുക്കാൽ മണിക്കൂറെടുത്തു. ബീച്ചിൽ നിന്ന് രണ്ടു ഫർലോംഗ് ദൂരെയാണ് ബസ്സിറങ്ങിയത്. നടന്ന് ബീച്ചിലെത്തിയപ്പോഴേക്കും സൂര്യാസ്തമയം കഴിഞ്ഞിരുന്നു. ആകാശച്ചെരുവിൽ ചുവപ്പും മഞ്ഞയും നിറങ്ങളുടെ വിവിധ ഷേഡുകൾ വിസ്മയക്കാഴ്ച ഒരുക്കിയിട്ടുണ്ട്. തൽസമയം തന്നെ കിഴക്കേ ആകാശത്തെ നിലാവിൽ കുളിപ്പിക്കാനായി പൂർണ്ണ ചന്ദ്രൻ ഉദിച്ചു. ബീച്ച് ഇരുട്ടിലായി. വേലിയിറക്ക സമയമായിരുന്നതിനാൽ ഏതാണ്ട് നൂറു മീറ്ററോളം കടൽ പിൻവാങ്ങിയിരുന്നു. ദൂരെ കടലിൽ ഭീമാകാരനായ ഒരു ടി.വി. സ്ക്രീൻ സ്ഥാപിച്ചിട്ടുണ്ട്. അതിൽ ശബ്ദമില്ലാതെ പരസ്യങ്ങൾ തെളിയുന്നു. കരയിലുടനീളം ഓരോ വിൽപ്പന കേന്ദ്രങ്ങളാണ്. ഫാഷൻ ഇനങ്ങൾ, കളിപ്പാട്ടങ്ങൾ, ഹോട്ടലുകൾ, വട പാവ്, പാവ് ഭാജി, ഗോൾ ഗപ്പ (പാനി പൂരി) എന്നീ ഇനങ്ങൾ വിൽക്കുന്ന ഫാസ്റ്റ്ഫുഡ് കടകൾ, ഐസ്ക്രീം ഷോപ്പുകൾ, ഹോട്ടലുകൾ എന്നിവയുടെ ഡിസ്പ്ലേ ബോർഡുകളിൽ കത്തുന്ന ബഹുവർണ്ണ ബൾബുകളുടെ വെളിച്ചം കടൽത്തീരത്തെ അത്യാകർഷകമാക്കുന്നു. നനഞ്ഞ മണലിലൂടെ നൂറുകണക്കിന് സന്ദർശകർ നഗ്നപാദരായി ഇരുട്ടിനെ വകവെയ്ക്കാതെ ജലനിരപ്പ് ലക്ഷ്യമാക്കി ആവേശത്തോടെ താഴോട്ട് നടക്കുന്നു. കുറച്ചു പേർ പങ്കില പാദരായി സാവകാശം തിരിച്ചു വരുന്നു. രണ്ടു കൂട്ടരിലും നല്ലൊരു ഭാഗം കുട്ടികളാണ്. ഐസ്ക്രീം വെൻഡർമാർ വളരെ തിരക്കുള്ളവരായി കാണപ്പെട്ടു. പൂർണ്ണമായും ഇരുട്ടിലാണ്ട കടലിൽ ദൂരെ പ്രകാശിതമായ ജാലകങ്ങളോട് കൂടിയ യാനങ്ങൾ നീങ്ങുന്നു. തിരക്കുമൂലം നടന്നു നീങ്ങുവാൻ ബുദ്ധിമുട്ട് തോന്നിയതിനാൽ ഒരു സ്ഥലത്തുതന്നെ നിന്ന് ചുറ്റും നടക്കുന്ന സംഭവങ്ങളെ വീക്ഷിച്ചു. അടുത്തുള്ള വിമാനത്താവളത്തിൽ നിന്നും മിനിറ്റിനൊന്നു വീതം വിമാനങ്ങൾ പടിഞ്ഞാറ് ലക്ഷ്യമാക്കി കടലിന്റെ മുകളിലൂടെ ചീറിക്കൊണ്ട് പറന്നുയരുന്നുണ്ട്. ഇപ്പോൾ ചന്ദ്രൻ ഉയർന്നുപൊങ്ങി ജുഹു ബീച്ചിനെ ചന്ദനച്ചാറിൽ ആറാടിച്ചു. ജനം പെരുകുക തന്നെയാണ്. 'ചാട്ട്' ഷോപ്പുകളുടെ മുന്നിൽ വലിയ ആൾക്കൂട്ടം അക്ഷമരായി. കടൽ ഇപ്പോഴും പിൻവാങ്ങിത്തന്നെ നിൽക്കുന്നു. ആളെ മുട്ടാതെ നീങ്ങാൻ പറ്റാതെ വരുമെന്നായപ്പോൾ ആൾക്കൂട്ടത്തിലൂടെ തിക്കിത്തിരക്കി തിരിച്ചുനടന്നു.

ബീച്ചിൽ നിന്നും ഏതാണ്ട് രണ്ട് കിലോമീറ്റർ ദൂരെ 'ഇസ്കോൺ' അനുയായികൾ നടത്തുന്ന ക്ഷേത്രമുണ്ട്. അടുത്ത യാത്ര അവിടേക്കാണ്.

ബസ് ഒരു തിരിവ് തിരിഞ്ഞ് മറ്റൊരു റോഡിൽ കയറിയപ്പോൾ ഒരു വീട് ചൂണ്ടിക്കാട്ടി ഗൈഡ് പറഞ്ഞു: "ദാ, ഇതാണ് അമിതാഭ് ബച്ചന്റെ വീട്" ഉയരത്തിൽ മതിലും വലിയ സെക്യൂരിറ്റി സംവിധാനവും ഉള്ള വീടിനെ ശ്രദ്ധിക്കുമ്പോഴേക്കും വണ്ടി നീങ്ങി. അവിടെ നിർത്താൻ പാടില്ലത്രേ! വീടിന്റെ പേര് വായിക്കാൻ പറ്റി– 'ജൽസ'. ആ റോഡിൽ കുറെ ചെന്നപ്പോൾ വീണ്ടും ഒരു വീട് ചൂണ്ടി "ഇത് അമിതാഭ് ബച്ചന്റെ രണ്ടാമത്തെ വീട്" എന്നു പറഞ്ഞു. അതിന്റെ മുമ്പിലുമുണ്ട് സെക്യൂരിറ്റിക്കാരുടെ കൂട്ടം! വളരെ തിരക്കുള്ള ഒരു സ്ട്രീറ്റിൽ ഞങ്ങളെ ഇറക്കി. തിരക്കുള്ള റോഡിലൂടെ ഏതാണ്ട് 200 മീറ്റർ ദൂരം നടന്ന് ക്ഷേത്രത്തിലെത്തി. അവിടെയും വലിയ തിരക്കാണ്. ക്ഷേത്രത്തിന്റെ ഭാഗമായ ഹാൾ ഭക്തരെക്കൊണ്ട് നിറഞ്ഞുകവിഞ്ഞിട്ടുണ്ട്. ആരാധനാഗാനങ്ങളും വാദ്യങ്ങളും ജനങ്ങളുടെ പ്രാർത്ഥനാ ഗാനങ്ങളുമൊക്കെയായി നല്ല അന്തരീക്ഷം. ക്ഷേത്രാങ്കണം മുഴുവൻ ആലക്തിക ദീപങ്ങളാൽ അലംകൃതം. താരതമ്യേന ഒഴിഞ്ഞ ഒരുസ്ഥലത്തുനിന്ന് ഞാൻ നിരീക്ഷിച്ചു. നമ്മുടെ നാട്ടിലെ ക്ഷേത്രങ്ങളിൽ കാണുന്നപോലെ ആർത്തരായ ഭക്തരെ അവിടെ കണ്ടില്ല. ദർശനത്തിനു വരുന്നവരും ദർശനം കഴിഞ്ഞ് ഇറങ്ങുന്നവരും എല്ലാം വളരെ സന്തുഷ്ടരാണ്. ഇതാണ് എന്നെ അത്ഭുതപ്പെടുത്തിയതും. ഭൗതികാന്തരീക്ഷത്തിൽ ബീച്ചിൽ ആഹ്ലാദിച്ചു നീങ്ങുന്നവരും ഭക്തിയുടെ അന്തരീക്ഷത്തിൽ ക്ഷേത്രത്തിൽ ദർശനം നടത്തുന്നവരും വ്യത്യസ്ത കാരണത്താലാണെങ്കിലും സന്തോഷത്തിലാണ് എന്നതാണത്. വളരെ തിരക്കേറിയ ബോംബെ നഗരജീവിതത്തിലും സന്തുഷ്ടരാകാനുള്ള വ്യത്യസ്ത വഴികൾ ലഭ്യമാണ്. നമുക്ക് യോജിക്കുന്നത് സ്വീകരിക്കാം..! അങ്കണത്തിനകത്തെ ഒരു സ്റ്റാളിൽ ശുദ്ധമായ പാലുൽപ്പന്നങ്ങൾ വിൽപ്പനയ്ക്ക് വച്ചിരിക്കുന്നു. അവിടെ പത്തുരൂപയ്ക്ക് വലിയ ഒരു ഗ്ലാസ്സ് 'ഛാസ്' കിട്ടി. ഇഞ്ചിയും പച്ചമുളകും റോക് സോൾട്ടും ചേർത്ത രുചികരമായ, തണുപ്പിച്ച ഒന്നാന്തരം മോര്! ഒരു ഗ്ലാസ്സ് മോരു കഴിച്ചപ്പോൾ വയറ് നിറഞ്ഞു. പ്രസാദമായി അവിടെ നിന്ന് ലഭിച്ച ഒരു പിടി ലഡ്ഡുപ്പൊടിയും കൂടിയായപ്പോൾ മനസ്സും നിറഞ്ഞു. നേരം ഏറെയായതിനാൽ അന്നത്തെ കറക്കം മതിയാക്കി ഹോട്ടൽമുറിയിലേക്ക് തിരിച്ചു.

പിറ്റേന്ന് ക്ഷേത്ര ദർശനത്തിനായി കാലത്ത് ആറര മണിക്കുതന്നെ പുറപ്പെട്ടു. ബോംബെയിലെ ഏറെ പ്രസിദ്ധമായ സിദ്ധിവിനായക ക്ഷേത്രവും മഹാലക്ഷ്മീ ക്ഷേത്രവും ആയിരുന്നു ലിസ്റ്റിൽ ഉണ്ടായിരുന്നത്. യാത്രയ്ക്കിടയിൽ അതിൽ മാട്ടുംഗ ഗുരുവായൂർ ക്ഷേത്രവും കയറി.

222 വർഷം പഴക്കമുണ്ട് സിദ്ധിവിനായക ക്ഷേത്രത്തിന്. ബോംബെയിൽ ഏറ്റവും പ്രസിദ്ധമായതാണ് ഈ ക്ഷേത്രം. കാര്യസിദ്ധിക്കായി അവിടെയെത്തി പ്രാർത്ഥിക്കുന്നവരിൽ പ്രധാനികളായ രാഷ്ട്രീയക്കാരും സിനിമാ നടന്മാരും വലിയ ബിസിനസ്സുകാരും മുംബൈയുടെ എല്ലാ ഭാഗങ്ങളിൽ നിന്നും വരുന്ന മറ്റു ജനങ്ങളും ഉണ്ട്. റോഡരികിലുള്ള ഈ ക്ഷേത്രത്തിന് ഉയർന്ന മതിലുകൾ അതിനും മീതെ ഉയർന്നുനിൽക്കുന്ന വല കൊണ്ടുള്ള ഒരു മറ കൂടി ഉണ്ട്. ക്ഷേത്രാങ്കണത്തിലേക്ക് ആരും ഒന്നും വലിച്ചെറിയാതിരിക്കാൻ വേണ്ടിയായിരിക്കണം ഇത്. സൗജന്യമായി ചെരുപ്പുകൾ സൂക്ഷിക്കാൻ നല്ല സംവിധാനമുണ്ട്. ഏഴേകാൽ മണിക്ക് ഞങ്ങൾ ക്ഷേത്രത്തിലെത്തുമ്പോഴേക്കും സാമാന്യം ഭക്തജനത്തിരക്കായിരുന്നു. സെക്യൂരിറ്റി ചെക്ക് കഴിഞ്ഞിറങ്ങിയപ്പോഴേക്കും ദർശനത്തിനുള്ള ക്യൂ വലിയതായി കഴിഞ്ഞിരുന്നു. അരമണിക്കൂറിലധികം ക്യൂവിൽ നിന്ന ശേഷമാണ് ശ്രീകോവിലിനു മുമ്പിൽ എത്തിയത്. അവിടവിടെ സ്ഥാപിച്ചിട്ടുള്ള ടി.വി. സ്ക്രീനിൽ ശ്രീലകത്തെ കാഴ്ച ക്യൂ നിൽക്കുമ്പോൾ തുടർച്ചയായി കാണുവാൻ സാധിക്കും.

മുൻവശം മുഴുവൻ തുറന്ന ഒരു മുറിയിലാണ് വിനായക പ്രതിഷ്ഠ. ശ്രീകോവിലിനു മുൻപിൽ എത്തിയപ്പോഴേക്കും ക്യൂ ഒക്കെ ഛിന്നഭിന്നമായി. തിരക്കിൽ വീഴാതെ നിൽക്കാൻ ബുദ്ധിമുട്ടി. വളരെ ആകർഷകമായ സ്വർണ്ണ–വർണ്ണ അലങ്കാരങ്ങൾ. വിവിധ വർണ്ണപുഷ്പ മാല്യങ്ങളാൽ അലംകൃതമായ ഗണപതി വിഗ്രഹം പൂക്കളും ഹാരങ്ങളും നൈവേദ്യ വസ്തുക്കളും സമർപ്പിക്കുവാനുള്ള ഭക്തജനങ്ങളുടെ തിരക്കിനിടയിൽ രണ്ടു സെക്കൻഡ് നേരത്തെ ദർശനം ലഭിച്ചു. അപ്പോഴേക്കും തള്ളി നീക്കപ്പെട്ടു. ശ്രീകോവിലിന് മുമ്പിൽ, ഒരു റെയിലിംഗിന് പുറത്തുള്ള ഒരു സ്ഥാനത്തു നിന്ന് വിശദമായി ദർശിക്കാൻ സാധിച്ചു. ഫോട്ടോ എടുക്കുന്നത് നിരോധിക്കപ്പെട്ടിട്ടുള്ള പ്രദേശമാണ് ക്ഷേത്ര

ങ്ങൾ, പത്യേകിച്ച് ശ്രീകോവിലിന്റെയും പ്രതിഷ്ഠ യുടെയും. എന്നാൽ നിയമഭഞ്ജകർ ധാരാളം. അവർ മൊബൈലിൽ ഫോട്ടോയും വീഡിയോ യുമൊക്കെ എടുത്തുകൊണ്ടിരുന്നു. സെക്യൂരിറ്റി ജീവനക്കാരുടെ ആക്രോശങ്ങൾ വകവയ്ക്കാതെ അവരത് അനവരതം തുടർന്നു. മൊബൈൽ വിഷ യാസക്തിയുടെ ഉത്തമ പ്രതീകമാണ്, ആറാമത്ത ഒരിന്ദ്രിയം പോലെ! ആസക്തിയിൽ നിന്നും അറ്റാ ച്ച്മെൻറിൽ നിന്നും അവയുണ്ടാക്കുന്ന സമ്മർദ്ദ ങ്ങളിൽ നിന്നും അൽപ്പനേരത്തേക്കെങ്കിലും മുക്തി നേടുവാനാണ് ക്ഷേത്രദർശനം നടത്തുന്നത്. ആ സമയത്തു പോലും ഫോൺ ഉപേക്ഷിക്കാൻ സാധിക്കാത്തവർക്ക് ക്ഷേത്രദർശനം കൊണ്ട് ഒരു നേട്ടവും ഉണ്ടാകാനിടയില്ല. ഈ ആറാം ഇന്ദ്രി യത്തെ വീട്ടിൽ ഉപേക്ഷിച്ചിട്ട് വേണം ക്ഷേത്ര ദർശനത്തിന് പോകാൻ.

വിനായക ക്ഷേത്രത്തിൽ നിന്ന് വളരെ ദൂരെയല്ല മാട്ടുംഗ ഗുരുവായൂർ ശ്രീരാമ ക്ഷേത്രം. ആസ്തിക സമാജ് എന്ന സംഘടനയുടെ കീഴിൽ 1953-ലാണ് ഈ ക്ഷേത്രം നിർമ്മിക്കപ്പെട്ടത്. മാതംഗ ഋഷിയുടെ വാസസ്ഥാനമായിരുന്നു ഇതെന്നും മാട്ടുംഗ എന്ന പേര് അങ്ങനെ ലഭിച്ചുവെന്നും ഐതീഹ്യം. 1923-ൽ ഒരു ആൽത്തറയിലാണ് ശ്രീരാമദേവന്റെ ഒരു പടം വച്ച് ആരാധന ആരംഭിക്കുന്നത്. 1953-ൽ കാഞ്ചി കാമകോടി ശങ്കരാചാര്യരുടെ നേതൃത്വ ത്തിൽ അവിടെ ഒരു ശ്രീകോവിൽ പണിത് രാമ വിഗ്രഹ പ്രതിഷ്ഠ നടത്തി. ഒരു ക്ഷേത്രത്തിന്റെ രൂപത്തിലാക്കി തുടർന്നുള്ള വർഷങ്ങളിൽ നവ ഗ്രഹങ്ങൾക്കും കാർത്തികേയനും വിഷ്ണുവിനും ഒടുവിൽ 1978-ൽ അയ്യപ്പനും പ്രതിഷ്ഠകളുണ്ടായി. ഇന്ന് പ്രധാന പൂജാരിമാർ കേരളത്തിൽ നിന്നുള്ള വരാണ്. അവർ സന്തോഷപൂർവ്വം ഞങ്ങളെ സ്വീക രിച്ചു. അവിടെ താന്ത്രിക ചിട്ടയിലുള്ള പൂജാവിധി കളാണ് നടത്തുന്നതെന്ന് മനസ്സിലാക്കി. നാട്ടിലെ ഒരു ക്ഷേത്രത്തിൽ പ്രവേശിക്കുമ്പോഴുള്ള പോലത്തെ പ്രതീതി ഉളവാക്കുന്നതായിരുന്നു അവിടത്തെ അന്തരീക്ഷം.

മഹാലക്ഷ്മി ക്ഷേത്രം കടൽത്തീരത്തുള്ള ഒരു കുന്നിൻ മുകളിലാണ് സ്ഥിതിചെയ്യുന്നത്. 250 വർഷത്തിനു മുകളിൽ പഴക്കമുണ്ട് ഈ ക്ഷേത്ര ത്തിന്. അനേകം വീടുകൾക്കും കച്ചവടസ്ഥാപന ങ്ങൾക്കും ഇടയിലൂടെ പടികൾ കയറിയുമിറ ങ്ങിയും വീതികുറഞ്ഞ വഴിയിലൂടെ നടന്നുവേണം ക്ഷേത്രസന്നിധിയിലെത്തുവാൻ. വഴിയുടെ ഇരു വശത്തും നിറയെ പൂജാദ്രവ്യങ്ങൾ വിൽക്കുന്ന കടകൾ, സ്വീറ്റ് ഷോപ്പുകൾ, തുണിക്കടകൾ, സ്റ്റേഷണറി കടകൾ, റെസ്റ്റോറന്റുകൾ എന്നിവ കൊണ്ട് നിബിഡമാണ്. എല്ലാവരും ദർശനത്തി നെത്തുന്നവരെ തങ്ങളുടെ സ്ഥാപനങ്ങളിലേക്ക് ആകർഷിക്കാൻ ബദ്ധപ്പെടുന്നുണ്ടായിരുന്നു. മുന്നോട്ട് നടക്കുന്നതിന് ഇത് ബാധ സൃഷ്ടിച്ചു. റോഡിൽ നിന്ന് 30-ൽ പരം പടികൾ കയറി വേണം തിരുമുറ്റ ത്തെത്താൻ. ഭക്തരെ സെക്യൂരിറ്റി സ്ക്രീനിംഗ് കഴിഞ്ഞാണ് കടത്തിവിടുന്നത്. തിരക്കുണ്ടായിരു ന്നുവെങ്കിലും അരമണിക്കൂർ നേരത്തെ കാത്തു നിൽപ്പിനുശേഷം സർവ്വാലങ്കാരഭൂഷിതയായ ദേവി യുടെ ദർശനം ലഭിച്ചു. പണ്ട് ക്ഷേത്രമതിലിന്മേൽ കടൽത്തിര അടിക്കുമായിരുന്നത്രേ! ഇപ്പോൾ ക്ഷേത്രത്തിന് പുറത്തെ കടൽ നികത്തി അവിടെ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുകയാണ്.

സമയം 12 മണി... സൂര്യൻ തലയ്ക്കുനേരെ മുകളിൽ ജ്വലിച്ചുനിന്നു. വിയർപ്പും വിശപ്പും രസം കൊല്ലികളായി. ഒരു മണിക്കൂറിലധികം ഓടിയാലെ ബസ്സ് ഹോട്ടലിലെത്തുകയുള്ളൂ. കൂടുതൽ കറക്കത്തിനു നിൽക്കാതെ ഹോട്ടലിലേക്ക് തിരിച്ചു.

## നാസിക്

മൂന്നു ദിവസത്തെ മുംബൈ സന്ദർശനത്തിനു ശേഷം ഞങ്ങൾ അടുത്ത ലക്ഷ്യമായ നാസി ക്കിലേക്ക് യാത്രയായി. ത്രൈയംബകേശ്വര ക്ഷേത്രദർശനമായിരുന്നു മുഖ്യ ലക്ഷ്യം. എല്ലാ യാത്രകളിലുമെന്ന പോലെ, ഈ യാത്രയുടെയും സംഘാടകർ കോഴിക്കോട്ടെ വിവേകാനന്ദ ട്രാവൽസ് തന്നെ ആയിരുന്നു. ഞങ്ങൾ സഞ്ചാരികൾക്കു പുറമെ ഒരു ഗൈഡായി ശ്യാംലാലും പാചകക്കാ രായി രാജീവും മഹേഷും ഉണ്ട് ടീമിൽ. യാത്രി കർക്ക് ഏറ്റവും അധികം ആരോഗ്യപ്രശ്ന മുണ്ടാകുന്നത് ആഹാരത്തിലൂടെയാണ്. ഒരാൾ ക്കെങ്കിലും പ്രശ്നമുണ്ടായാൽ ആ ഗ്രൂപ്പിനെ മുഴു വൻ അസൗകര്യത്തിലാക്കും. അതിനാൽ പോകു ന്നേടത്തൊക്കെ അപ്പഴപ്പോൾ ഉണ്ടാക്കിയ ഭക്ഷണം കൊടുക്കുക എന്ന ഉദ്ദേശത്തോടെയാണ് പാചക ക്കാർ കൂടെ വരുന്നത്. ഞങ്ങളുടെ ഗ്രൂപ്പിൽ നാലു പേർ മാത്രമേ അറുപതു വയസ്സിന് താഴെയുള്ളൂ.

80 വയസ്സിനു മുകളിലുള്ളവരും ഉണ്ട്. റിസ്ക് കൂടുതലുള്ള ഗ്രൂപ്പാണ്. നാടൻ കറികളും, ചോറ്, കഞ്ഞി, ചപ്പാത്തി ഇഡ്ഡലി, പുട്ട് എന്നിവയും അവർ പാകം ചെയ്ത് വിളമ്പും. ആർക്കും ഒരു പ്രശ്നവും ഉണ്ടാകാറില്ല. പകൽ നീണ്ട യാത്രയാണെങ്കിൽ പാകംചെയ്ത ഭക്ഷണം ഭീമൻ ടീഫിൻ കാരിയറിൽ നിറച്ച് ബസ്സിൽ വയ്ക്കും. വഴിക്ക് ഇവർക്ക് പരിചയമുള്ള ഹോട്ടൽ, ധാബ, മുതലായവയിൽ ഭക്ഷണം കഴിക്കാനുള്ള സൗകര്യം ഏർപ്പെടുത്തും. ഇതാണ് ഇവരുടെ രീതി.

രാവിലെ അഞ്ചരമണിക്ക് ബസ്സ് വിട്ടു. അന്ന് പ്രാതലിനും ഉച്ചഭക്ഷണത്തിനുമുള്ള ആഹാര സാധനങ്ങൾ പാകംചെയ്ത് തയ്യാറാക്കിയിരുന്നു. ഏഴരമണിയോട വഴിയിലുള്ള ഒരു ധാബയുടെ സൗകര്യത്തിൽ പ്രാതൽ കഴിച്ച് യാത്ര തുടർന്നു. പത്തുമണിയായപ്പോൾ നാഷിക്കിൽ നിന്ന് ഇരുപത്തെട്ട് കിലോമീറ്റർ ദൂരെയുള്ള ത്രൈയംബകേശ്വർ ജ്യോതിർലിംഗ ക്ഷേത്രത്തിലെത്തി. സഹ്യാദ്രിനിരകളുടെ ഭാഗമായ ബ്രഹ്മഗിരി മലനിരയിലാണ് ഈ ക്ഷേത്രം സ്ഥിതിചെയ്യുന്നത്. ഇതിനടുത്താണ് ഗോദാവരി നദിയുടെ ഉത്ഭവം. പ്രധാനപ്പെട്ട പന്ത്രണ്ട് ജ്യോതിർലിംഗ ക്ഷേത്രങ്ങളിൽ ഒന്നാണ് ത്രൈയംബകേശ്വർ. കുംഭമേള നടക്കുന്ന നാലു സ്ഥാനങ്ങളിൽ ഒന്നാണ് നാഷിക്. പ്രയാഗ് രാജ്, ഉജ്ജയിൻ, ഹരിദ്വാർ എന്നിവയാണ് മറ്റു മൂന്നു സ്ഥാനങ്ങൾ.

ക്ഷേത്രാങ്കണവും ക്ഷേത്രവും വളരെ വലിപ്പമുള്ളതാണ്. നാലു കൂറ്റൻ ഗോപുരങ്ങൾ അങ്കണത്തിലേക്ക് പ്രവേശനത്തിനായുണ്ട്. വടക്കേ ഗോപുരകവാടത്തിലൂടെയാണ് ക്ഷേത്രാങ്കണത്തിലേക്ക് ഭക്തന്മാരെ പ്രവേശിപ്പിക്കുന്നത്. വലിയ കല്ലുപാകിയ തിരുമുറ്റത്തിനു നടുവിൽ ക്ഷേത്രം ഉയർന്നുനിൽക്കുന്നു... ദർശനം കിഴക്കോട്ടാണ്. പ്രധാന ക്ഷേത്രത്തിന് മുൻപിലായി ഉയർന്ന തറയിൽ പണിത മുറിക്കുള്ളിൽ നന്ദിയുടെ പ്രതിഷ്ഠയുണ്ട്. കുറച്ചുകൂടി ഉയർന്ന തറയിലാണ് ക്ഷേത്രം നിലകൊള്ളുന്നത്. ശ്രീകോവിലിൽ മുന്നിലായി കിഴക്കുപടിഞ്ഞാറ് ദീർഘമായ വിശാലമായ തളമുണ്ട്. ഇതിന്റെ പടിഞ്ഞാറെ അറ്റത്താണ് ശ്രീകോവിൽ.

ദർശനം സാമാന്യേന സൗജന്യമാണ്. ധൃതിയില്ലാത്തവർക്ക് ദീർഘനേരം ക്യൂ നിൽക്കാൻ വിരോധമില്ലാത്തവർക്ക് സൗജന്യ ദർശനം സാധ്യമാകും. ദീർഘമായ ക്യൂ ഒഴിവാക്കണമെങ്കിൽ 200 രൂപയുടെ സ്പെഷ്യൽ ക്യൂ ഉണ്ട്. മഹാരാഷ്ട്രയിൽ നടന്നുവരുന്ന മറാഠ സംവരണ സമരത്തിന്റെ ഭാഗമായി നാഷിക്കിലും ഹർത്താൽ ആയിരുന്നതിനാൽ തിരക്ക് വളരെ കുറവായിരുന്നു എങ്കിലും ഞങ്ങൾ സ്പെഷ്യൽ ദർശനത്തിന് ടിക്കറ്റെടുത്തു. കൂടെയുള്ള പ്രായക്കൂടുതലുള്ള രണ്ടുപേരെയും, കൂടെ ഓരോ സഹായിയെയും അവർ നേരിട്ട് ശ്രീകോവിലിനടുത്തുള്ള കവാടത്തിലേക് വിട്ടു! ഞങ്ങൾ ഏതാണ്ട് അരമണിക്കൂർ ക്യൂവിൽ നിന്നും ഇരുന്നും കഴിച്ചുകൂട്ടി.

രണ്ടായിരത്തിൽപ്പരം വർഷങ്ങൾ പഴക്കമുള്ള ക്ഷേത്രം ഇന്നുകാണുന്ന രീതിയിൽ നിർമ്മിച്ചത് പതിനെട്ടാം നൂറ്റാണ്ടിന്റെ മദ്ധ്യകാലത്താണ്. വലിയ മാർബിൾ കല്ലുകളാണ് നിർമ്മാണത്തിന് ഉപയോഗിച്ചിട്ടുള്ളത്. പ്രധാന ക്ഷേത്രസമുച്ചയം പതിവ് ഉത്തരേന്ത്യൻ ശൈലിയിൽ ഉയർന്ന മേൽക്കൂരയോടു കൂടിയതും മുമ്പിലുള്ള തളം 'ഡോം' ആകൃതിയിലുമാണ് പണിതിട്ടുള്ളത്. അനേകം ശിൽപ്പങ്ങൾ ക്ഷേത്രത്തിൽ കാണാം. അരമണിക്കൂറിനകം ഞങ്ങൾ നന്ദിയുടെ മുന്നിലെത്തി. സാധാരണയിൽ നിന്ന് വ്യത്യസ്തമായി വെളുത്ത കല്ലിലാണ് നന്ദിയെ നിർമ്മിച്ചിട്ടുള്ളത്. ചില ഭക്തജനങ്ങൾ നന്ദിയുടെ ചെവിയിൽ എന്തോ പറയുന്നുണ്ട്. നന്ദിയുടെ മുന്നിൽ നിന്ന് ഒരു ചെറിയ പാത കഴിഞ്ഞാൽ പ്രധാന ക്ഷേത്രത്തിലേക്കുള്ള കവാടമാണ്. ഇവിടെ വലിയ ഒരു പടി കടന്നുവേണം ശ്രീകോവിലിനു മുന്നിലുള്ള തളത്തിലേക്ക് കയറാൻ. തളത്തിൽ ആകെ ഇരുട്ടാണ്. വെയിലിൽ നിന്നും കയറിയതുകൊണ്ട് കാഴ്ച മങ്ങിയിരുന്നു. ഉള്ളിൽ അറ്റകുറ്റപ്പണികൾക്കായി മേൽക്കൂരക്ക് അനേകം താങ്ങുകൾ കൊടുത്തിട്ടുണ്ട്. അതിനാൽ മേൽക്കൂരയുടെ ഉൾവശം നന്നായി കാണുവാൻ കഴിഞ്ഞില്ല. കണ്ടിടത്തോളം കല്ലുകൾ കൊണ്ട് ചുവര് പടുത്തതു മാതിരി തോന്നി. വലത്തേ ചുവരിനോട് ചേർന്ന് അപ്രദക്ഷിണമായി നടന്നു വേണം ശ്രീകോവിലിനു മുന്നിലെത്താൻ. തളത്തിലേക്ക് വടക്കുനിന്നും തെക്കുനിന്നും ഒരോ കവാടങ്ങളുണ്ട്. വടക്കേകവാടത്തിലൂടെയാണ് വൃദ്ധരേയും അംഗപരിമിതരേയും നേരിട്ട് അക ത്തേക്ക് കയറ്റുന്നത്.

തിരുമുറ്റത്തു നിന്നും ഈ കവാടത്തിലേക്ക് കയറുവാൻ പടികളുണ്ട്.

കുറച്ചു നിമിഷങ്ങൾക്കു ശേഷം ഗർഭഗൃഹത്തിനു മുൻപിലെത്തി. തളത്തിന്റെ നിരപ്പിൽ നിന്നും ഏതാനും അടികൾ താഴെയാണ് പ്രതിഷ്ഠ. സ്വയംഭൂ ആയതിനാലായിരിക്കണം ഇത്. സ്വയംഭൂ ശിവലിംഗങ്ങൾ സാംഗപ്രതിഷ്ഠകളല്ല. ഇവിടെ ലിംഗം ഗോളകകൊണ്ട് പൊതിഞ്ഞിട്ടുണ്ട്. മുകളിൽ സാംഗപ്രതിഷ്ഠയാണെന്നു തോന്നുന്ന രീതിയിൽ, ശിരസ്സോടു കൂടെയുള്ള അലങ്കാരങ്ങളുണ്ട്. ത്രിമൂർത്തി സങ്കൽപ്പത്തിലാണ് അനുഷ്ഠാനങ്ങളും ആരാധനകളും. ശ്രീലകത്ത് പൂജാരിമാർ ആരാധനാക്രിയകൾ നടത്തുന്നുണ്ട്. രണ്ടു മൂന്നു നിമിഷങ്ങൾ മാത്രമേ ദർശനത്തിന് കിട്ടിയുള്ളു. പക്ഷേ ശ്രീലകക്കാഴ്ചകൾ പ്രതിഫലിപ്പിക്കുന്ന രീതിയിൽ ഗർഭഗൃഹത്തിനുമുകളിൽ വലിയ ഒരു കണ്ണാടി സ്ഥാപിച്ചിട്ടുള്ളതിൽ പ്രതിഷ്ഠ കണ്ടു കൊണ്ട് വരിയിൽ നിൽക്കാം. അത്യന്തം ശക്തിയേറിയ ചൈതന്യം സ്ഫുരിക്കുന്ന പ്രതിഷ്ഠയ്ക്കു മുമ്പിൽ വളരെ നേരം നിൽക്കേണ്ടതുമില്ലല്ലോ! കിട്ടിയ അവസരത്തിൽ കൺകുളിർക്കെ കണ്ട് സംതൃപ്തനായി. തെക്കേ കവാടത്തിലൂടെ തിരുമുറ്റത്തേക്കിറങ്ങി, സന്തോഷത്തോടെ പുറത്തു കടന്നു. ക്ഷേത്രത്തിന് വെളിയിൽ ഗർഭഗൃഹക്കാഴ്ചകൾ കാണാൻ വേണ്ടി വിസ്താരമേറിയ ടി.വി. സ്ക്രീനുകൾ സ്ഥാപിച്ചിട്ടുണ്ട്. കുറച്ചുനേരം അതിൽ നോക്കിക്കൊണ്ടു നിന്നു. അപ്പോൾ കണ്ട കാഴ്ച ഒരു പൂജാരി അലങ്കാരങ്ങൾ മാറ്റി പീഠത്തിന്മേൽ ബക്കറ്റുകൊണ്ട് വെള്ളം കുത്തി ഒഴിക്കുന്നതാണ്. അസ്വസ്ഥജനകമായ ഈ കാഴ്ച എന്നിൽ സഞ്ജയന്റെ ഒരു കവിതയുടെ ഓർമ്മ ഉണർത്തി. ഒരു പൂജാരി ശ്രീകോവിലിൽ പെരുമാറുന്ന രീതിയെ വിവരിക്കുന്ന കവിത ഇങ്ങനെ:

"കുളിച്ചു കുറ്റിത്തലയും കുടഞ്ഞി
ട്ടമന്ത്ര കുംഭം ചൊരിയുന്ന നേരം
ഭ്രമിച്ചു ദേവൻ ചുവരോടണച്ച്
നീരോവിലൂടെ ഗമനം ചകാര"

മടക്കയാത്രയിൽ വഴിയ്ക്കുള്ള ഒരു റെസ്റ്ററന്റിന്റെ ഭോജനശാലയിൽ ഇരുന്ന് ഉച്ചഭക്ഷണം തരമാക്കി, നാസിക്കിലേക്ക് തിരിച്ചു.

ഇതിഹാസ പ്രസിദ്ധമായ പഞ്ചവടി ഇവിടെയാണ് സ്ഥിതിചെയ്യുന്നത്. പഞ്ചവടി ടൗണിൽ വണ്ടി നിർത്തി. ബാക്കി കാഴ്ചകൾക്കായി ഓട്ടോറിക്ഷയിൽ വേണം പോകാൻ. അത്ര വീതികുറഞ്ഞവയാണ് റോഡുകൾ. പഞ്ചവടിയിൽ ആദ്യം പോയത് രാമ-ലക്ഷ്മണന്മാരും രാവണ സഹോദരി ശൂർപ്പണഖയും കണ്ടുമുട്ടിയ സ്ഥലത്തേക്കാണ്. ഇവിടെ വച്ചാണത്രേ ശൂർപ്പണഖ രാമ-ലക്ഷ്മണന്മാരോട് വിവാഹാഭ്യർത്ഥന നടത്തിയത്. അവർ അവളെ നിരാകരിച്ചപ്പോൾ അവൾ സീതയെ ആക്രമിക്കുവാൻ തുനിഞ്ഞു. അപ്പോഴാണ് ലക്ഷ്മണൻ ശൂർപ്പണഖയുടെ കർണ്ണ-നാസികാച്ഛേദം നടത്തി അവളെ വിരൂപയാക്കിയത്! ഇതിനാലാണ് ഈ പ്രദേശത്തിന് നാസിക് എന്ന പേർ വന്നതത്രെ! ഇവിടെ അന്നത്തെ സംഭവങ്ങളെ ഓർമ്മിപ്പിക്കുന്ന കുറെ ശിൽപ്പങ്ങൾ സ്ഥാപിച്ചിരിക്കുന്നു. അഞ്ചുമിനിറ്റോളം നേരം അവിടെ ചില വഴിച്ചു. അടുത്തതായി, ഒരു ഹനുമാൻ ക്ഷേത്രത്തിലേക്കായിരുന്നു. മുറിയുടെ ഒരു ഭാഗത്ത് വലിയ ഒരു പാറയാണ് ഹനുമാന്റ രൂപത്തിൽ അലങ്കരിച്ചിരിക്കുന്നത്. ഹനുമാനെ ഓറഞ്ച് നിറത്തിൽ പെയിന്റ് അടിച്ചിട്ടുണ്ട്. സീതാപഹരണ സ്ഥാനമാണ് അടുത്തതായി കണ്ടത്. ഇവിടെ വളരെ പഴക്കംചെന്ന അഞ്ചു വന്മരങ്ങൾ വളർന്ന് പന്തലിച്ച് നിൽക്കുന്നുണ്ട്. ചെറിയ ഒരു സീതാക്ഷേത്രവും അവിടെയുണ്ട്. അതിനടുത്ത് സീതയെ ഒളിപ്പിച്ചിരുത്തിയ സ്ഥലം എന്ന് പറയപ്പെടുന്ന ഒരു ഭൂഗർഭ അറയുണ്ട്. അതിലേക്കുള്ള പ്രവേശനം വളരെ ഇടുങ്ങിയ തുരങ്കം പോലെയുള്ള ഒരു കവാടത്തിലൂടെ വേണമെന്നത് അവിടെ ഇറങ്ങുന്നതിൽ നിന്ന് എന്നെ പിന്തിരിപ്പിച്ചു. മാത്രമല്ല വാത്മീകീ രാമായണത്തിൽ രാമൻ സീതയെ ഒളിപ്പിച്ചിരുത്തിയെന്നും രാവണൻ അപഹരിച്ചത് മായാസീതയെ ആണെന്നുമുള്ള പരാമർശങ്ങൾ ഇല്ല താനും. ഈ പരാമർശം ദേവീഭാഗവത പുരാണത്തിൽ ഒൻപതാം സ്കന്ധത്തിലാണെന്നതാണ് അറിവ്...

ഇതിനടുത്ത്, കിഴക്കോട്ടു ദർശനമായി ഒരു വലിയ ശ്രീരാമ ക്ഷേത്രമുണ്ട്. കറുത്ത കല്ലിലാണ് രാമവിഗ്രഹം തീർത്തിട്ടുള്ളത്. ഈ ക്ഷേത്രം 'കാലാറാം' (കറുത്ത രാമൻ) എന്നറിയപ്പെടുന്നു. തിരുമുറ്റത്ത് നിശ്ശബ്ദത തളംകെട്ടിനിൽക്കുന്നു. അവിടെ പ്രാർത്ഥനാനിരതനായി നിന്നപ്പോൾ മനസ്സിൽ ശാന്തി നിറഞ്ഞു. ഈ ക്ഷേത്രത്തിനടുത്താണ്

കുംഭമേളയുടെ ‘സ്നാൻഘട്ട്’. ഇത് ത്രിവേണി സംഗമമാണത്രെ... മുകളിൽ ഗോദാവരി നദി ഒഴുകുന്നു. അഹില്യ, നസർദി എന്നീ രണ്ടു നദികൾ ഭൂമിക്കടിയിലൂടെ അന്തർധാരയായി ഒഴുകി ഗോദാവരിയുമായി സംഗമിക്കുന്നു. അതുകൊണ്ടാണ് കുംഭമേളക്ക് നാസിക്കിന് സ്ഥാനം ലഭിച്ചത് (നദീ സംഗമ സ്ഥാനങ്ങളിലാണ് കുംഭമേള നടത്തുന്നത്). ഗോദാവരി വലിയ ഒരു തോടുപോലെ ഇവിടെ ഒഴുകുന്നു. അധികം ജലമില്ല തീരങ്ങളിൽ പടവുകൾ കെട്ടിയിട്ടുണ്ട്. ചിലർ നദിയിൽ കുളിക്കുകയും നീന്തുകയുമൊക്കെ ചെയ്യുന്നു. വഴുക്കലില്ലാത്ത പടവുകൾ ഇറങ്ങി ഞാൻ പുണ്യ നദീജലം കൊണ്ട് പ്രോക്ഷണം ചെയ്ത് തിരിച്ചു കയറി. ഇതിനടുത്തു തന്നെയുള്ള മഹാകാലേശ്വർ ക്ഷേത്രത്തിലും അമ്പതോളം പടികൾ കയറിച്ചെന്ന് ദർശനം നടത്തി. ഇതോടെ പഞ്ചവടിയിലുള്ള പ്രോഗ്രാം തീർന്നു. ഓട്ടോറിക്ഷ യിൽ ത്തന്നെ ബസ്സ് നിൽക്കുന്നിടത്തേക്ക് തിരിച്ചു.

നാസിക്കിൽ ഒരു അയ്യപ്പ ക്ഷേത്രമുണ്ട്. ആറ് മണിക്ക് ഞങ്ങൾ അവിടെ എത്തി. ക്ഷേത്രത്തിന്റെ മേൽനോട്ടം ആർമിയുടേതാണെന്ന് ഗൈഡ് പറഞ്ഞു. പൂജാരിയും മാനേജരും മലയാളികൾ. ഈ ക്ഷേത്രത്തിനടുത്ത് പുറകിലായി ചെറിയ ഒരു കെട്ടിടത്തിൽ ഒരു ഓഡിറ്റോറിയമുണ്ട്. താഴത്തെ നിലയിൽ പാചകശാലയും മുകളിലത്തെ ഹാളിൽ ഭക്ഷണശാലയും! ഞങ്ങളുടെ പാചകക്കാർ ഈ പാചകശാലയിലാണ് രാത്രി ഭക്ഷണം പാകം ചെയ്തത്. ഭക്ഷണം തയ്യാറാവുന്നതുവരെ ക്ഷേത്ര ദർശനവുമായി ശാന്തമായ ആ തിരുമുറ്റത്തിൽ ഞങ്ങൾ ഇരുന്നു. ഫ്രൈഡ് റൈസും ചപ്പാത്തിയും തക്കാളിക്കറിയും സാലഡുമായിരുന്നു വിഭവങ്ങൾ. ചീഫ് കുക്ക് രാജീവിന്റെ ‘നളപാകം’ ഞങ്ങൾ നന്നായി ആസ്വദിച്ചു. സഹായിയായ മഹേഷും നല്ല പാചകക്കാരൻ ആണ്. ഏഴുമണിയോടെ അത്താഴം കഴിച്ചു. ഏഴര കഴിഞ്ഞപ്പോൾ അടുത്ത താവളമായ ഷിർദ്ദി ലക്ഷ്യമാക്കി യാത്രതുടർന്നു. ഈ രാത്രി ഷിർദ്ദിയിൽ തങ്ങണം. മൂന്നു മണിക്കൂർ യാത്രയുണ്ട്. നിറഞ്ഞ വയറും സംതൃപ്തമായ മനസ്സുമായി സീറ്റിലേക്ക് ചാഞ്ഞപ്പോൾ കൺപോളകൾക്ക് ഭാരം അനുഭവപ്പെട്ടു.

(തുടരും...)

## ഗായകരത്നം



കർണ്ണാടക സംഗീതത്തിന് സമഗ്ര സംഭാവനകൾ നൽകിയ മഹാപ്രതിഭകൾക്ക് തിരുവനന്തപുരം സ്വാതിതിരുനാൾ സംഗീതസഭ നൽകുന്ന ‘ഗായകരത്നം’ സംഗീത പുരസ്ക്കാരത്തിന് പ്രശസ്ത സംഗീതജ്ഞൻ **പ്രൊഫ. കുമാര കേരളവർമ്മ** അർഹനായി. കാർത്തിക തിരുനാൾ ആഡിറ്റോറിയത്തിൽ നടന്ന ചടങ്ങിൽ മുൻ ചീഫ് സെക്രട്ടറി ആർ. രാമചന്ദ്രൻ നായർ പുരസ്ക്കാരം സമ്മാനിച്ചു. സ്വാതി പുരസ്ക്കാരം, കെ. രാഘവൻ മാസ്റ്റർ പുരസ്ക്കാരം, ശ്രീ ദത്താഞ്ജനേയ ക്ഷേത്രത്തിന്റെ സംഗീത പാരിജാതം പുരസ്ക്കാരം സെന്റർ ഫോർ ഇന്ത്യൻ ആർട്സ് & കൾച്ചറൽ ഹെറിറ്റേജ് ട്രസ്റ്റിന്റെ സംഗീത ശ്രേഷ്ഠ പുരസ്ക്കാരം തുടങ്ങി നിരവധി അവാർഡുകൾ ലഭിക്കുകയുണ്ടായി.

## ഉന്നത വിജയം



ഇത്തവണത്തെ സിവിൽ സർവീസ് പരീക്ഷയിൽ ദേശീയ തലത്തിൽ നാലാം റാങ്കോടെ IAS കരസ്ഥമാക്കിയ **സിദ്ധാർത്ഥ് രാംകുമാർ**. 2022-ലെ സിവിൽ സർവ്വീസ് പരീക്ഷയിൽ IPS ലഭിച്ചിരുന്നു. എറണാകുളം പള്ളിമുക്കിൽ താമസിക്കുന്ന നിലമ്പൂർ കോവിലകാംഗവും തൃപ്പൂണിത്തുറ ചിന്മയ കോളേജ് ഓഫ് ആർട്സ്, കൊമേഴ്സ് & സയൻസ് റിട്ട. പ്രിൻസിപ്പലുമായ ടി.എം. രാംകുമാറിന്റെയും തിരുവണ്ണൂർ കോവിലകത്തെ രതി രാംകുമാറിന്റെയും മകനാണ്. സഹോദരൻ ആദർശ് കുമാർ കേരള ഹൈക്കോടതി അഭിഭാഷകനാണ്.

# മാമാങ്ക മഹോത്സവം തിരുനാവായയുടെ വിചാരം



**കുട്ടി അനിയൻ രാജ**
ചെർപ്പുളശ്ശേരി, പാലക്കാട്. മൊ. 9846429743

*(2024-ജനുവരി 26 ന് തിരുനാവായയിലെ നാവാമുകുന്ദ ക്ഷേത്രസമീപത്തു നടന്ന മാമാങ്കോത്സവത്തിൽ രാജകുടുംബസദസ്സിൽ വായിച്ച കവിത)*

**പ്രാർത്ഥന**


നാവിന്റെ തുഞ്ചത്തിലുദിച്ചിടേണം
നാവാമുകുന്ദാ തിരുനാമമായി
നാമം ജപിക്കാനതുതന്നെ മാർഗ്ഗം
നാവാമുകുന്ദൻ തുണയായിരിക്കണേ.

***************

മാ, മാ, അങ്കം മാമാങ്കം
തിരുനാവായയിതോതുന്നൂ
എന്നുടെ മണ്ണിൽ അധികാരത്തിൽ
കൊടിനാട്ടാൻ
യുദ്ധംചെയ്തൂ രാജാക്കന്മാർ
പടയും കൂട്ടീഹവന്നല്ലോ
പടയാളികളൊരുപാടന്ന്
പ്രാണത്യാഗം ചെയ്തല്ലോ
എന്നുടെ മാറിൽ ശവമായവരും
വീണുകിടന്നല്ലോ.
മാ, മാ, അങ്കം മാമാങ്കം
തിരുനാവായയിതോന്നൂ
മാമാങ്കത്തിൻ ഘോഷംപണ്ടേ-
യുണ്ടീ മണ്ണിൽ കൊടിയേറീ
പാട്ടും ഘോഷം, വാദ്യവിശേഷം
ആർപ്പും കേൾക്കാം ഉച്ചത്തോടെ
രാജാക്കന്മാർ ആർപ്പുവിളിയും ഘോഷവുമായി
പ്പന്തലിലെത്തുന്നൂ
കൊടിതോരണവും വാഴക്കുലയും
പന്തലിനുള്ളൊരലങ്കാരം
പറയാൻവയ്യീ നാക്കാലേ
മാമാങ്കോത്സവ കാഴ്ചകളാകെ.
പ്രഭുവൃന്ദങ്ങൾ അവരുടെ സേവകർ
പൗരന്മാരും വന്നുനിറഞ്ഞു.
തിരുനാവായയിലാകെ ഘോഷം
പലദിനമായുണ്ടല്ലോ.
പലപല വിധമായ് കച്ചവടക്കാർ
തെരുതെരെ വന്നു നിറഞ്ഞീടും
ശാസ്ത്രരുമായ് പണ്ഡിതരായവർ
നിലപാടായീ നില്ക്കും തറയിൽ
ഭൂപനെ കണ്ടുവണങ്ങുവാൻ
സമ്മാനങ്ങൾ വാങ്ങാനായി-
ട്ടവരും ബദ്ധശ്രദ്ധയിലായി-
തങ്ങൾ തങ്ങടെ നൈപുണ്യങ്ങൾ
തിരുമുമ്പാകെ നടത്തീടും
കളരിക്കാരും അഭ്യാസവുമായ്
വാളും കുന്തവുമേന്തി നിറഞ്ഞ്
പലപല അഭ്യാസങ്ങൾ അവരും
നന്നായ് കാണിച്ചീടും
ഇവയെല്ലാമേ കണ്ടീടാനായ്
കാഴ്ചക്കാരായ് ജനവും ഏറെ
വന്നുനിറഞ്ഞീ മണൽപ്പുറമാകെ
ഘോഷം തന്നെ നിരവധി നാളായ്
പൂയംനാളിൽക്കാവടിഘോഷം
തിരുതകൃതിയിലുണ്ടായീടും
തൈപ്പൂയത്തിൽ മുരുകസ്വാമി
തങ്കത്തേരിലെഴുന്നെള്ളും.
വന്നുനിറഞ്ഞ ജനങ്ങൾക്കായി
മൃഷ്ടാന്നവുമായ് സദ്യയുമുണ്ട്.

******************

→



# കവിസിദ്ധി വരുത്തുന്ന അക്ഷരശ്ലോകം

**വേലൂർ പരമേശ്വരൻ നമ്പൂതിരി**
കുട്ടമ്പേരൂർ, ആലപ്പുഴ, മൊ.9447978024

*(കഴിഞ്ഞ ലക്കം തുടർച്ച...)*

ശബ്ദം നിയന്ത്രിച്ചും ശരീര ഭാഷയിൽ ശ്രദ്ധിച്ചും വേണം ശ്ലോകം ചൊല്ലാൻ. എന്നുവച്ച് ശിലാപ്രതിമ പോലെയിരുന്ന് ശ്ലോകം ചൊല്ലണം എന്നല്ല പറയുന്നത്. ശ്ലോകം ഉള്ളിൽ തട്ടിയാലപിക്കുമ്പോൾ മുഖത്ത് പ്രതിഫലിക്കും. ഇത് ഒരിക്കലും ഒഴിവാക്കുവാൻ പറ്റുകയുമില്ല. ഹാസ്യശ്ലോകങ്ങൾ ചൊല്ലുമ്പോൾ, നമ്മൾ കൃത്രിമമായി മുഖഭാവം വരുത്തേണ്ടതില്ല.

മനുഷ്യമനസ്സിനെ വികസിപ്പിക്കുകയും രസിപ്പിക്കുകയും ചെയ്യുകയെന്നുള്ളതാണ് എല്ലാ കലകളുടെയും ലക്ഷ്യം; എന്നു വാദിച്ച് സഹൃദയരെ ചിരിപ്പിക്കുവാൻ നാം (ശ്ലോകം ചൊല്ലുന്നവർ) ശ്രമിക്കുകയുമരുത്. ഒരു ജീവിത സന്ദേശമില്ലാത്ത ശ്ലോകവും ദീർഘായുസ്സുള്ളതാവുകയില്ല. സാമാന്യ ജനങ്ങളെ സംബന്ധിച്ച് ജീവിതം ഏകരസപ്രധാനമല്ല; പ്രത്യുത ബഹുരസപ്രധാനം തന്നെയാണ്. ഏതെങ്കിലും ശ്ലോകത്തിൽ അൽപ്പസ്വൽപം ശൃംഗാരം കണ്ടാൽ നെറ്റി ചുളിക്കുന്ന കുറേ സന്മാർഗ്ഗചാരികൾ നമ്മുടെയിടയിൽ കണ്ടേക്കാം. ശ്ലോകങ്ങൾ രസകരമാക്കുവാൻ ശൃംഗാരം തന്നെ വേണമെന്നുമില്ല. പക്ഷേ, അവയുണ്ടെന്നുവച്ച് അവ സുന്ദരം അല്ല; ആ ശ്ലോകവും എന്നു പറയുന്നത് ശരിയല്ല. അത് ആലപിക്കുന്ന ആളെ ശൃംഗാരപ്രിയനെന്ന് നാം മുദ്രകുത്തുകയുമരുത്. സഹൃദയരെ കൈയിൽ എടുക്കുവാനുള്ള ഒരു ചെപ്പടി വിദ്യയായി മാത്രമേ അതിനെ കാണാവൂ. ആശാനും, വള്ളത്തോളും ഇപ്രകാരം കവിതകൾ ചമച്ചിട്ടുമുണ്ട്. മനുഷ്യഹൃദയത്തെ സ്പർശിക്കുന്ന രണ്ടു പ്രധാന ഘടകങ്ങളാണ് നർമ്മവും പ്രേമവും. കവിയാകണോ സ്ത്രീകളെ, പ്രത്യേകിച്ച് അവരുടെ കുചനിതംബ ഭാഗത്തെ വർണ്ണിക്കണമെന്ന് നിർബ്ബന്ധമുള്ളവരുമുണ്ടാകും. മുക്തകങ്ങളിലാണ് ഇത് ഏറ്റവും കാണുന്നത്.

"ചഞ്ചൽച്ചില്ലീലതയ്ക്കും പെരിയമണമെഴും
പൂമുടിയ്ക്കും തൊഴുന്നേൻ
അഞ്ചിക്കൊഞ്ചിക്കുഴഞ്ഞിട്ടമൃതുപൊഴിയുമപ്പു
ഞ്ചിരിക്കും തൊഴുന്നേൻ

അഞ്ചമ്പൻ ചേർന്നയൂനാം മനസികനമു
ലയ്ക്കും മുലയ്ക്കും തൊഴുന്നേൻ
നെഞ്ചിൽ കിഞ്ചിൽക്കിടക്കും കൊടിയ കുടില
തയ്ക്കൊന്നു വേറെ തൊഴുന്നേൻ"

→

---

→

കാലംപോക്കെയേറേയായീ
മാഘമകത്തിന്നുത്സവമെല്ലാം
പാടെ പാടെ പോയിമറഞ്ഞു
എന്നാലിപ്പോൾ മാഘമകത്തി-
ന്നോർമ്മ പുതുക്കാൻ
തന്നാലാവുംവിധമായീ
നിളതൻ പൂജാപുണ്യവുമായീ
ആചാരത്തിൻ നിഷ്ഠപുലർത്തീ
ആചാര്യന്മാരായുള്ളോരാൽ
മന്ത്രവിശുദ്ധിയിൽ പൂജനടത്തി
അഭിഷേകങ്ങൾ ചെയ്തുകൊണ്ടും
പിതൃബലി തർപ്പണമതിനുടെകൂടെ
നന്നായ് ചെയ്തും
നിളയുടെ തീരെ വിശുദ്ധിപുലർത്താൻ
മാഘമകോത്സവയോർമ്മ വിടർത്താൻ
പുതുതായുള്ളവർപലരും ചേർന്ന്
നന്നായുണ്ടുപ്രയത്നിക്കുന്നു.
ഇവരുടെ യത്നം ഫലവത്താകാൻ
നാവാനാഥൻ നന്നായേവം
തുണചെയ്തീടും

എന്ന ചേലപ്പറമ്പിന്റെ ശ്ലോകത്തിൽ അശ്ലീലം മാത്രം കണ്ട് മാറ്റിനിർത്തുന്നത് അനുചിതമാണ ല്ലോ. ശ്ലോകത്തിന്റെ അർത്ഥം മാത്രം (പ്രസ്തു താർത്ഥം) എടുത്ത് വ്യാഖ്യാനിച്ച് സന്തുഷ്ടി നേടേ ണ്ടവർ നേടട്ടെ. ഇതുപോലെ അർത്ഥം കണ്ടെത്തി വ്യാഖ്യാനിക്കാൻ ചേലപ്പറമ്പ് നമ്പൂതിരി തന്നെ യെഴുതിയ മറ്റൊരു ശ്ലോകമാണ്:

"ഭക്ത്യാ ഞാനെതിരേ കുളിച്ചു ഭഗവൽ
പാദാരവിന്ദങ്ങളെ-
ച്ചിത്തേചേർത്തൊരരക്ഷണം മിഴിയടച്ചമ്പോടി-
രിക്കും വിധൗ
അപ്പോൾത്തോന്നിയെനിക്കു ബാലശശിയും
കോടീരവും ഗംഗയും
ബ്രഹ്മന്റെ തലയും കറുത്ത ഗളവും മറ്റുള്ള
ഭൂതങ്ങളും"

ഇവിടെ 'അപ്പോൾത്തോന്നിയെനിക്കു' എന്ന് ചൊല്ലുമ്പോൾ ചിലർ ഇടപെട്ട് അടുത്തത് എന്താ യിരിക്കും ഇയാൾ ചൊല്ലുന്നതെന്ന് ശങ്കിക്കുന്നവ രുണ്ട്.

"അപ്പോൾത്തോന്നിയെനിക്കു മാരവിരുതും മന്ദ
സ്മിത പ്രൗഢിയും
പന്തൊക്കും മുലയും തണുത്ത തുടയും മറ്റേ
തുമെന്നോമലേ"

എന്ന് ചൊല്ലുമോ എന്നാണീക്കൂട്ടരുടെ ശങ്ക. സാഹിത്യമാകുമ്പോൾ അതു ചൊല്ലിയെന്നുവരാം. അത് വ്യാഖ്യാനിച്ച് ദുർവ്യാഖ്യാനം ചെയ്യാതിരു ന്നാൽ മാത്രം മതിയാകും. ഇവിടെ അശ്ലീലം കാണുന്നത് നമ്മുടെ മനസ്സിന്റെ ദുർവ്യാഖ്യാനം കൊണ്ടാകണം.

ഏതെങ്കിലും ഒരു കവിയുടെ രചനകൾ കൊണ്ടുമാത്രം കവിതകൾ ചൊല്ലുന്ന വേദികളും കാണും. പക്ഷേ അവിടെ ആശാനും ഉള്ളൂരും വള്ള ത്തോളും മാത്രമേ കാണുകയുള്ളൂ. ആ രീതി സ്വാഗതാർഹമെങ്കിലും എല്ലാവർക്കും പ്രാധാന്യം നൽകുന്ന രീതി കൂടി വേണം. നമ്മളും കവിത (ശ്ലോകം) എഴുതി ഫലിപ്പിക്കുവാൻ ശ്രമിക്കണം. അനേകം പേരെ കയ്യുയർത്തി കവിതാ മണ്ഡപ ത്തിലേക്കെത്തിച്ച പാരമ്പര്യമാണ് അക്ഷരശ്ലോക ത്തിനുള്ളത്. ആയിരം ശ്ലോകം പഠിച്ചാൽ അരക്ക വിയാകുമെന്നാണ് ചൊല്ലുതന്നെ. എൻ.കെ. ദേശം, കൊടുങ്ങല്ലൂർ തമ്പുരാക്കന്മാരിൽ ചിലർ, വെൺമണി നമ്പൂതിരിമാർ തുടങ്ങിയവർ ആദ്യം കൈവച്ചതുതന്നെ മുക്തകങ്ങളിലായിരുന്നു. ആധു നിക തലമുറയിൽപ്പെട്ടവരിൽ ശ്ലോകം ചൊല്ലുന്ന വരിൽ, എഴുതുന്നവരിൽ എത്രയോ പ്രതിഭകൾ ഉണ്ട്. ഇപ്പോൾ കോഴിക്കോട്ട് താമസിക്കുന്ന പ്രതി ഭാധനനാണ് കുട്ടിഅനുജൻ രാജ. ചെർപ്പുളശ്ശേരി യിൽ നിന്നും അദ്ദേഹം കോഴിക്കോട് വന്ന് താമ സിക്കുന്നു. ഗുരുവായൂരപ്പൻ കോളേജിൽ നിന്നും B.Com. വരെ പഠിച്ച അദ്ദേഹം ധാരാളം വേദിക ളിൽ പ്രത്യക്ഷപ്പെടാറുണ്ട്. മലയാളത്തിലെ മഹാ സാഹിത്യകാരനായ എം.എൻ. കാരശ്ശേരി ഇദ്ദേഹ ത്തിന്റെ സഹപാഠിയാണ്. ശ്ലോകങ്ങൾ അനവധി ഹൃദിസ്ഥമാക്കിയ അനുജൻരാജയിൽ നിന്നും ധാരാളം ശ്ലോകം അക്കിത്തവും പി.സി. കുട്ടിക്കൃ ഷ്ണനും പഠിച്ചിട്ടുണ്ടെന്നും നാം അറിയണം. ഗുരു വായൂർ ദേവസ്വം പ്രസിദ്ധീകരിക്കുന്ന 'ഭക്തപ്രിയ' മാസിക, കുങ്കുമം, കേസരി, മാതൃഭൂമി ആഴ്ചപ്പ തിപ്പുകളിലും കവിതകൾ രാജയുടേതായി കാണു ന്നുണ്ട്. മലയാളത്തിന്റെ മഹാഭാഗ്യമായ എം.ടി. വാസുദേവൻ നായർ ഇദ്ദേഹവുമായി വളരെ ഇട പെട്ടിരുന്നു. എം.ടിയെക്കുറിച്ച് പല ശ്ലോകങ്ങളും ഇദ്ദേഹം നിർമ്മിച്ചിട്ടുണ്ട്. കുഞ്ഞുണ്ണിമാഷിനെക്കു റിച്ചെഴുതിയ നിമിഷ ശ്ലോകം "കണ്ടാലോ പറ യുന്ന..." എന്ന ശ്ലോകം വളരെ പ്രസിദ്ധമാണ്. ധാരാളം സമസ്യകൾ പൂരിപ്പിച്ച് കവനകൗതുക ത്തിലും ഇതര മാസികകളിലും പ്രസിദ്ധീകരി ച്ചിട്ടുള്ള കുട്ടിഅനുജൻ രാജ നല്ലൊരു വാഗ്മിയും സരസനും അക്ഷരശ്ലോക വിശാരദനുമാണ്. അദ്ദേ ഹവുമായി ബന്ധപ്പെടാൻ ശ്രമിച്ചപ്പോഴും "ശ്ലോക സദസ്സിലേക്കു പോയിരിക്കുകയാണ്" എന്നാണ് പത്നി രാധയിൽ നിന്നുമറിയുന്നത്. അത്രമാത്രം ശ്ലോകങ്ങളെ ബഹുമാനപൂർവ്വം പഠിക്കുകയും കാണുകയും ചെയ്യുന്നു ഇദ്ദേഹം. ●

**ഉയരും ഞാൻ നാടാകെ പടരും ഞാൻ**
**ഒരു പുത്തൻ ഉയിർ നാടിനേകിക്കൊണ്ടുയരും വീണ്ടും**
-പി. ഭാസ്കരൻ-

# ശ്രീ നാലുവിള ഭഗവതി ക്ഷേത്രം



**ഇ. രാമവർമ്മ രാജ**
എണ്ണയ്ക്കാട് കൊട്ടാരം

എണ്ണയ്ക്കാട് കൊട്ടാരത്തിന് കുറച്ച് വടക്കു മാറിയാണ് ക്ഷേത്രം സ്ഥിതിചെയ്യുന്നത്. ക്ഷേത്ര ദർശനം കിഴക്കോട്ടും ഭഗവതിമാരാൽ നിബിഡവുമാണ് ഈ അമ്പലം. ദുർഗ്ഗാ ഭഗവതി, ഭദ്രകാളി ഭഗവതി, ഭുവനേശ്വരി ഭഗവതി, വനദുർഗ്ഗാദേവി പ്രതിഷ്ഠകൾ നയനാനന്ദപ്രദം തന്നെ. കൂടാതെ യക്ഷിയമ്മയും നാഗരാജാവും നാഗയക്ഷിയും ഉള്ള വിശാലമായ ഒരു അമ്പലവുമാണ്. വടക്കും കിഴക്കും തെക്കും പടിഞ്ഞാറും സർപ്പക്കാവുകൾ ഉണ്ട്. കണ്ഠരര് രാജീവരുടെ നിർദ്ദേശപ്രകാരം കുറച്ച് മാസങ്ങളായി അമ്പലത്തിൽ നവീകരണവും പുനഃപ്രതിഷ്ഠയും നടന്നുകൊണ്ടിരിക്കുന്നു.

മകരഭരണി, കുംഭഭരണി, മീനഭരണി, മേടഭരണി ഉത്സവങ്ങൾ മുടങ്ങാതെ ക്ഷേത്ര ഭാരവാഹികൾ ഭക്തജനങ്ങളുടെ സഹായ സഹകരണം കൊണ്ട് വർഷംതോറും ഭംഗിയായി നടത്തുന്നു. കൂടാതെ വൃശ്ചിക മാസത്തിലും ധനുമാസം ആദ്യം പതിനൊന്ന് ദിവസവും അമ്പലത്തിൽ കളംപാട്ടും നടത്തിവരുന്നുണ്ട്. മേൽപ്പറഞ്ഞ ഭരണി നാളുകളിൽ രാത്രിയിൽ രണ്ട് ജീവതമാരെ അലങ്കരിച്ച് മാലയണിയിച്ച് അമ്പലത്തിന് വെളിയിലേക്ക് എഴുന്നെള്ളിച്ച് അമ്പലത്തിന് വലംവെയ്ക്കുന്നു. ഭഗവതിമാരുടെ ജീവത എഴുന്നെള്ളത്ത് മനോഹരം തന്നെ. നാല് ബ്രാഹ്മണന്മാർ രണ്ട് ജീവതകളെ തോളിലേറ്റി മുമ്പോട്ടും പിമ്പോട്ടും വലത്തോട്ടും ഇടത്തോട്ടും അതുപോലെ തിരിച്ചും വട്ടംകറങ്ങി എഴുന്നെള്ളിക്കുന്നത് കാണുമ്പോൾ ദേവീദേവന്മാരുടെ സഹോദര സ്നേഹം എത്ര അതീതമാണെന്ന് മനസ്സിലാക്കാം. ഭഗവതിമാർക്കുള്ള കൈനീട്ട പറയും വർഷാന്ത്യത്തെ പറയും കൊട്ടാരം വകയാണ്. ഒരു ജീവത ഭഗവതിക്ക് ഒരു പറ, ഒരു ഇടങ്ങഴി, ഒരു നാഴി എന്ന കണക്കിൽ രണ്ടു പറ, രണ്ട് ഇടങ്ങഴി, രണ്ട് നാഴി നെല്ലും അരിയും ഇവകളിൽ നിറയ്ക്കുന്നു. അതിനുശേഷം പറകളുടെ മുകളിൽ പൂക്കളും രൂപയും സമർപ്പിക്കുന്നു.

മറ്റ് അമ്പലങ്ങളെ പോലെയല്ല ശ്രീ നാലുവിള ദേവീക്ഷേത്രം, ഇവിടെ ഒരു ഭഗവതിക്കു പകരം ഒന്നിൽ കൂടുതൽ ഭഗവതിമാരുണ്ട്. ഭഗവതിമാർ ഭക്തന്മാരെ പഠിപ്പിക്കുന്നത് "ഐകമത്യം മഹാബലം" എന്നുള്ളതാണ്. ഭഗവതിമാർക്ക് ശർക്കര പായസം, വറത്തുപൊടി ഇവയുണ്ടാക്കി നേദിക്കുന്നു. ആയില്യം നാളിൽ സർപ്പക്കാവുകളിൽ പൂജ നടത്തുന്നു. കാവുകളിലും യക്ഷിയമ്മയുടെ അമ്പലത്തിലും രാവിലെയും സന്ധ്യയ്ക്കും ദീപം പ്രകാശിപ്പിക്കന്നു. മറ്റു ശ്രീകോവിലുകളിലെ ദീപപ്രഭ അതിശ്രേഷ്ഠം തന്നെ.

ദിവസവും ഗണപതിഹോമം നടത്തുന്നു. നവരാത്രികാലത്ത് സരസ്വതി പൂജയും ഒരു പ്രത്യേക മുറിയിൽ നടത്തുന്നുണ്ട്.

ഭക്തജനങ്ങൾ രാവിലെ കുളിച്ച് അമ്പലത്തിൽ എത്തി ഭഗവതിമാരെ തൊഴുത് തീർത്ഥവും പ്രസാദവും വാങ്ങി മടങ്ങുന്നു. വൈകിട്ടും തൊഴാൻ വരുന്നവരുണ്ട്. ഭഗവതിമാരുടെ വാത്സല്യം, കാരുണ്യം, അനുകമ്പ, സംരക്ഷണം എന്നിവകൊണ്ട് ജീവിതം സഫലമായി നടക്കുന്നു. ഭക്തരോടുള്ള ഭഗവതിമാരുടെ മാതൃസ്നേഹം സീമാതീതമാണ്.

കുറേ വർഷങ്ങൾക്കു മുമ്പ് കൊട്ടാരത്തിൽ സൂക്ഷിച്ചുവെച്ചിരുന്ന ഭദ്രകാളി ഭഗവതിയുടെ വെള്ളി കൊണ്ടുള്ള ഒരു പ്രതിമ അച്ഛൻ പറഞ്ഞതനുസരിച്ച് രാവിലെ ഞാൻ കുളിച്ച് ഭദ്രകാളി ഭഗവതിയുടെ ശ്രീകോവിലിന് മുമ്പിൽ ഭക്തിപൂർവ്വം സമർപ്പിച്ച് തൊഴുതു. ഏതാണ്ട് ഒന്നര അടി പൊക്കമുള്ള വെള്ളിപ്രഭ ദിവസവും നടയിൽ അഭിഷേകം കഴിഞ്ഞ് മുമ്പുണ്ടായിരുന്ന ഭഗവതി സ്ഥാനത്തു വെച്ച് പ്രതിമയ്ക്കു മുമ്പിൽ പുഷ്പ

# ആയിരം പൗർണ്ണമി ചന്ദ്രികയിൽ രുഗ്മിണി വർമ്മ

തിരുവിതാംകൂറിലെ റീജന്റായി 1924 മുതൽ 1931 വരെ ഭരണം നടത്തിയ മഹാറാണി പൂരാടം തിരുനാൾ സേതു ലക്ഷ്മീബായിയുടെ ചെറുമകളും ലോകപ്രശസ്ത ചിത്രകാരിയുമായ ഭരണി തിരുനാൾ രുഗ്മിണി വർമ്മ ശതാഭിഷിക്തയായി. ബെംഗളൂരുവിലുള്ള വസതിയിൽ വെച്ചായിരുന്നു ആഘോഷം.

84-ാം വയസ്സിലേക്ക് കടക്കുമ്പോഴും ചിത്രരചന വ്രതംപോലെ കൂടെക്കൂട്ടിയ രുഗ്മിണീ വർമ്മയ്ക്ക് ആശംസ നേരാൻ രാജകുടുംബാംഗങ്ങളും ബെംഗളൂരുവിലെ സുഹൃത്തുക്കളുമെത്തി. ബാംഗ്ലൂർ ക്ലബ്ബിൽ ചിത്രകാരിയെ കുടുംബാംഗങ്ങൾ എതിരേറ്റു; നമസ്കരിച്ചു. കേക്ക് മുറിച്ച് ജന്മദിനമാഘോഷിച്ചു. കുട്ടിക്കാലത്തു തന്നെ തിരുവിതാംകൂറിൽ നിന്ന് അമ്മ ഉത്രം തിരുനാൾ ലളിതാംബ ബായിയോടൊത്ത് ബെംഗളൂരുവിലേക്ക് ചേക്കേറി. അന്നുമുതൽ ചിത്രകാരിയായി ലോകത്തിന്റെ വിവിധയിടങ്ങളിലെത്തിയതും മഹാരഥന്മാരുമായി സൗഹൃദം സമ്പാദിച്ചു.


**രാജാരവിവർമ്മയുടെ സ്വാധീനം:** ചെറുപ്പത്തിലേ വരയ്ക്കാൻ തുടങ്ങി. രാജാരവിവർമ്മയുടെ പാരമ്പര്യമാണ് തനിക്ക് കിട്ടിയതെന്ന ബോധം വന്നത് കുറേ കഴിഞ്ഞിട്ടാണ്. അദ്ദേഹത്തെക്കുറിച്ചുള്ള കഥകളെല്ലാം അമ്മൂമ്മയുടെ അടുത്തുനിന്ന് മനസ്സിലാക്കി. പെയിന്റ് ചെയ്യുമ്പോൾ ആ ലോകോത്തര കലാകാരന്റെ രചനയുടെ ഫീലിങ് വരാറുണ്ടെന്ന് രുഗ്മിണീവർമ്മ പറയുന്നു. പൂഞ്ഞാർ കൊട്ടാരത്തിലെ പരേതനായ ദേവീപ്രസാദ് വർമ്മയാണ് ഭർത്താവ്. വേണുഗോപാൽ വർമ്മ (ആസ്ട്രേലിയ), ജയഗോപാൽ വർമ്മ എന്നിവരാണ് മക്കൾ.



→

ങ്ങളും മാലയും അണിയിക്കുന്നു. ചന്ദനത്തിരി, വിളക്കുകൾ ഇവ മണം പരത്തിയും ദീപങ്ങൾ പ്രകാശപൂരിതവും ആയിത്തീരുന്നു. ഇതോടെ ഭക്തി കൂടുന്നു. അമ്പലത്തിന് വെളിയിലുള്ള ചുറ്റുവിളക്കുകൾ വിശേഷാൽ ദിവസങ്ങളിൽ കത്തിച്ച് പ്രകാശപൂരിതമാക്കുന്നു. "രക്ഷിക്കണേ ഭഗവതിമാരേ" എന്ന് പ്രാർത്ഥിച്ചുകൊണ്ട് ഞാൻ നിർത്തട്ടെ.

N.B. അമ്പലത്തിലെ വിശാലമായ ഊട്ടുപുരയിൽ വിശേഷാൽ ദിവസങ്ങളിൽ പ്രഭാത ഭക്ഷണം, മദ്ധ്യാഹ്ന ഭക്ഷണം, വൈകുന്നേരം ചായ, രാത്രി ഭക്ഷണം ഏവർക്കും ഉണ്ടെന്ന സംഗതിയും അറിയിക്കുന്നു.



# പാച്ചത്തെ കുട്ടിയും കടിയത്തെ കുട്ടിയും

ധനഞ്ജയ വർമ്മ
പിലാത്തറ, മൊ. 9400291320

ഇതൊരു പഴയ മുത്തശ്ശിക്കഥയാണ്. മനസ്സിന് നന്മയുള്ളവർക്ക് ദൈവാനുഗ്രഹമുണ്ടാകും എന്ന് ഈ കഥയുടെ പൊരുൾ. പണ്ട് ഒരു ഗ്രാമത്തിൽ അടുത്തടുത്ത് രണ്ട് വീട്ടുകാരുണ്ടായിരുന്നു. ഓരോ വീട്ടിലും ഓരോ പെൺകുട്ടിയുമുണ്ട്. ഒരു കുട്ടിയെ 'പാച്ചത്തെകുട്ടി' എന്നും മറ്റേകുട്ടിയെ 'കടിയത്തെ കുട്ടി' എന്നുമാണ് പറയാറ്. ഒരു ദിവസം പാച്ചത്തെ കുട്ടിയുടെ അമ്മ പണിക്ക് പോകുമ്പോൾ പറഞ്ഞു: "മോളേ, നീ കുറച്ച് കഴിഞ്ഞ് നെല്ല് ഉണക്കി കുത്തി അരിയാക്കി വെക്കണം". ഇതും പറഞ്ഞ് അമ്മ പോയി. കുറച്ച് കഴിഞ്ഞ് കുട്ടി, അമ്മ പറഞ്ഞ പോലെ നെല്ല് ഉണക്കാനിട്ടു. അപ്പോൾ ഒരു വെള്ളി കാക്കയും പൊൻകാക്കയും വന്ന് നെല്ലെടുത്ത് കൊണ്ട് പറന്നു പോയി. കുട്ടിക്ക് സങ്കടമായി. അമ്മ വന്നാൽ വഴക്കു പറയുമെന്ന് ഭയന്ന് അവൾ കാക്കകളെയും തേടി നടത്തമായി. നടന്ന് നടന്ന് കുറേ ദൂരെ എത്തിയപ്പോൾ അവൾ ഒരാട്ടിടയനെ കണ്ടു. അവനോട് ചോദിച്ചു "ഏ ആട്ടിടയാ, ആട്ടിടയാ ഇതിലേ ഒരു വെള്ളിക്കാക്കയും പൊൻ കാക്കയും പോകുന്നത് കണ്ടോ?" അപ്പോൾ ആട്ടിട യൻ പറഞ്ഞു: "നീ ഈ ആടുകൾക്ക് കുറച്ച് പ്ലാങ്കൊമ്പ് കൊണ്ട് കൊടുക്കാൻ സഹായി ക്കണം." പാച്ചത്തെ കുട്ടിക്ക് പാവം മനസ്സാണ്. അവൾ ആടിന് പ്ലാങ്കൊമ്പ് കൊണ്ടു കൊടുക്കാൻ ആട്ടിടയനെ ആവോളം സഹായിച്ചു. അപ്പോൾ അയാൾ പറഞ്ഞു: "വെള്ളിക്കാക്കയും പൊൻ കാക്കയും പോകുന്നത് ഞാൻ കണ്ടിട്ടില്ല. പക്ഷേ തിരിച്ച് ഇതിലേ വരുമ്പോൾ മോൾക്ക് ഒരാട്ടിൻ കുട്ടിയെ തരാം." അവൾ വീണ്ടും കാക്കകളെ അന്വേഷിച്ച് നടത്തമായി. നടന്ന് കുറച്ച് ദൂരം ചെന്ന പ്പോൾ അവൾ ഒരു കുതിരക്കാരനെ കണ്ടു. കുതിര ക്കാരനോട് ചോദിച്ചു: "ഏയ് കുതിരക്കാരാ, കുതിര ക്കാരാ, ഈ വഴിയേ ഒരു വെള്ളിക്കാക്കയും പൊൻകാക്കയും പോകുന്നത് കണ്ടോ?" "അതൊക്കെ പറഞ്ഞുതരാം പക്ഷേ, അതിനുമുമ്പ് ഈ കുതിരയ്ക്ക് കുറച്ച് മുതിര പുഴുങ്ങി കൊടുക്കാൻ സഹായിക്കുമോ?" അവൾ സന്തോഷത്തോടെ ആ ജോലി ഏറ്റെടുത്തു. എല്ലാം കഴിഞ്ഞപ്പോൾ കുതി രക്കാരൻ പറഞ്ഞു "വെള്ളിക്കാക്കയും പൊൻ കാക്കയും പോകുന്നത് ഞാൻ കണ്ടിട്ടില്ല തിരിച്ച് വരുമ്പോൾ ഞാൻ മോൾക്കൊരു കുതിരക്കുട്ടിയെ തരാം."

പാച്ചത്തെകുട്ടി പിന്നെയും നടത്തം തുടങ്ങി. കുറേ നടന്നപ്പോൾ ഒരാനക്കാരനെ കണ്ടു. "ഏ ആനക്കാരാ ഇതിലൂടെ ഒരു വെള്ളിക്കാക്കയും പൊൻകാക്കയും പോകുന്നത് കണ്ടോ?" "അതൊക്കെ പറഞ്ഞുതരാം. അതിനുമുമ്പ് ഈ ആനയ്ക്ക് കുറച്ച് പനമ്പട്ട കൊണ്ടുവരാൻ സഹായിക്കണം." അവൾ തന്നാലാവും വിധം അത് ചെയ്തുകൊടുത്തു. അപ്പോൾ ആനക്കാരൻ പറഞ്ഞു: "വെള്ളിക്കാ ക്കയും പൊൻകാക്കയും പോകുന്നത് ഞാൻ കണ്ടി ട്ടില്ല. പക്ഷേ തിരിച്ച് ഇതിലേ വരുമ്പോൾ മോൾക്ക് ഒരാനക്കുട്ടിയെ തരാം."

അവൾ വീണ്ടും നടന്നു. അപ്പോഴേക്കും നേരം ഇരുട്ടി. ഇനി എന്ത് ചെയ്യുമെന്നറിയാതെ വിഷമിച്ച് നിൽക്കുമ്പോൾ ദൂരെ ഒരു വെളിച്ചം കണ്ടു. പാച്ച ത്തെകുട്ടി ആ വെളിച്ചത്തെ ലക്ഷ്യം വച്ച് നടന്നു. അത് ചിയോതിയമ്മ (പാർവ്വതീദേവി)യുടെ വീടാ യിരുന്നു. ദൂരെ നിന്ന് തന്നെ അമ്മ അവളെ കണ്ടു. "അവിടെയെല്ലാം വെള്ളരിയും കുമ്പളവുമൊ ക്കെയുണ്ട്. അതിലൊന്നും ചവിട്ടിപ്പോകാതെ സാവ ധാനം ഇങ്ങോട്ട് വന്നോളൂ. സൂക്ഷിച്ച് വേണം മേലോട്ട് കയറിവരാൻ." അവൾ അങ്ങനെ തന്നെ ചെയ്തു. ക്ഷീണിച്ച് അവശയായ അവളെ ചിയോ തിയമ്മ ഭക്ഷണം കഴിക്കാനിരുത്തി. എന്നിട്ട് അമ്മ

ഇതെല്ലാം കണ്ടും കേട്ടും കൊണ്ട് കടിയത്തെ കുട്ടിയുടെ അമ്മ നിൽപുണ്ടായിരുന്നു. തന്റെ മകളേയും ഇങ്ങനെ പറഞ്ഞു വിട്ടാൽ വലിയ പണക്കാരാകാമെന്ന് അവർ വിചാരിച്ചു. വേഗം വീട്ടിൽ ചെന്ന് കടിയത്തെ കുട്ടിയോട് കാര്യങ്ങൾ പറഞ്ഞു. എന്നാൽ "എന്നെക്കൊണ്ടാവില്ല, ഞാൻ എവിടെയും പോവില്ല" എന്ന് കടിയത്തെ കുട്ടി. വന്നു കേറാനിരിക്കുന്ന സൗഭാഗ്യത്തെക്കുറിച്ചോർത്ത് അമ്മ അവളെ നിർബന്ധിച്ച് പറഞ്ഞു വിട്ടു. പോകുന്ന വഴിയിൽ ആട്ടിടയനെ കണ്ടപ്പോൾ കടിയത്തെ കുട്ടിയും പാച്ചത്തെ കുട്ടി ചോദിച്ചത് പോലെ "വെള്ളികാക്കയും പൊൻ കാക്കയും പോകുന്നത് കണ്ടോ" എന്ന് ചോദിച്ചു. അത് പറയണമെങ്കിൽ ആടിന് പ്ലാങ്കൊമ്പ് കൊടുക്കാൻ സഹായിക്കണമെന്ന് ആട്ടിടയനും പറഞ്ഞു. എന്നാൽ "നിന്റെ ആടിന് പ്ലാങ്കൊമ്പ് കൊണ്ടു കൊടുക്കലല്ല എന്റെ പണി" എന്ന് കടിയത്തെ കുട്ടി. ആട്ടിടയനെ പരിഹസിച്ച് അവിടുന്ന് നടന്നു. പിന്നീട് കുതിരക്കാരനേയും, ആനക്കാരനെയും കണ്ടു. അവരെല്ലാം സഹായം ചോദിച്ചപ്പോൾ "ഇതല്ല എന്റെ പണി" എന്ന് പരിഹസിച്ചുകൊണ്ട് അവൾ നടന്ന് മറഞ്ഞു.

നേരം ഇരുട്ടിയപ്പോൾ അവളും ദൂരെ ഒരു വെളിച്ചം കണ്ടു. അത് ചിയോതിയമ്മയുടെ വീടാണെന്ന് ഉറപ്പിച്ചുകൊണ്ട് വെളിച്ചം കാണുന്ന ഭാഗത്തേക്ക് നടന്നു. കടിയത്തെ കുട്ടിയെ ദൂരെ നിന്ന് കണ്ട ഉടനെ ചിയോതിയമ്മ വിളിച്ചു പറഞ്ഞു. "അവിടെ കാണുന്ന വെള്ളരിയും കുമ്പളവു മൊന്നും ചവിട്ടിക്കളയാതെ ശ്രദ്ധിച്ച് ഇങ്ങോട്ട് വാ". പറഞ്ഞതൊന്നും ഗൗനിക്കാതെ കടിയത്തെ കുട്ടി ആ വെള്ളരിയും കുമ്പളവുമൊക്കെ ചവിട്ടിതേച്ച് അങ്ങോട്ട് കയറി. അത്താഴത്തിന് അമ്മ ചോദിച്ചു "കാക്കതൂറിയ ഇലയോ വേണ്ടത്, കാക്ക തൂറാത്ത ഇലയോ?" "കാക്ക തൂറിയ ഇലയോ! അതിലെങ്ങ നെയാ ഭക്ഷണം കഴിക്വാ? എനിക്ക് കാക്ക തൂറാത്ത ഇലമതി". അമ്മ അവൾക്ക് കാക്ക തൂറിയ ഇലകൊടുത്തു. "കുട്ടിക്ക് നല്ലരി ചോറോ വേണ്ടത് ചീത്തയരിച്ചോറോ വേണ്ടത്?" "ചീത്തയരിച്ചോറോ! എനിക്ക് നല്ലരിച്ചോറ് തന്നെ വേണം." ചിയോ തിയമ്മ അവൾക്ക് ചീത്തയരിച്ചോറ് വിളമ്പിക്കൊ ടുത്തു. ചിയോതിയമ്മ പിന്നെ അവളോട് ചോദിച്ചു: "വെണ്ണനെയ്യോ വേണ്ടത് ഉരുക്ക് നെയ്യോ വേണ്ടത്"

അവളോട് ചോദിച്ചു. "കാക്ക തൂറിയ ഇലയോ വേണ്ടത്, കാക്ക തൂറാത്ത ഇലയോ?" അപ്പോൾ കാക്ക തൂറിയ ഇല എന്നവൾ പറഞ്ഞു. ചിയോതി യമ്മ അവൾക്ക് കാക്ക തൂറാത്ത നല്ല ഇല കൊടുത്തു. "മോൾക്ക് നല്ലരിച്ചോറോ വേണ്ടത്, ചീത്തയരിച്ചോറോ?" "ചീത്തയരിച്ചോറ് മതി." അവൾ പറഞ്ഞു. ചിയോതിയമ്മ പിന്നെ അവളോട് ചോദിച്ചു. "ചോറിന് വെണ്ണനെയ്യോ വേണ്ടത് ഉരുക്ക് നെയ്യോ വേണ്ടത്?" അപ്പോൾ അവൾ പറഞ്ഞു: "വെണ്ണനെയ്യ് മതി". അമ്മ അവൾക്ക് "നല്ല ഉരുക്ക് നെയ്യ്" വിളമ്പിക്കൊടുത്തു.

ഭക്ഷണത്തിന് ശേഷം അമ്മ പാച്ചത്തെ കുട്ടി യോട് ചോദിച്ചു, "മോൾക്ക് ഉറങ്ങണ്ടെ, മോള് അപ്പം ഇട്ട അകത്തോ (നെയ്യപ്പം വെച്ചമുറി) കിടക്കുന്നത് അപ്പം ഇടാത്ത അകത്തോ?" അപ്പോൾ അവൾ പറഞ്ഞു 'അപ്പം ഇടാത്ത അകത്ത്' എന്ന്. ചിയോ തിയമ്മ അവളെ അപ്പം ഇട്ട അകത്ത് ഉറങ്ങാൻ കിടത്തി. പിറ്റേന്ന് രാവിലെ പാച്ചത്തെകുട്ടി അമ്മ യോട് യാത്ര പറഞ്ഞ് ഇറങ്ങാൻ നേരത്ത്, ചിയോതിയമ്മ അവളോട് പറഞ്ഞു, "പോകു മ്പോൾ മോള് അകത്ത് നിന്ന് വലിയ ഒരു പെട്ടിയും, തോട്ടത്തിൽ നിന്ന് ഏറ്റവും വലിയ കുല നോക്കി ഒരു കുലയും കൊത്തിയെടുത്തോ". എന്നാൽ പാച്ചത്തെക്കുട്ടി അകത്തുനിന്ന് ചെറിയ ഒരു പെട്ടിയും തോട്ടത്തിൽ നിന്ന് ഏറ്റവും ചെറുത് നോക്കി ഒരു കുലയും കൊത്തിയെടുത്തു. ചിയോ തിയമ്മ അവളെ അനുഗ്രഹിച്ച് യാത്രയാക്കി. പോകുന്ന വഴിക്ക് ആനക്കുട്ടിയെയും കുതിരക്കുട്ടി യേയും, ആട്ടിൻകുട്ടിയേയും അവൾ കൂടെ കൊണ്ടുപോയി. പാച്ചത്തെകുട്ടിയുടെ അമ്മ മോളെ കാണാതെ വിഷമിച്ചിരിക്കുമ്പോൾ അതാ മോള് വരുന്നു. പെട്ടെന്ന് മോളെ കണ്ടപ്പോൾ ആ അമ്മയ്ക്ക് അതീവ സന്തോഷമായി.

പാച്ചത്തെകുട്ടി അമ്മയെ നടന്ന സംഭവങ്ങ ളെല്ലാം പറഞ്ഞ് കേൾപ്പിച്ചു. അവർ ആകാംക്ഷ യോടെ ചിയോതിയമ്മ കൊടുത്ത പെട്ടി തുറന്നു. അപ്പോൾ മഹാത്ഭുതം! പെട്ടി നിറയെ സ്വർണ്ണം!! പിന്നീട്, കറിവെയ്ക്കാനായി കായമുറിച്ചപ്പോൾ അതിലും സ്വർണ്ണം! തങ്ങൾക്ക് വന്നുചേർന്ന സ്വപ്നത്തിൽ പോലും കാണാനാവാത്ത സൗഭാഗ്യ ത്തിൽ ആ അമ്മയും മകളും എന്ത് മാത്രം സന്തോഷിച്ചു എന്ന് പറയേണ്ടതില്ലല്ലോ.

# ആദരവ്... അഭിനന്ദനം





മാവേലിക്കര വലിയകൊട്ടാരം ശ്രീഗുരുവായൂരപ്പൻ ചാരിറ്റബിൾ ട്രസ്റ്റ് ഭാരവാഹികൾ കുടുംബത്തെ പ്രതിനിധീകരിച്ച് കവടിയാർ കൊട്ടാരത്തിലെത്തി പൂയംതിരുനാൾ ഗൗരി പാർവതി ഭായി തമ്പുരാട്ടിയെയും അശ്വതി തിരുനാൾ ഗൗരി ലക്ഷ്മി ഭായിതമ്പുരാട്ടിയെയും സന്ദർശിച്ച് ഇരുവർക്കും ലഭിച്ച സമകാലിക ബഹുമതികളിൽ കുടുംബാംഗങ്ങളുടെ അഭിനന്ദനം അറിയിക്കുകയും പൊന്നാട അണിയിച്ച്, ഉപഹാരം സമർപ്പിച്ച് ആദരിക്കുകയും ചെയ്തു. തുടർന്ന് സ്വാതി പുരസ്ക്കാരജേതാവ് പ്രൊഫ. പി.ആർ. കുമാര കേരളവർമ്മയെ സ്വഭവനത്തിൽ എത്തി പൊന്നാടയും പുരസ്ക്കാരവും നൽകി ആദരിച്ച് അഭിനന്ദിച്ചു.





ഫ്രഞ്ച് റിപ്പബ്ലിക്കിന്റെ ദേശീയ ബഹുമതിയായ ഷെവലിയാർ പുരസ്കാരത്തിന് അർഹയായ പൂയം തിരുനാൾ ഗൗരി പാർവ്വതിഭായിയെയും, ഭാരതത്തിലെ നാലാമത്തെ പരമോന്നത സിവിലിയൻ ബഹുമതിയായ 'പത്മശ്രീ'ക്ക് അർഹയായ അശ്വതി തിരുനാൾ ഗൗരി ലക്ഷ്മിഭായിയെയും വല്ലഭ ക്ഷേമസമിതി (വക്ഷേസ) ആദരിച്ചു. വക്ഷേസയെ പ്രതിനിധീകരിച്ച് പി.കെ. ശോഭന രാജേന്ദ്രൻ, കെ.സി. ആശാ വർമ്മ, എ.സി. ശ്യാം സുന്ദർ, എം.സി. മുരളീ കൃഷ്ണൻ തുടങ്ങിയവർ തിരുവിതാംകൂർ കൊട്ടാരം സന്ദർശിക്കുകയും വള്ളുവനാട് രാജകുടുംബാംഗങ്ങളുടെ ആശംസകൾ അറിയിക്കുകയും ചെയ്തു.

"വെണ്ണനെയ്യോ! ആർക്ക് വേണമത്. എനിക്ക് ഉരുക്ക് നെയ്യ് തന്നെ വേണം." അമ്മ അവൾക്ക് വെണ്ണനെയ്യ് വിളമ്പിക്കൊടുത്തു. ഉറങ്ങാൻ നേരം അമ്മ ചോദിച്ചു: "കുട്ടിക്ക് ഉറങ്ങാറായില്ലെ? കുട്ടി അപ്പം ഇട്ട അകത്തോ കിടക്കുന്നത് അപ്പം ഇടാത്ത അകത്തോ?" "അപ്പം ഇടാത്ത അകത്ത് വേണ്ട. അപ്പം ഇട്ട അകത്ത് കിടക്കാം." ചിയോതിയമ്മ അവളെ അപ്പം ഇടാത്ത അകത്ത് കിടത്തി. രാവിലെ വീട്ടിൽ നിന്നിറങ്ങുമ്പോൾ കടിയത്തെ കുട്ടിയോട് അമ്മ പറഞ്ഞു: "പോകുമ്പോൾ അകത്ത്

# തൃപ്പൂണിത്തുറ മെട്രോ സ്റ്റേഷന് അലങ്കാരമായി 'രാജർഷി'



ആധുനിക കൊച്ചിയുടെ ശില്പി എന്നറിയപ്പെടുന്ന മുൻ കൊച്ചി മഹാരാജാവ് 'രാജർഷി' രാമവർമ്മയുടെ പൂർണ്ണകായ ഛായാചിത്രം കൊച്ചി മെട്രോയുടെ തൃപ്പൂണിത്തുറ സ്റ്റേഷൻ അലങ്കരിക്കുന്നു. മാർച്ച് 6-ന് പ്രധാനമന്ത്രി നരേന്ദ്ര മോദി ഓൺലൈനായി സ്റ്റേഷന്റെ ഉദ്ഘാടനവും ആദ്യത്തെ ട്രെയിനിന്റെ ഫ്ളാഗ് ഓഫും നിർവ്വഹിച്ചു.

ഇതിനായി രാജർഷി രാമവർമ്മയുടെ ഛായാചിത്രം രാജകുടുംബം മെട്രോ അധികൃതർക്ക് കൈമാറിയിരുന്നു. അതിനോടനുബന്ധിച്ച് തൃപ്പൂണിത്തുറ കളിക്കോട്ട പാലസിൽ നടന്ന അനുസ്മരണ യോഗത്തിൽ കൊച്ചി രാജകുടുംബാംഗം ഡോ. കൊച്ചാ വർമ്മയിൽ നിന്നും കൊച്ചി മെട്രോ റെയിൽ ലിമിറ്റഡ് ഡെപ്യൂട്ടി ഡയറക്ടർ വിനു കോശി രാജർഷി രാമവർമ്മയുടെ ഛായാചിത്രം ഏറ്റുവാങ്ങി. രാജകുടുംബാംഗങ്ങളടക്കം വിശിഷ്ട വ്യക്തികൾ പങ്കെടുത്തു.

ഷൊർണ്ണൂരിൽ നിന്ന് എറണാകുളം വരെ റെയിൽപ്പാത ദീർഘിപ്പിക്കുവാൻ ബ്രിട്ടീഷ് ഗവൺമെന്റിന്റെ സഹായം ലഭിക്കാതെ വന്നപ്പോൾ സ്വന്തം കുടുംബ ദേവതയായ തൃപ്പൂണിത്തുറ ശ്രീപൂർണ്ണത്രയീശ ക്ഷേത്രത്തിലെ 15 തങ്ക നെറ്റിപ്പട്ടങ്ങളിൽ 14 എണ്ണം വിറ്റിട്ടാണ് ഇതിനുള്ള പണം കണ്ടെത്തിയത്. റെയിൽപ്പാത യാഥാർത്ഥ്യമായതോടെ ആധുനിക കൊച്ചിയുടെയും മദ്ധ്യ കേരളത്തിന്റെ തന്നെയും വികസനത്തിന് തുടക്കം കുറിക്കുകയായിരുന്നു.


നിന്ന് ഒരു ചെറിയപെട്ടി എടുത്തോ. തോട്ടത്തിൽ നിന്ന് ഏറ്റവും ചെറിയ ഒരു കുലയും കൊത്തിയെടുത്തോ". പാച്ചത്തെ കുട്ടിക്ക് കിട്ടിയ പൊന്നിലധികം എനിക്ക് കിട്ടണം എന്ന ചിന്തയിൽ, അകത്ത് നിന്ന് ഏറ്റവും വലിയ ഒരു പെട്ടിയും തോട്ടത്തിൽ നിന്ന് ഏറ്റവും വലുത് നോക്കി ഒരു കുലയും കൊത്തി കടിയത്തെ കുട്ടിയാത്രയായി.

വീട്ടിൽ അവളേയും കാത്ത് നിറഞ്ഞ പ്രതീക്ഷയോടെ അമ്മ നിൽപുണ്ടായിരുന്നു. അവർ രണ്ട് പേരും ചേർന്ന് ഭീമാകാരമായ ആ പെട്ടി തുറന്നു. അതിലപ്പോൾ കണ്ടത് അവരെ ഞെട്ടിപ്പിക്കുന്നതായിരുന്നു. അമ്മയും മകളും ഭയന്ന് വിറച്ചു. അതിൽ നിറയെ വിഷം ചീറ്റുന്ന സർപ്പങ്ങൾ! ഉടൻ "പാമ്പ് അവരെ കടിക്കട്ടെ" എന്ന് ഉരുവിട്ടുകൊണ്ട് അത് പാച്ചത്തെകുട്ടിയുടെ പറമ്പിൽ കൊണ്ടിട്ടു. ഇനി കായമുറിച്ച് നോക്കാമെന്ന് കരുതി പ്രതീക്ഷ കൈവിടാതെ കുല എടുത്ത് വെച്ച് കായ മുറിക്കാനാരംഭിച്ചു. അപ്പോൾ അതിൽ നിറയെ പുഴുക്കൾ! അത് ഭീകരരൂപം പൂണ്ട് പുറത്തേക്ക് ചാടാൻ തുടങ്ങി. പെട്ടെന്ന് ആ കുലയെടുത്ത് പാച്ചത്തെ കുട്ടിയുടെ പറമ്പിൽ കൊണ്ടിട്ടു.

ഒന്നു രണ്ടു ദിവസം കഴിഞ്ഞ് പാച്ചത്തെകുട്ടി തന്റെ പറമ്പിലൂടെ വെറുതെ നടക്കാനിറങ്ങിയപ്പോൾ അതാ ഒരു വലിയ പെട്ടിയും വാഴക്കുലയും! ങ്ഹേ, ഇതെങ്ങനെ വന്നു? അവൾ വീട്ടിലേക്കോടി അമ്മയോട് പറഞ്ഞു: "പെട്ടിയല്ലെ, കുലയുണ്ട. എടുത്തുകൊണ്ടുവരാം." അങ്ങനെ ആ പെട്ടിയും കുലയും വീട്ടിലേക്ക് കൊണ്ടുപോയി. തുറന്നു നോക്കിയപ്പോൾ അതിലും സ്വർണ്ണം!! അവരുടെ സന്തോഷത്തിന് അതിരുണ്ടായിരുന്നില്ല. അത് വീട്ടിനുള്ളിൽ ഭദ്രമായി ഒരിടത്ത് കൊണ്ടുവെച്ചു.

ഇതിൽ നിന്ന് മനസ്സിലാവുന്ന ഗുണപാഠം: "മനസ്സിന്റെ നൈർമ്മല്യത മനുഷ്യനെ നന്മയുടെ ഉയരങ്ങളിൽ കൊണ്ടെത്തിക്കും. അവിടെ എന്നും ദൈവസാന്നിദ്ധ്യമുണ്ടായിരിക്കും." ●

# SANATANA DHARMA



**E. Ravi Varma Raja**
Kochu Kottaram, Ennakkad
Mob: 9746257789

What is Sanatana Dharma? Sanatana means 1) Eternal, 2) Everlasting, 3) Non-destructive and Dharma means 1) Duty, 2) Right behavior in a social order. So Sanatana Dharma can be interpreted as a set of "eternal duties". It is synonym to Hinduism. But who is its founder? Answer -There is no historical founder. Real Hindu views the entire Universe as God and sees everything in the universe as God. Actually Hinduism is not merely a religion as we usually think. It is a way of life evolved out of centuries of practices and proven results. That is why some practices are added, deleted, built upon, twisted and even overturned according to the time and circumstances. There may be shift in concept and perception of ideals because of many generations and years or even centuries. So it is meaningless to think that those practices are constant for all the years, since change is constant in life. Essentially, Sanatana Dharma's essence is Advaita Vedanta.

But, see the present day life. Doctors, Engineers, Lawyers, Politicians all of them wish to bring up their children to follow their castes' profession. Practically hierarchy and hereditary improves the quality of work although. We forget that every job has got its dignity.


The caste system prevailing in Hinduism has got many critics. In fact the present general division of caste in people as we understand is a continuation of the four 'varnashrama' duties. Sanatana Dharma has been misconceived for caste & 'varna'. The critics project the caste system among Hindus as a curse and recommend to eradicate it. But, has Hindus only got discrimination? What about other religions? They also got discriminatory lines among themselves. Strangely caste system in Kerala is different from other states viz. Karnataka, Rajasthan etc. of the India Union. So eradication is not an easy matter. It may take years together. Sometimes even generations. Coming back, Sanatana Dharma is a set of eternal duties of various walks of people from the ruler to the ruled for a healthy &happy society. Sanatana Dharma contains one's duties to the nation, duty to King, King's duties to his people, duties to one's parents, Gurus/teachers etc., care for the poor and a whole lot of other duties. Some of the above are functional by virtue of birth, eg. parents to their children and vice-versa. In some others one is destined to do or follow some work/ job because of heredity, one's trade or educational qualifications according to the circumstances they are put in to, whether they are talented or not. In that sense teachers, doctors farmers, businessmen etc. are in particular and separate groups. I call it "caste" and they all got organisations of their identity. They form a non-conventional caste system different from our old conventional caste system. In other words, so far as the division of work is there, the so-called caste system will prevail.

Let someone try to eradicate casteism and untouchability. Very good. There can be discussions and deliberations on eradication of

ശേഷം 91-ൽ

## ബാലവേദി/വളരുന്ന പ്രതിഭകൾ

# DISCOVERING NORTH INDIA



**Sreeraj Varma S**
Std. X
MGM Central Public School, Trivandrum

On 31st March 2024, while we were having our dinner, my parents said to me and my brother about an upcoming trip to North India. We were pleasantly shocked to hear this and were cherishing about a travel to the Capital of India- New Delhi. My grandparents used to tell us about this place where they spent many years during the 1970-1980 period.

We started counting days and finally the day arrived when we embarked our journey to New Delhi. On 5th April, early morning around 4.30 AM, the cab, arranged by my father, was waiting for us outside our house. We were fully prepared for the exciting experiences that

## അഭിനന്ദനങ്ങൾ



*ഗൗരി ചെസ്സ് ബോർഡിനരികിൽ*



*ട്രോഫിയുമായി ഗായത്രി*

ഇന്റർ നാഷണൽ ചെസ്സ് ഫെഡറേഷൻ (FIDE) വനിതാ ചെസ്സ് കളിക്കാർക്ക് നൽകുന്ന ഔദ്യോഗിക പദവിയായ വുമൺ കാൻഡിഡേറ്റ് ചെസ്സ് മാസ്റ്റർ (WCM) **ഗൗരി ശ്രീകുമാറിന്** ലഭിച്ചു. 2024 ഏപ്രിൽ മാസത്തിൽ കാനഡയിലെ ടൊറന്റോയിൽ നടന്ന പ്രാദേശിക മത്സരങ്ങളിൽ 8 റൗണ്ട് മത്സരങ്ങളിൽ 5.5 പോയിന്റ് കരസ്ഥമാക്കിയാണ് ഗൗരി ഈ നേട്ടം കൈവരിച്ചത്. വനിതകൾക്കു മാത്രമായി നൽകുന്ന വുമൺ ഫിഡേ മാസ്റ്റർ, വുമൺ ഇന്റർ നാഷണൽ മാസ്റ്റർ, വുമൺ ചെസ്സ് ഗ്രാന്റ് മാസ്റ്റർ തുടങ്ങിയ പദവികളിലേക്കുള്ള ആദ്യ ചവിട്ടുപടിയാണ് WCM.

കാനഡയിൽ സ്ഥിരതാമസമാക്കിയിരിക്കുന്ന, തൃശ്ശൂർ, ആമ്പല്ലൂർ മാളിയേക്കൽ മഠത്തിൽ ശ്രീകുമാർ കർത്തായുടേയും കൊരട്ടിസ്വരൂപം, ത്രയംബകയിൽ അഞ്ജുഷാ വർമ്മയുടെയും പുത്രിയാണ് ഗൗരി. ഗൗരിയും മൂന്നാം ക്ലാസ്സ് വിദ്യാർത്ഥിനിയായ സഹോദരി **ഗായത്രിയും** കൂടി നിരവധി ചെസ്സ് മത്സരങ്ങളിൽ പങ്കെടുത്ത് വിജയികളായിട്ടുണ്ട്. കാനഡയിലെ ബ്രാംപ്ടണിൽ ഈയിടെ നടന്ന നോർത്ത് പീൽ സ്ക്കൂൾ ബോർഡ് ചെസ്സ് ടൂർണമെന്റിൽ ഗായത്രിക്ക് ഒന്നാം സ്ഥാനം ലഭിക്കുകയുണ്ടായി. തൃശ്ശൂർ ശ്രീ കേരളവർമ്മ കോളേജിൽ ശ്രീകുമാറിന്റെ അദ്ധ്യാപകൻ കൂടിയായിരുന്ന പ്രസിദ്ധ ഫിഡേ ട്രെയ്നർ (FIDE Trainer) പ്രൊഫ. എൻ.ആർ. അനിൽകുമാറിന്റെ ശിക്ഷണത്തിൽ ഗൗരിയും ഗായത്രിയും ഇപ്പോൾ ചെസ്സ് കളിയിൽ കൂടുതൽ പരിശീലനം നേടിവരുന്നു.

awaited us in North India. Our itinerary included visiting the union territory of Delhi, as well as the states of Haryana, Rajasthan, and Punjab. At 5 am, we arrived at Trivandrum Domestic Airport, which was a completely new experience for me. Since we were traveling on a connecting flight, we touched down at Chennai MGR International Airport at 8:30 am. Feeling hungry, we embarked on a search for a restaurant. My brother, mother, and I decided to have pizza, while our father had his favorite dish, masala dosa.

After satisfying our hunger, we proceeded to our following flight towards Delhi International Airport. We arrived at 2:00 pm. Subsequently, we utilized an Uber service to travel to our uncle's residence located in Gurugram, Haryana. The journey took approximately one hour. Upon arrival, our uncle (Sandeep) provided us with a brief tour of the neighborhood in which he resided. We dined at a restaurant named Haldirams to experience genuine North Indian cuisine. I must admit, it was indeed a delightful beginning.

In the evening, our aunt (Shalini) returned from work and joined us. We engaged in detailing our tour programme before heading out to dine at a restaurant named Shri Ram Dhaba. Being a foodie, I wanted to experience the authentic north Indian dishes and Shri Ram Dhaba was the most perfect one to start with. The meal was delightful, and we returned home content. As we woke up early in the morning, we were exhausted. We retired to bed early, anticipating the start of our North Indian exploration the next day.

We woke up early and today (*Second day of our visit*) is an extra-ordinary day as per our schedule. Based on Uncle and Aunt's suggestion, today we are visiting the Vehicle Museum in Central Gurugram. After enjoying a delicious Pongal breakfast prepared by our aunt, we embarked on the one-hour journey in Uncle's car. As a teenage boy, my passion for cars knows no bounds. So as my little brother who is also crazy on cars and automotives. Upon arrival at the Museum, we were greeted by a stunning art installation crafted from road signs, traffic signals, and tires. Inside, we marveled at India's first tram from 1873, originally from Kolkata, as well as a suspended Tata F1 car. We saw numerous historically significant cars, as well as the first US flights and ships. One particular standout was a Contessa car adorned with an impressive 20,300 1-rupee coins.

Equipped with audio guides, we delved into the fascinating evolution of vehicles. It is worth to say that the authorities have taken extra care in arranging the vehicles in such a way that we understand how in the past people commuted to different places for business and personal purpose.

A highlight in the Museum was a movie showcasing the evolution of space exploration at 12:30pm. After watching the movie, I started to believe that one day we all will get a chance to travel to space as there will be enough vehicles to take us there. Hope my belief becomes a reality!!!

We left the museum by 1 30 pm. We reached our house by 2 30 and had lunch. Me and my brother played UNO meanwhile father and uncle booked hotel rooms for the upcoming days. We had dinner and went to sleep since we had to wake up early in the morning to travel to Pink City - Jaipur.

Our travel to Jaipur was by road and let me be frank here – I was astonished to see 8 lane highways in India. Never had a chance to see such big highways in Kerala and the Delhi Mumbai expressway blew my mind and changed my perceptions about roads in India. My little brother (Siddhu) was excited as he could see cars cruising at very high speeds. On

our way we had breakfast at a Dhaba, and the amount of ghee added onto the parathas were enormous. I wonder, after my North Indian trip, I will add more weight, but for the moment, I ignore such thoughts as this is my rare chance to grab authentic north Indian delicious food. We got back to the road and about two and a half hours later we reached the outskirts of Jaipur.

In Jaipur, we planned to visit Hawa Mahal, Albert Hall, Jantar Mantar and Amber Fort. We used the help of Google Map for reaching these destinations. This has been very helpful throughout our journey. I could see that these maps are being used extensively by people all around.

Before visiting the Hawa Mahal, we visited albert hall which was a place built by the British people. It is considered to be one of the oldest museums in the state. Among many attractions, one of the things which sought my attention was the pictures drawn on the walls based on Ramayana and Mahabharatha. Then we went to visit Hawa Mahal, a magnificent palace with about 953 small windows in it. These windows were made so that the ladies of the royal court were able to watch the drama of the streets unobserved behind their delicate lattice. The palace rosy/pink colour comes from the natural sandstone from which it was built. Even the shops, houses, restaurants and cafeterias near the palace were also painted in a pink color. We parked the car in the parking lot and took a rickshaw. Most of the rickshaws were modified e-bikes. We saw Hawa Mahal and at the entrance my mother saw a family wearing Rajasthani clothes and taking photos. Shortly thereafter, I found myself dressed in traditional Rajasthani attire next to my mother who pretty much looked like a local Rajasthani. Following the visit to Hawa Mahal, we felt hungry and decided to taste the renowned Rajasthani thali. Considering its richness, my brother and I opted for roti instead.

After lunch, we went to take rest at our hotel which looked awesome. Hotel was called Umaid Haveli. It had all the features like pool, gym and restaurant. We were so excited since we were going to the pool after a long time. We had dinner and went to bed; little did we know, tomorrow we were visiting a place of historical significance.


After the breakfast on the fourth day of our north Indian tour – second day in Jaipur, we started towards a fort in Jaipur. Forts were an important part of a king's life and today we were going to see Amber fort. The Amber fort pronounced as Amer fort was a fort built by Man Singh I. Our tour guide gave us information about the king and the palace. The fort was surrounded by a wall which stretch up to 12 km. It is the world's 3rd longest wall. The guide explained the daily life of the king and the queens. The king was a very brilliant person. The king had 12 wives and the wives quarrelled every time they saw each other. So, he came up with a plan, he built 12 rooms with each a kitchen, a dressing room, and a bedroom. That made me think it was no wonder British conquered India so easily, the kings were busy managing family issues.

Another interesting thing was the queens wanted to see stars in the day so, the king made a room covered with mirrors. When the doors are closed, he shines the torch, and the light gets reflected on the mirrors. This looks like stars. We saw the Rajasthani textile shops and they brainwashed us to buy some sarees. We were tired and had to be back to Gurugram before getting it too late. Hence, we decided to skip Jantar Mantar and returned.

We wanted to cover maximum places within the next few days so we thought of a quick tour of Delhi. We found the travel agency called Panickers travels which would give us a one-day tour of Delhi. We booked the tickets online

and traveled the next day in the bus organized by the tour operator.

We visited the India Gate and took photos. We could see that the India Gate has about 20,000 martyrs' names written on it. After that we saw the Lotus temple. We visited the Parliament house, Army HQ, Navy HQ, Air force HQ and DRDO HQ. We saw the Qutab Minar which was the tower built based on a victory of the Khilji dynasty over king Prithvi raj Chauhan. We had lunch at the Tamil Nadu house. We saw the Indra Gandhi Museum which showed a brief history about our first women prime minister. We also saw the Teen murthi bhavan and the Mahatma Gandhi Museum.



After this, we went to the historical Lal Qila or the Red Fort which was built under the great Mughal emperor Shah Jahan while shifting his capital from Agra to Delhi. Since it was a scheduled tour and Gurugram was a one-hour trip from Delhi, we reached uncle's house late at night.

After taking rest for a day in Uncle's house, we started our journey to Amritsar in Punjab. We started the journey to Amritsar in the Swarn Shatabdi train. After reaching Amritsar, we got a cab which took us to Attari railway station as well as to the Wagah border. I feel that we should call it as Attari border as the Indian part of the border is called Attari and Pakistan part is called Wagah. We witnessed the parade along with a huge crowd and the Border Security Force (BSF) was very active in cheering the audiences. The parade was very interesting, and the feeling of patriotism grew in our hearts. We bought some souvenirs to bring back home.

But there was an unexpected turn of events awaiting us. The hotel which we booked was not clean and tidy, but we had no choice but to stay in the place as we did not have enough energy to look for other hotels.

We visited the golden temple and at night it looked beautiful we had langar (food served in gurudwaras) for dinner. The cleanliness in the temple is worth to mention here and the swiftness by which the temple authorities provide langar to all who visit the temple anytime was surprising to me.

After visiting the temple, we came back to hotel and slept. We have decided to check out this hotel in the morning itself.

We woke up as early as possible and were very happy to leave the hotel. We kept our baggage in the counter. We had Amritsari kulcha and went to visit the golden temple, but we could not see inside since we had to wait for about 4 to 5 hours. So instead, we visited the Jallianwala Bagh. While entering the narrow path to the Jallianwala Bagh, I remember the portions studied from the History text. Though I am not very interested in History as a subject, seeing the bullet marks in the wall followed by reading the scripts mentioning the incidents that happened during our freedom struggle, I was heart broken.

We later visited the India Pakistan partition museum which depicted the sufferings and loss of people from both sides. We went back to the temple and visited the Sikh Museum. It gave us the information about the cruelty suffered by Sikhs. By evening, we got onto the train and reached Delhi by 11 pm.

The next day we were having fun at house while our parents went shopping at the Sarojini

market. We ate biryani made by our aunt for lunch and had Donuts and Vada pav for dinner. This felt like a break for us. We slept a little early since tomorrow we will be going to a special place.

The next day morning, we had to rewind our minds to the historical period of the Mughal empire. We left the house and took the Mumbai expressway to Agra. We had breakfast at a Dhaba called Asli Pappu Dhaba. After reaching Agra we parked the car and took the rickshaw which offered us a ride to Meena bazaar, to taj mahal and Agra leather factories. After this we went to the taj mahal.

A very interesting detail about the palace is that there are total of only 3 domes, but we see an illusion which shows us 5 domes. The place was designed by taj mahal for his beloved wife Mumtaz. While we were busy sightseeing our uncle went to see baby Taj, which is another place near the taj mahal where Mumtaz's grandparents were buried. We took many photos as a memory. At night after we reached Gurugram we went out and saw a book fair. I saw a collection of Geronimo stilton books at a pretty good rate. We had pani puri, ice cream and many things like that. We had to go to bed and tomorrow will be our last day in Gurugram.

As this was our last day of our tour of north India and we had to do last minute shopping. We went to a place called cyber hub in Gurugram from there we went a place called Dilli haat, a very popular shopping destination in Delhi. We bought many clothes and mementos. I could see various stalls belonging to different states, but not Kerala which was a little disappointing. On our way to Dilli haat we travelled in Delhi metro. We came back late from Dilli haat and the next day we were going back to Kerala. So, we were fast asleep.

It was time to bid farewell to Delhi and to our stay with uncle and aunt in Gurugram.

Our flight was scheduled at 2 pm so we reached the airport around 11 am. At the airport, me and my brother had a wrap while our parents had coffee. The flight took off and we reached Bangalore from there we had another flight to Trivandrum scheduled at 7 PM. We reached Trivandrum by 8.30 pm. After reaching the house I was finally relived. The trip was fun but there is no place better than home. ●

---

പേജ് 86 തുടർച്ച

these two. It should not be an effort to eradicate Sanatana Dharma religion which Hindus generally practice. If these deliberations are to be free speech that framers of our Constitution conceived, remember one thing, it should not be abusing Hindus. When it becomes a hate speech against a community, it is in contravention of the provisions under Article 19(2) of the Indian Constitution. Total eradication of Hinduism is also violation of fundamental right to religion. Article 17 of Constitution has declared that untouchability has been abolished. But it is still unfortunately practised in some place.

As a multi-religious country, even if difference of religion and castes exist, we must have mutual love and respect and must have equality of opportunities. There should not be societal discord. In short, societal harmony is what we cherish.Hidustan/ Bharath has given asylum to Jews, Parsis, Bangladeshis etc. when they knocked at India's doors for help in their bare necessity for existence. Sanatana Dharma had gone through so many tough tests and trials. It survived 1) foreign invasion of countries like Turkey and Greece, 2) forceful conversions and worst of it all, 3) terrorism. So Hinduism cannot perish. It is ETERNAL. ●

# യൂണിറ്റ് വാർത്തകൾ - വിശേഷങ്ങൾ

## തിരുവനന്തപുരം

**അനുശോചനം**

ക്ഷത്രിയ ക്ഷേമസഭയുടെ മുൻ സംസ്ഥാന പ്രസിഡന്റും തിരുവനന്തപുരം സഭയുടെ മുൻ പ്രസിഡന്റും ഇപ്പോഴത്തെ ഭരണസമിതി ഉപദേശ കസമിതി അംഗവുമായ പി.ജി. ശശികുമാർ വർമ്മ യുടെ നിര്യാണത്തിൽ തിരുവനന്തപുരം ക്ഷത്രിയ ക്ഷേമസഭ അംഗങ്ങൾ പന്തളത്ത് എത്തി സംസ്കാര ചടങ്ങുകളിൽ പങ്കെടുക്കുകയും സഭ യുടെ അനുശോചനം രേഖപ്പെടുത്തുകയും ചെയ്തു. 17-02-2024 ശനിയാഴ്ച വൈകിട്ട് സുന്ദര വിലാസം കൊട്ടാരത്തിൽ കൂടിയ അനുശോചന യോഗത്തിൽ കേന്ദ്രസഭ പ്രസിഡന്റ് ഡോ. ലളി താംബിക അധ്യക്ഷത വഹിച്ചു. ആർ. രാമവർമ്മ, കെ.എൽ. ശ്രീകൃഷ്ണദാസ്, ഡോ. അജയ്കുമാർ വർമ്മ, ശോഭവർമ്മ രാജ, എസ്. അജയകുമാർ വർമ്മ, ഡോ. ഗംഗ കിഷോർ, ഡോ. നാരായണൻ പണ്ടാല, ജയകുമാർ വർമ്മ, എം.കെ. രമണി വർമ്മ എന്നിവർ അദ്ദേഹത്തിന്റെ സ്മരണ പുതുക്കി സംസാരിച്ചു. സെക്രട്ടറി പി.കെ. ജയചന്ദ്ര വർമ്മ നന്ദി പ്രകാശിപ്പിച്ചു.

തിരുവനന്തപുരം ക്ഷത്രിയക്ഷേമസഭയുടെ ഭര ണസമിതി യോഗം മാർച്ച് 10, ഏപ്രിൽ 6 എന്നീ തീയതികളിൽ നടത്തി വേണ്ട നടപടികളും ഭാവി പ്രവർത്തനങ്ങളും വിലയിരുത്തി. ഫെബ്രുവരി 25 ന് ലോകപ്രശസ്തമായ ആറ്റുകാൽ പൊങ്കാലയ്ക്ക് തിരുവനന്തപുരം ക്ഷത്രിയ ക്ഷേമസഭയും ആതിഥ്യം വഹിച്ചു. തിരുവനന്തപുരം സഭയിലെ കൂടാതെ പിലാത്തറ, തൃശൂർ, വെള്ളാരപ്പിള്ളി, വൈക്കം, പന്തളം, തിരുവല്ല, തൃപ്പൂണിത്തുറ യൂണിറ്റുകളിൽ നിന്ന് വന്ന വനിത മെമ്പർമാർക്ക് സഭാ ഓഫീസിൽ വെച്ച് പൊങ്കാല ഇടുവാനുള്ള സൗകര്യവും ഭക്ഷണവും വെള്ളവും സഭയുടെ വകയായി നൽകി.

2024 മാർച്ച് 31-ന് തിരുവനന്തപുരം രംഗവി ലാസം ഹാളിൽ വെച്ചു നടന്ന പ്രതിമാസ പരിപാ ടിയിൽ പ്രസിഡന്റ് കിഷോർകുമാർ വർമ്മയുടെ



അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ ഫ്രഞ്ച് ഗവ ണ്മെന്റിന്റെ ഷെവലിയർ പുരസ്ക്കാരം നേടിയ H.H. പൂയം തിരുനാൾ ഗൗരി പാർവ്വതി ബായി ത്തമ്പുരാട്ടി , പത്മശ്രീ ഉൾപ്പെടെ വിവിധ പുര സ്ക്കാരങ്ങൾ നേടിയ H.H. അശ്വതി തിരുനാൾ ഗൗരി ലക്ഷ്മിബായി തമ്പുരാട്ടി, നിരവധി സാഹിത്യ പുരസ്ക്കാരങ്ങൾക്ക് അർഹനായ സഭാ മെമ്പർ കൂടിയായ ഡോ. എഴുമറ്റൂർ രാജരാജ വർമ്മ എന്നിവരെ ആദരിച്ചു. യോഗത്തിൽ മുൻ അംബാ സിഡർ ടി.പി. ശ്രീനിവാസൻ മുഖ്യപ്രഭാഷണം നട ത്തി. കെ.എൽ. ശ്രീകൃഷ്ണദാസ്, ഡോ. നാരായ ണൻ പണ്ടാല, ആർ. രാമവർമ്മ എന്നിവർ ആശംസകൾ നേർന്നു സംസാരിച്ചു. സഭയുടെ ഉപ ഹാരം മുതിർന്ന അംഗവും സഭയുടെ ഉപദേശക സമിതിയംഗവുമായ കെ.എൽ. ശ്രീകൃഷ്ണദാസ് നൽകി. കൃഷ്ണകുമാർ വർമ്മയുടെ ഈശ്വര പ്രാർത്ഥനയോടെ ആരംഭിച്ച യോഗം മുതിർന്ന അംഗം ജി. രാമവർമ്മയുടെ നന്ദി പ്രകാശനത്തോടെ അവസാനിച്ചു.

## പന്തളം

യൂണിറ്റിന്റെ ഭരണ സമിതി യോഗം 3-3-2024-ൽ ക്ഷത്രിയ ക്ഷേമസഭ ഓഫീസിൽ വച്ച് നടന്നു. പ്രധാനമായും അന്തരിച്ച പി.ജി. ശശികുമാർ വർമ്മ അനുശോചന യോഗം ആയിരുന്നു.

പിന്നീട് പന്തളം പാലസ്ക്ലബ്ബിന്റെ ആഭിമുഖ്യ ത്തിൽ പാലസ് വെൽഫെയർ സൊസൈറ്റി അന്നദാന ഹാളിൽ ചേർന്ന യോഗത്തിൽ, യൂണിറ്റ് പ്രസിഡന്റ് പി. രാഘവവർമ്മ രാജാ, സെക്രട്ടറി ജ്യോതി വർമ്മ മറ്റ് ക്ഷത്രിയ സഭാംഗങ്ങൾ

എന്നിവർ പി.ജി. ശശികുമാർ വർമ്മ അനുസ്മരണ യോഗത്തിൽ അദ്ദേഹത്തോടൊപ്പമുള്ള ഓർമ്മ കൾ പങ്കുവച്ചു.

മഹാകവി പന്തളം കേരള വർമ്മ വായനശാല യിലും ശശികുമാർ അനുസ്മരണയോഗം ചേർന്നു, സഭാംഗങ്ങൾ പങ്കെടുത്തു സംസാരിച്ചു.



തൃശൂർ ക്ഷത്രിയ ക്ഷേമസഭാ സെക്രട്ടറിയും, കൊട്ടാരം നിർവ്വാഹക സംഘം പ്രസിഡന്റുമായ ശങ്കർ വർമ്മയുടെ ഷഷ്ട്യബ്ദപൂർത്തി ചടങ്ങുകൾ 1-4-2024-ൽ പന്തളത്ത് ശ്രാമ്പിക്കൽ കൊട്ടാര ത്തിൽ വച്ച് നടന്നു. മുതിർന്ന കമ്മിറ്റി അംഗം എൻ. ആർ. കേരളവർമ്മ പൊന്നാടയണിയിച്ചും, വൈസ് പ്രസിഡന്റ് അരുൺ കുമാർ വർമ്മ പൂച്ചെണ്ട് നൽകിയും അദ്ദേഹത്തെ ആദരിച്ചു. ക്ഷത്രിയ സഭാംഗങ്ങൾ ചടങ്ങിൽ പങ്കെടുത്ത് ആശംസകൾ അർപ്പിച്ചു.

## കോട്ടയം

ക്ഷത്രിയ ക്ഷേമ സഭ കോട്ടയം യൂണിറ്റ് വാർഷിക സമ്മേളനവും പൊതുയോഗവും മേയ്



26 ന് രാവിലെ 9-ന് നടക്കും. വാർഷിക റിപ്പോർട്ട്, പൊതു സമ്മേളനം, ഭാരവാഹികളുടെ തിരഞ്ഞെ ടുപ്പ്, കലാപരിപാടികൾ എന്നിവ ഉണ്ടായിരിക്കും.

മറ്റ് തീരുമാനങ്ങൾ:

* ഏപ്രിൽ 28 മുതൽ വീട് സന്ദർശനം. അംഗത്വം പുതുക്കൽ, മുഴുവൻ കുടുംബങ്ങൾക്കും അംഗത്വം എന്ന ലക്ഷ്യം പൂർത്തിയാക്കൽ, ക്ഷാത്രസ്പന്ദനം വരിസംഖ്യ ചേർക്കൽ, എല്ലാ വീട്ടിലും ഒരു ക്ഷാത്രസ്പന്ദനം ലക്ഷ്യം, കുടിശിക പിരിക്കൽ, റിയാക്ട് പദ്ധതി വിശദീകരിക്കൽ, റിയാക്ടിലേക്ക് ഒരു നിധി സ്വരൂപിക്കൽ, വിദ്യാർഥികളുടെ സ്കോളർഷിപ്പ്, എൻഡോവ്മെന്റ് അപേക്ഷ വാങ്ങൽ, മുന്നാക്ക സമുദായ കോർപ്പ റേഷൻ (സമുന്നതി) പദ്ധതികൾ ലഘുലേഖ വിതരണം എന്നിവയാണ് വീട് സന്ദർശനത്തിലൂടെ ലക്ഷ്യമിടുന്നത്.

- കേന്ദ്രസഭയ്ക്കുള്ള കുടിശിക പൂർണമായും കൊടുത്ത് തീർക്കും.
- യൂണിറ്റിന് യുവ ഗ്രൂപ്പ് രൂപീകരിക്കും.
- ഇപ്പോഴുള്ള വനിതാവിഭാഗം ശക്തമാക്കും.

## കരിവെള്ളൂർ

യൂണിറ്റ് ഭരണസമിതി യോഗം പ്രസിഡന്റ് പി. എം. സുബ്രഹ്മണ്യന്റെ വസതിയിൽ വെച്ച് 10-03-2024 ന് ഞായറാഴ്ച വൈകുന്നേരം 3 മണിക്ക് നടന്നു. യോഗത്തിൽ ഇ.എം. കൃഷ്ണകുമാർ സ്വാഗതം പറഞ്ഞു. പ്രസിഡന്റ് അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ സെക്രട്ടറി ടി.എം. ശ്രീകുമാർ റിപ്പോർട്ടും വരവ്-ചെലവ് കണക്കും അവതരിപ്പി ച്ചു. തുടർന്ന് നടന്ന ചർച്ചയിൽ വി.എം. ദാമോദ രൻ, സി.കെ. മധു, എസ്.പി. ശശിധരൻ തമ്പാൻ സി.കെ. രാഘവൻ, എൻ.എം. പവിത്രൻ. പി.എം. രാധാകൃഷ്ണൻ, ടി.എം. രാധാകൃഷ്ണൻ (വെ ള്ളോറ), ഡോ.എം.എം. കവിത, എൻ.കെ. പരമേ ശ്വരൻ എന്നിവർ പങ്കെടുത്തു സംസാരിച്ചു. തുടർന്ന് റിപ്പോർട്ടും വരവ്-ചെലവ് കണക്കും അംഗീകരിച്ചു. REACT ൽ നിന്നുള്ള ചികിത്സാ ധന സഹായത്തിനുള്ള 3 അപേക്ഷകൾ തുടർ നടപടി കൾക്കായി REACT ലേക്ക് അയച്ചുകൊടുക്കാൻ തീരുമാനിച്ചു. യൂണിറ്റ് ട്രഷറർ എൻ.കെ.കെ. ഉണി ത്തിരി നന്ദി പറഞ്ഞു. യോഗം 5 മണിക്ക് അവസാ നിച്ചു.

ക്ഷത്രിയ ക്ഷേമസഭ കരിവെള്ളൂർ യൂണിറ്റ് അംഗങ്ങളായ ടി.എം. രാജമോഹനന്റെയും കെ. ഷീലയുടെയും മകൻ വിവേകും കണ്ണൂർ ചൊവ്വ 'നാരായണി'യിൽ ഇ.കെ. ശശീന്ദ്രന്റെയും പി. രഞ്ജിനിയുടെയും മകൾ ശർമിളയും തമ്മിലുള്ള വിവാഹം 11-02-2024 ന് ഞായറാഴ്ച രാവിലെ 11 മണിക്കും 12 മണിക്കും ഇടയിലുള്ള ശുഭ മുഹൂർത്തത്തിൽ കണ്ണൂർ തെക്കേ ബസാറിലുള്ള 'അമാനി' ഓഡിറ്റോറിയത്തിൽ വെച്ച് ബന്ധുമിത്രാദികളുടെയും കുടുംബാംഗങ്ങളുടെയും സുഹൃത്തുക്കളുടെയും സാന്നിദ്ധ്യത്തിൽ സമംഗളം നടന്നു.

ക്ഷത്രിയ ക്ഷേമസഭ കരിവെള്ളൂർ യൂണിറ്റ് അംഗവും ചെന്നൈ ശബരി നിവാസിൽ പി.എം. മനോരമയുടെയും എസ്. ഹരിഹരവർമ്മയുടെയും മകൾ വൈഷ്ണവിയും നാഗേന്ദ്രനും തമ്മിലുള്ള വിവാഹം 24-03-2024 ന് ഞായറാഴ്ച രാവിലെ 10 മണിക്കുള്ള ശുഭമുഹൂർത്തത്തിൽ ചെന്നൈ മഹാലിംഗപുരം അയ്യപ്പ ഗുരുവായൂരപ്പ ക്ഷേത്രത്തിൽ വെച്ച് കുടുംബാംഗങ്ങളുടെയും ബന്ധുമിത്രാദികളുടെയും സാന്നിദ്ധ്യത്തിൽ സമംഗളം നടന്നു.

## തൃശ്ശൂർ

**തൃശ്ശൂർ ക്ഷത്രിയ ക്ഷേമസഭ നാലാമത് ചെറുണ്ണ്യേട്ടൻ അനുസ്മരണ യോഗം-24-3-24**

2024 മാർച്ച് 24 -ാം തീയതി, തൃശ്ശൂർ ചെമ്പുക്കാവ് എഞ്ചിനിയേഴ്സ് ഹാളിൽ വച്ച് നാലാമത് ചെറുണ്ണ്യേട്ടൻ അനുസ്മരണ യോഗം നടന്നു. പ്രസിഡന്റ് പി.സി. സുധീരൻ അദ്ധ്യക്ഷനായി. ദീപം കൊളുത്തി ഉദ്ഘാടനം രക്ഷാധികാരി പി.സി. പ്രഹ്ലാദൻ വർമ്മയും മുഖ്യ പ്രഭാഷകൻ വൈദ്യ: എം. പ്രസാദും ചേർന്ന് നിർവ്വഹിച്ചു. പിന്നീട് അദ്ധ്യക്ഷൻ തന്റെ പ്രസംഗത്തിൽ ചെറുണ്ണ്യേട്ടന്റെ ഓർമ്മകളും ഉപദേശങ്ങളും പങ്കുവച്ചു. പിസി. സനത്കുമാറും പി.സി. ദിലീപ് വർമ്മയും ചെറുണ്ണ്യേട്ടന്റെ കൂടെ പ്രവർത്തിച്ചപ്പോൾ ഉണ്ടായ അനുഭവങ്ങൾ വിവരിച്ചു. പദ്മിനി വർമ്മ തന്റെ പിതാവ് ചെറുണ്ണ്യേട്ടനുമായുള്ള ചെറുപ്പകാല സ്മരണകൾ അയവിറക്കി. തന്റെ വായനാശീലത്തിന്റെ പ്രേരകശക്തി അച്ഛനായിരുന്നുവെന്ന് പറഞ്ഞു.




പിന്നിട് മുഖ്യ പ്രഭാഷണമായിരുന്നു. പി.സി. സുധീരൻ, പ്രഭാഷണമായ 'അന്നം ആനന്ദം' എന്ന വിഷയത്തെയും പ്രഭാഷകൻ വൈദ്യ: എം. പ്രസാദിനെയും സദസ്യർക്ക് പരിചയപ്പെടുത്തി. തുടർന്ന് പ്രസാദിന്റെ ദൃശ്യ-ശ്രവ്യ മാദ്ധ്യമത്തിലൂടെയുള്ള പ്രഭാഷണം നടന്നു.

ഈ പ്രഭാഷണം തികച്ചും പ്രൗഢഗംഭീരമായിരുന്നു. 'അന്നം' എന്ന വിഷയത്തെപ്പറ്റിയാണ് അദ്ദേഹം സംസാരിച്ചത്. അന്നം ബ്രഹ്മം തന്നെയെന്ന് അദ്ദേഹം ഗീതാശ്ലോകം ഉദ്ധരിച്ച് നമ്മെ മനസ്സിലാക്കിത്തന്നു.

ഭക്ഷണം കഴിക്കേണ്ടതിന്റെ ശ്രദ്ധയെപ്പറ്റിയും ഭക്ഷണത്തെ സ്വാധീനിക്കുന്ന ദേശീയ-സാംസ്ക്കാരിക-സാമൂഹ്യ ഘടകങ്ങളെപ്പറ്റിയും ശ്രോതാക്കളെ ബോധവാന്മാരാക്കി. അന്നത്തിൽ നിന്ന് ആനന്ദത്തിലേക്കുള്ള യാത്രയും അദ്ദേഹം നമ്മെ മനസ്സിലാക്കിത്തന്നു.

സെക്രട്ടറി ശങ്കർ വർമ്മ സ്വാഗതം പറഞ്ഞു. യോഗാവസാനത്തിൽ ട്രഷറർ ദിലീപ് വർമ്മ, പ്രഭാഷകൻ വൈദ്യ പ്രസാദിനും പങ്കെടുത്ത എല്ലാ ക്ഷത്രിയ കുടുംബാംഗങ്ങൾക്കും നന്ദി പറഞ്ഞു. മനോജ് വർമ്മ സ്തുത്യർഹമാം വിധത്തിൽ യോഗത്തെ നയിച്ചു... യോഗത്തിൽ പങ്കെടുക്കുന്നവർക്കായി ലഘു ഭക്ഷണം ഒരുക്കിയിരുന്നു. വൈകിട്ട് ആറര മണിയോടെ ദേശീയ ഗാനാലാപനത്തോടെ യോഗം പിരിഞ്ഞു.

## ഇരിട്ടി

ക്ഷത്രിയ ക്ഷേമസഭ ഇരിട്ടി യൂണിറ്റിന്റെ 2023-24 വർഷത്തെ വാർഷിക പൊതുയോഗം ഇരിട്ടി കീഴൂർ ശ്രീ വൈരിഘാതകൻ ഭഗവതി ക്ഷേത്ര ഹാളിൽ വച്ച് 25 -2 - 2024 ഞായറാഴ്ച 11 am-ന് പ്രസിഡന്റ് കമലകുമാരി ടീച്ചറുടെ അധ്യക്ഷത



യിൽ ക്ഷത്രിയ ക്ഷേമസഭ ജനറൽ സെക്രട്ടറി മധുകുമാർ വർമ്മ ഉപാധ്യക്ഷൻ റ്റി.എം. ശ്രീകുമാർ എന്നിവരുടെ മഹനീയ സാന്നിധ്യത്തിൽ നടന്നു ഭുവനദാസൻ വാഴുന്നവർ ദീപ പ്രോജ്ജ്വലനം നടത്തി ഈശ്വര പ്രാർത്ഥനയോടെ തുടങ്ങിയ യോഗത്തിൽ സെക്രട്ടറി ഉണ്ണിക്കൃഷ്ണൻ മാസ്റ്റർ സ്വാഗതം ആശംസിച്ചു. മധുകുമാർ വർമ്മയുടെയും ശ്രീകുമാറിന്റെയും ആശംസാഭാഷണത്തിനു ശേഷം REACT ലേക്കായി അംഗങ്ങളിൽ നിന്നു പിരിച്ച 20,000 രൂപ സഭ സംസ്ഥാന സെക്രട്ടറിക്കു കൈമാറി. സെക്രട്ടറി അവതരിപ്പിച്ച വാർഷിക റിപ്പോർട്ടും വരവു ചെലവു കണക്കുകളും ചർച്ച ചെയ്ത് പാസ്സാക്കി. ഉച്ചഭക്ഷണത്തിനു ശേഷം നടന്ന കലാപരിപാടികൾ ഭംഗിയായി. മോഹൻ ദാസ് വാഴുന്നവർ സമ്മാനദാനം നടത്തി. അടുത്ത വർഷങ്ങളിലേക്കുള്ള ഭാരവാഹികളുടെ തിരഞ്ഞെടുപ്പിനായി ജവഹർ അവതരിപ്പിച്ച പാനൽ ഏകകണ്ഠമായി അംഗീകരിച്ച് പാസ്സാക്കി യോഗം സമംഗളം പര്യവസാനിച്ചു.

## നീലേശ്വരം

ക്ഷത്രിയ ക്ഷേമസഭ മുൻ സംസ്ഥാന പ്രസിഡന്റ് പി.ജി. ശശികുമാര വർമ്മയുടെ നിര്യാണത്തിൽ നീലേശ്വരം ക്ഷത്രിയ ക്ഷേമസഭ അനുശോചനം രേഖപ്പെടുത്തി. നീലേശ്വരം കോവിലകത്ത് വച്ച് നടന്ന അനുശോചന ചടങ്ങിൽ യൂണിറ്റ് പ്രസിഡന്റ് വി.സി. കൃഷ്ണവർമ്മ രാജ അധ്യക്ഷത വഹിച്ചു. സ്വഭാവഗുണം കൊണ്ടും പരോപകാരാർത്ഥ തൽപ്പരത കൊണ്ടും, കുലീനത്വം കൊണ്ടും സ്നേഹമസൃണമായ സമീപനം കൊണ്ടും നമ്മുടെ ഹൃദയത്തിൽ സ്ഥിരപ്രതിഷ്ഠ നേടിയ വ്യക്തിയാണ് പി.ജി. ശശികുമാര വർമ്മ. നീലേശ്വരം ക്ഷത്രിയ ക്ഷേമസഭയുടെ യൂണിറ്റ് രൂപീകരണത്തിൽ മുഖ്യ പങ്കുവഹിച്ച വ്യക്തിയാണ്, ക്ഷത്രിയ ക്ഷേമസഭയ്ക്ക് അദ്ദേഹത്തിന്റെ വേർപാട് തീരാനഷ്ടമാണ് എന്നും അദ്ദേഹത്തെ അനുസ്മരിച്ചുകൊണ്ട് കെ.സി. മാനവർമ്മ രാജ സംസാരിച്ചു. എ.സി. രാകേഷ്, ഡോക്ടർ കെ.സി.കെ. രാജ, ടി.സി. കൃഷ്ണവർമ്മ രാജ, പി.കെ. സുഭാഷ് വർമ്മ, ഡോ. ടി.സി. വിജയകൃഷ്ണൻ, ടി.സി. മനോരമ തമ്പുരാട്ടി എന്നിവർ അനുശോചനം അർപ്പിച്ച് സംസാരിച്ചു.

## അശീതി ആശംസകൾ



അള്ളട സ്വരൂപം നീലേശ്വരം രാജവംശത്തിലെ അഞ്ചാംകൂർ രാജാവ് കിനാവൂർ കോവിലകത്ത് ഉദയവർമ്മ രാജയുടെ എൺപതാം പിറന്നാൾ കുടുംബാംഗങ്ങളുടെ സാന്നിധ്യത്തിൽ സമുചിതമായി ആഘോഷിച്ചു ക്ഷത്രിയ ക്ഷേമസഭ നീലേശ്വരം യൂണിറ്റ് പ്രസിഡണ്ട് വി.സി. കൃഷ്ണവർമ്മ രാജാ യൂണിറ്റിനുവേണ്ടി പൊന്നാടയണിച്ച് പിറന്നാൾ ആശംസകൾ അർപ്പിച്ചു സംസാരിച്ചു.

## പിലാത്തറ

11-02-2024 ഞായറാഴ്ച രണ്ടര മണിക്ക് എഴിലോട് യോഗക്ഷേമസഭാ മന്ദിരത്തിൽ വച്ച് സഭയുടെ വാർഷിക സമ്മേളനവും ഭാരവാഹികളുടെയും എക്സിക്യൂട്ടീവ് അംഗങ്ങളുടെയും തെരെഞ്ഞെടുപ്പും നടന്നു.

ഉച്ചക്ക് 2.30 ന് ആരംഭിച്ച ചടങ്ങിന് സെക്രട്ടറി മനോജ് കുമാർ എസ്.കെ. സ്വാഗതം പറഞ്ഞു. മോഹനവർമ്മ പി.കെ. അധ്യക്ഷനായിരുന്നു. ശ്രീ വെദിര മന വിഷ്ണു നമ്പൂതിരി (എം.ഡി., കേശവ തീരം) ദീപ പ്രോജ്ജ്വലനവും ഉദ്ഘാടനവും നടത്തി.

ചടങ്ങിന് കൃഷ്ണവർമ്മ രാജ വി.സി. നീലേശ്വരം, പുരുഷോത്തമൻ സി.കെ., സജിൻ മാസ്റ്റർ, എന്നിവർ ആശംസകളർപ്പിച്ച് സംസാരിച്ചു.



കേശവതീരം ആയുർവേദ ഡോക്ടറുടെ നേതൃത്വത്തിൽ പ്രമേഹം, ബി.പി., തൂക്കം എന്നിവ പരിശോധന നടത്തി.

സെക്രട്ടറി മനോജ് കുമാർ എസ്.കെ. വാർഷിക റിപ്പോർട്ട് അവതരിപ്പിച്ച ശേഷം ട്രഷറർ ജനാർദ്ദനൻ സി. വരവ്-ചിലവ് കണക്ക് അവതരിപ്പിച്ചു. സോമേശ്വരി വി.ടി പ്രമേയാവതരണം നടത്തി. പൊതുചർച്ചയിൽ പത്മനാഭൻ കെ.എൻ., ത്രിവിക്രമൻ വാഴുന്നവർ, അഭിമന്യു, ഡോ. മധു, ജയരാജൻ പി.കെ. തുടങ്ങിയവർ പങ്കെടുക്കുകയും റിപ്പോർട്ടും വരവ്-ചെലവ് കണക്കും പ്രമേയവും എല്ലാവരും കരഘോഷത്തോടെ പാസ്സാക്കുകയും ചെയ്തു.

തുടർന്ന് നടന്ന പുതിയ ഭാരവാഹികളുടെ തെരെഞ്ഞെടുപ്പ് കൃഷ്ണവർമ്മ രാജ നിയന്ത്രിച്ചു. താഴെപറയുന്നവർ പുതിയ ഭാരവാഹികളായി ചുമതലയേറ്റു.

രക്ഷാധികാരി - രാമകൃഷ്ണൻ കെ.എൻ.
പ്രസിഡന്റ് - മോഹനവർമ്മ പി.കെ.
വൈസ് പ്രസിഡന്റ് - രാജീവൻ കെ.ഇ.
സെക്രട്ടറി - മനോജ് കുമാർ എസ്.കെ.
ജോ. സെക്രട്ടറി - ബീനാ നാരായണൻ
ട്രഷറർ - ജനാർദ്ദനൻ സി.

*എക്സിക്യൂട്ടീവ് കമ്മറ്റിയംഗങ്ങൾ:*

ജയരാജൻ പി.കെ., വിനോദ് കുമാർ ഇ., സുഹാസ് വർമ്മ, പാർവ്വതി വർമ്മ, ബാലകൃഷ്ണൻ വി.എം., നാരായണൻ എൻ.കെ., ലീലാഭായി വി.എം., ദ്രൗപതി കെ.എൻ., ശശിധരവർമ്മ, ത്രിവിക്രമൻ വാഴുന്നവർ കെ.

*സംസ്ഥാന കൗൺസിലംഗങ്ങൾ*

പുരുഷോത്തമൻ സി.കെ., രാജൻ വി.എം., സജിൻ എസ്.പി., പ്രദീപ് കുമാർ പി.എം.,

*വനിതാ വിഭാഗം :*

പ്രസിഡന്റ് - സോമേശ്വരി വി.ടി.
സെക്രട്ടറി - ജയന്തി വി.എം.

## കുറ്റിലഞ്ഞി

**കന്യാകുമാരി തിരുവനന്തപുരം വിനോദയാത്ര**

സഭയിലെ 21 അംഗങ്ങൾ കന്യാകുമാരിയും തിരുവനന്തപുരവും ഉൾപ്പെടുന്ന ഒരു വിനോദ യാത്ര വിജയകരമായി നടത്തി. കന്യാകുമാരിയിലെ അസ്തമയവും വിവേകാനന്ദപ്പാറയും തിരുവനന്തപുരത്തെ ശ്രീപദ്മനാഭസ്വാമി ക്ഷേത്രവും അംഗങ്ങളെ വിസ്മയിപ്പിച്ചു. കവടിയാർ കൊട്ടാരത്തിലെ പൂയം തിരുനാൾ ഗൗരി പാർവതി ബായി തമ്പുരാട്ടിയെ സന്ദർശിക്കുവാനും അവരുമായി അരമണിക്കൂർ സംവദിക്കുന്നതിനും ആദരിക്കുന്നതിനും സാധിച്ചു എന്നത് അഭിമാനാർഹമാണ്. ഇതിന് അവസരം ഒരുക്കിയ സഭാ ജനറൽ സെക്രട്ടറി മധുകുമാർ വർമ്മയ്ക്ക് ഞങ്ങളുടെ ഹൃദയംകൊണ്ട് നന്ദി രേഖപ്പെടുത്തുന്നു.



*പൂയംതിരുനാൾ ഗൗരി പാർവ്വതിബായിയോടൊപ്പം*

**ചിട്ടി**

അംഗങ്ങളുടെ സാമ്പത്തിക ഭദ്രതയ്ക്കും ധന സമ്പാദ്യത്തിനും സഭ നടത്തുന്ന ചിട്ടിയുടെ ആദ്യ നറുക്കെടുപ്പ് വിഷു സംഗമത്തോടനുബന്ധിച്ച് നടന്നു.

**ഓണ ഫണ്ട് കളക്ഷൻ**

സഭയുടെ വനിതാ വിഭാഗം മുന്നിട്ടിറങ്ങി, വരുന്ന ഓണത്തിന് സമാപിക്കുന്ന വിധത്തിൽ ഒരു ഓണ ഫണ്ട് കളക്ഷൻ വളരെ ഭംഗിയായി നടത്തുന്നു. സുനിതാ ദിനേശ്, ജയശ്രീ രാമവർമ്മ,

ധന്യ സന്തോഷ്, സുപ്രിയ സുരേഷ് എന്നിവർ ഇതിന് നേതൃത്വം വഹിക്കുന്നു. ഇതുവഴി കുടുംബാംഗങ്ങളുടെ സമ്പാദ്യശീലം വളർത്തുന്നതിനും അവരുടെ സുഖവിവരങ്ങൾ അറിയുന്നതിനും സഭയ്ക്ക് കഴിയുന്നു.

**വിഷുക്കൈനീട്ടം**

സഭയുടെ ഈ വർഷത്തെ വിഷു ആഘോഷം, പൂർവാധികം ഭംഗിയായി നടത്തി. അംഗങ്ങളുടെ വസതികൾ സന്ദർശിച്ച് വിഷുക്കൈനീട്ടം കൊടുക്കുകയും കുട്ടികളുടെയും മുതിർന്നവരുടെയും സമ്പാദ്യശീലത്തെക്കുറിച്ച് അംഗങ്ങളെ ഉദ്ബുദ്ധരാക്കുകയും ചെയ്തു.

**'കെ.കെ.എസ്. സ്വരലയ'**

സഭയിലെ ഗായകരെയും ഗായികമാരെയും പ്രോത്സാഹിപ്പിക്കുന്നതിന് സ്വരലയ എന്ന പേരിൽ ഒരു മ്യൂസിക് ഗ്രൂപ്പ് ആരംഭിച്ചു പ്രവർത്തനം തുടങ്ങിയിരിക്കുന്നു സ്പീക്കറും രണ്ടു മൈക്കും അടക്കം ഒരു മ്യൂസിക് കിറ്റ് സഭയ്ക്ക് വേണ്ടി മേടിക്കുവാനും നമുക്ക് സാധിച്ചു. എല്ലാവരും പങ്കെടുത്തു വിജയിപ്പിക്കണമെന്ന് അഭ്യർത്ഥിക്കുന്നു 'സ്വരലയ'യിലെ എല്ലാ ഗായകർക്കും സഭയുടെ പേരിൽ ആശംസകൾ അർപ്പിക്കുന്നു.

കെ.കെ.എസ്. യൂത്ത് കമ്മിറ്റിയുടെ നേതൃത്വത്തിൽ നടത്തുന്ന ഫുട്ബോൾ ടൂർണമെന്റിൽ നമ്മുടെ സഭയിൽ നിന്ന് നാല് കുട്ടികൾ വെള്ളാരപ്പിള്ളി സഭയുമായി ചേർന്ന് പങ്കെടുക്കുന്ന വിവരം സന്തോഷപൂർവ്വം അറിയിക്കുന്നു.

**വിഷു സംഗമവും**
**കയ്യെഴുത്തു മാസിക പ്രകാശനവും**

സഭയുടെ വിഷു സംഗമവും പുതിയതായി ആരംഭിച്ച കയ്യെഴുത്തു മാസികയുടെ പ്രകാശനവും നടന്നു. സംസ്ഥാന ജനറൽ സെക്രട്ടറി മധുകുമാർ വർമ്മയായിരുന്നു മുഖ്യാതിഥി. യൂണിറ്റ് പ്രസിഡന്റ് കൃഷ്ണവർമ്മയായിരുന്നു അധ്യക്ഷൻ. സെക്രട്ടറി സുരേഷ് വർമ്മ സ്വാഗതം പറഞ്ഞു. വെള്ളാരപ്പിള്ളി യൂണിറ്റ് പ്രതിനിധി രാമചന്ദ്രൻ തിരൂപ്പാട്, സുജാത വർമ്മ എന്നിവർ പങ്കെടുത്തു അഡ്വ. കൃഷ്ണകുമാർ വർമ്മ, രാമവർമ്മ എന്നിവർ ആശംസകൾ അർപ്പിച്ചു. കയ്യെഴുത്ത് മാസികയെക്കുറിച്ച് ഇതിനു പിന്നിൽ അഹോരാത്രം പ്രവർത്തിച്ച അശോകൻ കേരളവർമ്മ വിവരിച്ചു. മാസികയുടെ പ്രകാശനം മധുകുമാർ വർമ്മ യൂണിറ്റ് രക്ഷാധികാരി വി.ആർ. വർമ്മയ്ക്ക് കൈമാറി നിർവ്വഹിച്ചു. യൂണിറ്റ് ജോ. സെക്രട്ടറി പ്രദീപ് വർമ്മ നന്ദി പറഞ്ഞു. തുടർന്ന് കുറ്റിലഞ്ഞി ക്ഷത്രിയ ക്ഷേമസഭയുടെ മ്യൂസിക് ബാൻഡ് ആയ 'സ്വരലയ'യുടെ സംഗീത നിശയും അത്താഴവും ഉണ്ടായിരുന്നു.

## പിലാത്തറ യൂണിറ്റ് ഭാരവാഹികൾ



മോഹനവർമ്മ പി.കെ.
(പ്രസിഡന്റ്)




മനോജ് കുമാർ എസ്.കെ.
(സെക്രട്ടറി)



ജനാർദ്ദനൻ സി.
(ട്രഷറർ)

## ശ്രദ്ധാഞ്ജലി

### അനിഴംനാൾ സരോജിനി തമ്പുരാട്ടി




തിരുവല്ല പാലിയക്കര കൊട്ടാരം വലിയ തമ്പുരാട്ടി അനിഴംനാൾ സരോജിനി തമ്പുരാട്ടി (98) അന്തരിച്ചു. ഭർത്താവ്: പരേതനായ ഇ. കേരളവർമ്മ (എണ്ണക്കാട്ട് കൊട്ടാരം). മക്കൾ: വസന്ത രാമനാരായണൻ, ഹരിദാസ് വർമ്മ. മരുമക്കൾ: രാമനാരായണൻ, നിർമ്മല ഹരിദാസ്.

### ചന്ദ്രമണി തമ്പുരാട്ടി



കൊടുങ്ങല്ലൂർ കോവിലകം അമ്മ തമ്പുരാൻ ചിറക്കൽ കോവിലകം ചന്ദ്രമണി തമ്പുരാട്ടി (92) അന്തരിച്ചു. ഭർത്താവ്: പരേതനായ കെ.ജി. വർമ്മ (തൃപ്പൂണിത്തുറ മംഗള മഠം). മക്കൾ: അഭയ വർമ്മ, അപർണ്ണ വർമ്മ, സനത് കുമാർ വർമ്മ. മരുമക്കൾ: സതീഷ് കുമാർ വർമ്മ, സതീശൻ തമ്പുരാൻ.

### രാജരാജവർമ്മ തിരുമുൽപ്പാട്



ഇരിങ്ങാലക്കുട അവിട്ടത്തൂർ കൊട്ടാരത്തു മഠത്തിൽ രാജരാജ വർമ്മ തിരുമുൽപ്പാട് (രാജപ്പൻ -88) അന്തരിച്ചു. ഏലൂർ ഹിന്ദുസ്ഥാൻ ഇൻസെക്ടിസൈഡ്സ് ലിമിറ്റഡ് റിട്ട. ഉദ്യോഗസ്ഥനാണ്. ഭാര്യ: ചന്ദ്രിക രാജപ്പൻ (പടിഞ്ഞാറെ കോതമംഗലത്തു മഠം, തൃപ്പൂണിത്തുറ). മക്കൾ: പി.കെ. ശൈലജ, പി.കെ. ജയചന്ദ്രവർമ്മ (ജയക്കുട്ടൻ - സെക്രട്ടറി, തിരുവനന്തപുരം ക്ഷത്രിയ ക്ഷേമസഭ). മരുമക്കൾ: മധുകുമാർ വർമ്മ (കുറ്റിയിൽ കോവിലകം, കൃഷ്ണപുരം), ശ്രീജിത ആർ. വർമ്മ (ചൊവ്വര കോയിക്കൽമഠം, വെള്ളാരപ്പിള്ളി)

### ആർ. രാമചന്ദ്രവർമ്മ



ചേർത്തല തെക്കേടത്ത് കോവിലകത്ത് ആർ. രാമചന്ദ്രവർമ്മ (Prof. RRC വർമ്മ) (78) അന്തരിച്ചു. മാവേലിക്കര AR സ്മാരകത്തിന്റെ പ്രസിഡന്റായി പ്രവർത്തിക്കുകയായിരുന്നു. ഭാര്യ: ശാന്താദേവി. മക്കൾ: കലാമണ്ഡലം ശ്രീകാന്ത് വർമ്മ, അഡ്വ.ഉമാവർമ്മ, അഡ്വ. ശ്രീനാഥ് വർമ്മ. ക്ഷത്രിയ ക്ഷേമസഭ സംസ്ഥാന പ്രസിഡന്റ് ഡോ. ലളിതാംബികയുടെ സഹോദരനാണ്.

### രമ സി. വർമ്മ



തൃപ്പൂണിത്തുറ കോയിക്കൽ മഠത്തിൽ രമ സി. വർമ്മ (അമ്പിളി - 87) അന്തരിച്ചു. ഭർത്താവ്: കോശ്ശേരി മഠം കുടുംബാംഗം പരേതനായ ചന്ദ്ര വർമ്മ. മക്കൾ: അനിൽ വർമ്മ, ആനന്ദ് വർമ്മ, ലേഖ വർമ്മ. മരുമക്കൾ: ലത, അരുണ, ശശി.

### കൃഷ്ണകുമാരി വർമ്മ



കോട്ടയം മറിയപ്പള്ളി കൊട്ടാരത്തിൽ കൃഷ്ണകുമാരി വർമ്മ (68) അന്തരിച്ചു. ഭർത്താവ്: നന്ദകുമാർ വർമ്മ. മക്കൾ: ശ്രീവിദ്യ വർമ്മ, ശ്രീപ്രഭ വർമ്മ, മീര വർമ്മ. മരുമക്കൾ: ഗിരീഷ് വർമ്മ, അജിത്ത് വർമ്മ, രമേഷ് വർമ്മ.

### പത്മിനി ഭായി തമ്പുരാട്ടി



പാലാ കടനാട് വടക്കുംകൂർ കോവിലകത്ത് പത്മിനി ഭായി തമ്പുരാട്ടി (82) അന്തരിച്ചു. പഴയകാല മഹിളാ കോൺഗ്രസ്സ് പ്രവർത്തകയും LIC ഏജന്റും ആയിരുന്നു. ഭർത്താവ്: പരേതനായ കാനായി ചേറ്റൂർ ഇല്ലത്ത് നരസിംഹൻ നമ്പൂതിരി. മക്കൾ: ഈശ്വരി ഭായി (റിട്ട. ഹെഡ്മിസ്ട്രസ്, ഇടമന യു.പി. സ്കൂൾ), പരേതയായ ആശാഭായി, ഉണ്ണികൃഷ്ണൻ (Co-op. Town Bank, പയ്യന്നൂർ). മരുമക്കൾ: സുരേന്ദ്രവർമ്മ (റിട്ട. BSNL),

കേരളവർമ്മ രാജ (കോഴിക്കോട്), സ്മിത (കിഴൂരിടം, ഇരിട്ടി).

## നളിനി വർമ്മ




മാവേലിക്കര പ്രായിക്കര കൊട്ടാരത്തിൽ നളിനി വർമ്മ (76) അന്തരിച്ചു. ഭർത്താവ്: ചാഴൂർ കോവിലകത്ത് പരേതനായ രാമവർമ്മ (ധനഞ്ജയൻ). മക്കൾ: ശ്രീദേവി വർമ്മ, രഞ്ജിനി വർമ്മ, മരുമക്കൾ: പരേതനായ ആദിത്യ വർമ്മ, അജീഷ് വർമ്മ.

## വി.കെ. ഗുണവതിവർമ്മ



തൃപ്പൂണിത്തുറ കണ്ണേഴുത്ത് പുത്തൻ മഠത്തിൽ പരേതനായ കേരള വർമ്മയുടെ ഭാര്യ വി.കെ. ഗുണവതിവർമ്മ (85 – വലവൂർ കോവിലകം, പഴയന്നൂർ) അന്തരിച്ചു. മക്കൾ: സുരേഷ് വർമ്മ, ദീപക് വർമ്മ.

## കെ. രവി വർമ്മ



വൈക്കം പനക്കാഴത്തിടത്ത് പടിഞ്ഞാറെ കോവിലകത്ത് കെ. രവി വർമ്മ (76) നിര്യാതനായി. ഭാര്യ: അംബാലിക വർമ്മ. മക്കൾ: ദീപക് വർമ്മ, ദീപാ വർമ്മ. മരുമക്കൾ: പ്രിയ, രാജേഷ്.

## ജയശ്രീ വർമ്മ




കുറ്റിയിൽ കോവിലകം കുടുംബാംഗം ജയശ്രീ വർമ്മ (63) അന്തരിച്ചു. ഭർത്താവ്: തൃശ്ശൂർ അഞ്ചേരി മഠം കുടുംബാംഗം അജിതൻ. മക്കൾ: ശ്രീജിത്ത് വർമ്മ, ചിത്ര വർമ്മ, മരുമക്കൾ: സ്നേഹ ശ്രീജിത്ത്, സച്ചിദാനന്ദ വർമ്മ.

## രാധ തമ്പുരാൻ




കൊച്ചി രാജകുടുംബാംഗം പള്ളിത്തേവാരക്കെട്ടിലെ രാധ തമ്പുരാൻ (84) ബംഗളൂരുവിൽ അന്തരിച്ചു. ഭർത്താവ്: തിരുവല്ല പാലിയേക്കര കൊട്ടാരത്തിലെ പരേതനായ പി.കെ. വർമ്മ (ഉണ്ണി). മക്കൾ: സുധീർ, സുരേഷ്, സുഷമ. മരുമക്കൾ: മീനാക്ഷി, അഞ്ജന, എത്തിരാജ്.

## കെ.പി രാമവർമ്മ



തൃപ്പൂണിത്തുറ കണ്ണേഴുത്ത് പുത്തൻമഠം കുടുംബാംഗം കെ.പി. രാമവർമ്മ (ഇന്ദുചൂഡൻ –91) (റിട്ട. ചീഫ് എഞ്ചിനീയർ PWD) അന്തരിച്ചു. ഭാര്യ: പഴയന്നൂർ വലവൂർ കോവിലകത്തെ വത്സലാവർമ്മ. മക്കൾ: രേഖാ വർമ്മ, രാജേഷ് വർമ്മ. മരുമക്കൾ: അജിത് വർമ്മ, ഇന്ദു രാജ.

## റ്റി.ആർ. രാജരാജ വർമ്മ



തിരുവല്ല പാലിയക്കര കിഴക്കേ കൊട്ടാരത്തിൽ റ്റി.ആർ. രാജരാജവർമ്മ (85) അന്തരിച്ചു. ഭാര്യ: രത്ന തമ്പുരാൻ (പാലസ് No 4 തൃപ്പൂണിത്തുറ). മക്കൾ: സവിത, സരിത, സൗമിനി. മരുമക്കൾ: രഘു, സതീഷ്, സുബ്രഹ്മണ്യം.

## കമല വർമ്മ



ഹരിപ്പാട് അനന്തപുരം കൊട്ടാരത്തിൽ കമല വർമ്മ (83) അന്തരിച്ചു. ഭർത്താവ്: കൊടുങ്ങല്ലൂർ പുത്തൻകോവിലകത്ത് പരേതനായ കൃഷ്ണവർമ്മ രാജ. മക്കൾ : രേണുക (എറണാകുളം), ദേവിക (ബംഗളൂരു), അംബിക (ഡെൻമാർക്ക്).

# വൈവാഹികം

## വരനെ ആവശ്യമുണ്ട്

### BOX No. 2421

| | | | |
|---|---|---|---|
| ശു | ശി ര | ബു | ച മാ |
| മ | ഗ്രഹനില | | ല കു |
| | | | |
| | ഗു | സ | |

| | | | |
|---|---|---|---|
| കു ബു മാ | | | മ |
| | നവാംശം | | ശി ല |
| സ ശു | | | |
| ഗു ച | | | ര |

ജന്മശിഷ്ടം: 15 വർഷം 3 മാസം 11 ദിവസം രാഹു ദശ

Kshatriya girl 28 yrs. (04/05/1995), Thiruvathira star, 152 cm., M. Sc. (Physics). Working as JE(CMA), Indian Railways, Bangalore. Alliance invited from Kshatriya boys (Vegetarians only), preferably Central Govt./ PSU employees working in Bangalore.

Contact : **9495467820, 9446336960**

## വധുവിനെ ആവശ്യമുണ്ട്

### BOX No. 2422

| | | | |
|---|---|---|---|
| കു | ച | ബു ശു | ല ര ഗു |
| | ഗ്രഹനില | | ശി |
| മ സ | | | മാ |
| | | | |

| | | | |
|---|---|---|---|
| | ഗു | സ | |
| | നവാംശം | | ബു |
| കു ഭൃ മ | | | |
| ല മാ | ര ച ശി | | |

ശിഷ്ടദശ: 0 വർഷം, 10 മാസം, 11 ദിവസം ശുക്രദശ

Kshatriya boy, 33 yrs (20 Jun 1990) hailing from Cochin Royal Family, Bharani star, 165 cm., B. Tech. (Electronics & Communication Engg). Freelance Software Engineer, Entrepreneur, running an NGO, Co-founder of Dakshin Vrindavan Gaushala (dakshinvrindavan.org). Seeks suitable alliance from parents of Kshatriya community.

Contact: **9447072138, 9995052138**

### BOX No. 2423

| | | | |
|---|---|---|---|
| | | കു ച | |
| | ഗ്രഹനില | | ഗു മാ ശി |
| സ | | | |
| ബു മ | ശു ര | ല | |

| | | | |
|---|---|---|---|
| കു സ | | | ല ബു |
| ശു | നവാംശം | | |
| | | | ച |
| ഗു മ ര | മാ | | ശി |

ശിഷ്ടദശ: 5 വർഷം, 5 മാസം, 15 ദിവസം, 24 ............ കുജദശ

Kshatriya boy 33 yrs. (03/12/1990., 17 Vrischikam 1166), Makayiram star, 173 cm. Graduate. Working as Chief Growth Officer at Foaps in Kochi. Seeks suitable alliance from parents of Kshatriya girls.

Contact: **9847036267**

## BOX No. 2424

| | | | |
|---|---|---|---|
| | മാ | ല | ശി |
| | ഗ്രഹനില | | |
| മ | | | ര കു ഗു സ ശു |
| സ | ച | | |

| | | | |
|---|---|---|---|
| മ | ര ഗു ശി | | ല ബു ശു മാ |
| | നവാംശം | | |
| | | | |
| ച കു | | സ | |

ശിഷ്ടദശ: 13 വർഷം, 4 മാസം, 11 ദിവസം ബുധദശ

Kshathriya Boy 32 years (D.O.B 19.8.1991) Divorcee, Thrikkettta,163 cm, B.Tech Bio-medical Engineering, Employed in Ernest & Young, Ernakulam seeks a suitable alliance.

Contact number: **9349711603, 9746096727**

## BOX No. 2425

| | | | |
|---|---|---|---|
| | ശി | | |
| മ | ഗ്രഹനില | | ച |
| | | | |
| | ഗു മാ | കു സ | ര ബു ശു ല |

| | | | |
|---|---|---|---|
| | ശു | ശി ല | മ |
| ര കു | നവാംശം | | മാ |
| ച | | | ബു |
| | ഗു സ | | |

ശിഷ്ടദശ: 12 വർഷം, 6 മാസം, 7 ദിവസം കുജദശ

Kshatriya boy 28 years (21st September 1995) Ayilliam Star,168cm, B.Tech (Mechanical) from College of Engineering Trivandrum, working as Software Developer in an MNC at Bangalore. Seeks suitable alliance from parents of Kshatriya / Samantha Kshatriya girls.

Contact: **9446074038**

## BOX No. 2426

| | | | |
|---|---|---|---|
| ശു | മാ | ശി | കു |
| ബു | ഗ്രഹനില | | ല |
| ര മ | | | |
| | സ | ച | ഗു |

| | | | |
|---|---|---|---|
| | | മാ | |
| കു സ | നവാംശം | | ഗു |
| ബു | | | ശി |
| | ല ശു | ച | ര മ |

ശിഷ്ടദശ: 2 വർഷം, 6 മാസം, 14 ദിവസം ചൊവ്വാദശ

Kshatriya boy 31 years (11 February 1993) Chithira Star,175cm, B.Tech (Mechanical), MBA from New Castle University, UK. Presently working in New Castle. Seeks suitable alliance from parents of Kshatriya girls.

Contact: **9699226684, 9539479629**

## BOX No. 2427

| | | | |
|---|---|---|---|
| കു | ര ഭ്യ ബു | മാ | ശി |
| | ഗ്രഹനില | | ച |
| മ | | | ല ഗു |
| സ | | | |

| | | | |
|---|---|---|---|
| മാ | ബു | ല | സ |
| | നവാംശം | | ഗു |
| ച | | | ശു മ |
| ശി | ര | | കു |

Kshatriya boy, 32 years (1992). Finance dual degree. Working in Mumbai in a finance firm. Seeks suitable alliance from parents of Kshatriya community.

Contact: **9820663971**

ശിഷ്ടദശ: താരാധിപ ബുധൻ - 11 വർഷം 0 മാസം 23 ദിവസം 6 നാഴിക

# മാന്യവായനക്കാരുടെ പ്രത്യേക ശ്രദ്ധക്ക്

'ക്ഷാത്രസ്പന്ദനം' ത്രൈമാസിക വാർഷിക വരിസംഖ്യ കുടിശ്ശികയുള്ളവർ എത്രയും വേഗം അടച്ചുതീർക്കാൻ എല്ലാ ബന്ധുക്കളും സഹകരിക്കണമെന്ന് താൽപര്യപ്പെടുന്നു. തുക ക്ഷത്രിയക്ഷേമസഭയുടെ പേരിൽ ക്രോസ്സ് ചെയ്ത ചെക്കായോ താഴെക്കൊടുത്തിരിക്കുന്ന ബാങ്ക് അക്കൗണ്ടിലേക്ക് **Google Pay/ Bank transfer** ആയോ അയയ്ക്കാവുന്നതാണ്.

**Kshathriya Kshema Sabha**
**A/c. No. 40052010052603**
**IFSC: CNRB0014005**
**CANARA BANK, Fort**
**Thiruvananthapuram**

## ക്ഷാത്രസ്പന്ദനം പരസ്യ നിരക്കുകൾ

| | | | | | |
|---|---|---|---|---|---|
| **പുറം കവർ (കളർ)** | : | **₹ 3500/-** | **ബ്ലാക്ക് ആന്റ് വൈറ്റ് (ഫുൾ)** | : | **₹ 1250/-** |
| **കളർ പേജ് (ഫുൾ)** | : | **₹ 2500/-** | **ബ്ലാക്ക് ആന്റ് വൈറ്റ് (ഹാഫ്)** | : | **₹ 750/-** |
| **കളർ പേജ് (ഹാഫ്)** | : | **₹ 1500/-** | **വിവാഹ പരസ്യം** (Matrimonial) | : | **₹ 500/-** |

# സ്മരണാഞ്ജലി

**മൂന്നാം ചരമവാർഷികം (29-04-2024)**

## എൻ.പി. വത്സല

**W/o പി.എം. സുബ്രഹ്മണ്യൻ**

**പ്രസിഡന്റ്, ക്ഷത്രിയ ക്ഷേമസഭ, കരിവെള്ളൂർ**

**ശ്രേയസ്സ്, ഓണക്കുന്ന്, കരിവെള്ളൂർ**



**പരേതാത്മാവിന് നിത്യശാന്തി നേർന്നുകൊണ്ട്**

**അമ്മ, ഭർത്താവ്, മക്കൾ, മരുമക്കൾ, പേരക്കുട്ടികൾ**
**സഹോദരി, സഹോദരന്മാർ, ബന്ധുമിത്രാദികൾ**

**KSHATRASPANDANAM**
Quarterly News Magazine of Kshatriya Kshema Sabha
RNI Reg. No. KERMAL/2014/60925

April 2024
Annual Subscription ₹ 200


# PALACE WELFARE SOCIETY
## PANDALAM PALACE
## PANDALAM (REG. NO. P-75/2012)

ഞങ്ങളുടെ സ്ഥാപകാംഗം
## പി.ജി. ശശികുമാർ വർമ്മയ്ക്ക്
## ആദരാഞ്ജലികൾ






**സൊസൈറ്റിയുടെ പ്രവർത്തനങ്ങൾ**

ശബരിമല തീർത്ഥാടനകാലത്ത് അന്നദാനം
വിദ്യാഭ്യാസ – ചികിത്സാ സഹായങ്ങൾ
സാഹിത്യ പുരസ്കാരങ്ങൾ
കുടുംബസദസ്സുകൾ നടത്താനുള്ള ഹാൾ

**അന്നദാനം/ചാരിറ്റി പ്രവർത്തനങ്ങൾക്ക് സംഭാവന സ്വീകരിക്കുന്നതാണ്**

**അക്കൗണ്ട് വിവരം**

Name : PALACE WELFARE SOCIETY
Bank : CANARA BANK, PANDALAM
Account No. : 4102 2200 013759
IFSC : CNRB0014102


Printed & Published by V.K. Madhukumar Varma, General Secretary, on behalf of Kshatriya Kshema Sabha, Sundaravilasam Palace, Thiruvananthapuram - 695023. Phone : 0471 - 2467845, Editor : Dr. M. Lalithambika
Printed at Akshara Offset, Vanchiyoor, Thiruvananthapuram. Phone 0471 - 2471174
Website : www.kshathrajalakam.org